ഫ്രഞ്ച് പ്രണയഗീതങ്ങൾ

മംഗലാട്ട് രാഘവൻ

ഫ്രഞ്ച് പ്രണയഗീതങ്ങൾ

മംഗലാട്ട് രാഘവൻ

സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം
2021

French Praṇayagīthaṅgaḷ
French Poems
by **Mangalat Raghavan**
First published: 2001

Copyright © 2001–2021, Mangalat Raghavan

These electronic versions are released under the provisionsof Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The TEI encoded XML was generated by LuaTeX from the same LaTeX sources. The HTML version has been generated from the XML file by an XSLT stylesheet developed by Sayahna Foundation. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: The painting namely, Shepherds idyll on the river (1829) by Jean François Duval (1776-1854). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA34, Jagathy, Trivandrum, India 695014
URL:www.sayahna.org

പ്രേമത്തിന്റെ ഭാവപ്രഭേദങ്ങൾ

അഞ്ചു കൊല്ലം മുമ്പു ഞാൻ പുറത്തിറക്കിയ 'ഫ്രഞ്ച് കവിത'കളുടെ രണ്ടാം ഭാഗമാണ് ഈ 'ഫ്രഞ്ച് പ്രണയഗീതങ്ങൾ.' തലക്കെട്ട് സൂചിപ്പിക്കുന്നതുപോലെ ഇതിലുള്ളതെല്ലാം പ്രേമകവിതകളാണ്- 'പ്രതിജനഭിന്ന വിചിത്രമാർഗ്ഗ'മായ പ്രേമത്തിന്റെ 'പ്രതിനവരസമായ' ഭാവപ്രഭേദങ്ങൾ. പ്രമേയപരമായ ഈയൊരു വ്യത്യസ്തത ഒഴിച്ചാൽ മറ്റു കാര്യങ്ങളിലെല്ലാം മൊത്തത്തിൽ ഈ സമാഹാരം മുൻഗാമിയുടെ മാതൃക പിൻതുടരുന്നു. താരതമ്യപഠനത്തിന് ഒരു സന്ദർഭത്തിൽ ഒരേ കവിയുടെ ഒന്നിലധികം ഉദ്ധരണങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ചിഹ്നനരഹിതമായ കവിതകൾ അതുപോലെതന്നെ കൊടുത്തിരിക്കുന്നു.

കവിതകളുടെ ഭാവഗതിക്ക് ഞാൻ തികച്ചും കർത്തൃനിഷ്ഠമായി സങ്കല്പിച്ച ഘട്ടങ്ങളാണ് അവയുടെ അനുക്രമവിന്യാസത്തിന് അവലംബം. പ്രേമത്തിന്റെ ഈ പരിണാമവിശേഷങ്ങളെ ചേർച്ച, ഇടർച്ച-ഇടർ, അപ്പുറം എന്നിങ്ങനെ വിശാലാടിസ്ഥാനത്തിൽ മൂന്നു വിഭാഗങ്ങളാക്കിയിരിക്കുന്നു. ഫ്രഞ്ച് കവിതയുടെ അതിപ്രാചീനരൂപമായ 'റൊലാം പാട്ട് ' (Chanson de Roland) മുതൽ അത്യാധുനിക കവിതകൾ വരെ ഇതിലുണ്ട്. വേണ്ടുവോളം ഭാവവൈചിത്ര്യമുള്ള ഈ കവിതകൾ വിവിധ കാലഘട്ടങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും പ്രതിനിധീഭവിക്കുന്നു. ആകെ 54 കവികളുടെ 83 കവിതകൾ. ഇവയിൽ പലതും അതതു കവിയുടെ ആത്മാംശം അലിഞ്ഞു ചേർന്നതാണ്. അവരുടെ കരളിന്റെ കണ്ണീരോ ചോരയോ കലർന്നതാണ്. അവരുടെ നെടുവീർപ്പുകളുടെ ഊഷ്മം ഉൾക്കൊള്ളുന്നതാണ്.

ഫ്രഞ്ച് പ്രണയകവിതകളുടെ ഒരു സമാഹാരത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട ചില കവിതകൾ ഇതിലില്ല. Ronsard-ന്റെ 'പൂവുകളെല്ലാം പറിച്ചെടുക്കു', Millevoye-ടെ 'ഇലകൊഴിച്ചൽ', Madame Desbordes Valmore-ന്റെ 'പരിത്യക്ത', Felix Arvers-ന്റെ 'ആത്മരഹസ്യം', Theophile Gautier-യുടെ 'തോണിപ്പാട്ട്', Sully prudhomme-ന്റെ 'പൊട്ടിയ പൂപ്പാത്രം' Francois coppee-യുടെ 'വിരഹം' Maurice maeterlinck 'തിരിച്ചെത്തുകിൽ', Paul Claudel-ന്റെ 'ഇരുളിൽ', Apollinaire 'മിറാബോപ്പാലം', Marie Noel-ന്റെ 'പടയാളിപ്പാട്ട്' തുടങ്ങിയവ. ഇവയെല്ലാം ഒന്നാം ഭാഗത്തിൽ ഉൾപ്പെടുന്നുവെന്നതാണ് കാരണം.

പ്രമുഖ സാഹിത്യനായകരുൾപ്പെടെ സഹൃദയലോകവും മാധ്യമങ്ങളും നല്കിയ ഹാർദ്ദമായ സ്വീകരണം ഇങ്ങനെയൊരു രണ്ടാംഭാഗം പ്രസിദ്ധീകരിക്കാനുള്ള പ്രേരണകളിലൊന്നാണ്. ഇന്തോ-ഫ്രഞ്ച് സാംസ്കാരികസംഗമത്തിന്റെ ഒരു സത്ഫലമെന്നു മുൻഗ്രന്ഥത്തിൽ വിശേഷിപ്പിക്കപ്പെട്ട ഈ സാഹിത്യസംരംഭം സ്വയം ഏറ്റെടുത്ത ഒരു സാംസ്കാരികദൗത്യമായി ഞാൻ വിടാതെ തുടരുകയാണ്. ഏറെത്താമസിയാതെ ഫ്രഞ്ച് കവിതകളുടെ മൂന്നാംഭാഗവും പുറത്തിറങ്ങും.

എന്റെ പരിഭാഷാപദ്ധതിക്കു തുടക്കംമുതൽ പിന്തുണയും പ്രോത്സാഹനവും നല്കിവരുന്ന ദില്ലിയിലെ ഫ്രഞ്ച് എംബസിയുടെ സാംസ്കാരിക-ശാസ്ത്രീയ-സഹകരണ വകുപ്പിനോടും ആസ്വാദനാത്മകമായ ഒരവതാരികയിലൂടെ ഇതിനെ അനുഗ്രഹിച്ച

ഫ്രഞ്ച് സാഹിത്യ വിചക്ഷണയായ ഡോ. കാർത്തി ശിശുപാലിനോടും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തുന്നു.

മംഗലാട്ട് രാഘവൻ

Que nul soin ne te tourmente
Aimons-nous, aimons toujours
La Chanson la plus charmante
Est la Chanson amours!
—Victor Hugo

കരളിടായ്ക്കൊരു ചിന്തയും നിൻ കരൾ,
ഇരുവരും നാം പരസ്പരം പ്രേമിക്ക,
അനവരതവും പ്രേമിക്ക! ഏറ്റവു-
മിനിയ ഗാനങ്ങൾ പ്രേമഗാനങ്ങളാവാം!
—വിക്തോർ ഹ്യൂഗോ

വിക്തോർ ഹ്യൂഗോവിന്റെ 'തുയിലുണർത്ത്'ലിന്റെ ഫ്രഞ്ച് മൂലപാഠം

Autre Chanson

L'aube nait, et ta porte est close!
Ma belle, pourquoi sommeiller?
A l'heure ou s'eveille la rose
Ne vas-tu pas te reveiller?

Oma charmante,
Ecoute ici
L'amant qui chante
Et pleure aussi!

Tout frappe a ta porte benie.
L'aurore dit: Je suis le jour!
L'oiseau dit: Je suis I'harmonie!
Et mon coeur dit: Je suis l'amour!

O ma charmante
Ecoute ici
L'amant qui chante
Et pleure aussi!

Je t'adore ange et t'aime femme.
Dieu qui par toi m'a comple'te'
À fast mon amour pour ton ame
Et mon regard pour la beaute

Oma charmante,
Ecoute ICI
L'amant qui chante
Et pleure aussi!

തുയിലുണർത്തൽ

വിക്ടോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

പൊൻപുലരിയിൽ പ്രപഞ്ചമാകെ ഉണരുമ്പോൾ ഉറക്കത്തിലാണ്ട പ്രണയിനിയെ കാമുകൻ തുയിലുണർത്തുന്നു. റൊമാൻറിക് അലൗകികതയുടെ അധിത്യകയിൽ നിന്നുകൊണ്ട് ഈ ഉണർത്തുപാട്ട് പാടുന്ന വിക്ടോർ ഹ്യൂഗൊ മനുഷ്യാത്മാവിന്റെ സമസ്തഭാവങ്ങളെയും ഉദ്ഗാനം ചെയ്ത മഹാകവിയാണ്. അദ്ദേഹത്തിന്റെ കാവ്യഗംഗയുടെ പ്രധാന കൈവഴികളിലൊന്ന് സ്വാഭാവികമായും പ്രേമമത്രെ. നേരത്തെ പ്രേമിച്ച അദേൽ ഫുഷെയെ (Adele Foucher) തന്റെ ഇരുപതാം വയസ്സിൽ വിവാഹം കഴിച്ച ഹ്യൂഗൊവിന്റെ പ്രേമജീവിതത്തിന് അതിന്റേതായ കഥയുണ്ട്. നാലു കുട്ടികളുടെ അമ്മയായിക്കഴിഞ്ഞ അദേൽ ഹ്യൂഗൊവിന്റെ സുഹൃത്തും സാഹിത്യനിരൂപകനുമായ സേംത് ബേവുമായി (Sainte Beuve) അടുപ്പത്തിലായി. ഹ്യൂഗൊവിന്റെ വേദനിക്കുന്ന ഹൃദയം ആശ്വാസം കൊണ്ടത് നാടകനടി ഴൂലിയേത്തിനെ (Juliette) - പുതിയ പ്രേമഭാജനമായി സ്വീകരിച്ചുകൊണ്ടാണ്. എന്നാൽ അദേൽ ഭാര്യാപദവിയിൽ തുടർന്നു. അദേലിനെ പോലെ ഴൂലിയേത്തിനും അദ്ദേഹത്തിന്റെ കവിതകളിൽ സ്ഥാനമുണ്ട്. ഈ കവിതയിലെ പ്രണയിനി, സംശയിക്കേണ്ടതില്ല, അദേൽ തന്നെ. ഴൂലിയേത്തുമായി ബന്ധപ്പെട്ട കവിതകൾ അന്യത്ര.

പിറവികൊള്ളുന്നു പുലരിയെങ്കിലും
അടഞ്ഞു കാണ്മു നിന്റെ കവാടമോമലേ [1]
പറയു, മൻമനോരമണി, യെന്തു നീ
മയക്കമാണൊയിമ്മനോജ്ഞവേളയിൽ?
പനിനീർപ്പൊന്മലരുണർന്നിടുന്നൊരി-
ത്തരുണത്തിൽ നീയുമുണർന്നിടേണ്ടയോ? [2]

രമണി, കേട്ടാലും
ഇവിടെക്കണ്ണുനീ-
രണിഞ്ഞു താവക
പ്രണയി പാടുന്നു. [3]

അഖിലവും നിന്റെയനുഗൃഹീതമാം
കതകിതിൽ മുട്ടി വിളിച്ചിടുന്നെടോ.
'പ്രകാശമാണു ഞാൻ', പുലരിയോതുന്നു;
'മധുരഗീതം ഞാൻ, പറവൂ പൈങ്കിളി;
'പ്രണയം ഞാൻ, മമ ഹൃദയം മന്ത്രിപ്പൂ;
പ്രണയിനി, വേഗം തുയിലുണരു നീ! [4]

രമണി, കേട്ടാലും,

ഇവിടെക്കണ്ണുനീ-
രണിഞ്ഞു താവക
പ്രണയി പാടുന്നു.

അനഘദേവതേ ഉപാസിപ്പേൻ നിന്നെ; [5]
അരിയ മാനുഷീ പ്രണയിപ്പേൻ, നിന്നെ;
ജഗൽപ്പിതാവെനിയ്ക്കരുളി പൂർണ്ണത
ഭവതിയിലൂടേ, തവാത്മാവിന്നായി-
പ്പണിതെടുത്തു മൽപ്രണയം, മാമക
മിഴിയിണ നിന്റെയഴകിനായിട്ടും. [6]

രമണി, കേട്ടാലും
ഇവിടെക്കണ്ണുനീ-
രണിഞ്ഞു താവക
പ്രണയി പാടുന്നു.

Autre Chanson

കുറിപ്പുകൾ

[1] സാദരമപ്രേമഗായകനായിനി
വാതിൽ തുറക്കുവെളിച്ചമേ നീ.
(ചങ്ങമ്പുഴ — ഗായകൻ)

[2] പനിനീരലരേ, പറഞ്ഞുവോ
വിവരം നിന്നൊടു സാന്ധ്യമാരുതൻ?
തവ സൽസഖി നമെ വിട്ടുപോയ്…
(എം. ആർ. നായർ (സഞ്ജയൻ) — തിലോദകം)

Go, lovely Rose…
When I resemble her to thee
How Sweet and flair she seems to be.
(E. Waller — Golovely Rose…)

[3] ഇരുളിൽ ഞാനെന്റെ മുരളിയുമായ്ക്ക് നി-
ന്നപദാനം പാടിത്തളരുമ്പോൾ.
(ഇടപ്പള്ളി — രാഗാഞ്ജലി)

ഒരു പുല്ലാങ്കുഴലിന്റെ സുഷിരങ്ങളിൽക്കൂടി-
യൊഴുകുന്നതോമനേ, യീ ഞാനല്ലൊ.
(ഒ. എൻ. വി. — ഞാനെന്ന ഗാനം)

ഇവിടെയിക്കോണിൽ തനിച്ചിരിക്കുന്നു ഞാൻ
അവിടുത്തെയോർത്തു പാടുന്നു.
(സുഗതകുമാരി — വഴിയമ്പലത്തിലെ പാട്ട്)

[4] ഓടപ്പൊൻകുഴലൂതു-
ന്നോമനയൊന്നുണരാവൂ.

(വൈലോപ്പിള്ളി — തുയിലുണർത്തൽ)

മതിയുറക്കം വെളുത്തുന്നേരം
മറയുമിപ്പോൾ മധുരസ്വപ്നം
മിഴി തുറക്കൂ, കരയുവാനാ
മിഴി തുറക്കൂ, തുറക്കൂ ദേവി!

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

ഉണരാൻ നേരം വൈകി നിഴൽ കൺകളിലേറി-
ത്തുയിലാണ്ടോരെൻ തോഴി, കൺതുറക്കുക ദേവി!
ഉണരൂ വസന്തത്തിൻ സൗഹൃദങ്ങളിൽ നിന്നു
വിരിയും മലരിന്റെ മന്ദഹാസവും പേറി
ഉണരൂ ഭയം ചിന്നുമിരുളിന്നഴലേകും
തിരിനാളമാം ദിവ്യരാഗഭാവനയായി.
ഇന്നു ഞാനിതാ വീണ്ടും വന്നിരിക്കുന്നു നിന്റെ
കൺമുനകളെത്തൊടാൻ കണ്ണീരിന്റെ കഥപാടാൻ.

(ചെറിയാൻ കെ. ചെറിയാൻ — ഉറങ്ങുന്ന ദേവത)

Wake now, my love, awake; for it is time;
The rosy morn long since left Tithon's bed…
… … … … …
Hark how the cheerful birds do chant their lays
And carol of love's praise.

(Edmund Spenser — Epithalamium)

[5] നിന്നിലൂടീക്ഷിപ്പൂ ഞാൻ സ്ത്രീത്വത്തിൻ മാഹാത്മ്യത്തെ
നിന്നിലൂടാരാധിപ്പൂ ശക്തിയെസ്സഹർഷം ഞാൻ.

(ചങ്ങമ്പുഴ — ഗൃഹലക്ഷ്മി)

ഇന്നുമെന്നാത്മാവിന്റെ ദേവതേ!

(സുഗതകുമാരി — ജന്മാന്തരങ്ങളിലൂടെ)

A perfect woman nobly plann'd
To Warm, to comfort, and command,
And yet a Spirit still, and bright
With something of an angel-light.

(Wordsworth — She was a Phantom of Delight)

[6] Mine eye and heart are at a mortal war
How to divide the conquest of they sight…
… … … … …
…mine eye's due is thine outward part

And my heart's right thine inward love of heart.

(Shakespeare — Sonnets)

രൂപാന്തരം

ഴാൻ ക്ലോദ് റെനാർ (1922–2002)

JEAN-CLAUDE RENARD

പ്രേയാന്റെ, പ്രേയസിയുടെ, സാമീപ്യത്തിൽ, സമ്പർക്കത്തിൽ മനസ്സിനുണ്ടാകുന്ന മായികാനുഭൂതി ഈ നിത്യനൂതനതയെ ഴാൻ ക്ലോദ് റെനാർ തനതായ മാനങ്ങളിലൂടെ ആവിഷ്കരിക്കുന്നു. യുദ്ധാനന്തര ഫ്രാൻസിലെ കലങ്ങിമറിഞ്ഞ അന്തരീക്ഷത്തിൽ കവിതയ്ക്ക് ഒരു ആത്മീയ മാനം നൽകിയ കവിയാണ് ഴാൻ ക്ലോദ് റെനാർ.

നിൻവിരൽ സ്പർശത്തിൽ
എന്റെ മിഴിയിണ
പൊൻമയം പുത്തനാം
കാഴ്ച കാൺമൂ.

നിൻവിരൽ സ്പർശത്തിൽ
എൻ വദനത്തിൽ നി-
ന്നുദ്ഭവിക്കുന്നൊരു
നവ്യഭാഷ.

നിൻവിരൽ സ്പർശത്തിൽ
എന്റെ ചെവിയിണ
പുതിയ സംവേദനം
പൂണ്ടിടുന്നു.

നിൻവിരൽ സ്പർശനം
എൻകൈകളേലവേ
എന്നുടൽ പുത്തനായ്
ത്തീർന്നിടുന്നു.

നിൻവിരൽ സ്പർശത്തിൽ
എൻ മൂക്കറിഞ്ഞിടു-
ന്നൊരുനവസൗരഭ-
പൂരമെങ്ങും.
വീക്ഷണം, ഭാഷ, സംവേദനം, മെയ്യ്, സൗ-
രഭ്യം എല്ലാറ്റിലും പൂർണ്ണ രൂപാന്തരം. [1]

Transmutation

കുറിപ്പുകൾ

[1] നീലാപാംഗി, ജഗത്തു നീളെനവമായ്-
ത്തോന്നുന്ന നിൻചേർച്ചയാൽ.

(വള്ളത്തോൾ — വിലാസലതിക)

നേരു കഥിക്കണമങ്ങു വിളിക്കെയെൻ
പേരു മധുരമായ്ത്തീരുന്നതെങ്ങിനെ?
നേരു കഥിക്കണമങ്ങുതൊടുമ്പൊൾ ഞാൻ
താരുപോലെ മൃദുവാകുന്നതെങ്ങിനെ?
പാരിന്റെ മാദകസൗഖ്യങ്ങളൊക്കെയി-
ച്ചോരിവായിങ്കലൊതുങ്ങിയതെങ്ങിനെ?

(ജി. — നേരു പറയണം)

ഒത്തുചേർന്നെരിവെയ്‌ലും ഇളവെയ്‌ലാക്കീലേ നീ
കൊയ്ത്തുത്തുപാടത്തെക്കൊച്ചുകോമളപ്പച്ചക്കിളി!

(വൈലോപ്പിള്ളി — കൊയ്ത്തു കഴിഞ്ഞു)

എന്തേ നിനച്ചിരിക്കാതെ, പ്രിയതമ,
നിൻകയ്യണയ്ക്കുന്നിതാശ്ലേഷം,
എന്റെ രക്തത്തിലെന്നെല്ലിലെൻ മജ്ജയിൽ
എങ്ങു മനശ്വരസൗരഭ്യം!...
എന്റെ കിനാവിലുണർവ്വിലുറക്കത്തിൽ
എങ്ങുമവികല കൈവല്യം!...
എൻനിടിലത്തിലെൻ നെഞ്ചിലെൻ പ്രാണനിൽ
എന്നുമാനന്ദരാഗാലാപം!

(വിഷ്ണുനാരായണൻ നമ്പൂതിരി — നിനച്ചിരിക്കാതെ)

വിസ്മയം തോന്നുമാറെൻ വീക്ഷണത്തിനീ
വിശ്വം മുഴുവൻ പുതുമപുരട്ടി നീ,
വിസ്മയം തോന്നുമാറെൻ കൗതുകത്തിനീ
വിശ്വം മുഴുവൻ കവിതകൊളുത്തി നീ!

(ചങ്ങമ്പുഴ — ദേവി)

കുഗ്രാമ പാർശ്വം വലംവെയ്ക്കുമീ നദി
പുണ്യയമുനയാരാധികയുള്ളനാൾ.

(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യദേവത)

അനുരാഗമെന്തെന്നറിയില്ല ഞാനെ-
ന്നനുഭവം മാത്രം പറഞ്ഞിടാം തോഴി
പടികടന്നവനടുത്തിടുന്നേരം
പകലിനു തെളിവധികം കാണ്മു ഞാൻ.

(എം. ആർ. നായർ (സഞ്ജയൻ) — രാധ തോഴിയോട്)

ഉമ്മ വെയ്ക്കേ ഹൃദയം തൊടുന്നു നാം
നാമുറങ്ങും വെറുംനിലം മേഘമായ്
നാം പകുക്കെ വെറും ജലം വീഞ്ഞായി
കണ്ണുനീരിൻ പുഴയിറവെള്ളമായ്
എല്ലുകുന്നുപ്പകല്ലായ് വിരഹാർദ്ര-
മൗനവും വീണമീട്ടി മഹാജ്ജ്വര-
ശയ്യ മാന്ത്രിക കംബളമായ് സഖീ.

(സച്ചിദാനന്ദൻ — ഏകാകിയുടെ മരണം)

പിന്നെ നാം കരംകോർത്തുവെറുതേ ചിരിച്ചും കൊ-
ണ്ടങ്ങിനെയോടിപ്പോയി പൂത്തൊരക്കുന്നിൻ ചോട്ടിൽ.
നമുക്കായ് വരണ്ടതൻമാർത്തട്ടിൽ വൃന്ദാവന-
മൊരുക്കീ വീണ്ടും സ്നേഹാലമ്മയാമിളാദേവി,
നമുക്കായ്ക്ക് മരമൊക്കെപ്പൂചൂടി കാറ്റത്താടി,
നമുക്കായ്ക്ക് മാത്രം പ്രേമയമുനയോളം തല്ലീ...

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

പ്രണയമിങ്ങനെ, കളിന്ദജാനദീ-
തടങ്ങളിൽ തളിർവസന്തരാത്രിയിൽ
നനുത്ത കോലരക്കണിഞ്ഞ കൈവിരൽ
തൊടുമ്പൊഴേ പൂത്ത കദംബ കാനനം.
തൊടുന്ന പൂവുകൾ കിനാക്കളെക്കിനാ
ക്കുഴൽ വിളിപ്പാട്ടു തൊടുന്നു ജീവനെ.
വസനമാം ജീർണ്ണാവരണമില്ലാതെ
തൊടുന്നു ജീവിതം ചിദംബരങ്ങളെ,

(ആലങ്കോട് ലീലാകൃഷ്ണൻ — പ്രണയമിങ്ങനെ)

... കിലുങ്ങുന്നു, ബോധച്ചെരിവിലൂടെ നാം
വിരൽ വിരലിന്മേൽക്കൊരുത്തു നീങ്ങവേ
അകലെയുള്ളിന്റെയകലെയെങ്ങോ
അമരഗീതമൊന്നുറവപൊട്ടുന്നു
അഴകേഴും മഞ്ഞായ്പ്പൊഴിയുന്നു, വിശ്വ-
മൊരു മരച്ചോടായ് വളരുന്നു. കാല-
മൊരു നിമിഷമായ് സഫലമാവുന്നു.

(പ്രമീളാദേവി — മല കയറുമ്പോൾ)

ഈ മിഴിചെന്നാമിഴിയിലെത്തി
ജീവിതമുത്സവമേളയായി
ഉൾക്കളമാകെ വസന്തമായി
ദിക്കുകളെല്ലാം നിലാവുമായി.

(ഒ. വി. ഉഷ — കല്യാണം)

കൂട്ടിന്നു നീയൊരാളുണ്ടെന്നറിഞ്ഞെന്റെ
പാട്ടും മധുരമായിത്തീർന്നു.

(ശ്രീധരനുണ്ണി — കടംകഥ)

To whom I owe the leaping delight
That quickens my senses in our waking time
And the rhythm that governs the repose of our sleeping time.

(T. S. Eliot — A Dedication to my Wife)

വന്നില്ല നീയെങ്കിൽ

ലൂയി അറാഗോൻ (1897–1982)

LOUIS ARAGON

ഫെമിനിസം കൊടികുത്തിവാഴുന്ന പാരീസിൽനിന്നു പതിഭക്തിയുടേതായ പതിഞ്ഞ സ്വരത്തിൽ ഇതാ ഒരു ആത്മനിവേദനം. വൈപരീത്യമെന്നു തോന്നാം, ഒരു ഭാരത സ്ത്രീയുടേതെന്നു സംശയിച്ചു പോകാവുന്നവിധം അത്രയ്ക്കു പാരമ്പര്യാധിഷ്ഠിതമായ മൂല്യ ബോധത്തിന്റെ നനുത്ത ശബ്ദം! കാരണമില്ലാതില്ല. പൊതുവിൽ കുടുംബ ബന്ധങ്ങൾക്കു വില കല്പിക്കുന്ന പരമ്പരാഗത ക്രൈസ്തവ മൂല്യങ്ങളെ അനുവർത്തിക്കുന്നവളാണ് ഫ്രഞ്ച് സ്ത്രീ. പോരെങ്കിൽ അടുത്തകാലം വരെ വോട്ടവകാശമോ സാമ്പത്തിക ഇടപാടുകൾ നടത്താൻ സ്വാതന്ത്ര്യമോ ഇല്ലാത്ത ഒരു പിന്നോക്കക്കാരിയുമായിരുന്നു. ഇതത്രെ ഈ കവിതയിൽ പ്രകടമായിട്ടുള്ള ‘വിധേയത’യുടെ പശ്ചാത്തലം.

ലൂയി അറാഗോൻ ആധുനികകവികളിൽ അഗ്രഗണ്യനാണ്. സർ റിയലിസത്തിന്റെ ഉപജ്ഞാതാക്കളിലൊരാളായിരിക്കേ കമ്യൂണിസത്തിലേക്ക് ആകൃഷ്ടനായി സോഷ്യലിസ്റ്റ് റിയലിസ്റ്റായി മാറി യുദ്ധകാലത്ത് ‘പ്രതിരോധ’ കവിയായി. സോവ്യറ്റ് യൂണിയൻ പ്രാഗ്‌വസന്തത്തെ അടിച്ചമർത്തിയതിൽ പ്രധിഷേധിച്ച സാർത്രിന്റെയും മറ്റുമൊപ്പം കമ്മ്യൂണിസത്തോട് വിടപറഞ്ഞു. ഒടുവിൽ ശുദ്ധ ലിറിസിസത്തിന്റെ ഉദാത്ത മാതൃകകളായ കവിതകളുടെ കർത്താവായി.

വന്നില്ല നീയെന്റെ പാതയിലെങ്കിൽ ഞാ-
നെന്താകുമായിരുന്നെന്നോർത്തു പോകയാം,
കാട്ടിനകത്തൊരു നൂറ്റാണ്ടു നീളുന്ന
നിദ്രയിലാണ്ടു കിടപ്പവളായിടാം [1]
ഓട്ടമറ്റക്കപ്പലകമേൽ നിശ്ചലം
നില്ക്കും ഘടികാര സൂചികയായിടാം
അക്ഷരവ്യക്തിയും അർത്ഥസ്ഫുടതയു-
മറ്റുള്ള വാക്കുകളോതുവോളായിടാം

വന്നില്ല നീയെന്റെ പാതയിലെങ്കിൽ ഞാ
നെന്താകുമായിരുന്നെന്നോർത്തു പോകയാം

മാനുഷികങ്ങളാം കാര്യങ്ങളൊക്കെയും
ഞാനിങ്ങറിഞ്ഞതു നിന്നിലൂടല്ലയോ
വിശ്വത്തെ ഞാനഭിവീക്ഷിപ്പതേ തവ-
വീക്ഷാവിശേഷത്തെ മാതൃകയാക്കിയാം [2]
നിന്നിൽ നിന്നെല്ലാം പഠിച്ചു ഞാൻ
തണ്ണീരു നീരുറവിന്നും കുടിയ്ക്കും കണക്കിനേ
വിണ്ണിൻ വിദൂരതയിങ്കലെ നക്ഷത്ര-

വൃന്ദങ്ങൾ തൻ പൊരുളോരുന്ന മാതിരി
ഗാനനിരതനായ് പോകും പഥികന്റെ
താനങ്ങൾ കേട്ടു പഠിക്കുന്ന പോലവേ
ഉൾക്കുളിരെന്തെന്നതുൾപ്പെടെ നിന്നില്ലൂ-
ടുൾക്കൊള്ളുവാൻ കഴിഞ്ഞെല്ലാമെനിക്കയേ

വന്നില്ല നീയെന്റെ പാതയിലെങ്കിൽ ഞാ-
നെന്താകുമായിരുന്നെന്നോർത്തു പോകയാം

വാഴ്‌വിൻ സമസ്യകൾ നേരിടാൻ വേണ്ടതും
സ്വായത്തമാക്കി ഞാൻ നിന്നില്ലൂടന്വഹം
തേറി ഞാനുച്ചവെയിലൂക്ക നിന്നില്ലൂ-
ടംബരം നീലിമയാർന്നിടാമെന്നതും
ജീവിതാനന്ദമൊരു പാനശാലയിൽ
മങ്ങിയെരിയും പ്രദീപമല്ലെന്നതും
രണ്ടുപേരൊന്നായിത്തീരുന്ന ദാമ്പത്യ-
ബന്ധമെന്തെന്നുള്ളറിവേ മനുജനു
നഷ്ടമായുള്ളൊരിന്നവ്യനരകത്തിൽ [3]

എൻ കയ്യുനിൻകയ്യിലേന്തി നടപ്പു നീ [4]
വന്നു പിടിച്ചുതേ മൽക്കരമാനന്ദ-
തുന്ദിലനാമൊരു കാമുകനായി നീ [5]

വന്നില്ല നീയെന്റെ പാതയിലെങ്കിൽ ഞാ-
നെന്താകുമായിരുന്നെന്നോർത്തുപോകയാം

ആനന്ദഗാനമുതിർപ്പോർക്കുമക്ഷികൾ
ആതങ്കഭാവം കലരാം പലപ്പൊഴും
ഭഗ്നപ്രതീക്ഷതൻ ഗദ്ഗദമായിടാം
വാദനവേളയിൽ തന്ത്രിതൻ ഭംഗമാം
എന്നാലുമാനന്ദപ്രാപ്തിയ്ക്കു വേണ്ടത്ര-
യുണ്ടിടമെന്നു താൻ നിന്നോടു ചൊൽവു ഞാൻ
സുപ്തിയിൽപ്പൊങ്ങും കിനാക്കളിലല്ലതു
മാനത്തുലാത്തും മുകിൽകളിലല്ലതു
ഈ മണ്ണിലീമണ്ണിലിന്നിയുമജ്ഞാത-
മായെത്രയെത്ര തുറമുഖമില്ല താൻ [6]

വന്നില്ല നീയെന്റെ പാതയിലെങ്കിൽ
ഞാനെന്താകുമായിരുന്നെന്നോർത്തു പോകയാം.

Que Serais-Je Sans toi

കുറിപ്പുകൾ

[1] ദുർമ്മന്ത്രവാദിനിയുടെ ചതിമൂലം, ഒരു രാജകുമാരൻ വന്നുണർത്തുന്നതുവരെ നൂറുകൊല്ലം കാട്ടിലുറങ്ങിപ്പോയ രാജകുമാരിയുടെ കഥ.

[2] ഓമൽ പ്രണയം തുളുമ്പും നല്ലൊ-
രോടക്കുഴൽവിളി കേൾപ്പൂ
ഹാ, മത്തനുലത പെട്ടെന്നൊരു
രോമാഞ്ചമായിക്കഴിഞ്ഞു.
അക്ഷയ ജ്യോതിസ്സണിഞ്ഞെൻ ജീവൻ
നക്ഷത്രം കൊണ്ടു നിറഞ്ഞു.

(ചങ്ങമ്പുഴ — വൃന്ദാവനത്തിലെ രാധ)

അവിടുന്നു ഭേസിടും ഭാരമാണെൻ ഭാരം
അവിടുത്തെ മാർഗ്ഗമെനിക്കു മാർഗം.

(വൈലോപ്പിള്ളി — കൊറിയയിൽ, സിയൂളിൽ)

Teach me, only teach, Love !
As I ought
I will speak thy speech, Love
Think thy thought.

(Robert Browning — A Woman's Last Word)

[3] പ്രേമമൊരുമിനീരായ്ക്കാണുവോർ കായിൻ പേരിൽ
പൂ മതിക്കുവോർ ഒന്നും പുണ്യമായെണ്ണീടാത്തോർ.

(വൈലോപ്പിള്ളി — യുഗപരിവർത്തനം)

[4] വന്നുപോൽ ചിറകാർന്ന ഭീതികളെനിക്കായി-
ത്തന്നിടാൻ പരീക്ഷിക്കാനോരോരോ സമ്മാനങ്ങൾ-
നോവുക, ഉാലസ്യങ്ങൾ, രോഗങ്ങൾ, നിരാശയിൽ
വീഴാതെ സുശക്തമാം നിൻകൈകളെന്നെത്താങ്ങി.

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

നാട്ടുവേരുകൾ പൊട്ടി ത്വരിതം ചലിക്കവേ
ചോട്ടുതെറ്റിയെൻ കരൾ തേങ്ങുന്നു മന്ത്രിക്കുന്നു
'ഹാ സഖി നീയെന്നോടുചേർന്നു നില്ക്കുക....'

(വൈലോപ്പിള്ളി — യുഗപരിവർത്തനം)

... ഒരു വിശ്വാസത്തിന്റെ പൊന്നുഞ്ഞാൽപ്പാട്ടുംപാടി
അന്യോന്യമൂന്നായ്പ്പോകാം, ഭുവിലെ വാഴ്വേ സത്യം.

(മുല്ലനേഴി — സതി)

തരിക നിൻ വലതു കൈ / തുടരാമീയനുയാനം
ചരിയുമീ വെട്ടമെന്നും / നമുക്കു സ്വന്തം.

(ശ്രീധരനുണ്ണി — അനുയാനം)

ദുഃഖഭാരങ്ങളിറക്കുവാനന്യോന്യ-
മത്താണിയായി നാം! -കൊച്ചു സ്വപ്നങ്ങളും
കൊത്തിയുടച്ചു കൊറിച്ചിരുന്നു. ശ്രമ-

തപ്തമാം പാദം തരളമാം പാണിയാ-
ലൊട്ടു തലോടിയിരുന്നു മയങ്ങി നാം,
അല്പമാത്രങ്ങളാം വിശ്രമ വേളകൾ,

(ഒ. എൻ. വി. — ശാർങ്ഗകപ്പക്ഷികൾ)

The breathing in unison
Of lovers whose bodies Smell of each other
Who think the same thoughts without need of speech
And babble the same speech without need of meaning.

(T. S. Eliot — A Dedication to my Wife)

[5] വന്നു നീയെൻ വാതില്ക്കൽ അർത്ഥിയായ് ജേതാവായും
എന്മിഴികളിലൊരേ നിനവായ് കിനാവായും.

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

She found me roots of relish Sweets
And honey wild and manna-dew
And Sure in language Strange she said
I love thee true.

(Keats — La Belle Dame Sans Merci)

[6] മന്നിന്റെ മാമൂൽ പടുത്ത കടവത്തു
നിന്നുമീ രാവിൽ നാം നീക്കുക തോണിയെ
ഓമൽ സ്മിതത്തിന്റെയുന്മേഷമാക നാം
പൊന്നിൻ മലരും മണവുമാകാവു നാം.
ഇന്നു പരസ്പരം ചുംബിക്ക ഹൃത്തുക്ക-
ളൊന്നായ് വിടർന്നുള്ള പുഷ്പങ്ങൾ പോലവേ,

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

ആദ്യകാമുകിമാർ

പോൽ വെർലേൻ (1844–1896)

PAUL VERLAINE

ഫ്രഞ്ച് സിമ്പലിസത്തിന്റെ ഏറ്റവും തിളക്കമുറ്റ പ്രയോക്താവായ പോൽ വെർലേനിന്റെ [illegible] പ്രേമകവിതകളാണ്. ചെറുപ്പന്നേ താൻ സ്നേഹിക്കുകയും തന്നെ [illegible] ചെയ്ത പ്രായക്കൂടുതലുള്ള മച്ചുനത്തി എലിസ വിവാഹിതയായശേഷം മരണമടഞ്ഞു. ഈ മരണം വെർലേനിനെ വല്ലാതെ ഉലച്ചു. അദ്ദേഹത്തിന്റെ സ്ഥായിയായ ദുഃഖപരതയുടെ പരക്കെ അറിയപ്പെടാത്ത മൂലസ്രോതസ്സാണിത്. എലിസയുമായുള്ള പ്രേമത്തെ മറച്ചുപിടിച്ച് അത [illegible] സാമാന്യവൽക്കരിച്ചിരിക്കയാണിവിടെ.

ആദ്യകാമുകിമാർക്കും പ്രേമ-
സല്ലാപങ്ങളും, വാർമുടിച്ചാർത്തിൻ
കാഞ്ചനത്തിനാൽ കൺകളിൽ മിന്നും
വാന നീലിമയാൽ ഇളം മെയ്യിൻ [1]
പൂമൃദുലതയാൽ സുഗന്ധത്താൽ
പ്രീതിയേറ്റ മണച്ചവരന്നാൾ. [2]
പേടിപൂണ്ടുകൊണ്ടാകിലുമാർദ്ര-
ചുംബനമവർ സ്വേച്ഛയാ നല്കി.

പോയ്മറഞ്ഞകലങ്ങളിലേയ്ക്കാ
മാധുരികൾ നിർവ്യാജതയെല്ലാം. [3]
കൂട്ടുമുൽക്കണ്ഠ വൈരസ്യം ഇണ്ടൽ
താവുമെൻ ശിശിരങ്ങളെപ്പേടി-
ച്ചോടിപ്പോയവ, നഷ്ട സൗഭാഗ്യ-
മോർത്തു സന്തപിക്കുന്നെൻ വസന്തം.
ഇന്നു ഞാനൊരേകാകി ശോകാർത്തൻ
ആശയറ്റോൻ അനാസക്തനായോൻ, [4]
ജീവിതത്തിൻ നെടും പാതയിങ്കൽ
ചേച്ചിയില്ലാത്തനാഥ ബാലൻപോൽ,

ഉൾച്ചൂടുറ്റ മധുരിമയൂറും
ലാളനാത്മക പ്രേമമിയന്ന
ചെമ്പൊൻ സുന്ദരി, നീ പരിചിന്താ-
ക്രാന്തയെങ്കിലുമമ്പരപ്പെന്യേ
കാമുക നിടിലത്തിലർപ്പിയ്ക്കും
നിഷ്കളങ്കമാം ചുംബനം ധന്യം. [5]

Voeu

കുറിപ്പുകൾ

[1] നിന്റെ കണ്ണുകളിൽ
നീലനിറമുള്ള ഒരാകാശവും
ഞാൻ തെളിഞ്ഞു കണ്ടു....

(റോസ് മേരി — ഓർക്കുന്നുവോ നീയതൊക്കെയും?)

[2] എന്നകം പൊട്ടിച്ചോരക്കണ്ണീരു പൊടിയ്ക്കെ, യാ-
ക്കണ്ണെഴുതിയ ബാല്യസഖിയെ ചുംബിപ്പൂ ഞാൻ.

(വൈലോപ്പിള്ളി — കന്നിമണികൾ)

ശാന്തിവിടരും ഗൃഹസ്ഥാശ്രമത്തിന്റെ
പൂന്തോപ്പിലാണിന്നു നീ നില്പതെങ്കിലും
ഏകാന്തമാമെൻ ഗൃഹത്തിൽ വിരക്തി പൂ-
ണ്ടാകുലമാവഴി പോകുമ്പോഴൊക്കെയും
ഞാനറിയാതെയെന്നാത്മാന്തരാളത്തിൽ
ആനന്ദതാരമൊന്നുജ്ജ്വലിക്കുന്നതായ്
സദ്ഗുണ ധാമമേ, തോന്നുകയാണുമേ

(ചങ്ങമ്പുഴ — മാപ്പ് നല്കേണമേ)

ഉള്ളു തുറന്നിന്നു പാടി ഞാനോർക്കട്ടെ
നിന്നെ, നിന്നെക്കണ്ടുദിച്ച പുലരികൾ,
നിൻ വിരൽത്തുമ്പത്തുണർന്ന നറും പൂക്കൾ,
നിൻ മിഴിത്തെല്ലിൽ നിഴലിച്ചു നിന്ന ഞാൻ;
എന്റെ നിശ്ശൂന്യതയിങ്കൽ നിൻ പുഞ്ചിരി
എന്റെ മൗഢ്യത്തിൽ ചുണതരും നിൻമൊഴി.
നമ്മൾ പൂ തേടിച്ചവിട്ടിയ മുള്ളുകൾ,
നമ്മെയൊന്നിച്ചു വരിഞ്ഞിട്ട നോവുകൾ,

(വിഷ്ണുനാരായണൻ നമ്പൂതിരി — ബാല്യകാലസഖി)

[3] ഊരി വീണുപോയ് (എത്ര വേഗത്തിൽ)
താരുണിയുടെ താരണിയെല്ലാം.
തേനുലാവിന ജീവിത ചൈത്ര-
സാനുവിപ്പൊഴോ നൈദാഘശുഷ്കം.
താണു ഞാൻ പൂർവ്വ സൗഹൃദത്തിന്നും
കാണുകിൽ ത്തല താണുപോം മട്ടിൽ,
സച്ചരിതയെന്നോമലിൻ മക്കൾ
അച്ഛനെന്നു വിളിപ്പതൊരന്യൻ.

(വൈലോപ്പിള്ളി — ഒരു ഗാനം)

[4] കാലപ്പുഴ തിന്നു ജീർണ്ണിച്ചതാമൊപ്പ-
താളായ്ക്കൊഴിഞ്ഞു കഴഞ്ഞമജ്ജീവിതം.

(വിഷ്ണുനാരായണൻ നമ്പൂതിരി — ബാല്യകാലസഖി)

[5] How delicious is the winning
Of a kiss at love’s beginning
When two mutual hearts are sighing
For the knot ther’s no untying!

(T. Campbell — Freedom and Love)

പ്രേമലേഖങ്ങൾ

വിക്തോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

പ്രേമലോകത്തിലെ മാധുര്യങ്ങളിൽ ഒന്നാണ് പ്രേമലേഖനം. സ്വന്തം പ്രേമലേഖനങ്ങളെക്കുറിച്ച് ഉത്കടമായ ഗൃഹാതുരതയോടെ വിക്തോർ ഹ്യൂഗൊ പാടുന്നു. (കാമുകി അദേലിന് അദ്ദേഹമയച്ച പ്രേമലേഖനങ്ങളിൽ പത്തൊമ്പതെണ്ണം 'കാമുകിക്കുള്ള കത്തുകൾ' എന്ന പേരിൽ അദ്ദേഹത്തിന്റെ മരണാനന്തരം, 1901-ൽ, പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി).

എൻ പ്രേമലേഖങ്ങളേ,
എന്റെ താരുണിയുടെ
എൻ ധർമ്മ ബോധത്തിന്റെ
സുന്ദരാലേഖങ്ങളേ, [1]
ഉന്മത്തനാകുന്നു ഞാ
നിപ്പൊഴും മദകരം
നിങ്ങൾതൻ ലഹരിയിൽ
നിഭൃതം നിമഗ്നനായ്!
ആണ്ടുകൾ പലതുമേ
പോയതിൽപ്പിന്നീടിന്നു
വീണ്ടുമാദരപൂർവ്വം
നിങ്ങളെ വായിപ്പു ഞാൻ,
നിങ്ങൾ തന്നിള വയ-
സ്സിന്റെ താം നികേതത്തെ
ഇങ്ങിനെയതി ക്രമി-
ക്കുന്നതു സഹിച്ചാവൂ.
ഞാനൊളിപ്പിച്ചീടട്ടെ
യെന്നിലെ മുദിതനെ,
ജ്ഞാനിയെ, യെനിക്കല്പം
നിങ്ങളോടൊപ്പം കേഴാൻ.

പതിനെട്ടാണ്ടുള്ളൊരു
പുത്തനാം യുവാവു ഞാൻ
പരിപേലവ സ്വപ്ന
പൂരിതനായന്നാളിൽ
വ്യർത്ഥ സങ്കല്പങ്ങൾ തൻ
പാട്ടുകൾ പാടിക്കൊണ്ടു

പ്രത്യാശയെന്നെപ്പേർത്തും
താരാട്ടിപ്പോന്നു നിത്യം.
എനിക്കായ്ക്കതിർവീശി
മിന്നിയ പൊന്താരകം
ഉദിച്ചിതിക്കാലത്തെൻ
ജീവിത വിഹായസ്സിൽ, [2]
(എൻകരൾക്കകത്തേ ഞാൻ
നിൻ പേരു വിളിച്ചുള്ളൂ,
എന്നിൽ നീ ദർശിച്ചൊരു
ദേവനെസ്സപര്യയ്ക്കായ്.) [3]
എന്നിലെത്തരുണൻ ത-
ന്നന്നത്തെക്കഥയോർത്തി-
ട്ടെന്നിലെ മുഴുമർത്ത്യ-
ന്നിന്നൊട്ടു നാണം തോന്നാം.
കനവും കരുത്തു മ-
ക്കാമനീയകവും ന-
ല്ലുളവിൽ മേളിച്ചുള്ള
കാലമാണക്കാലം ഹ! [4]
എൻ കരൾ കവർന്നോളെ-
ക്കണ്ടു കൺകുളിർപ്പിയ്ക്കാൻ
എന്നുമേ സായാഹ്നത്തിൽ
വഴിയ്ക്കു കാത്തീടും ഞാൻ, [5]
സ്വീയമാം കരതളിർ
മൂടിയോരുറയൊന്നു
കാതരയെറിഞ്ഞെന്നാം
എനിയ്ക്ക് ചുംബിക്കുവാൻ, [6]
വാഴ്‌വിലെ സ്സകലതും-
പ്രണയം, പ്രബലത,
വാരുറ്റപുകൾ...നേടാൻ
മാനസം വെമ്പും കാലം!
അഴുക്കു പുരളാതെ
ഞാനഭിമാനത്തോടേ
വിശുദ്ധമെല്ലാറ്റിലും
വിശ്വസിച്ചുദാത്തനായ്.
ഇന്നു ഞാനനുഭൂതി
സമ്പന്നൻ പലതുമേ
കണ്ടവൻ അറിവുക-
ളൊത്തിരിയാർജ്ജിച്ചവൻ,
തുറക്കെ ക്കരയുമെൻ
വാതിലിലൂടേയിപ്പോൾ
അകത്തു കടക്കുന്ന
മിത്ഥ്യകൾ കുറവാകാം.
സമ്മതിച്ചീടുന്നു ഞാ-

നിസ്സത്യമെന്നാകിലും
ഒന്നു ചോദിപ്പേൻ, ഇതി-
ലെന്തിരിയ്ക്കുന്നു നേട്ടം?
തീവ്രത തിരളുന്നൊ-
രക്കാലം നിഴലുകൾ
കൂടുതൽ നിറഞ്ഞതെ
ന്നെണ്ണിനേനിവനുമേ.
അധുനാതനമാമെൻ
സംസ്കൃതിയെന്നെത്തീർത്തും
ഗതകാലത്തിങ്കൽ നി-
ന്നകറ്റി നിർത്തുന്നതാം.
ഇപ്പൊഴി മുഹൂർത്തത്തി-
ലന്നിഴൽപ്പാടൊക്കെയും
സുപ്രഭ ചൊരിവതായ്
ഞാനുപദർശിക്കുന്നേൻ.
എന്നിലും വർഷങ്ങളേ,
ഇത്ര ശീഘ്രതയിലായ്
എന്നെ വിട്ടോടിപ്പോകാൻ
എന്തപരാധം ചേയ്തേൻ?
സംതൃപ്തനിവനെന്നു
ധരിച്ചോ പരമെന്നെ-
സ്സംത്യജിച്ചകലത്തു
പറന്നുപോയീ നിങ്ങൾ?
ആവില്ല നിങ്ങൾക്കെന്നെ
സ്സ്വന്തമാം ചിറകിന്മേൽ
ആവഹിച്ചീടാനിനി
മേലിലെന്നറിഞ്ഞിട്ടും
അന്നത്തെ നിറമിഴി-
വിങ്കലെൻ കൺമുമ്പാകെ
വന്നിടാൻ വിന നിങ്ങൾ-
ക്കെന്തു ഞാൻ ചെയ്തതേൻ, ചൊല്ലൂ.

മാധുര്യമിയന്നതാ-
മബ്ഭൂതകാലം, ചെറ്റും
മാലിന്യമേലാതുള്ളോ-
രക്കാല, മസ്സൽ പ്രേമ-
സ്മൃതി വിട്ടൊഴിയാത്ത
തന്നണിവെൺപട്ടാട-
യണിഞ്ഞുകൊണ്ടേ വീണ്ടും
നമ്മുടെ പഥികളിൽ
ആഗമിച്ചീടുന്നേരം
മാനവരീനാമെല്ലാം
ആതുരത്വത്തോടതിൽ

പിടിച്ചു തൂങ്ങീടുന്നു.
നാം കണ്ട പാഴ്സ്വപ്നങ്ങൾ
തൻ കീറത്തുകിൽത്തുണ്ടിൽ
തിക്താശ്രു പതിക്കയി-
ല്ലെത്രമേലിത്തവ്വിങ്കൽ!
വിസ്മരിക്കുക നമ്മൾ!
യൗവനം മൃതമാകേ [7]
അജ്ഞാതദിഗന്തത്തി-
ലേയ്ക്കുതേ വഹിച്ചുപോം
വാത്യകൾ ഈ നമ്മെയും
കൊണ്ടുപോകട്ടേ കൂടേ,
ബാക്കിനിന്നീടുന്നെന്തു
നമ്മുടേതായിപ്പാരിൽ?
നമ്മുടെ സുകൃതങ്ങൾ
തന്നുടെ നിലനില്പും
സംശയാസ്പദമാകു
മൊരു വൻസമസ്യയാം.
സഞ്ചരിപ്പോരുമായ
മാനുഷൻ, മായുന്നേരം
തൻചുമരിന്മേൽപ്പോലും
തന്നിഴൽ തങ്ങുന്നീലാ! [8]

Mes Lettres D'Amour

കുറിപ്പുകൾ

[1] ആളല്ലിന്നൊരുനാലുവാക്കുമെഴുതാ-
നാമുഗ്ദ്ധയാളെങ്കിലും
കേ, ളക്കത്തിലെയക്ഷരങ്ങളനുരാ-
ഗാദ്വൈതസൂത്രങ്ങൾ താൻ,
നീളംപൂണ്ട വിചിന്തനത്തിൽ മുഴുകി,
സ്സാക്ഷാൽ 'മഹാഭാരത'-
ത്തോളംപോന്നൊരു ഭാഷ്യമായതിനിതാ
തീർക്കുന്നു തൽക്കാമുകൻ,

(വള്ളത്തോൾ — വലാസലതിക)

ഓമനേയെന്നപൂക്കളാൽത്തീർത്ത
പ്രേമലേഖനമാലകൾ
ഒന്നുരണ്ടല്ലേ സമ്മാനിച്ചതാ
വന്ദനീയനെനിക്കുന്നാൾ,
ഒന്നുമേ വാടാതായവയെല്ലാ-
മിന്നുമുണ്ടെന്റെ കൈവശം.
ഞാനവനോക്കി, ശ്യാമളേ, വീണ്ടു-

മാനന്ദാശ്രുക്കൾ തൂകട്ടെ.
(ചങ്ങമ്പുഴ — ആവലാതി)

നിത്യവുമെത്താറുണ്ടെൻ നാഥന്റെ സന്ദേശങ്ങൾ
നിസ്തുല സ്നേഹത്തിന്റെ കല്യാണ കല്ലോലങ്ങൾ
കോമള പദാവലിയിളകിത്തെളിഞ്ഞെന്നെ-
ക്കോൾമയിർക്കൊള്ളിക്കുമസ്സന്ദേശഗാനാമൃതം.
(ഇടപ്പള്ളി — സന്ദേശം)

നിദ്രയിൽ വിടരുന്ന നിന്മുഖം വിറക്കയ്യോ-
ടർപ്പിച്ചൊരെന്റെ ആദ്യ പ്രണയലേഖം.
(വിഷ്ണുനാരായണൻ നമ്പൂതിരി — അരുമകൾ)

ചിതലെടുത്തെന്റെ പലതുമെന്നാലും
ചിലതെടുത്തു ഞാൻ പൊടി തുടയ്ക്കവേ
പ്രിയതമേ, നിന്റെ ഹൃദയസൗരഭം
വഴിഞ്ഞൊഴുകുമാ പ്രണയലേഖനം
പൊടിപുരളാതെ ഒളിമങ്ങീടാതെ
പഴയതാളുകൾക്കിടയിലായൊരു
ഋതകവിതപോലുണർന്നുടനൊരു
പ്രണയഗീതമായ് പരിണമിക്കവേ
വരികളിൽ നിന്റെ കുനുവാർകുന്തളം
പരിമളമായിപ്പടർന്നുയരവേ
പരിസരം മറന്നമലേ, ഞാനതിൽ
പ്രണയമുദ്രയൊന്നറിയാതെ ചേർത്തേൻ,
(പുതുശ്ശേരി രാമചന്ദ്രൻ — ഒരു പ്രണയലേഖനം)

[2] തങ്കനക്ഷത്ര വെൺകതിർ വീശിയെൻ
സങ്കല്പ സീമയിൽ നീയുദിക്കേ...
(ചങ്ങമ്പുഴ — സങ്കല്പ കാമുകൻ)

മമ ഹൃദയത്തിൻ തമസ്സിലങ്ങനെ
ചെമന്ന താരമൊന്നുരുത്തിരിയുന്നു
(ഒ. വി. ഉഷ — സുഖം)

[3] പുതുമലരാ 'ലാദ്യമാ'രെന്നു ചൊല്ലി
ദ്രുതഗതിയിൽ പൂക്കൾ തൊടുത്തിടുമ്പോൾ
'ഭഗവതിയിലല്ലെന്റെ മാധുരീ നി-
ന്നകതളിരിലുണ്ടൊരു ദിവ്യരൂപം
അവിടെയിതു ചാർത്തു കെന്നെൻ' ചെവിയിൽ
അതിമധുരം നീയന്നുരച്ചതില്ലേ?
(ഇടപ്പള്ളി — സഖികൾ)

ദേവ നിന്മദനോപമ വിഗ്രഹം

ഭാവനയിൽ പ്രതിഷ്ഠിച്ചനാരതം
ധ്യാനലോല ഞാൻ പൂജിപ്പൂ നിത്യമെൻ
പ്രാണ ഗദ്ഗദ പുഷ്പാഞ്ജലികളാൽ,

(ചങ്ങമ്പുഴ — രാഗഭിക്ഷു)

നക്ഷത്ര ചാരുവാം നിൻ മിഴി
അൾത്താരയാക്കട്ടെ
അർച്ചന ചെയ്യു
ഞാനാകും പുരുഷനെ.

(പഴവിള രമേശൻ — രതിനിർവേദം)

...thy gracious self
Which is the god of my idolatry.

(Shakespeare — Romeo and Juliet)

[4] കനവ് = സ്വപ്നം

[5] അദ്ദേലിനെ വീട്ടിൽച്ചെന്നു കാണുന്നത് ഇടക്കാലത്ത്
അവരുടെ രക്ഷിതാക്കൾ വിലക്കിയിരുന്നു
അവിടെയെൻ വീട്ടിൻ പടിക്കലൊറ്റ-
യ്ക്കവളെയും കാത്തു ഞാൻ നില്പതുണ്ടാം.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

അകലത്തല്ലാ ഞാനീപാതവക്കിൽനിന്ന്, നാ-
ലക്കവലക്കാവൽക്കാരനായ മുത്തനാൽച്ചോട്ടിൽ
പഴതേ വേരിൽക്കുന്തിച്ചിരിപ്പാണവൾപോരും
വഴിയിൽ കണ്ണും സ്കൂളിൻ ബെല്ലിൽ നട്ടൊരു കാതും

(വിഷ്ണുനാരായണൻ നമ്പൂതിരി — സ്വപ്നം)

ഒന്നു കാണുവാൻ കാൺകെത്തൊട്ടുവാൻ കൊതിയേറും
കണ്ണുമായ മറ്റാരേയും കാണാതെ പലപ്പോഴും
ഈ വരാന്തയിൽ കോണിക്കരികേ, ത്തൂണും ചാരി
നീ വരുന്നതും കാത്തുനില്ക്കുമുൾക്കിതപ്പോടേ.

(കെ. വി. രാമകൃഷ്ണൻ — കോളേജിൽ വീണ്ടും)

[6] കരളായ് നിങ്ങൾ കൈമാറും
കൈലേസ്

(പുതുശ്ശേരി രാമചന്ദ്രൻ — നിറമില്ലാത്ത ദുഃഖം)

O that I were a glove upon that hand
That I might touch that cheek!

(Shakespeare — Romeo and Juliet)

[7] അവ്യയ നിദ്രാമൂക ശാന്തിയിലമർന്നോട്ടെൻ
യൗവന സ്വപ്നത്തിന്റെ യന്ത്യമാം കുരുക്ഷേത്രം

ലോകമിന്നെനിക്കിപ്പോളോമനേ നീയും ഞാനും
മായയായ് ലയിക്കുന്ന കല്പാന്ത സന്ധ്യാകാലം.

(ജി. കുമാരപിള്ള — മരുഭൂമിയുടെ കിനാവുകൾ)

[8] അവനിവാഴ്വ കിനാവ് കഷ്ടം!

(ആശാൻ — വീണപൂവ്)

ഞാനർത്ഥമറ്റ നിഴലസ്ഥിരമാം കിനാവു-
താനല്ലയോ ക്ഷണികമായ മദീയ ജന്മം.

(ജി. — നിഴൽ)

സ്വന്തം പ്രേമ വിപര്യയത്തിലുള്ള ഹ്യൂഗൊവിന്റെ മനോവേദന ഈ അവസാന ഖണ്ഡികയിൽ പ്രതിഫലിക്കുന്നു.

പ്രണയസങ്കീർത്തനം

ല ഫൊംത്തേൻ (1621–1695)

LA FONTAINE

രണ്ടായിരത്തിൽപരം സാരോപദേശ കവിതകളിലൂടെ ഫ്രഞ്ച് സാഹിത്യത്തിൽ സ്ഥാനം ഉറപ്പിച്ച ല ഫൊംത്തേൻ പ്രേമമാഹാത്മ്യം പാടുന്നു: “പ്രണയിക്ക, പ്രണയിക്ക പാരിൽ പ്രണയമൊന്നൊഴികെ മറ്റൊന്നുമേയൊന്നുമ”ല്ലെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം ലോകകവിതയിൽ എന്നും അനുരണനം കൊള്ളുന്ന ഒരു സത്യദർശനമാണ്.

പ്രണയത്തിനെന്നും വിധേയമായ് വർത്തിപ്പൂ
നിഖില പ്രപഞ്ചവും നിർവിവാദം.
സുഭഗയാം ‘സൈക്കി’ നീ നിൻ ഹൃദയത്തിനെ [1]
നിയതമതിന്നു വിധേയമാക്കു,
ഇതരരാം ദേവിമാർ ദേവന്മാരൊക്കെയും
പ്രണമിക്കും ദേവൻ പ്രണയദേവൻ,
അവനുടെയഗ്നി പ്രഭാവത്തിൽ നിഷ്പ്രഭം
അവരുടെയധികാര ശക്തിയെല്ലാം.
തരുണാന്തരംഗത്തിനേതുകാലത്തുമേ
പരമ സമ്പത്തി പ്രണയമല്ലോ.
പ്രണയിക്ക, പ്രണയിക്ക, പാരിൽ പ്രണയമൊ-
ന്നൊഴികെ മറ്റൊന്നുമേയൊന്നുമല്ല. [2]
പ്രണയ നിശ്ശൂന്യമാണുലകമെന്നാകുകിൽ,
മണിമന്ദിരങ്ങൾ മലർവനങ്ങൾ
മരതകക്കാടുകളുറവകൾ തൊട്ടുള്ള
കമനീയ വസ്തുക്കളാകമാനം
വിരസതമാത്രമേകീടുന്ന വൈചിത്ര്യ-
രഹിതമായുള്ളതാം വ്യർത്ഥതകൾ ! [3]
അവ നല്കും മോദത്തെക്കാളും മധുരമാം
പ്രണയ സംജാതമാം വേദനകൾ. [4]
‘പ്രണയിക്ക, പ്രണയിക്ക, പാരിൽ പ്രണയമൊ-
നൊഴികെ മറ്റൊന്നുമേയൊന്നുമല്ല!

Les Amours de Psyche’et de Cupidon

കുറിപ്പുകൾ

[1] സൈക്കി = ഗ്രീക്ക് പുരാണത്തിലെ പ്രേമദേവനായ ഞത്സഗന്ധ മായുള്ള

പ്രേമം കാരണം പല കെടുതികളും നേരിടേണ്ടിവന്ന സുന്ദര തരുണി (ഗ്രന്ഥ ത്ത്യറന്ത). സൈക്കി-ഈറോസ് പ്രണയത്തെക്കുറിച്ചുള്ള ല ഫൊംത്തേനിന്റെ ദീർഘകവിതയുടെ ഒരു ഖണ്ഡമാണിത്.

[2] സ്നേഹത്തിൽ നിന്നുദിക്കുന്നു-ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹം താൻ ശക്തി ജഗത്തിൽ-സ്വയം
സ്നേഹം താനാനന്ദമാർക്കും
സ്നേഹം താൻ ജീവിതം ശ്രീമൻ-സ്നേഹ
വ്യാഹൃതി തന്നെ മരണം,
സ്നേഹം നരകത്തിൻ ദ്വീപിൽ-സ്വർഗ്ഗ
ഗേഹം പണിയും പടുത്വം.

(ആശാൻ — ചണ്ഡാലഭിക്ഷുകി)

ഒരൊറ്റമതമുണ്ടുലകിന്നുയിരാം
പ്രേമമതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും
പാർവണ ശശിബിംബം.

(ഉള്ളൂർ — പ്രേമസംഗീതം)

ഇക്കാണും സ്ഥൂലസൂക്ഷ്മപ്രകൃതി മുഴുവനും
സൂക്ഷ്മ സൂക്ഷ്മങ്ങളായി-
ട്ടൊക്കെച്ചേർന്നേകമട്ടായുലകമിതുപരിശേ-
ഷിച്ച നിന്നോരുശേഷം
അർക്കാദ്യണ്ഡങ്ങൾ പിന്നീടഖിലമുളവാ
ക്കീടുവാൻ കർമ്മരൂപം
കൈക്കൊള്ളും പ്രാണനാകർഷണ ഗുണമരുളും
സ്നേഹമൂർത്തേ നമസ്തേ!

(കെ. കെ. രാജ — സ്നേഹം)

സ്നേഹമേ പരം സൗഖ്യം സ്നേഹഭംഗമേ ദുഃഖം
സ്നേഹമേ ദിക്കാലാതിവർത്തിയായ് ജ്വലിച്ചാവൂ
ദേഹമിന്നതിൻചൂടിൽദ്ദഹിച്ചാൽ ദഹിച്ചോട്ടേ
മോഹനപ്രകാശമെന്നാത്മാവ് ചുംബിച്ചല്ലോ!

(ജി. — സൂര്യകാന്തി)

മായാമൂടുപടമിട്ടു മൂടിയോരി പ്രപഞ്ചത്തിൽ
മാനവ ജീവിതലക്ഷ്യം സ്നേഹിക്കൽ മാത്രം.

(ചങ്ങമ്പുഴ — മദിരോത്സവം)

സ്ഥാവര ജംഗമ സർവ്വത്തിനും കുളിർ-
ത്തൂവെണ്ണിലാവി പ്രണയ മന്ദസ്മിതം.

(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

[3] അന്തരംഗഹിതനാം ഭവാനൊഴി-
ഞ്ഞന്തികത്തിൽ വനശോഭ കാണവേ

സന്തപിച്ചിവൾ പരം, രമിക്കയി-
ല്ലെന്തിലും പ്രണയഹീനമാനസം.

(ആശാൻ — നളിനി)

കല്യാണമായ് നിന്ന ജഗത്തിതെന്റെ
കണ്ണിന്നു കാകോളകതുല്യമായി.

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

അന്തിപോലവൾ പോയി, ശൂന്യമായിരുണ്ടായി
കാന്തിമത്തായിപ്പണ്ടു തോന്നിയ ജഗത്തെല്ലാം.

(ജി. — ധർമ്മപത്നി)

പവിഴമല്ലികപ്പൂവുതിർന്നെപ്പൊഴും
പരവതാനി വിരിച്ചൊരിപ്പുൽത്തടം
പരിണതോജ്ജ്വലമാണെന്നിരിക്കിലും
പരമ ശൂന്യമായല്ലി തോന്നുന്നുമേ!

(ചങ്ങമ്പുഴ — എന്റെ സഖി)

തവ സൽസഖി നമ്മെ വിട്ടുപോയ്
ഭുവനം പാവനമിന്നപാവനം.

(എം. ആർ. നായർ (സഞ്ജയൻ) — തിലോദകം)

മിഴിക്കും കണ്ണിൽക്കുത്തും രാത്രിയായ്
ഇഴഞ്ചേറും പെരുപ്പായ്
സർവ്വവും സർവ്വസ്വവും ശൂന്യമായ് പൊടുന്നനേ.

(ജി. കുമാരപിള്ള — ഇല്ല)

എവ രമ്യങ്ങളായ്ത്തോന്നീ-
യവൾ തൻ ചേർച്ചയിങ്കൽമേ
അവതന്നെയരമ്യങ്ങൾ
അവളില്ലായ്കയാൽ മമ.

(വാല്മീകി — രാമായണം (തർജ്ജമ : വള്ളത്തോൾ))

Out of the day and night
A joy has taken flight;
Fresh spring, and summer and winter hoar
Move my faint heart with grief, but with delight
No more oh, never more!

(Shelley — A Lament)

[4] അമൃതമാകിലും ഗരളമാകിലും
അഖിലം പ്രേമത്തിൽ മധുരം താൻ,

(പി. കുഞ്ഞിരാമൻ നായർ — ഹൃദയം)

അരുമപ്പെട്ടും നൊമ്പരങ്ങളാൽത്താഴെച്ചരാ-

ചരമൊക്കെയും ചുറ്റിവലയ്ക്കും സ്നേഹോന്മാദം...

(വിഷ്ണുനാരായണൻ നമ്പൂതിരി — ശക്തി)

ദുഃഖമാണെങ്കിലും നിന്നെക്കുറിച്ചുള്ള
ദുഃഖമെന്താനന്ദമാണെനിക്കോമനേ.

(ബാലചന്ദ്രൻ ചുള്ളിക്കാട് — ആനന്ദധാര)

Love's very pain is Sweet.

(Shelley — Epypsychidion)

Nothing's so dainty sweet
as lovely melancholy.

(J. Fletcher — Melancholy)

യാതൊന്നിൻ കാന്തിമത്താം ക്ഷണമവനിയിൽ-
പ്പൂർണ്ണ സൗഭാഗ്യഭോഗം
യാതൊന്നിൻ പൂർവ്വബന്ധ സ്മൃതിമനുജരിൽ നി-
സ്സീമമാം ശാന്തിഭാവം
യാതൊന്നിൻ സ്പർശമാത്രം ജ്വരകലുഷിതമാം
ജീവിതത്തിൻ മരുന്നാ-
രാഗസ്സ്വർഗ്ഗാംശുപൂരം കരളിലവിരതം
നാളമായാളിടാവൂ.

(വിഷ്ണുനാരായണൻ നമ്പൂതിരി — രാഗരശ്മി)

മരണവുംകൂടി മരിക്കാം, മരിക്കില്ല
മഹിയിൽ സ്നേഹമതൊന്നുമാത്രം.

(യൂസഫലി കേച്ചേരി — ഹൃദയം പാടുന്നു നിനക്കുവേണ്ടി)

വിരിഞ്ചൻ സൃഷ്ടിച്ചവയൊന്നൊന്നായ്ക്കൊഴിയുമ്പോൾ
വിരിയൂവാടാതുള്ളോരനുരാഗത്തിൻ പൂവേ,

(എസ്. രമേശൻ നായർ — പ്രേമഗാഥ)

സ്നേഹമേ നിന്നു ജ്വലിക്കു സമാശ്വാസ
ദൂതുമായ് നിത്യമെൻ കണ്ണീർക്കണങ്ങളിൽ

(മേരിജോൺ കൂത്താട്ടുകുളം — രണ്ടു കണ്ണീർക്കണങ്ങൾ)

ഇടയപ്പെണ്ണ്

ഴാൻ ദ് ബ്രിയേന്ന് (1148–1237)

JEAN DE BRIENNE

പണത്തിനും പ്രതാപത്തിനുംവേണ്ടി കൈമാറാനുള്ളതല്ല പെണ്ണിന്റെ കരൾ, അവൾക്ക് അവളുടേതായ സ്വത്വവും സങ്കല്പങ്ങളുമുണ്ട്-ഏഴെട്ടു നൂറ്റാണ്ടു പഴക്കമുള്ള ഈ ഇടയഗാനത്തിലെ നായിക അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. കവിയെന്നതിനു പുറമെ ഒരു കുരിശുയുദ്ധനായകനും, പിടിച്ചെടുക്കപ്പെട്ട ‘ജറുസലം സാമ്രാജ്യ’ത്തിന്റെ റീജന്റ് ചക്രവർത്തിയുമായിരുന്നു ഴാൻ ദ് ബ്രിയേന്ന്.

ഇരുളിച്ചയാർന്നൊരു കാടകത്തിങ്കലാ-
ണിടയപ്പെണ്ണവളെ ഞാൻ കണ്ടതന്നാൾ,
അവളെന്നഭിരുചിക്കൊത്തവൾ ഹേമന്ത -
പ്പുത വേണ്ടുവോളവും പൂണ്ടിരുന്നോൾ,
കനകച്ചെമപ്പെഴും ചികുരത്തൊടൊത്തൊരു
കമനീയഗാത്രിയാം പെൺകൊടിയാൾ,
തുണയാരുമില്ലവൾക്കെന്നു നിനച്ചെന്റെ
വഴിവിട്ടു പോയേനവൾക്കു നേരേ,
ഒരു നായും ആട്ടുകോലൊന്നു മൊഴികെ മ-
റ്റൊരു കൂട്ടുമില്ലായിരുന്നവൾക്കു
കുളിരിങ്കലൊരു മരക്കീഴിലിരുന്നു തൻ
തനുവങ്കിക്കുള്ളിലൊതുക്കിക്കൊണ്ടു -
ങ്ങനുരാഗ കഥയൊന്നു പാടുകയായിരു -
ന്നിനിമയിൽത്തന്വംഗി തൻ കുഴലിൽ,
കുതിരമേൽ നിന്നു ഞാൻ താഴത്തിറങ്ങിത്തൽ
സവിധ മണഞ്ഞവളോടു ചൊന്നേൻ:

‘ഇടയത്തിയാം സഖീ, ഞാൻ വന്നു നില്പു നി-
ന്നരികിൽ സദുദ്ദേശമോടെ മാത്രം.
ഒരു പർണ്ണകുടിയിങ്ങു തീർത്തിലന്യോന്യം
പ്രണയിച്ചു നന്നായ് നമുക്കു വാഴാം.’
‘പിറകോട്ടു പോയാലും സൽപ്രഭോ, നിർദ്ദേശ-
മിതുമട്ടു മുമ്പുമേ കേട്ടവൾ ഞാൻ,
‘വരി’ കെന്നു ചൊല്ലി വരുന്നവർക്കൊക്കെയും
ഉടൽ നല്കുവോളല്ല ഞാ, നറിയൂ.
കനക വർണ്ണാഞ്ചിതം താങ്കൾ തൻ ജീനിയ്ക്കു
കഴിയുകില്ലെന്നെച്ചപലയാക്കാൻ.’

'അഭിമതമെങ്കിൽ നിനക്കിനി വാണിടാ-
മൊരു പ്രഭുപത്നിയായ് കോട്ടയൊന്നിൽ
പഴയ നിന്നങ്കി പരിത്യജിച്ചീരോമ-
ത്തുകിൽ നിലയങ്കി ധരിച്ചിട്ടു നീ.
പുതുതായ് വിടർന്നൊരു ചെമ്പനീർപ്പൂവുപോൽ
പരിലസിച്ചീടും നീ പൂർണ്ണ ശോഭം.'

'അതിമാത്രം മോഹനം തന്നെയീ വാഗ്ദാനം
ഇതു പക്ഷെയാരെ ഭ്രമിപ്പിച്ചിടാൻ!
പരദേശി യേകനിൽ നിന്നേവം പുടവയും
ചമയവും വാങ്ങുന്ന പൊട്ടിയേതാം?
അവനുടെ യാവശ്യ, മവനുടെ യാഗ്രഹം
നിറവേറ്റകില്ലവളെന്നു വന്നാൽ?' [1]

'ഇടയകുമാരി, പറയുവേൻനേരു, നി
ന്നഴകിനാൽ തീർത്തുമാകൃഷ്ടനീ ഞാൻ,
അഭിമാനിച്ചീടുവാനാംവിധമുന്നത-
കുലജാതയാമൊരു പെൺമണിയായ്
വിരവിൽ ഞാൻ മാറ്റിടും നിന്നെയതിന്നു നി-
ന്നനുമതിയൊന്നേ യെനിയ്ക്കു വേണ്ടു
ഇടയകുമാരർ തന്നനുരാഗ നീക്കങ്ങൾ
ഗണിയാതെ, നിന്നുടെതാകുമെല്ലാം
കരുതിവെച്ചാലുമെനിക്കായി മാത്ര മെൻ-
കരളും മിഴിയും കവർന്നവളേ'

"പ്രഭുവരാ ദയ ചെയ്തു പറയരുതിനിയൊന്നും
പതിതയല്ലത്രയ്ക്കു പാവമീ ഞാൻ,
ഒരു മഞ്ജുകൊട്ടാര മണിയറയ്ക്കുള്ളിലായ്
പ്രഭു പത്നിയായിട്ടു വാഴ്വതേക്കാൾ
ഇടയനാം തോഴനോടൊപ്പമീ മാമര-
ച്ചുവടിൽക്കഴിയുവാൻ ഞാൻ കൊതിപ്പൂ [2]
അമിത സമ്മോദമെനിക്കു വേണ്ടെനെയോർ-
ത്തിയലരുതാകാംക്ഷയാരുമാരും".

Pastorelle

കുറിപ്പുകൾ

[1] ആർക്കുന്ന ലോഭപ്പട നടുവിൽപ്പെട്ടും
സ്ത്രീയ്ക്കു ഹൃദയമുണ്ടെന്നതറിയുമോ?
ജീവരക്തം തൈലമാക്കിപ്പകർന്നെഴും
പ്രേമഹൃദയമുണ്ടെന്നതറിയുമോ?
(പി. കുഞ്ഞിരാമൻ നായർ — നാളത്തെ പ്രഭാതം)

[2] അനഘ നിർമ്മല പ്രേമത്തിൻ മുമ്പില-
ക്കനക കുംഭങ്ങൾ പാഴ്ക്കരിക്കട്ടകൾ,
പുതു പരിഷ്കൃതി കന്ദളമേശാത്ത
ചെറുകുടിലുകൾ ചേണെഴും സൗധങ്ങൾ.

(ഇടപ്പള്ളി — വിസ്മൃതമാകണം)

പല പല രമണികൾ വന്നു.
വന്നവർ പണമെന്നോതി നടുങ്ങീ ഞാൻ.
പല പല തരുണികൾ വന്നു. വന്നവർ
പദവികൾ വാഴ്ത്തീ, നടുങ്ങീ ഞാൻ
കിന്നര കന്യകപോലെ ചിരിച്ചെൻ-
മുന്നിൽ വിളങ്ങിയ നീ മാത്രം
എന്നോടരുളി: എനിക്കിവിടുത്തെ
പൊന്നോടക്കുഴൽ മതിയല്ലോ,
നിന്നുടെ പുല്ലാങ്കുഴലിതെനിക്കൊരു
പൊന്നോടക്കുഴലാണല്ലോ.

(ചങ്ങമ്പുഴ — മനസിനി)

പുതുവത്സരാശംസ

എസ്താഷ് ദെഷാം (1346–1406)

EUSTACHE DESCHAMPS

ആണ്ടുപിറവിയിൽ അന്യോന്യം ആശംസകളർപ്പിക്കുന്നതു പാശ്ചാത്യർക്കു പഴയൊരാചാരമാണ്. ഇഷ്ടജനങ്ങൾക്ക് ഉപഹാരങ്ങൾ നല്കുന്നതും ഇതിന്റെ ഒരു ഭാഗമത്രെ. ഇവിടെയിതാ ഒരു കാമുകൻ പ്രണയിനിക്കു നവവത്സരാശംസകളോടൊപ്പം സ്വന്തം മനസ്സും വിപുസ്സും ഉപഹാരമായർപ്പിക്കുന്നു. രാജ സേവകനായിരുന്നുവെങ്കിലും സ്വന്തം അനുഭൂതികളെ കാവ്യവിഷയമാക്കാൻ ധൈര്യപ്പെട്ട ആദ്യകാല കവിയാണ് എസ്താഷ് ദെഷാം.

നല്ല നാളും നല്ലാണ്ടും നിനക്കു ഞാൻ
നേർന്നുകൊള്ളുന്നീയാണ്ടു പിറവിയിൽ,
പാരിടം കണ്ട ലാവണ്യപാരമ്യം
പൂവലംഗത്തിലേന്തുമെന്നോമലേ
കൈവരട്ടെ നിനക്കു നൽവാസരം
നല്ല വൽസരമെന്നിവയ്ക്കൊപ്പമായ്
നല്ലൊരു നവവർഷ സമ്മാനവും-
മെൻ ഹൃദയാധിനാഥയായ് വാഴ്വോളേ.

എൻ മനസ്സും വിപുസ്സും നിനക്കു ഞാൻ
നല്കുവേൻ നവ വർഷോപഹാരമായ്. [1]
നിന്നിലീനല്ലനാളിലെൻ കൺമണീ
വന്നണയട്ടെ നന്മകളൊക്കെയും [2]
ഭാസുരതരമാം വിധം താവക -
ഭാവി തീർത്തുമൊരുത്സവമാകുവാൻ
വത്സരാരംഭ വാസരത്തിങ്കലായ്
വാഴ്ത്തുമാനന്ദ പൂർവകം ഞാനിതാ
ആചരിച്ചിടുന്നാത്മ സമർപ്പണം,
ആനതാംഗീ, സുദിനം, സുവത്സരം!

Souhaits De Jour De Lan

കുറിപ്പുകൾ

[1] മാമക ഹർഷ വിഷാദ ശതങ്ങളും
ഹാ മമ പ്രേമവും എന്നുവേണ്ടൊക്കെയും
ഞാനെന്നൊരൊന്നിലടക്കി നിൻ കാല്ക്കൽ വെ-

ച്ചാനന്ദദേവായെതിരേല്പൂ നിന്നെ ഞാൻ
കണ്ണീരിൽ മുക്കി ഞാൻ കാഴ്ച വെച്ചീടുന്നൊ -
രെന്നുപഹാരമിതംഗീകരിക്ക നീ

(ചങ്ങമ്പുഴ — തിരുമുല്ക്കാഴ്ച)

[2] തെളിവെട്ടമായുറന്നാവൂ നിൻ നാളെകൾ
പൊലിപാട്ടിനിമ്പമായ് തുടിതാളമായ് നിന്റെ
കനവുകൾ നിനവുകൾ തുനിവുകൾ വിരിയാവൂ
നവവത്സരാശംസകൾ, പുതുപ്പിറവിതൻ
തുടി താളമായ് നിന്റെ തുനിവുകൾ നിറയാവൂ-

(എസ്. രാജശേഖരൻ — പുതുപ്പിറവി)

സ്വപ്നനായിക

പോൽ വെർലേൻ (1844–1896)

PAUL VERLAINE

ജീവിതത്തിന്റെ യാഥാർത്ഥ്യപരിധിക്കു മുകളിൽ സ്വപ്നലോകത്തിന്റെ സുവർണ്ണ മേഖലയിൽ, ഒരു പ്രേമനായിക. പലരുടെയും സ്വപ്നസീമയിൽ അവരവരുടെ മാനസിക കാലാവസ്ഥയനുസരിച്ച് ഭാവരൂപ വ്യത്യാസങ്ങളോടെ പ്രത്യക്ഷപ്പെടുന്ന ഒരു അപ്സരസ്സ്. ഓരോരുത്തരുടെയും ആശയാഭിലാഷങ്ങൾക്കും അനുഭൂതികൾക്കും അനുഗുണമായി ഉപബോധമനസ്സ് സൃഷ്ടിക്കുന്ന ആദർശ കന്യക-നമുക്കുവേണ്ടി നാമറിയാതെ നാംതന്നെ നടത്തുന്ന സൃഷ്ടി ഇവിടെ വെർലേൻ സ്വന്തം സ്വപ്നസുന്ദരിയെ മറനീക്കി കാണിക്കുന്നു.

പലപോതും കാണ്മു ഞാനോർമ്മയിലാഴത്തിൽ
പതിയും വിചിത്രമാം സ്വപ്നമൊന്ന്.
പരിചയമൊട്ടുമില്ലാത്തൊരു പെൺകൊടി
പ്രണയിക്കുന്നെന്നെ, യവളെ ഞാനും. [1]
അവൾ തീർത്തുമൊരുപോലെയല്ലോരോ തവണയും
അവൾ തീർത്തുമന്യയുമാകുകില്ല
പ്രണയിക്കു, ന്നെന്നെ മനസ്സിലാക്കുന്നവൾ,
ഇതിനാലവളൊരുവൾക്കു മാത്രം
നിതരാം സുതാര്യമെൻ ഹൃ, ത്തതു പ്രശ്നമായ്
പരിണമിക്കുന്നില്ലവൾക്കു മാത്രം.

വിളറി വിയർക്കുമെൻ നെറ്റിയ്ക്കു സ്വന്തമാം
വിലപനത്താലേ തണുപ്പരുളാൻ . [2]
അറിയുന്നവളവൾമാത്ര, മെന്നാലും തൽ-
ത്തനുവർണ്ണമെന്തെന്നെനിക്കറിയാ… [3]
അതു താമ്രവർണ്ണമോ കാഞ്ചന വർണ്ണമോ
അതുമല്ല മാമ്പഴ വർണ്ണമോ യെ-
ന്നരുളുവാൻ വയ്യ. തന്നാമമോ, ഞാനോർപ്പൂ
മധുരം മുഴക്കമേലുന്നതുമാം,
പ്രണയാപരാധത്തിനിഹലോക വാഴ്വിൽ നി-
ന്നകലേയ്ക്കുയച്ചോർ തൻ പേരുപോലെ.' [4]
പ്രതിമയൊന്നിന്റേതുപോലെ തദീക്ഷണം [5]
സ്വരമാട്ടെ ദൂരസ്ഥം ശാന്ത മന്ത്രം,
പ്രിയദമായ് മേവി നിലച്ച നാദങ്ങൾ തൻ
വ്യതിരിക്തതയതുൾക്കൊണ്ടിടുന്നു. [6]

Fantaisie

കുറിപ്പുകൾ

[1] വന്നു ചേരാറുണ്ടെന്നടുത്തൊരു
സുന്ദര സ്വപ്നമായി നീ
വിഹ്വലങ്ങളെൻ പ്രജ്ഞകളൊന്നു
വിശ്രമിക്കാൻ തുടങ്ങിയാൽ,

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[2] കണ്ടകങ്ങൾ തറച്ച മേൽക്കുമേൽ
വിണ്ടുകീറുമെൻ ചിന്തകൾ
നീ തടവി സ്സുശാന്തമാക്കു നിൻ
ശീതള സ്നേഹധാരയാൽ,

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[3] കറുത്തിട്ടാണെങ്കിലും കറുത്തിട്ടാവില്ലല്ലോ
വെളുത്തിട്ടാമല്ലോ നീ വെളുത്തിട്ടല്ലെങ്കിലും.

(അക്കിത്തം — നിന്റെ നിറം)

ഞാൻ നിന്റെ ഇലകൾ എണ്ണിനോക്കുകയില്ല
നിന്റെ ഇതളുകളുടെ നിറവും
ആകൃതിയും എനിക്കറിയേണ്ടാ
വെറുതെ എന്നിൽ പടരൂ
നിന്റെ സൗരഭം കൊണ്ടെന്നെ നിറയ്ക്കൂ.

(സച്ചിദാനന്ദൻ — അപൂർണ്ണം)

Into a slumber then I fell,
When fond imagination
Seemed to see, but could not tell
Her feature or her fashion.

(The Shepherd Tonie — Colin)

She is neither white nor brown
But as the heaven's fair,
There is none hath a form so divine
In the earth or the air.

(Sir Walter Raleigh — As you came from the Holy Land)

[4] പ്രണയത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ചവർ

[5] തദീക്ഷണം = അവളുടെ കണ്ണിമയ്ക്കാത്ത നോട്ടം
കയ്യിലെക്കളിച്ചെണ്ടിൽ നഖത്താൽ നുള്ളിക്കൊണ്ടു
നീയ്യിരിക്കുന്നു പുത്തൻവെണ്ണക്കൽ പ്രതിമപോൽ

(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

[6] പ്രിയ…വ്യതിരിക്തത = മനസ്സിൽ തങ്ങിനില്ക്കുന്ന മൺമറഞ്ഞ പ്രിയപ്പെട്ടവരുടെ ശബ്ദസവിശേഷത

സ്മൃതിസുന്ദരി

ഴെറാർ ദ് നെർവാൽ (1808–1855)

GERARD DE NERVAL

വെർലേനിന്റെ സ്വപ്നനായികയിൽനിന്നു വളരെ വ്യത്യസ്തയാണ് ഴെറാർ ദ് നെർവാലിന്റെ ഈ സ്മൃതിസുന്ദരി, തനിക്കേറ്റവുമിഷ്ടപ്പെട്ട പഴയൊരു ദുഃഖഗാനം കേൾക്കുമ്പോഴൊക്കെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള പശ്ചാത്തലത്തിലും വേഷഭൂഷകളിലും ഒരു സൗന്ദര്യധാമം കവിയുടെ സ്മൃതിവേദിയിൽ പ്രത്യക്ഷപ്പെടുന്നു. നായികയുടെ ഈ പഴമയ്ക്കു കാരണമെന്ത്? ജന്മാന്തര വിശ്വാസിയായ നെർവാൽ ഉത്തരം പറയുന്നു. ഒരു പ്രേമവഞ്ചനയ്ക്കിരയായതിനെത്തുടർന്നു മനോരോഗിയായി ഇടവിട്ടു ഭ്രാന്താശുപത്രികളിൽ കഴിയുകയും ഒടുവിൽ ആത്മഹത്യ ചെയ്യുകയും ചെയ്ത അനുഗൃഹീത കവിയാണ് ഴെറാർ ദ് നെർവാൽ. ഉന്മാദാവസ്ഥയിലെ അനുഭവങ്ങൾ കവിതകൾക്കും നോവലുകൾക്കും വിഷയമാക്കിയിട്ടുണ്ട്. ഭ്രാന്താശുപത്രികളിലും വെച്ചും എഴുതിയിരുന്നു.

ഒരു ഗാനമുണ്ടതിന്നായി ഞാനുലകിലെ-
സ്സകല സംഗീതവും സംത്യജിക്കും.
പഴകിത്തളർന്നൊരു നോവുപാട്ടുണ്ടതി-
ന്നൊരു ഗൂഢഭംഗിയെനിക്കുമാത്രം.
അതു കേൾക്കുന്നേരമെന്നാത്മാവു നേടുമൊ-
രിരുനൂറ്റാണ്ടിന്റെ വയസ്സിളമ [1]
പതിമൂന്നാം ലൂയിതൻ കാലത്തിലെത്തുന്നേൻ, [2]
മരതകക്കുന്നൊന്നുമുന്നിൽക്കാണ്മൂ.
ചരമാംബരത്തിന്റെ കാന്തിയിൽ കുന്നാകെ-
ക്കനകാംബുവിങ്കൽക്കുളിച്ചപോലേ,
അവിടെയൊരിഷ്ടികക്കൊട്ടാരം പൊന്തുന്നു.
ശിലകളാലാണതിൻ മൂലയെല്ലാം.
അതിനുടേതാം ജനൽപാളികൾ പാടല
സ്ഫടികപ്പലകയാൽ തീർത്തതത്രെ.
അതിനുടെ ചുറ്റിലും വിസ്തൃതോദ്യാനങ്ങൾ,
ഒരു കൊച്ചരുവിയവയ്ക്കിടയിൽ,
മണിമേട തൻ കഴൽ തഴുകിസ്സുമങ്ങൾക്കു
നടുവിലരുവിയൊഴുകിടുന്നു.

ഒരു സന്നതാംഗിയുണ്ടങ്ങതാ സൗധത്തി
ന്നെഴുജനലന്തികേ വന്നുനില്പൂ. [3]
ഉടൽ തനിത്തങ്കപ്രഭ കലരുന്നവൾ
നെടുനീല നേത്രങ്ങളാർന്നിടുന്നോൾ

അവളുടെ വേഷഭൂഷാദികളൊക്കെയും
പഴയകാലത്തിനു ചേർന്നതുതാൻ.
ഒരു ജന്മത്തിങ്കലിത്തന്വംഗിതന്നെ ഞാൻ
ഒരുപക്ഷെ കണ്ടിട്ടുണ്ടായിരിക്കാം,
അതുമൂലമാരോമലാളിവളെന്നുടെ
സ്മരണയിൽ കേറിവന്നീടുകയാം. [4]

Fantaisie

കുറിപ്പുകൾ

[1] പണ്ടു യൗവനം പൂവണിയുമ്പോ-
ളുണ്ടെനിക്കൊരു താരമാം ഗാനം.
സ്വർഗ്ഗഭൂമികൾ ജീവിത മൃത്യു-
സ്വപ്നഭൂതികൾ സംഭൃതമാക്കി
മായികമായ് ബധിരനാമേതോ
ഗായകനുയിർപാകിയ ഗാനം.
മുഗ്ധമാപ്പദം പാടി ഞാൻ പോയേൻ
ശബ്ദമാത്രമാമാനന്ദം പോലെ.
ചിന്തതൻഗിരികോടിയിൽ ഭാവ-
സിന്ധുവിൽ നവഭാവനാവാനിൽ-
കേറി ഞാൻ ഊളിയിട്ടു ഞാൻ നീന്തി
പാറി ഞാൻ ദീർഘ പത്രങ്ങൾ വീശി,
ആഭയോടെ കിടപ്പിതെന്നുള്ളിൽ
ആ ബധിര മധുര സംഗീതം.
ആ വരികൾ ഞാൻ പാടവേ കാൺമൂ
താഴ്വരകൾ മുൻനാളിലെപ്പോലെ.
(വൈലോപ്പിള്ളി — ഒരു ഗാനം)

ഏതൊരീണം വിദൂരമാം സ്മൃതികൾതൻ തണ്ടപ്പായി
ലോല സുഗന്ധമായെന്നിലോടിയെത്തുന്നു!
പാതിരാവിൻ മൃദുസ്പർശ രഹസ്യമായൊരുമൗന
നീലിമതൻ സാന്ത്വനമായനുജ്ഞയായി
ഏതൊരീണമൊഴുകിയെൻ പ്രാണനെച്ചുംബിച്ചു പുരാ
ഭാവപുളകങ്ങൾ വീണ്ടുമുണർത്തിടുന്നു?
(കരൂർ ശശി — ഈണം)

[2] പതിമൂന്നാം ലൂയി = 1610 മുതൽ 1643 വരെ ഫ്രാൻസ് ഭരിച്ച രാജാവ്.

[3] എഴ = ഉയർന്ന

[4] പല പല ജന്മങ്ങൾക്കപ്പുറംതൊ
ട്ടുലകിൽ നീയെൻ പ്രാണനായിരുന്നു.
(ചങ്ങമ്പുഴ — ദേവത)

ആയിരം യുഗങ്ങൾക്കുമപ്പുറത്തെങ്ങോവെച്ചോ-
രോമനപ്പുലരിയിൽ നാം കണ്ടതോർമ്മിക്കുന്നോ?

(സുഗതകുമാരി — ജന്മാന്തരങ്ങളിലൂടെ)

ഹൃല്ലീനമായ ജനനാന്തര സൗഹൃദത്തെ-
യസ്പഷ്ടമോർത്തിടുകയാവുമതെന്നുറയ്ക്കാം.

(കാളിദാസൻ — ശാകുന്തളം (തർജ്ജമ: വള്ളത്തോൾ))

കറുത്ത കാമുകി

പിയേർ ദ് ബ്രാഷ് (1547–1605)

PIERRE DE BRACH

കാമുകിയുടെ നിറപ്പിഴവിനെ മുൻനിർത്തി അവളെ അപവദിച്ച സുഹൃത്തുക്കൾക്കു കാമുകന്റെ മറുപടി. കറുത്ത കാമുകിമാർക്കു വേണ്ടിയുള്ള കരുത്തുറ്റ വാദം.

മിഴികളിലൊട്ടു നനവും മ്ലാനമാം [1]
മുഖത്തിനുചിന്താപരതയും കണ്ടി-
ട്ടടുത്ത തോഴന്മാർ മൊഴിഞ്ഞിതെന്നോടു:
പ്രണയ വൈവശ്യമതല്ലെന്നാലേതോ
സുഖക്കുറവിന്റെ പ്രകടലക്ഷണം.
പ്രണയമെന്നാകിലതിന്നു പിന്നിലു-
ള്ളവളാരെന്നെങ്ങൾക്കറിയുമേ നന്നായ്.
അവളെയും കൊണ്ടു മനോരഥമേറാൻ
അവളെന്തത്രയ്ക്കു മനോഹരിയെന്നോ?
പ്രതിവചിച്ചു ഞാൻ : മദീയ കാമിനി
സുഭഗതന്നെയാ, ണസൂയ കൊണ്ടാകാം
പ്രതികൂലമായിപ്പറവതു നിങ്ങൾ,
അവളെയെൻ കണ്ണാലഭിവീക്ഷിച്ചെങ്കിൽ
അഭിപ്രായമിതേ പറയു നിങ്ങളും,
നിറപ്പിഴവിനെ പ്രതിയവളുടെ-
യഴകിനെ നിങ്ങളപവദിക്കയാം.
കറുപ്പു, പിംഗലമിവയ്ക്കിടയിലെ
നിറത്തിനു പാർത്താൽ കുഴപ്പമെന്തുള്ളൂ?
ഒരല്പം പിംഗലക്കലർപ്പിലല്ലയോ
വിയത്തിൽ വാർമതി വിളങ്ങിടുന്നത്?
പരിചേറും തൻകാർമിഴികളാണല്ലോ
പ്രഥിത 'വീന'സ്സിൻ പെരുമയ്ക്കാധാരം. [2]
മികച്ച ഗോതമ്പുവിളവിനു വിത്തു
വിതച്ചിടുന്നതു കരിമണ്ണിലല്ലേ [3]
നിരർത്ഥകം, തീർത്തുമവളുടെ തൊലി-
ക്കറുപ്പതൊന്നിനെക്കുറിപ്പതാം വാദം. [4]
കരി കറുത്തതും പുകഞ്ഞതും, പക്ഷെ
ഒരഗ്നിയാലതു പുനർജ്ജ്വലിക്കുമ്പോൾ
അരിയ ചെമ്പനീരലരിനു തുല്യം

പ്രഭ ചൊരിഞ്ഞതു പരിലസിക്കുന്നു. [5]
കറുമ്പിയെൻ പ്രിയങ്കരിയാം കാമുകി
മമ പ്രണയത്തിന്നെരിതീയേല്ലുവേ-
പ്രകടമല്ലയീ വികാര തീക്ഷ്ണത-
പകലൊളിപോലെ തിളങ്ങിനില്ക്കുന്നു. [6]
അവളുടെ പ്രേമജ്ജ്വലനനിപ്പോലേ [7]
പകർന്നിടുന്നു തൻശിഖകളെന്നിലും. [8]
പ്രണയ ജ്യോതിയിതെരിയാവൂ ഞങ്ങൾ-
ക്കകത്തന്ത്യനിദ്രാദിനം വരെയ്ക്കുമേ.

Ode

കുറിപ്പുകൾ

[1] അനുരാഗത്തിൻ ജലമയമാകിയ
നീലോല്പലസമനേത്രദ്വയവും...

(കെ. വി. ബേബി — ഗാനമായിത്തീർന്ന കൃഷ്ണൻ)

[2] വീനസ്സ് = റോമൻ പുരാണത്തിൽ പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും ദേവത-Venus.

[3] ഓ കറുപ്പല്ലോകുയിൽ, മുയൽ, ഉർവര-
ഭൂമിയും പൂവിടും കാടും
സൃഷ്ടിതൻ വർണ്ണം കറുപ്പ്, നാം തുല്യരാം
മർത്ത്യർ, ഒരേ തീ വഹിപ്പോർ.

(സച്ചിദാനന്ദൻ — ബോധവതി)

മിഴിനീല, മഴനീല, കുളനീല, പുഴനീല
നിഴൽ നീല, കിളിനീല, ഞാവൽ നീല
വിഷനീല, മഷിനീല, തുരിശുനീല
സുറുമതൻ നീല, പളുങ്കുനീല പൂനീല,
പുകനീല, പുൽനീല, കൽനീല
രാനീല, തീനീല, മിന്നൽനീല
കരിനീല, മുടിനീല, എണ്ണനീല
കറുകതൻ നീല, കരിമ്പുനീല
ഇവയൊക്കെയൊന്നിച്ചൊളിച്ച വർണ്ണച്ചെപ്പ്
നിറയെത്തുളുമ്പുന്ന തുവെളിച്ചം
ഒരു തുള്ളി കണ്ണിലേക്കിറ്റുവീണെന്നാകിൽ
നിറവിൻ നിറമാം നിറങ്ങളെല്ലാം.

(ദേവി — നീലിമ)

[4] എന്തിനു കറുപ്പെന്ന രൂപത്തെപ്പഴിക്കുന്നു
പന്തിയല്ലീയൗദ്ധത്യമല്ലൊാങ്കിലനാദരം.

(കെ. കെ. രാജ — രാജാവിന്റെ ചിരി)

തൊലിതൻ വർണ്ണം നോക്കി മേന്മ നിർണ്ണയിക്കുന്ന
തൊഴിലിൻ മിടുക്കന്മാർ നാടുവാണരുളുമ്പോൾ…

(യൂസഫലി കേച്ചേരി — ഓർമ്മയ്ക്കു താലോലിക്കാൻ)

[5] തിളങ്ങീ കരിക്കട്ടയ്ക്കുള്ളിലും തെളി വൈരം.

(പി. കുഞ്ഞിരാമൻ നായർ — സുഭദ്ര)

[6] പണ്ടത്തെ നിന്നെ ഞാനോർക്കുന്നു. ശ്യാമ-
സുന്ദരിയായിങ്ങു നിന്നവളേ-എന്റെ
മണ്ണിന്റെയാർദ്രതയായവളേ-നിന്റെ
കൺമഷിയാരേ കവർന്നെടുത്തു?

(ഒ. എൻ. വി. — പൊട്ടിക്കരഞ്ഞില്ല, പോതിചിരിച്ചില്ല)

ഇന്നെന്തഴകീക്കുറുമ്പിക്കിടാത്തികൾ
ക്കെന്റെ നാട്ടാരുടെ കണ്ണിലെന്നോ, രസം!…
നന്ദിപറയുന്നു നിങ്ങൾക്കു നീലച്ച
സുന്ദരിമാരേ, വിധേയമിക്കേരളം.

(ഇടശ്ശേരി — കറുത്ത ചെട്ടിച്ചികൾ)

മുത്തം ക്ഷണിച്ചു ചിരിക്കുന്നൊരച്ചെമ്പു
ചുണ്ടുകൾ
തൊട്ടുനോക്കാൻ തോന്നുമക്കവിൾക്കുമ്പുകൾ
ഹാസ്യഭാവത്തിൻ ചെറുതിളക്കം കൊള്ളുമ-
ക്കൊച്ചുകണ്ണുകൾ
കണ്ടു കറുത്തൊരു പെണ്ണിന്റെ പൊന്മുഖം
രാവിന്റെയാദ്യശകലം പരന്നപോൽ
ആദികവിക്കാദ്യകാവ്യം പിറന്നപോൽ.

(ഒ. വി. ഉഷ — ഏകാകി)

കുമാരിയായ പാഞ്ചാലി
വേദിമേൽ നിന്നുയർന്നുതേ
അഴകേറും സുന്ദരാംഗി
മിഴി നീണ്ടു കറുത്തവൾ
ശ്യാമാംഗി പൊൽത്താർമിഴിയാൾ
കരിങ്കുഴൽച്ചുരുണ്ടവൾ
തുടുത്ത നഖമായ് ചാരു-
ചില്ലി, പോർമുലയേന്തിയോൾ
മനുഷ്യ സ്ത്രീരൂപമാണ്ട-
ങ്ങണയും ദിവ്യസുന്ദരി.

(വ്യാസൻ — മഹാഭാരതം (തർജ്ജമ : കുഞ്ഞിക്കുട്ടൻ തമ്പുരാൻ))

മാടത്തിൻ മുറ്റത്തുവന്നതാ കേറിയ-
ക്കോടക്കാർവർണ്ണമേലുന്ന കായം…

കന്നിന്റെ കൊമ്പിൽ കടഞ്ഞു തീർത്തംഗങ്ങ-
ളൊന്നായിണക്കി മിനുങ്ങി നില്ക്കും
ഓമനപ്പാവ കണക്കതു നല്ലൊരു
കോമള വിഗ്രഹമായിരുന്നു.

(ആശാൻ – ദുരവസ്ഥ)

ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്തീടിന
ത്തുവെണ്ണയോ ഇതു തമ്പുരാനേ,
ചാണയ്ക്കു വെച്ചേറെച്ചന്തം വരുത്തിന
മാണിക്യക്കല്ലോയീമഞ്ജുരൂപം!

(വള്ളത്തോൾ – ഒരു ചിത്രം)

നീ കൃഷ്ണശിലതൻ താളം
വിണ്ണിലോലുന്ന നീലിമ.

(ആറ്റൂർ രവിവർമ്മ – മേഘരൂപൻ)

ആടിക്കുറുപ്പനാം കാമുകനായ് മദ-
യാനക്കരുത്താർന്ന മോഹനരൂപം...

(ദേവി – ആടിമഴ)

ഉടലിൻ നീലക്കരിമുകിലഴകും.

(കെ. വി. ബേബി – ഗാനമായിത്തീർന്ന കൃഷ്ണൻ)

[7] ജ്വലനൻ = തീ

[8] ശിഖ = തീജ്ജ്വാല

സുന്ദരി

റൊബേർ ദെനോ (1900–1945)

ROBERT DESNOS

കാമുകിയിലും അവളുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഒരു ശ്രേഷ്ഠത കാണുക യെന്നത് കമിതാക്കളുടെ ഒരു പൊതുപ്രവണതയത്രേ. കാമുകഹൃദയത്തിന്റെ ഈ നിരുപദ്രവ ദൗർബല്യത്തെ പരിചിത സങ്കേതങ്ങളുപയോഗിച്ച് പുത്തൻ രീതിയിൽ റൊബേർ ദെനോ ആവിഷ്കരിച്ചിരിക്കുകയാണ്. സർറിയലിസത്തിൽ നിന്ന് വിട്ടകന്ന കവിതാരംഗത്ത് സ്വന്തം വഴിത്താരയിലൂടെ നീങ്ങിയ ദെനോ പ്രതിരോധപ്പോരാളികൂടിയായിരുന്നു. നാസികൾ പിടികൂടി നാടു കടത്തുവാൻ കൊണ്ടുപോകുമ്പോൾ രോഗബാധിതനായി മരണമടഞ്ഞു-ഫ്രാൻസ് വിമോചി തയാകുന്നതിനു തൊട്ടുമുമ്പായി.

‘മിന്നീടുന്നു നീ’, ചിപ്പിതന്നോടാ-
യുന്നതാൽപ്സ് ഗിരിമലർ ചൊന്നു.
ചിപ്പി വൻകടലോടു കഥിച്ചു:
‘ഹാ മുഴങ്ങുന്നു നിന്റെ നിർഘോഷം’,
കപ്പലോടു കടലരുൾ ചെയ്തു:‘ഉൽ
ക്കമ്പമേലുന്നു നീയനുവേലം’ [1]
കപ്പ, ലാളിയെരിഞ്ഞിടുമഗ്നി-
യോടു ചൊന്നുതേ: ‘നീ തിളങ്ങുന്നു’. [2]
അഗ്നിയെന്നോടരുളി: ‘നിൻ തമ്പി-
തൻമിഴികളിയലുന്നതേക്കാൾ
കമ്മി പാർക്കുകിലെന്റെ തിളക്കം.’ [3]
കപ്പലെന്നോടുരച്ചു: ‘നിൻ മുന്നി-
ലക്കമനിയാൾ വന്നണയുമ്പോൾ
നിൻകരളിയന്നീടുന്നതേക്കാൾ
കമ്മിയല്ലൊ ഞാനാളുമുൽക്കമ്പം.’ [4]
പാരാവാരം പറഞ്ഞിതെന്നോടു [5]
‘നിൻപ്രണയനിറവിലവൾ തൻ-
നാമമേലും മുഴക്കത്തെക്കാളും
കമ്മിയെന്റെ നിർഘോഷത്തിന്നേത്.’
ചിപ്പിയെന്നോടു ചൊന്നതെന്തെന്നോ:
‘നിൻകനവിൻ കൊതിയിലെരിയും
ഫോസ്ഫറസ്സിന്റെ കാന്തിയെക്കാളും
കമ്മിയാണെനിക്കുള്ള മിന്നിച്ച.’ [6]
’സുന്ദരി തവ തയ്യലാൾ’, എന്നോ-

ടുന്നതാൽപ്സ്ഗിരിമലരോതി
ചൊന്നുണ്ടാ: 'നെൻ കരളിളക്കുന്നോൾ
സുന്ദരിതന്നെ, സുന്ദരി തന്നെ.'

Chant Du Ciel

കുറിപ്പുകൾ

[1] ഉൽക്കമ്പം = ഇളക്കം
ചാലിത യന്ത്രാരവത്താൽ പുലമ്പിയും
ചാഞ്ചാടിയും ബഹ്വനീർപ്പതതുപ്പിയും
ചാഞ്ഞും ചെരിഞ്ഞും ഗമിക്കയായ് തീക്കപ്പൽ…
(വള്ളത്തോൾ — ആ കപ്പൽയാത്ര)

[2] രോചിസ്സേറിവപുസ്സപൊൽത്തകിടുപോൽ പാളി…
(ആശാൻ — പ്രരോദനം)

തൻപുരച്ചുട്ടം തീയിക്കളിമ്പപ്പൈതങ്ങൾക്കു
കമ്പിരിത്തീയോ ഹാഹാ കേവലാനന്ദം ബാല്യം!
(വള്ളത്തോൾ — ശുദ്ധരിൽ ശുദ്ധൻ)

കുമ്പളപ്പൂപോലടുപ്പിലെരിയുന്ന
ചെന്തീയിൻ കൗതുകം നോക്കി നോക്കി…
(കെ. മാധവിയമ്മ — രംഗരംഗം)

[3] ഇടതൂർന്നിമകറുത്തുമിനുത്തുള്ളിൽ മദജലം
പൊടിയും മോഹനനേത്രം പ്രകൃതിലോലം.
(ആശാൻ — കരുണ)

ആ നീല സുസ്നിഗ്ദ്ധ പക്ഷ്മനിബിഡമാ-
മീ നീളമേറുന്നലോചനത്താൽ
(വള്ളത്തോൾ — ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി)

മങ്കക്കൺകടകൊണ്ടു പാരിലമൃതം
വർഷിച്ചുതണ്ടാർ ശരൻ
(കെ. കെ. രാജ — കാമൻ)

സ്വർഗ്ഗീയ നീലിമ വീശിവീശി സ്വയം
സ്വപ്നങ്ങൾ കണ്ടു ചിരിക്കുമക്കണ്ണുകൾ
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[4] ഒരു വാക്കോതാൻപോലും നാവുപൊങ്ങാതെൻ ഗാത്രം
ചെറുകാറ്റിലെ മുല്ലവല്ലിപോൽ വിറക്കൊൾകേ.
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[5] പാരാവാരം = സമുദ്രം

[6] ഫോസ്ഫറസ്സ്: ഇരുട്ടിൽ പ്രകാശിക്കുന്ന അലോഹമൂലകം-Phosphorous

പുഴക്കരയിൽ

സ്യൂല്ലി പ്ര്യൂദോമ്മ് (1839–1907)

SULLY PRUDHOMME

നശ്വരങ്ങളുടേതായ ലോകത്തിൽ പ്രേമം അനശ്വരമെന്ന പഴയ സത്യം സ്യൂല്ലി പ്ര്യൂദോമ്മ് പുനഃപ്രഖ്യാപിക്കുന്നു. അനുഭവൈകവേദ്യമായ അതിന്റെ തിരിച്ചറിവിനും കണ്ടെത്തലിനുമായി വിധിനിഷേധങ്ങൾക്കിടയിലുള്ള ഒരു പാതയിലേക്ക് അദ്ദേഹം വെളിച്ചം വീശുന്നു. കവിതയ്ക്കുള്ള നൊബേൽ സമ്മാനം ആദ്യമായി (1901) നേടിയ കവിയാണ് സ്യൂല്ലി പ്ര്യൂദോമ്മ്.

ഒരു തടിനിയോരത്തിരുവരും ചേർന്നിരു-
ന്നല തതി തകർന്നടിയുന്നതു കാണുക. [1]
ഒരു മുകിലുമാനത്തു തെന്നിവന്നീടുകി-
ലതു വഴുതി നീങ്ങി മറവതു കാണുക.

ഒരു കുടിലു ചക്രവാളത്തിൽ പുകയുകിൽ
ചുരുളു ചുരുളായ് പുകമായ്‌വതു കാണുക.
സുരഭി മലരൊന്നുണ്ടരികിലെന്നാകുകിൽ
അതിനുടയ സൗരഭം സ്വാംശീകരിക്കുക.

കൊതിജനകമായൊരു തേങ്കനിയുണ്ടെങ്കിൽ
അതു മധുമക്ഷികപോലേ നുകരുക.
ചെവിയരുളി നിലക്കും വനത്തിനുവേണ്ടിയി-
ട്ടൊരു കുരുവി പാടുകിലപ്പാട്ടു കേൾക്കുക.

ഉറവയൊരു ‘സോൽ’ മരക്കീഴിൽ കളകളം [2]
പൊഴിയുകിലതു തുടർന്നീടട്ടനർഗ്ഗളം. [3]
ഒരു കനവു കാലബോധോപരി കാണുകിൽ
സമയഗതിയത്രയ്ക്കു നിശ്ചലമെന്നാട്ടേ. [4]

കയറുക വികാരശിഖരം പരസ്പര-
മിരുഹൃദയമർച്ചന ചെയ്യുവാൻ മാത്രമായ്. [5]
ഉലകമിയലുന്ന സംഘർഷങ്ങളാമയം
വരുവതൊഴിവാക്കാൻ അവഗണിച്ചീടുക.

മരുവിടു, മടുപ്പിയറ്റീടും പരിസ്ഥിതി-
നടുവിൽ നിജസന്തുഷ്ടി നഷ്ടമായീടാതേ
അറിയുകനുഭൂതിയിൽ : പ്രേമമനശ്വരം [6]
അഖിലവുമടിഞ്ഞുപോയീടുന്ന മണ്ണിതിൽ.

Au Bord De L'Eau

കുറിപ്പുകൾ

[1] വരുന്നു തിര വൻതിരയായ് ചിതറുവാൻ
ചിതറീടവേ, അറിഞ്ഞിട്ടുണ്ടാമസ്ഥിത്വത്തെ....
(മേലത്ത് ചന്ദ്രശേഖരൻ – തിര)

[2] സോൽ-നനവുള്ള സ്ഥലത്ത് വളരുന്ന ഒരു മരം (Saule): ഇംഗ്ലീഷിൽ Willow.

[3] കുന്നുകൾ പുഷ്പിക്കട്ടെ
കാടുകൾ പാടിക്കോട്ടെ
വെള്ളമാകട്ടെ വെള്ളം.
(സച്ചിദാനന്ദൻ – വിലങ്ങനിൽ)

[4] ആരോ വീണെന്ന കണക്കേ
വീണു മരിച്ചെന്ന കണക്കേ
സമയം ചത്തുകിടപ്പൂ.
(കരൂർ ശശി – മൂതി)

[5] ഉമയിലാനന്ദം പൂണ്ടന്നിതന്യോന്യം
പ്രേമാർച്ചനത്തിനാലിപ്രപഞ്ചം.
(പി. കുഞ്ഞിരാമൻ നായർ – പാത്രമില്ല)

[6] മൃതിയും സ്വയമിങ്ങുരാഗമേ
ക്ഷതിയേകില്ല നിനക്കു, വാഴ്ക നീ
(ആശാൻ – സീത)

സ്നേഹം മേ ദിക്കാലാതി-
വർത്തിയായ് ജ്വലിച്ചാലും!
(ജി. – സൂര്യകാന്തി)

മൃത്യുലോകത്തിനും മീതെത്തിളങ്ങുന്ന
സാത്വിക പ്രേമം കണക്കു പൊന്താരകൾ…
(പി. കുഞ്ഞിരാമൻ നായർ – പരീക്ഷ)

ആശ്വസിച്ചീടുകെൻചിത്തമേയെങ്കിലും
ശാശ്വതപ്രേമം നശിക്കില്ലൊരിക്കലും.
(ഇടപ്പള്ളി – ആശ്വാസം)

വിരിഞ്ചൻ സൃഷ്ടിച്ചവയൊന്നൊന്നായ്ക്കൊഴിയുമ്പോൾ
വിരിയൂ വാടാതുള്ളോരനുരാഗത്തിൻ പൂവേ,
(എസ്. രമേശൻ നായർ – പ്രേമഗാഥ)

കാണിക്ക

പോൾ വെർലേൻ (1844–1896)

PAUL VERLAINE

വെൺമ വഴിയുന്ന ആ തളിർക്കൈകൾകൊണ്ട് ഈ ഹൃദയത്തെ കശക്കരുതേ!- പൂക്കളും പഴങ്ങളും പച്ചിലകളുമൊപ്പം സ്വന്തം ഹൃദയം കാമുകിക്കു കാണിക്കയായർപ്പിച്ചുകൊണ്ടു കാമുകൻ അർത്ഥിക്കുന്നു. അതു കശക്കപ്പെടുകയില്ലെന്ന പ്രത്യാശയിൽ മറ്റർത്ഥനകളും.

പൂക്കൾ, പഴങ്ങ, ളിലകൾ പൂഞ്ചില്ലകൾ-
ക്കൊപ്പം നിനക്കു ഞാനർപ്പിച്ചിടുന്നെന്റെ
ഹൃത്തിതു-മാത്രകൾ തോറും നിനക്കായി
മാത്രം മിടിച്ചിടും മാമക ഹൃത്തിതു. [1]

വെൺമ വഴിയുന്ന നിൻതളിർക്കൈകളാൽ
നീ കശക്കീടായ്കിതിനേയൊരിക്കലും, [2]
ചേണുറ്റ നിന്റെ മിഴിയിണയ്ക്കിച്ചെറു
കാണിക്ക കാണുവാൻ കൊള്ളുവതാവട്ടേ.

ഇപ്പുലർകാല പവമാനനെൻ മുഖ-
ത്തെറ്റിന മഞ്ഞിൽക്കുതിർന്നു വരുന്നു ഞാൻ, [3]
നിൻ കഴൽക്കീഴിലമർന്നെൻ തളർച്ചകൾ
സുന്ദര സ്വപ്നങ്ങൾ കണ്ടലിഞ്ഞീടട്ടെ,

ഏറ്റമൊടുവിലെയാത്തുടർ ചുംബന-
ത്തിന്റെ കടുംതുടിക്കൊട്ടു നിലയ്ക്കാത്ത
നിന്നിളം മാറിടത്തിങ്കൽ മദിക്കുവാ-
ന്റെ മുഖത്തിന്നു നീ സമ്മതമേകിടൂ [4]

എന്നുൾത്തടത്തിങ്കലാഞ്ഞടിച്ചീടുന്നൊ-
രുക്കൻ കൊടുങ്കാറ്റു പാടേയടങ്ങി ഞാ-
നിത്തിരി നേരമുറങ്ങട്ടെയിങ്ങു നി-
ന്നിന്ദ്രിയമെല്ലാ മിളകൊള്ളും വേളയിൽ,

Voici Des Fruits, Des Fleurs....

കുറിപ്പുകൾ

[1] കാഴ്ച വെച്ചേനേ സകൗതുകമന്നു നിൻ
കാൽത്തളിരിങ്കലെൻ നഗ്ന ചിത്തത്തെ ഞാൻ.

(ചങ്ങമ്പുഴ — ഹേമന്ത ചന്ദ്രിക)

[2] ഞെരുക്കിയുടച്ചല്ലോ നിന്നെ ഞാൻ വീണ്ടും വീണ്ടും
പരുഷവികാരത്താൽ, വാക്കിനാൽ, പ്രവൃത്തിയാൽ…

(വൈലോപ്പിള്ളി — കാശിത്തുമ്പകൾ)

[3] So she was come through wind and rain.

(Robert Browning — Porphyria's lover)

[4] സുന്ദരമാരോമലേ, സുഗസോല്ലസിതമീ
നിൻ തന്ത വസന്തത്തിൽ പൂത്ത കാനനം പോലേ
ആയതിൽ മദിക്കെ ഞാൻ…

(വൈലോപ്പിള്ളി — നിന്റെ ഹൃദയം.)

നിൻ ചുംബനമൊന്നിനായി

വിക്തോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

പ്രേമഭാജനത്തിന്റെ ഒരു കടാക്ഷത്തിനായി, താൻ രാജാവെങ്കിൽ, രാജ്യവും തന്റേതായ മറ്റെന്തും സമർപ്പിക്കും. കടാക്ഷഘട്ടം കഴിഞ്ഞെന്നാൽ, അവളുടെ ഒരു ചുംബനത്തിനായി, താൻ ഈശ്വരനെങ്കിൽ, പ്രപഞ്ചവും അതിനപ്പുറമുള്ള സർവ്വവും അവൾക്കർപ്പിക്കും-പ്രേമനിർഭരമായ യുവഹൃദയത്തിന്റെ ഉള്ളറവ്യാപാരങ്ങളിലേക്ക് വിക്തോർ ഹ്യൂഗോവിന്റെ വിശ്വാതിവർത്തിയായ ഭാവന നമ്മെ നയിക്കുന്നു.

രാജാവ് ഞാനെങ്കിൽ
ഞാൻ നിനക്കേകും
എൻ രാജ്യവും
ചെങ്കോലും
പൊൻമുടിയും
എൻരഥം
എൻവർണ്ണക്കൽസ്നാനമന്ദിരം
അർണ്ണവംതിങ്ങുമെൻകപ്പലുകൾ
മുട്ടുന്നിവന്ദിക്കും
എൻപ്രജാവൃന്ദത്തെ
ഒക്കെയും
നിന്നൊരു നോക്കിനായി. [1]
ഈശ്വരൻ ഞാനെങ്കിൽ
ഞാൻ നിനക്കേകിടും
ഭൂമിയെ വായുവെ
നീർപ്പരപ്പെ
മാലാഖമാരെ
എൻ മാർഗ്ഗത്തിൽനിന്നു വേർപെട്ട
ചെകുത്താൻപരിഷകളെ
ഉർവ്വരമായുള്ള
വൻതമോഗർത്തത്തെ
വിൺകളെ
മേൽവിണ്ണണികളേയും
അന്യലോകങ്ങളെ
നിത്യതതന്നെയും-
ഒന്നായ്

നിൻചുംബനമൊന്നിനായി. [2]

A Une Femme

കുറിപ്പുകൾ

[1] ചെറ്റക്കുടിലിൽപ്പിറന്നു വളർന്നോരു
കറ്റക്കുഴലാൾതൻ കാൽച്ചുവട്ടിൽ
നിസ്തുപമിന്നിതാ കാവൽകിടക്കയാ
ണെത്രയോ രത്നസിംഹാസനങ്ങൾ,

(ചങ്ങമ്പുഴ — മദലനമോഹിനി)

[2] എങ്കിലുമെന്തോ സ്വപ്നചുംബനമനശ്വര-
മെൻകൊച്ചുസിരകളിൽക്കൂടിയും കലർന്നല്ലോ.
അതിന്റെ ചൈതന്യത്തിലതിന്റെ നൈർമ്മല്യത്തി-
ലതിന്റെ കൈവല്യത്തിൽ കാണ്മു ഞാനെൻ സർവ്വസ്വം.

(ചങ്ങമ്പുഴ — സ്വപ്നസ്മൃതി)

ഇനിയും ചുംബിക്കു

ലൂയിസ് ലബെ (1525–1566)

LOUISE LABE

ചുംബനം-അധരങ്ങളിലൂടെ ആത്മാവിനെ ആത്മാവിലേക്കു പകരുന്ന പാവനപ്രക്രിയ! അനുഭവൈകവേദ്യമാണതിന്റെ നിർവൃതി. ഈ നിർവൃതിക്കായി തന്നെ തുടരെത്തുടരെ ചുംബിക്കാൻ നായിക പ്രേയാനോടർത്ഥിക്കുന്നു. നല്ല പശിമയുള്ള പ്രണയഗീതങ്ങളിലൂടെ ഇന്നും ഓർമ്മിക്കപ്പെടുന്ന കവയിത്രി ലൂയീസ് ലബെ ഇവിടെ ചുംബനത്തിന് ഒരു കൊച്ചു ഭാഷ്യം ചമച്ചിരിക്കുന്നു: പ്രേമതരളിതമായ ചേതനയുടെ വെളിയിലേക്കുള്ള തുളുമ്പലാണ് ചുംബനം. ഈ തുളുമ്പലില്ലെങ്കിൽ ജീവിതത്തിന് സംതൃപ്തി എന്നൊന്നില്ല.

ഇനിയും ചുംബിക്കു. തുടരെച്ചുംബിക്കു,
വിടാതെ നീയെന്നെ പ്പൊതിരെച്ചുംബിക്കു, [1]
ഇനി നിൻ ചുംബനനികരത്തിലേറ്റം
ഇനിമയാർന്നതൊന്നെനിക്കു തന്നാലും.
ഇനി നിൻ ചുംബനനികരത്തിലേറ്റം
പ്രണയമൂറുമൊന്നെനിക്കു തന്നാലും.
പകരം നല്കും നാലിരട്ടി ഞാൻ നിന- [2]
ക്കെരികനലുപോലെഴുമെൻ ചുംബനം. [3]
ഇതെന്തു! നിൻ മാന്ദ്യമിതിനെ ഞാൻ മാറ്റും [4]
ഇതരമാം പത്തു മധുരമുത്തത്താൽ,
രുചിര ചുംബനം പരസ്പരമേകി
പ്രഹൃഷ്ടരായ് സ്വൈരം നമുക്കു വാണിടാം, [5]
ഒരാളുമറ്റാളിൽ ലയിച്ചിരുവരു-
മിയലും താൻ താനായിരട്ട ജീവിതം. [6]
വിലക്കുകൾ വാഴ്കേ വിപന്ന ഞാൻ വാഴ്വിൽ, [7]
അറിയുന്നില്ല ഞാനണുവും സംതൃപ്തി
തരളിതമാകുമളവിലെന്നുള്ളം
വെളിയിലേക്കൊന്നു തുളുമ്പുന്നില്ലെങ്കിൽ!

Baise M'encor, Rebaise-Moi Et Baise

കുറിപ്പുകൾ

[1] മുകരുകെന്നെ മുകരുകെന്നുള്ളിൽ നി-
ന്നകലുവോളം തമോഭരം മേദുരം.

(ജി. — കാട്ടുമുല്ല)

എൻകവിൾത്തട്ടിൽനിന്നിത്രവേഗം
ചുണ്ടെടുക്കായ്ക നീയോമലാളേ.
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

അവസരം മറ്റില്ലിനിയിച്ചുംബന-
ശതമന്യോന്യം നാം പകരുവാൻ.
(ഇടപ്പള്ളി — കരയല്ലേ)

എന്നെ നീ വാരിക്കോരിപ്പുണരു ഞാനും നീയും
ഒന്നായിട്ടുണരുമീ ദിവ്യമാം നിമിഷത്തിൽ
(മേലത്ത് ചന്ദ്രശേഖരൻ — നക്ഷത്രങ്ങൾ കൊഴിയുംവരെ)

ആരക്ത സുന്ദരം നിന്മുഖം ചുംബിച്ചൊ-
രാരാമമാക്കട്ടെ ഞാൻ.
(പഴവിള രമേശൻ — രതിനിർവേദം)
തുടരെത്തുടരെ ഞാൻ നിൻചുണ്ടിൽനിന്നും നൂറു-
ചുട്ടുചുംബനത്തിന്റെ പൂവുകളറുത്തിട്ടും...
(പുതുശ്ശേരി രാമചന്ദ്രൻ — ജീവിതം എന്റെ നിത്യകാമുകി)

Farewell, farewell, one kiss,
And I will descend.
(Shakespeare — Romeo and Juliet)

O lift me from the grass!
I die, I faint, I fail!
Let thy love in kisses rain
On my lips and eye-lids pale.
My cheek is cold and white alas!
My heart beats loud and fast;
it close to thine again
Where it will break at last!
(Shelley — Lines to an Indian Air)

[2] പനിനീർപ്പൂവൊന്നിന്നു നീയെനിക്കേകാമെങ്കിൽ
പകരം നിനക്കു ഞാൻ തന്നിടാമൊരുകൂട്ടം.
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[3] കാമുകൻ കാമുകിക്കു നല്കുന്ന തിളയ്ക്കുന്ന ആദ്യചുംബനം...
(സച്ചിദാനന്ദൻ — പ്രണയബുദ്ധൻ)
കത്തുന്ന ചുംബനംകൊണ്ടു നീ പണ്ടെന്റെ
കയ്ക്കുന്ന പ്രാണനെച്ചുട്ടുപൊള്ളിച്ചതും...
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[4] ചുംബിച്ചു തളർന്ന കാമുകനു പ്രതിചുംബനങ്ങൾകൊണ്ടു
നവോന്മേഷം നല്കും.

ഉടനുടൻ മുകർന്നിളം കവിൾത്തടം
തുടുതുടെയാക്കിപ്പുണർന്നുണർത്തുവാൻ.

(ജി. — പിന്നത്തെ വസന്തം)

[5] നവ നവ മൃദു ചുംബനങ്ങളേകി-
ക്കവന വിലാസിനി നീയടുത്തു നില്ക്കേ
ഇവനെഴുമനവദ്യ നിർവൃതിക്കി-
ല്ലവധി, യതാണിവനേക ഭാഗ്യമാര്യേ

(ചങ്ങമ്പുഴ — നക്ഷത്രം.)

നിന്മുഖമുയർത്തി ഞാൻ ചുംബനം ചെയ്കേ ധന്യ-
മെന്റെ ഭാവന ചിറകാർന്നു വിണ്ണിലേക്കെത്തി
ചണ്ഡവേഗമാർന്നുയരുന്നു. സത്യലോകത്തിൻ
മണ്ഡലങ്ങളിലഭിഷേക പൂജകൾ ചെയ്യാൻ

(വിഷ്ണുനാരായണൻ നമ്പൂതിരി — പുളകം.)

കാലം മുഴുവൻ ഒരൊറ്റ നിമിഷത്തിലേയ്ക്കു ചുരുങ്ങി
ഇരുളിൽ നമ്മുടെ ചുംബനം ഇടിമിന്നൽപോലെ തിളങ്ങി
ആ ഗുഹ ബോധിയായി

എനിക്കു പ്രണയത്തിന്റെ വെളിപാടുണ്ടായി.

(സച്ചിദാനന്ദൻ — പ്രണയബുദ്ധൻ)

മന്ത്രണമായ് കുറുമൊഴിയായ് പരിമളമായ് മൃദുഹസന
സ്പന്ദനമായ് വെഞ്ചാമര ധവളിമയായ് വന്നു നീ.
നീയെന്റെ വികാരങ്ങളിലുമ്മകളാലുണ്മകളിൽ
ജീവന്റെ മഹാരഹസ്യപ്പൊരുളു തുറന്നറിയിച്ചു.

(ചെറിയാൻ കെ. ചെറിയാൻ — നീ)

[6] നിൻ വലംകൈ മുകർന്നോതീ:
നിന്നിൽ ജീവിച്ചിരിപ്പു ഞാൻ,
കണ്ണിൽ ബിംബങ്ങളന്യോന്യം
കണ്ണിറുക്കിച്ചിരിക്കവേ.

(വിഷ്ണുനാരായണൻ നമ്പൂതിരി — ദുഷ്യന്തൻ)

Either was the other's mine.

(Shakespeare — The Phoenix and the Turtle.)

ഉടലുകൾ തന്നകലംപോലു-
മലിഞ്ഞൊന്നായിച്ചേർന്നു…
അകലത്തുമടുത്തും
നീ ഞാനല്ലേ
മായക്കണ്ണാ

(പ്രമീളാദേവി — ദിനസരി)

[7] പ്രതിനിമിഷം നിറഞ്ഞു തുളുമ്പിടും
പ്രണയ മാധ്വീ ലഹരിയിൽ ലീനനായ്

(ഇടപ്പള്ളി — മണിനാദം)

ഏകാന്തസങ്കേതം

തെയോഫീൽ ദ് വിയോ (1590–1626)

THEOPHILE DE VIAU

പ്രകൃതിയുടെ പ്രദർശനശാലയായ വനഭൂമി കമിതാക്കൾക്ക് എന്നും ഉത്തേജകമായ സമാഗമരംഗമാണ്. ഇത്തരമൊരു സങ്കേതത്തിൽ സഹശയനത്തിനായി കമിതാവു് കാമുകിയെ അനുനയിക്കുന്നു. ഈ കവിതയുൾപ്പെടെയുള്ള ശൃംഗാരകവിതകൾ പ്രസിദ്ധീകരിച്ചതിനു പ്രോട്ടസ്റ്റന്റുകാരനായ തെയോഫിൽ ദ് വിയോവിനെ ചുട്ടുകരിച്ചുകൊല്ലുവാൻ കത്തോലിക്കാ സ്വാധീനതയിലുള്ള ഫ്രഞ്ച് രാജഭരണം ശിക്ഷിച്ചിരുന്നു. ഒളിവിൽ നാടുവിടാൻ ശ്രമിക്കേ അറസ്റ്റ് ചെയ്തു ജയിലിലടയ്ക്കപ്പെട്ടു. പിന്നീടു ശിക്ഷ മാപ്പാക്കപ്പെട്ടുവെങ്കിലും ജയിൽജീവിതത്തിന്റെ കാഠിന്യം കാരണം അദ്ദേഹം രോഗാതുരനായി മരിച്ചു.

പുരുമനോഹരമിത്താഴ്വരയൊരു
പരമശാന്തിതന്നേകാന്തരംഗമാം.
ഇരുളു തങ്ങിക്കിടപ്പു പകലുമി-
ക്കുളിരിയലുന്ന കാനനഭൂമിയിൽ.
ഒരു മനോജ്ഞമാൻ തൻനിഴൽ കീഴാറ്റിൻ
സ്ഫടികനീറ്റിലായ് നോക്കിരസിപ്പതേ. [1]
വനസമീരണൻ വൃക്ഷവിടപങ്ങൾ
പ്രണയപൂർവ്വം പിടിച്ചു കുലുക്കുന്നു.
മനുജ ചേതന വിശാന്തിപൂർണ്ണത
യനുഭവിച്ചിടും പുണ്യസ്ഥലിയിതാം.
പ്രണയത്തിന്നു പെരുവനമെന്നാളും
പല പഠനത്തിനുള്ളൊരു കേന്ദ്രമാം.
പണിവു നിത്യവും സൽപ്രേമദേവത
പ്രണയികൾക്കിങ്ങൊരായിരമൽത്താര.
വികലമാകില്ല മർത്യസന്ദർശനാൽ,
നിബിഡമത്രയ്ക്കിന്നിർവ്വാണമണ്ഡലം.
വരു നമുക്കിനിയിത്തിരിന്നേരമി-
മ്മരതകവിരിമേലേ കിടന്നിടാം. [2]
മറവുപോരെന്നിരിക്കിലിപ്പാറതൻ
വിടവിലേക്കായി മാറിക്കിടന്നിടാം.
മിഴികൾ നന്നായുറക്കു നീ രാഗത്തി-
ന്നയുതഭാവങ്ങൾ തത്തുന്നവയിലായ് [3]
അരികിലുള്ളൊരിച്ചോലയിൽ നോക്കു നിൻ
മിഴിയിണയും ചിരിപ്പതിന്നൊപ്പമായ്

‘ഇവിടെ വീനസ്സ് വന്നിരു’ന്നെന്നു നീ
യെഴുതിയാലുമതിൻ ചില്ലലകമേൽ. [4]
അണയു കൂടുതലെന്നടുത്തേയ്ക്കു നീ,
അരുവിതൻ പ്രേമഗീതികൾ കേൾപ്പീലേ?
പ്രണയലോലങ്ങൾ പൈങ്കിളിക്കൂട്ടങ്ങൾ
പൊഴിവൂ തങ്ങൾതൻ ഗാന കലവികൾ.
തരികെനിയ്ക്കു നിൻ വാർമണമാർന്നിടും
സ്തനതടമതിൻ മാധുരിമോന്തുവാൻ.
മൃദുലം നിന്റെ കരവലയത്തിൽ ഞാ-
നമരവേയാത്മനിർവൃതി കൊള്ളട്ടെ.
മദഭരിതമെൻ പ്രാണികൾ നിൻ ചുരുൾ-
ചികുരഭാരത്തിൽ മന്ദം ചരിക്കട്ടെ. [5]
മമ നയനങ്ങൾ നിന്നംഗലാവണ്യ-
മധു മതിവരുവോളം നുകരട്ടെ.
തടവിടായ്കൊരു പേടിയും, താരമ്പൻ
മരുവിടുന്നിങ്ങു നമ്മെത്തുണയ്ക്കുവാൻ.
അരിയൊരെൻ കൊച്ചു മാലാഖയായ നീ-
യനവരതവുമെൻ സ്വന്തമല്ലയോ?
അകമഴിഞ്ഞെന്നെ പ്രേമിച്ചിടുന്ന നീ
പുളകം പൂണ്ടുനന്നടിമുടി, കാണു ഞാൻ.
ഇനിയൊരാലിംഗനത്തിലൂടൊന്നായി-
ട്ടനഘമാമൊരു നിർവൃതി പൂകനാം.
പ്രണയദേവതയെന്നിയേ മറ്റാരു-
മറിയുകല്ലി സ്സമാഗമമേതുമേ.
പകലിൻ കണ്ണു പതിയുവതില്ലിങ്ങു,
പവനനെത്തെല്ലും പേടിക്ക വേണ്ടടോ.
അതിനനങ്ങാതിരിക്കുവാനാവില്ലെ-
ന്നതു കണക്കൊന്നും കേൾക്കാനുമാവില്ല.
ഇവിടെ നമ്മുടേതാകുമിസ്സംഗമം
നിയതവുമൊരജ്ഞാത രഹസ്യമാം. [6]

La Solitude

കുറിപ്പുകൾ

[1] മാലിനിനദിയിൽ കണ്ണാടി നോക്കും
മാനേ, പുള്ളിമാനേ

(വയലാർ — വയലാർ ഗാനങ്ങൾ)

[2] ക്ഷോണിതൻ പച്ച വില്ലീസു വിരിപ്പതിൽ
വീണുരുണ്ടീടുവാൻ തോന്നുന്നുമേ

(വള്ളത്തോൾ — നിർവ്വാണമണ്ഡലം)

[3] അയുതം = അസംഖ്യം

[4] വീനസ് = റോമൻ പുരാണത്തിൽ പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും അധിദേവത (Venus)

[5] നിന്മുടിയിഴകളിൽ കൈവിരലോടിച്ചോടി-
ച്ചിമ്മടിത്തട്ടിൽ വീണ്ടുമൊന്നു ഞാൻ തലചായ്ക്കേ

(പുതുശ്ശേരി രാമചന്ദ്രൻ — അകലുംതോറും)

മുടിയിൽ നിൻ സ്നിഗ്ദ്ധമുകിൽ വിരലുകൾ
അയോദ്ധ്യാകാണ്ഡങ്ങളെഴുതി നീങ്ങുന്നു.

(സച്ചിദാനന്ദൻ — ഇനിയും)

[6] സാരമില്ലീ രാത്രി നമ്മളൊരുമിച്ച-
താരുമൊരാളുമറികില്ലൊരിക്കലും

(ചങ്ങമ്പുഴ — വത്സല)

പിൻലഹരി

ആൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

ഒരു പ്രണയക്കോടുങ്കാറ്റിന്റെ കെടുതിയനുഭവിച്ച കവിയാണ് അൽഫ്രെദ് ദ് മ്യൂസ്സെ പ്രശസ്ത നോവലിസ്റ്റും സോഷ്യലിസ്റ്റ് ചിന്തകയുമായ ഴോർഴ് സാന്ത്തുമായുള്ള (George Sand) അദ്ദേഹത്തിന്റെ പ്രണയബന്ധവും ഏറെ താമസിയാതെയുണ്ടായ തെറ്റിപ്പിരിയലും ഫ്രഞ്ച് സാഹിത്യലോകത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമാണ്. (‘ഴോർഴ് സാന്തിനോട്’ എന്ന കവിത (പേജ് 233) കാണുക). മ്യൂസ്സെയുടെ ‘ചഷകവും ചുണ്ടുകളും’ എന്ന പദ്യനാടകത്തിലെ നായകൻ ഫ്രാങ്ക്-Frank- തന്റെ കാമുകി ബെൽക്കൊലോറിനോട്-Belcolore-പറയുന്നു:

മുദിതരായിട്ടു മിരുപ്രണയികൾ-
ക്കധിക മാധുരി കലർന്ന വേളകൾ
ഒരു നിർന്നിദ്രമാം നിശയിൽ സല്ലാപ-
നിമഗ്നരായവർ കഴിയും വേളകൾ-
അവരൊന്നായി ലയിച്ചനുഭവിച്ചതാം
പുളകത്തിന്റെ പിൻലഹരിവേളകൾ !

ശമനമാർന്നതാം തദിന്ദ്രിയമെല്ലാം
നവാശയില്ലാതെ മയങ്ങിടുന്നേരം
കരം കരത്തിലായ് കരൾകളൊന്നായി-
ട്ടൊരൊറ്റ സത്തയായ് പരിണമിക്കവേ
നെടിയ നാളേയ്ക്കു സ്മൃതി ലയദമാം
സുഖ സുഗന്ധമൊന്നുറന്നൊഴുകവേ [1]
വിരയെജ്ജീവിത സഖിയായ് മാറിടും
പ്രണയിനിയുടെ ഹൃദന്തരാളത്തിൽ
അടികാട്ടുമച്ഛസ്സ്ഫടിക നീരെഴും
ഉറവയൊന്നു താൻ കമിതാവു കാൺമൂ.

പ്രണയ പാത്രത്തിന്നമൂല്യതയും തൻ
വരണത്തിന്റേതാം സമീചീനതയും [2]
അറിഞ്ഞിടും വേള, ഒരു സമ്മുഗ്ധമാം
കനവിൽക്കണ്ണുകളടഞ്ഞുപോം വേള!

La Coupe Et Les Levres
Acte I Scene 2

കുറിപ്പുകൾ

[1] ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്ത ഹസ്തമുടൽ ചേർന്നു തങ്ങളിൽ...
... ...
ധന്യമാം കരണസത്വയുഗ്മ മ-
ന്യോനലീന മറിവറ്റു നില്ക്കവേ...
(ആശാൻ — നളിനി)

ഇക്കിടക്കയിൽ കൂട്ടിൽ
കിളിക്കുട്ടികൾ പോലെ
നിഷ്ക്കളങ്കമായ് സ്നേഹ-
വിശ്വാസ നറും ചൂടു
പകർന്നു കിടന്നു നാം,
പ്രകൃതിക്ഷോഭത്തിന്റെ
പകയേശാതേസ്വസ്ഥം,
സംതൃപ്തം സുരക്ഷിതം.
പറഞ്ഞേനാരോടെന്നി-
ല്ലാതെ ഞാൻ കൃതജ്ഞത
യറിഞ്ഞേനാത്മൈക്യം ഞാ,
നഭയ, മത്യാനന്ദം.
(വൈലോപ്പിള്ളി — അത്യാനന്ദം)

പ്രണയസാന്ദ്രമാ മാലിംഗനങ്ങളാൽ
പ്രതിനിമേഷം തളർന്നു തളർന്നു നാം.
കരപുടത്തിൽക്കരവും കവിളത്തിൽ
കവിളുമൊന്നിച്ച സല്ലാപലോലരായ്
സമയമെത്ര കഴിച്ചില്ലൊരേ സുഖ-
സരള സങ്കല്പ സായൂജ്യ ശയ്യയിൽ!
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

അങ്ങനെയങ്ങനെ നാമൊന്നി-
ച്ചിക്കിളികൊണ്ടു മരിക്കുമ്പോൾ
കാതില്ലാതായ്ത്തീരുന്നു.
കണ്ണില്ലാതായ്ത്തീരുന്നു.
നാവില്ലാതായ്ത്തീരുന്നു.
നാമൊന്നായിത്തീരുന്നു.
(ഒളപ്പമണ്ണ — ഒരു നിമിഷം)

[2] സമീചീനത = ഔചിത്യം

പാനപാത്രം

വിക്തോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

പത്നി അദേലിൽനിന്നു മാനസികമായകന്ന വിക്തോർ ഹ്യൂഗൊ നാടകനടിയും സുന്ദരിയുമായ ഴ്യൂലിയേത്തിനെ (Juliette) ഉപപത്നിയായി സ്വീകരിച്ചു (1833-ൽ). മുമ്പു മാറിമാറി മൂന്നു പേരുടെ കാമുകിയും ആദ്യബന്ധത്തിലുള്ള ഒരു പെൺകുഞ്ഞിന്റെ അമ്മയുമായിരുന്നു ഈ നടി. അവരുമായി പരസ്യബന്ധത്തിലേർപ്പെടുന്നതിന് ഇതൊന്നും ഹ്യൂഗൊവിനു തടസ്സമായില്ല. ഒരു വെല്ലുവിളി മനോഭാവത്തോടെയാണ് ഈ രണ്ടാം പ്രേമത്തെ അദ്ദേഹം കൈകാര്യം ചെയ്തത്. ഹ്യൂഗൊവിന്റെ പ്രതീക്ഷയ്ക്കൊത്തവണ്ണം ഒരു 'നവജീവിത'മാരംഭിച്ച ഴ്യൂലിയേത്ത് 77-ാം വയസ്സിൽ അന്തരിക്കുന്നതുവരെ അദ്ദേഹത്തിന്റെ വിശ്വസ്ത സഖിയായി വർത്തിച്ചു. ഹ്യൂഗൊവിനേക്കാൾ നാലു വയസ്സിന്റെ ഇളപ്പമേ അവർക്കുണ്ടായിരുന്നുള്ളൂ.

ഇപ്പോഴും പരിപൂർണ്ണമാം നിന്റെ
പാനപാത്രത്തിൽ ഞാൻ ചുണ്ടു ചേർത്തേൻ. [1]
മ്ലാനമായൊരെന്നാനനം നിന്റെ
പാണി തന്നിലായർപ്പണം ചെയ്തേൻ. [2]
ഇത്രനാളുമിരുളിൻ തടവിൽ-
പ്പെട്ടുപോയ നിന്നന്തരാത്മാവിൻ
ചാരു സൗരഭം നിൻ വീർപ്പിലൂടേ
ചോർന്നീടുന്നതു ഞാനുച്ഛ്വസിപ്പേൻ. [3]
നിന്നുടേതാം നിഗൂഢാന്തരത്തിൻ
ഖിന്നതകൾ നിറഞ്ഞൊഴുകീടും
നിൻമൊഴികളവധാനപൂർവ്വം
ഒന്നൊഴിയാതെ ഞാൻ ശ്രവിക്കുന്നേൻ, [4]
നിന്റെ വക്ത്രമെൻ വക്ത്രത്തിൻ മേലേ
നിന്റെ കൺകളെൻ കൺകളിൻ മേലേ
മന്ദഹാസങ്ങൾ ബാഷ്പബിന്ദുക്കൾ
ചിന്തീടുന്നതു കാൺമു ഞാനിപ്പോൾ,
മൂടലിൽ നെടുനാളകപ്പെട്ട
തേജോഗോളം നിൻ സ്വത്വമുതിർക്കും
രശ്മികന്ദളമൊന്നുൾ പ്രഹർഷോൻ-
മത്തനാമെൻ മുഖം വിളക്കുന്നു. [5]
നിന്റെ നാൾകൾതൻ ചെമ്പനീർപ്പൂവിൽ
നിന്നടർത്തിയെടുത്തോരിതൾകൾ
എന്റെ വാഴ്വിതിൻ വിക്ഷുബ്ധമാകും

നിമ്നഗയിൽ നിപതിച്ചിടുന്നു. [6]

ആവേഗത്തോടെ വന്നണഞ്ഞീടും
ആണ്ടുകളോടെനിക്കിനിയോതാം:
'പോകൂ നില്ക്കാതെ പ്രായത്തിനിന്നി-
മേലിലില്ല പ്രവേശനമെന്നിൽ! [7]
ദൂരാലെങ്ങാനും പോയ്ക്കൊള്ളു വാടി-
പ്പോയ നിങ്ങൾതൻ പൂക്കളുമായി.
ഉണ്ടെന്നാത്മാവിൽ നൻമലരൊന്നു
കൊണ്ടു പോകുവാനാവില്ലതാർക്കും.
മേലാ നിങ്ങൾക്കു സ്വന്തം ചിറകാൽ
തട്ടി വീഴ്ത്തുവാനിച്ചഷകത്തെ-
പ്രേമമാദ്ധ്വി നിറച്ച ഞാൻ മോന്തും
ഇച്ചഷകത്തെ-മാത്രവുമല്ല
ആച്ചിറകടിയേറ്റിതിൽനിന്നു
തുള്ളിപോലും തുളുമ്പുകയില്ല.
ചാരമേന്തിപ്പോം നിങ്ങൾക്കണയ്ക്കാൻ [8]
ആവാത്തത്രയുണ്ടഗ്നിയെന്നുള്ളിൽ.
നിങ്ങൾതൻ മറവിയ്ക്കുമാവില്ല
മായ്ക്കുവാനെൻ ഹൃദന്ത രാഗത്തെ [9]

Puisque J'ai Mis Ma Le'vre...

കുറിപ്പുകൾ

[1] അന്നു, ഹാ, തുളുമ്പുന്നോരനുരാഗത്തിൻ പാത്ര-
മെന്നുടെ യാത്മാവിന്റെ ചുണ്ടടുപ്പിയ്ക്കും കാലം....

(ജി. – ആ സന്ധ്യ)

നിറഞ്ഞുതുളുമ്പുന്ന
മുന്തിരിച്ചഷകമേ നീ...

(പുതുശ്ശേരി രാചന്ദ്രൻ – വണ്ടിന്റെ പാട്ട്)

[2] കുളിർകാറ്റുപോലടുത്തെത്തുന്നു. തണുത്ത തൻ-
വിരലാൽ നീയെൻ ചുടു നെറ്റിമേൽ തലോടുന്നു...

(വിഷ്ണുനാരായണൻ നമ്പൂതിരി – രണ്ടു ചിത്രങ്ങൾ)

പൊള്ളിടും നെറുകയിൽ തണുപ്പിൻ കരം ചേർത്തെ-
ന്നല്ലൽ മായ്ക്കുവാനെന്റെയിരുളും നിലാവാക്കാൻ...

(സുഗതകുമാരി – അത്രമേൽ സ്നേഹിക്കയാൽ)

[3] നിൻ ഹൃദയത്തിലെൻകാതുചേർത്തോർക്കട്ടെ
നിൻസുഗന്ധത്തിന്നറിവു ഞാനൊപ്പട്ടെ
നിൻ മന്ദഹാസ ലഹരി ഞാൻ മോന്തട്ടെ
എന്റെ പെണ്ണേ നമ്മളൊന്നായുരുകട്ടെ

(കടമ്മനിട്ട – ശാന്ത)

... ...നിന്നുൾ
ത്താരണിമണം ചേർന്ന കാറ്റുൾക്കൊൾവാൻ...

(ഇടശ്ശേരി — എന്റെ ആത്മാർത്ഥത)

[4] എന്നും പറഞ്ഞവതന്നെയാണെങ്കിലെ-
ന്തെന്നും പുതിയതായ്ത്തോന്നും.
അല്ലെങ്കിലെന്തുണ്ടനവധിക്കാര്യങ്ങൾ,
ഉള്ളതൊരിത്തിരി ദുഃഖം
മിഴികോർത്തുനിന്നു നീ പറയുന്ന മാത്ര ഞാൻ
കേൾക്കുന്ന മാത്രകൾ...

(കടമ്മനിട്ട — പരാതി)

[5] ചാരമാമെന്നെക്കർമ്മ കാണ്ഡങ്ങളിൽ
ധീരനാക്കുന്നതെന്തൊക്കെയാണെന്നോ,
നിന്റെ രൂപവും വർണ്ണവും നാദവും
നിന്റെ പൂഞ്ചായൽ ത്തുകും സുഗന്ധവും
നിന്നിലെന്നും വിടരുമനാദ്യന്ത-
ധന്യചൈതന്യ നവ്യപ്രകാശവും
നിൻ തളർച്ചയും നിന്നശ്രുബിന്ദുവും
നിന്റെ നിർമ്മല പ്രാർത്ഥനാഭാവവും...

(അക്കിത്തം — കരതലാമലകം)

ഹാ മുദ്രിതമെൻ ചേതന താവക
പ്രേമ സൗഭഗമുൾക്കൊണ്ടിരിക്കവേ
കോൾമയിരുദിക്കുന്നു ഹാ നിന്നട്ട-
ത്തോമനേ വെമ്പി നില്പൊരെൻ ജീവനിൽ
എൻ തൃഷാർത്തമാമാത്മാവു കാണ്മു ഹാ
നിങ്കലാര്യേ കുതിർന്ന കല്ലോലിനി.

(ഇടശ്ശേരി — രാധയും സുധാകരനും)

[6] കന്നിവെയ്ലൊളിപോലെ യൂറിവീഴവേയതിൽ
ഖിന്നമാം പ്രണയത്തിൻ പൂവിതൾ പാറിക്കണ്ടേൻ.

(ദേവി — കെസ്സ് പാട്ടുകാരൻ)

[7] O my Love, my Love is young!
Age, I do defy thee!

(Shakespeare — A Madrigal)

[8] ചാരം = കത്തിക്കരിഞ്ഞ പ്രണയജീവിതങ്ങളുടെ ചാരം
ആയിരം രാഗാർദ്ര മാനസങ്ങൾ
ആഴക്കു ചാമ്പലായ് മാറിയാലും

(ചങ്ങമ്പുഴ — നഷ്ടഭാഗ്യസ്മൃതി)

കനലിരുന്നേടം മലിനമാക്കിക്കൊ-
ണ്ടവിടെയുണ്ടിപ്പോൾ ഒരു പിടിച്ചാരം

(എൻ. വി. കൃഷ്ണവാരിയർ — ജീവിതവും മരണവും)

[9] എങ്കിലും നിങ്ങൾക്കുമാവുകയില്ലതിൻ
തങ്കപ്രകാശം മറയ്ക്കാൻ

(ചങ്ങമ്പുഴ — ആരാമത്തിലെ ചിന്തകൾ)

No peevish winter wind shall chill
No sullen tropic Sun shall wither
The roses in the rose-garden which is Ours and Ours only.

(T. S. Eliot — A Dedication to my Wife)

പ്രണയിനി

പോൽ എല്യുയാർ (1895–1952)

PAUL ’ELUARD

പ്രേമത്തിന്റെ രാസപ്രവർത്തനത്തിൽ രണ്ടു ഹൃദയങ്ങൾ ഒന്നായിത്തീരുന്നു. കവികൾ എക്കാലത്തും കൈകാര്യം ചെയ്തിട്ടുള്ള ഒരു പ്രതിഭാസം. നവീനകവികളിൽ മുൻനിരക്കാരനായ പോൽ എല്യുയാർ കാമുകിയുമായുള്ള ആത്മൈക്യത്തെ ചിത്രീകരിക്കുന്നു. ഒന്നായിത്തീർന്ന ജീവിതത്തിൽ ‘അവളുടെ’ സ്വാധീനത മുന്നിട്ടുനില്ക്കുന്നതു ശ്രദ്ധേയം. സർറിയലിസത്തോട് വിടപറഞ്ഞു സോഷ്യലിസ്റ്റ് റിയലിസ്റ്റും പിന്നീടു പ്രതിരോധകവിയുമായ പോൽ എല്യുയാറിന്റെ ബിംബകല്പനകളിലും പദപ്രയോഗങ്ങളിലുമെല്ലാം അതിന്റെ അവശിഷ്ട സ്വാധീനത കാണാം.

അവളെൻ കൺപോള മുകളിൽ മേവുന്നു. [1]
അഭിന്നം തന്മുടി മമ മുടിക്കുള്ളിൽ.
അവളുടെ തനുവടിവെൻ പാണികൾ
പണിതെടുത്തതു കണക്കു, തന്നിറം
മദീയ നേത്രങ്ങൾക്കഭിമതമാകും
നിറം, വിയത്തിലേക്കെറിഞ്ഞ കല്ലതു
പുറപ്പെട്ടേടത്തു പതിച്ചിടും പോലെൻ-
നിഴലിലാണ്ടവളദൃശ്യയാകുന്നു. [2]

തുറന്നിരിപ്പതന്മിഴികളെപ്പൊഴും
വിടുകയില്ലവളുറങ്ങുവാനെന്നെ.
പകലവൾ കാണും കിനാക്കൾ മാറ്റുന്നു
പകലവന്മാരെ വെറും നീരാവിയായ് [3]
ചിരിപ്പിച്ചീടുന്നു കരയിച്ചീടുന്നു
ചിരിപ്പിച്ചീടുന്നു പുന,രവയെന്നെ
പെരികെ സംസാരനിരതനാക്കുന്നു
പറയുവാനൊന്നുമെനിക്കില്ലെങ്കിലും.

L’amoureuse

കുറിപ്പുകൾ

[1] അവൾ ഒരു നിത്യസാന്നിദ്ധ്യമായി എന്റെ കൺമുമ്പിൽ നിൽക്കുന്നു.

കണ്ണടച്ചാലും കണ്ടിടാമെനി-
ക്കമ്മനോഹര വിഗ്രഹം.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

പിന്നെ ബാഷ്പാവില സ്വപ്നങ്ങളാലക-
ക്കണ്ണുകൾ മൂടിക്കിടന്നുറങ്ങുമ്പൊഴും
വന്നുദിക്കുന്നു വെളിച്ചമായ് നിന്മുഖം.

(വിജയലക്ഷ്മി — ആരു ഞാൻ)

[2] ഇരു മെയ്യുമൊന്നാണ് ഹൃദയങ്ങളൊന്നാണ്
മിഴിയൊളിയൊന്നാണ് ജീവനൊന്നാം.

(സുഗതകുമാരി — രാധയെവിടെ)

പരിപൂർണ്ണ പ്രേമത്താലാത്മാവൊന്നായ്
പരിപൂർണ്ണത്വത്തിൻ മുഖം കാണുമ്പോൾ.

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

രണ്ടല്ല നീയും ഞാനുമൊന്നായിക്കഴിഞ്ഞല്ലോ
വിണ്ടലം നമുക്കിനി വേറെ വേണോ?

(ചങ്ങമ്പുഴ — ആത്മരഹസ്യം)

അറിയാതടുത്തു നാ, മുടൻ
ഇരുമെയ്യുകളിലൊരു കരൾ തുള്ളി
അതിൽ നീറി നെയ്ത്തിരി മാതിരി
ഒരു നോ, വൊരു ലഹരി, യൊരുറ്റം.

(എൻ. വി. കൃഷ്ണവാരിയർ — പുഴയൊലിവിൽപോളകൾ പോലെ)

നമ്മളൊന്നായ്ത്തീർന്നു രാഗമൂകരായ്നിന്നു
നമ്മളല്ലാതീമന്നിൽ മറ്റാരുമില്ലെന്നാകേ.

(ഒളപ്പമണ്ണ — കതിർന്ന കണ്ണുകൾ)

So fold thyself my dearest, thou, and slip
Into my bosom and be lost in me

(Tennyson — Now sleeps the Crimson petal...)

[3] എനിക്കിത്തേന്മാവിൻ ചുവട്ടിൽ നില്ക്കുമ്പോൾ
പകലിരവുകൾ വെറും നിഴലുകൾ.

(വിഷ്ണുനാരായണൻ നമ്പൂതിരി — മാഞ്ചുവട്ടിൽ)

ചൊരിയും കണ്ണീരോടെ ചിരിച്ചേൻ, വീണ്ടും നീയെ
ന്നരികത്തിരുന്നപ്പോളിരുളും നിലാവായി.

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

എന്തിനെപ്പറ്റി?

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

ഓരോ സന്ദർഭവിശേഷത്തിലും സ്വന്തം കാമുകി എന്തു ചിന്തിക്കുന്നുവെന്നറിയാൻ കാമുകഹൃദയം ജിജ്ഞാസ കൊള്ളുന്നു. തന്നെക്കുറിച്ചു ചിന്തിച്ചില്ലേ എന്നറിയാനുള്ള ഉത്കണ്ഠയാണ് വാസ്തവത്തിൽ, ഈ ജിജ്ഞാസക്കു പിന്നിൽ. ഒരു കന്നിക്കാമുകനായിരിക്കേ (21-ാം വയസ്സിൽ) താൻ ഉള്ളാലേ പ്രേമിക്കുകയും ഒരിക്കൽ മാത്രം ചുംബിക്കുകയും ചെയ്ത ഹെർമീൻ (Hermine) എന്ന പെൺകിടാവിനെ അഭിസംബോധന ചെയ്താണ് അൽഫ്രെദ് ദ് മ്യൂസ്സെ ഇതെഴുതിയത്.

അന്തിയായി നിനക്കു നല്ലന്തി
നേർന്നു നിന്നമ്മ പോയിതേ.
നിൻവിളക്കിനു കീഴിലായർദ്ധ-
നഗ്ന നീ നമിപ്പീശനെ.
താന്തമാനസമൊക്കെയും രാവിൻ
സാന്ത്വനത്തിൽ മുഴുകവേ
മന്ദിരാന്തത്തിലുറ്റവർ നിദ്രാ-
മഗ്നരാകുമീ വേളയിൽ
മോചനം മുടിയ്ക്കേകി നീ ശയ്യ
പൂകിടുന്നൊരീ വേളയിൽ
എന്തിനെപ്പറ്റിയാണു നിന്നുടെ
ചിന്തയെന്മനോരഞ്ജിനീ? [1]
ശോകപര്യന്ത നോവലൊന്നിലെ
നായികയാളെപ്പറ്റിയോ?
വ്യാഹതിയാശക്കേകി യാഥാർത്ഥ്യം
ആഗമിപ്പതെപ്പറ്റിയോ?
ചുണ്ടെലികളെമാത്രം പെറ്റിടും
വന്മലകളെപ്പറ്റിയോ?
നൽസ്പെയിനിലെ ഖ്യാത കാമുകീ-
കാമുകന്മാരെപ്പറ്റിയോ? [2]
നാട്ടിലെ നാരിമാർക്കു കൈവന്ന
നായകന്മാരെപ്പറ്റിയോ?
ഓർക്കവേയിനിപ്പേറിടുന്നൊരു [3]
മോദകങ്ങളെപ്പറ്റിയോ? [4]
നേരിൽ നിൻനേരാം തോഴി ചൊന്നതാം [5]
ആ രഹസ്യത്തെപ്പറ്റിയോ?

നിന്നുടുപ്പിനെപ്പറ്റിയോ നിന്റെ
നർത്തനങ്ങളെപ്പറ്റിയോ? [6]

അല്ലെന്നാലൊരുപക്ഷെ നീയെന്നെ-
പ്പറ്റിയോ ചിന്തിച്ചീടുന്നു!
അല്ലെന്നാലൊരുപക്ഷെ നീയൊന്നും
ചിന്തിപ്പില്ലെന്നുമായിടാം!

A Pepe

കുറിപ്പുകൾ

[1] എന്തൊക്കെയാവാം സഖി,
നീ ഹൃദി താലോലിക്കും
ചിന്തകൾ, എന്തൊക്കെയോ
നീ കാണും കിനാവുകൾ?

(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

ഈ മനോജ്ഞമാമന്ത
പ്പുരത്തിന്നേതോ കോണിൽ
ഗ്രാമനന്ദിനി നീയി-
ന്നെന്തു ചെയ്യുകയാവാം?...
ഒരു നോട്ടത്താൽ പണ്ടു
വിടചൊല്ലിയ മുഖം
ഒരിക്കൽക്കൂടിക്കാണാൻ
കൊതി തോന്നുമാറുണ്ടോ?

(ഒ. എൻ. വി. — ഉജ്ജയിനി)

[2] ഖ്യാതം = പ്രസിദ്ധിയുള്ള

[3] ഇനിപ്പ് = മാധുര്യം

[4] മോദകം = മധുരപലഹാരം

[5] നേരിൽ നിന്റെ നേരാം = നിഷ്കപടതയിൽ നിനക്കു തുല്യയായ

[6] ഹെർമീൻ നൃത്തവിദ്യാർത്ഥിനിയായിരുന്നു.

ബാല്യസഖി

വിക്തോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

മനുഷ്യഹൃദയത്തിൽ പ്രേമവികാരം മൊട്ടിടുന്നതിന് പ്രായപരിമിതിയൊന്നുമില്ല. ശൈശവം മുതൽ അതു സംഭവിക്കുന്നു. ഈഡിപ്പസ് കോംപ്ളെക്സ് (Oedipus Complex) നു പുറമേയും ബാലമനസ്സുകൾ പ്രേമാഭിലാഷം പ്രകടിപ്പിക്കുന്നു. പ്രേമബന്ധങ്ങൾ സ്ഥാപിക്കുന്നു. ഇതിഹാസപ്രസിദ്ധമായ രാധാകൃഷ്ണ ബന്ധം കൗമാരപ്രണയമാണല്ലോ. പ്രേമത്തിന്റെ കൗതുകകരമായ ഈയൊരു തലത്തിൽ വെളിച്ചം വീശുമാറ് വിക്തോർ ഹ്യൂഗോ സ്വന്തമായ ഒരു കൗമാര പ്രേമത്തിന്റെ ചെപ്പുതുറക്കുന്നു.

ഒരു വെറും പന്ത്രണ്ടുകാരനാണന്നു ഞാൻ
അവളോ നിറപതിനാറുകാരി.
വലുതവൾ ചെറുതു ഞാൻ, അവളോടു സ്വൈരമായ്
സരസ സംഭാഷണം ചെയ്‌വതിന്നു
അവളുടെ മാതാവ് സായന്തനങ്ങളിൽ
പുറമേയ്ക്കു പോംവരെ കാത്തിടും ഞാൻ.
അവർ പോയാൽ ചെന്നുതന്നരികിലിരുന്നു ഞാൻ
നെടുന്നേരം സംസാരനിരതനാകും.
പരിമളം പെയ്തു തൻ പൂക്കളോടൊന്നിച്ചു
പല വസന്തങ്ങൾ കടന്നുപോയി,
പലപാട്ടു മഗ്നികളെത്രയോ കെട്ടുപോയ്,
പല കുഴിമാടങ്ങൾ മണ്ണുമൂടി [1]
ഇനി വരാവണ്ണം മറഞ്ഞൊരക്കാലത്തിൻ
സ്മരണകൾ തേട്ടിവരുവതില്ലേ? [2]
കരളുകളന്നും തുടിച്ചില്ലേ ചെമ്പനീർ-
മലരുകളന്നും വിരിഞ്ഞതില്ലേ?
അവളെന്നെ പ്രേമിച്ചിരുന്നു. ഞാനവളെയും;
ഇരു പരിശുദ്ധകുമാരർ ഞങ്ങൾ,
ഇരുസുഗന്ധങ്ങൾപോൽ ഇരുകിരണങ്ങൾപോൽ
മരുവിന് രണ്ടു കിടാങ്ങൾ ഞങ്ങൾ. [3]
ഒരു ദേവദൂതിയായപ്സരസ്സായൊരു
നൃപകന്യയായിപ്പിറവികൊണ്ടോൾ.
അവൾ മൂപ്പിയന്നവളാകയാൽ തൻനേർക്കു
തടവെന്യേ ചോദ്യങ്ങൾ ഞാൻ തൊടുക്കും.
‘അതിനെന്തുകാരണ’മെന്നോരോതവണയും

അവളോടു ചൊന്നുരസിപ്പതിന്നായ്.
ചില നിമേഷങ്ങളിൽ സ്വപ്നത്തിലാഴുമെൻ
മിഴികളിൽ നോക്കാൻ ഭയപ്പെടുംപോൽ
അവളുടെ വീക്ഷണമന്യത്രയായിടും
അവൾ ചിന്താധീനയായ്ക്കാണുമപ്പോൾ.
അതുനേരം ഞാനെന്റെ ബാലവിജ്ഞാനങ്ങ-
ളഖിലം തന്മുന്നിൽ നിരത്തിവെയ്ക്കും.
മമ വിനോദങ്ങളെ, പന്തിനെ, പമ്പര-
ത്തിരിവിനെപ്പറ്റിയും ഞാൻ കഥിക്കും.
അഭിമാനം കൊള്ളുമെൻ ലത്തീൻ പഠനത്തിൽ
അതിനുള്ള പുസ്തകമൊക്കെക്കാട്ടും.
ഭയമെന്യേ വെല്ലുവിളിക്കുമെതിനെയും
കെടുതിയൊന്നാലുമേ പറ്റുകില്ല.
പറയാൻ മറന്നിരുന്നില്ല ഞാ'നെൻ പിതാ
പടനയിച്ചീടും ജനറലല്ലോ,' [4]
പിറവിയിൽ പെണ്ണെന്നിരുന്നാലും ലത്തീനിൽ
ചിലതെല്ലാം വായിച്ചിടേണ്ടതില്ലേ? [5]
മനമെങ്ങു സഞ്ചരിച്ചാലും യഥാക്ഷരം
ചില ലത്തീൻ വാക്കുരുവിട്ടിടേണ്ടേ? [6]
പലപോതും പള്ളിയിലൊരു ലത്തീൻ സ്തോത്രത്തിൻ
പൊരുളവൾക്കായി വിശദമാക്കാൻ
അവളുടെ പ്രാർത്ഥനാഗ്രന്ഥത്തിൽ നോക്കും ഞാൻ [7]
മുഖമതിലേയ്ക്കു കുനിച്ചുകൊണ്ടേ.
ഇതുമല്ല ഞായർ ദിനങ്ങളിൽ 'വെസ്പെറാ'- [8]
സമയത്തെനിക്കനുഭൂതമാകും
അരിയൊരു മാലാഖ ഞങ്ങൾക്കു മുകളിലായ്
തനതു വെൺപത്രം വിരിപ്പതായി.
'അവനൊരു ബാലകൻ'-ഇങ്ങിനെയാണെന്നും
അവൾ പരാമർശിച്ചിരുന്നതെന്നെ.
അവളെക്കുറിച്ചു ഞാൻ 'മദ്മ്വസേൽ ലീ'സെന്നേ [9]
ബഹുമാനപൂർവ്വം പറഞ്ഞതുള്ളൂ.
സ്തുതിയൊന്നുതർജ്ജമ ചെയ്തു കേൾപ്പിക്കുവാൻ
അവളുടെ പുസ്തകത്തിന്നുനേരേ
കുനിയലെനിക്കൊരു പള്ളിവഴക്കമായ്;
ഒരുദിനം-ദൈവമേ കണ്ടതു നീ!-
സുമസമമായ തന്നധരങ്ങൾ സ്പർശിച്ചു
എരിയുന്നൊരെന്നുടെ ചുണ്ടിണയെ.
വിരയേ [10] വിടരുന്ന ബാല്യരാഗങ്ങളേ, [11]
കരളിന്നുഷഃപ്രഭാതങ്ങൾ നിങ്ങൾ
കിടയെഴാതുള്ള പരമഹർഷങ്ങളേ
പുളകങ്ങൾ ബാലമനസ്സിനേകൂ. [12]
അഴലിന്റെ ഭാരവും പേറീട്ടു സായാഹ്നം
അടിവെച്ചടിവെച്ചടുത്തിടുമ്പോൾ

പകരുക ഞങ്ങൾതൻ മങ്ങുമാത്മാക്കളിൽ
പഴയപോൽ മായിക നിർവൃതികൾ !

Lise

കുറിപ്പുകൾ

[1] ഉണ്ടു മറന്നുപോയെത്ര പൊന്നോണങ്ങൾ
ഊർച്ചുറ്റി നേടിയോരെത്ര പൂക്കൾ
പൊന്നോണനെറ്റിക്കു പൊട്ടായിമാഞ്ഞുപോയ്…

(വൈലോപ്പിള്ളി — പൂവും കായും)

…എത്ര കണ്ണീർപ്പുഴകളൊഴുകി
അത്തലാലം വീർപ്പിട്ടു വീർപ്പി-
ട്ടെത്ര കാമുകഹൃത്തടം പൊട്ടി
കാലവാതമടിച്ചെത്ര കോടി
ശ്രീലപുഷ്പങ്ങൾ ഞെട്ടറ്റുപോയി.

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

എത്രയോ ദിനങ്ങളും രാവുകളും ഹാ, നവ്യ-
മർത്ത്യ സിദ്ധാന്തങ്ങളും കടന്നുപോയീ മുന്നിൽ.

(ചെറിയാൻ കെ. ചെറിയാൻ — ഉറങ്ങുന്ന ദേവത)

[2] മുറ്റിയ മധുരാസവമെല്ലാം
വറ്റിവരണ്ടേപോകാം
മുട്ടിയപടിമൺകുടമെല്ലാം
പൊട്ടിയുടഞ്ഞെന്നാകാം.
എങ്കിലുമൊരുനിറകുടമെപ്പൊഴു-
മെങ്കലിരിക്കുമഭംഗം,
എൻ കരളിനെയാദ്യമുണർത്തിയ
പെൺകൊടി തൻ സ്മൃതി രംഗം.

(വൈലോപ്പിള്ളി — ഓർമ്മകൾ)

മധുര ശൈശവ ബന്ധമതറ്റിടാൻ
മമ ജഡമിനി മണ്ണിലടിയണം
അതുമറക്കുവാനോർക്കിൽ മറക്കുമോ
മതിയിൽ നിന്നതുമായ്കുകിൽ മായുമോ?

(ചങ്ങമ്പുഴ — എന്റെ സഖി)

[3] നളിനി-
ഓർത്തിടുന്നുപവനത്തിലെങ്ങുമ-
ങ്ങാർത്തു ചിത്രശലഭം പറന്നതും
പാർത്തുനിന്നതു മണഞ്ഞു നാം കരം-
കോർത്തുകാവിനരികേ നടന്നതും.

ഉച്ചയായ്ത്തണലിലാഞ്ഞു പുസ്തകം
വെച്ച മല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും.
എണ്ണിടുന്നൊളിവിൽ വന്നു പീഡയാം
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ
കണ്ണുനീരു കനിവിൽ തുടച്ചതും...
... ...
ദിവാകരൻ-
നേരു ശൈവമതിങ്കലന്നു നിൻ
ഭൂരിയാം ഗുണമറിഞ്ഞതില്ല ഞാൻ
കോരകത്തിൽ മധുവെന്നപോലെയുൾ-
ത്താരിൽ നീ പ്രണയമാർന്നിരുന്നതും.

(ആശാൻ — നളിനി)

കാലിമേയ്ക്കുവാനായിട്ടീമലഞ്ചെരുവിലാ-
ബ്ബാലികവരും പോകും, അന്നു കൂട്ടായി ഞങ്ങൾ.
ചെറു പൈക്കിടാവൊന്നുണ്ടായവൾക്കതിനന്നു
കറുകക്കുമ്പേകുന്നതാണൊരു വിനോദം മേ.
ചൊല്ലിയാലൊടുങ്ങില്ല വാർത്ത ഞങ്ങൾക്കന്നെ, ന്നാ-
ലല്ലിടയ്ക്കുതിരിടും ഞങ്ങൾ പോം സനിശ്വാസം.
അന്നൊരന്തിയിൽ ചാഞ്ഞ കാട്ടുതെമാവിൻ കൊമ്പിൽ
ച്ചെന്നിരുന്നതിൽ പൂവാലെറിഞ്ഞു വിഹരിയ്ക്കേ
എന്നുടെ നോക്കോരോന്നുമാമുഗ്ദ്ധകുമാരി തൻ
സ്വിന്നമാം കവിൾപ്പൂവിൽ പുളകം മുളപ്പിയ്ക്കേ
ആ മനോഹരിയുടെ നീല നേത്രാകാശത്തി-
ലാമന്ദം പറന്നുപോയ്ക്ക് മന്മനമതിദൂരം...

(ജി. — ഒരു പഴയ ഏട്)

കുട്ടിക്കാലമതെത്ര തുഷ്ടികരമ-
ന്നദ്ദേഹമെന്നോടു വേർ-
പെട്ടിട്ടുള്ള ദിനം ചുരുങ്ങു-മൊരുമി
ച്ചല്ലാതെയില്ലൊന്നുമേ;
കിട്ടില്ലൊട്ടിടയിപ്പൊഴസ്സുഭഗനെ-
ക്കാണാനുമെന്നായി, പാർ-
ത്തട്ടിൽ ദുസ്ഥിതിഹേതുവിങ്ങു ഹതമാ-
മീ യൗവനം താനഹോ.

(വള്ളത്തോൾ — വിലാസലതിക)

കളിച്ചുകൊള്ളട്ടെ യഥേഷ്ടമെങ്ങോ

മറ്റുള്ള കൂട്ടാളികളായിരം പേർ
ഞങ്ങൾക്കു സർവ്വോത്സവവും വിളഞ്ഞ-
താ ഞങ്ങൾ ചേർന്നൊക്കുമിടത്തിൽ മാത്രം.
ഒരേ കളിപ്പാട്ട മൊരേ കളിക്കു
ത്തൊരേ കളിക്കൊട്ടിലൊരേ വികാരം
ഒരാൾക്കു മറ്റാൾ തണൽ-ഈ നിലയ്ക്കാ-
യിരുന്നു ഹാ, കൊച്ചുകിടാങ്ങൾ ഞങ്ങൾ.

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

രണ്ടു കിടാങ്ങളുണ്ടങ്ങൊരുപാടത്ത്
തെണ്ടി നടക്കുന്നു പൂവറുക്കാൻ.
ഞാനുമെൻ തൊട്ടയൽവീട്ടിലെച്ചെല്ലമാം
ജാനുവും, ഞങ്ങളിണക്കിളികൾ...
താർനിരശേഖരിച്ചങ്ങനെ ജീവിത-
ത്താഴ്വാരയൂടേ നടന്നു ഞങ്ങൾ...
ആ നറും പൂക്കളല്ലെന്തിനേക്കാളു മാ
ജാനുവിന്നെന്നെയാണേറേയിഷ്ടം...
എൻ തോഴി ചൊല്ലുകിൽ ചന്ദ്രനെക്കൂടിയും
തണ്ടോടറുത്തു ഞാൻ കൊണ്ടുചെല്ലും.
അവ്വണ്ണം മേളിച്ച പാടത്തെപ്പൂക്കളെ
വെവ്വേറെ കുമ്പിളിലാക്കി ദൈവം.
ജാനുവൊരമ്മയായ്, പിന്നീട്ടു കുട്ടിനു
ഞാനുമൊരോമലിൻ കൈ പിടിച്ചു.

(വൈലോപ്പിള്ളി — പൂക്കാലം)

എന്തോർപ്പിതില്ലയോ മാഞ്ഞു മറഞ്ഞൊരു
മുഗ്ദ്ധകാലത്തിൻ മൃദുലഹാസങ്ങളേ?
ചേർന്നു കളിച്ചതീ മന്നിന്റെ മുറ്റത്തിൽ
ഏതുമറിയാത്ത ബാലികാ ബാലർ നാം...
പൂനിലാപ്പട്ടു വിരിച്ചുള്ളൊരന്തിയിൽ
പൂത്തമനോരഥം വായ്ക്കുന്നവാടിയിൽ
എത്രനാൾ കൈകോർത്തുലാത്തീല, പേർത്തുമ-
ന്നേതുമറിയാത്ത ബാലികാബാലർ നാം!
ചാഞ്ചാടി നാമന്നൊരേ ജീവിതത്തിന്റെ
പൂഞ്ചില്ലയിലിരുപുഷ്പങ്ങളെന്നപോൽ,
പാടിനാമന്നൊരേ വള്ളിക്കുടിൽകളിൽ
പഞ്ചമം പേർത്തും കുയിലിണപോലവേ ...

(പി. കുഞ്ഞിരാമൻ നായർ — മറഞ്ഞ മഴവില്ല്)

ഇളം പുളിങ്ങനുണഞ്ഞുനൊട്ടി
ഇലഞ്ഞിമര നിഴൽപ്പാട്ടിൽ

വീടുവെച്ചും ചോടു വെച്ചും
വിറകൊടിച്ചും ചോറുവെച്ചും
വിടുകഥകൾ തൊടുത്തെറിഞ്ഞും
വെടിചൊല്ലി വെകിളിയാർന്നും...
തൊട്ടുരുമ്മിത്തോളുരുമ്മി
തോട്ടത്തിൽ നടന്ന നാളിൽ
എട്ടും പൊട്ടും തിരിയാത്ത
കുട്ടികളാണിരുവരും...
ഇന്നതുപോൽ പെരുമാറാ-
മെന്നു വന്നാൽ പ്പേരുദോഷം.

(എം. ഗോവിന്ദൻ – നോക്കുകുത്തി)

ഉള്ളം തുറന്നിന്നു പാടി ഞാനോർക്കട്ടെ
നിന്നെ, നിന്നെക്കണ്ടുദിച്ച പുലരികൾ...
നമ്മൾ പൂതേടിച്ചവുട്ടിയ മുള്ളുകൾ
നമ്മെയൊന്നിച്ചു വരിഞ്ഞിട്ട നോവുകൾ...
നിന്നെക്കുറിച്ചിനി-
യെന്തു പാടേണ്ടു ഞാൻ?
നിന്നെക്കുറിച്ചെന്തു പാടുവാനല്ലെങ്കിൽ
നിന്നെക്കുടിവെച്ചതില്ലെൻ കുടിലിൽ ഞാൻ...
എന്നാൽ തുലാക്കോളിലൂഴിവാനങ്ങളെ-
ത്തുണ്ടു തുണ്ടാക്കുമിടിമഴ ചാറവേ
മാറിൽ മയങ്ങുമെൻ കാന്തയെച്ചുണ്ടിനാൽ,
നേരിയ വേർപ്പണിക്കയ്യാൽത്തഴുകവേ
എന്തിനു മിന്നൽപോലെങ്ങു നിന്നിന്നലെ
വന്നു നീ യുള്ളിൽത്തെളിഞ്ഞു നൊടിയിട?

(വിഷ്ണുനാരായണൻ നമ്പൂതിരി – ബാല്യകാല സഖി)

കുട്ടിയായ്ക്കഴികയാണന്നു ഞാൻ, സുഹൃത്തേ നീ
മുട്ടിയെൻ വാതില്ക്കലായൊന്നല്ല പലവട്ടം
പാതിചാരിയ വാതില്പ്പാളിയിൽ ഞാനെന്മുഖം
പാതിയുമൊളിപ്പിച്ചു നോക്കുമായിരുന്നല്ലോ...
നവയൗവനത്തിന്റെ ഭ്രാന്തമാം ലാവണ്യത്തിൽ
കവിചേതനയുടെ കല്പനാസമൃദ്ധിയിൽ
പിന്നെ ഞാനടച്ചിട്ട കണ്ണുകൾക്കകം കണ്ടു
നിന്നെ, യെന്നനുരാഗത്തിന്റെ മറ്റൊരു പേരായ്...
ഇപ്പൊഴിത്താങ്ങാൻ വയ്യാത്തണപ്പിലാളറ്റതാം
കല്പടവിങ്കൽ താനേവന്നു ഞാനിരിക്കുമ്പോൾ
തോർന്നുതീരുന്നോ കാലം, സ്നേഹിത, നിശ്ശബ്ദനായ്
ചേർന്നു നീയിരിക്കുന്നു, കാണ്മു നാം മുഖാമുഖം.

(ഒ. വി. ഉഷ – മുഖാമുഖം)

പ്രഭാതത്തിൽ
മഞ്ഞുതുള്ളിയെ സൂര്യരശ്മി എന്നപോലെ
ബാല്യത്തിൽ
ഒരു ബാലികയെ ഞാൻ പ്രേമിച്ചു.
അവൾ ഉരുകി അപ്രത്യക്ഷയായി.

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഋതുഭേദങ്ങൾ)

Ah I remember well (and how can!
But ever more remember well) when first
Our flame began, when scarce we knew what was
The flame we felt, when as we sate and sigh'd...
Then we would kiss, then sigh, then looke...and thus
In that first garden of our simpleness
We spent our childhood...

(Samuel Daniel — A Reminiscence of Early Love)

[4] ആ യുവപ്രായത്തിൽ മായികസ്വപ്നത്തിൽ
നീയുമൊരപ്സരസ്സായി മാറി

(വൈലോപ്പിള്ളി — പൂക്കൈത)

[5] വിക്ടോർ ഹ്യൂഗോവിന്റെ പിതാവ് നെപ്പോളിയന്റെ സാമ്രാജ്യസേനയിൽ ജനറൽ ആയിരുന്നു-General Hugo

[6] ലത്തീൻ പ്രാർത്ഥനകളാണ് വിവക്ഷിതം

[7] പ്രാർത്ഥനകൾ യാന്ത്രികമായി ചൊല്ലുന്നതിനെക്കുറിച്ച നേർത്ത പരിഹാസം. പ്രകൃതത്തിൽ നായികയുടെ മനസ്സ് ഏതു വഴിക്കു സഞ്ചരിക്കുന്നുവെന്നു സ്പഷ്ടം.

[8] വെസ്പെറാ: സായാഹ്നപ്രാർത്ഥന-Vespera

[9] മദ്മ്വസേൽ ലീസ്-കുമാരി ലീസ് (Mademoiselle Lise)

[10] വിരയേ = വളരെ വേഗത്തിൽ

[11] ബാല്യരാഗങ്ങൾ = കുട്ടിക്കാലത്തെ പ്രണയങ്ങൾ

[12] പോയ്പോയ കാലമേ, എന്നിലൊളിച്ചു നീ
കെല്പ്പോടെൻ ഭാവിയെയാശ്ലേഷിപ്പാൻ
ഞാനിപ്പോഴുച്ചയ്ക്കു വാടിയിരിക്കുമ്പോ-
ളോണപ്പൂ തേടി നീ പാടിടുന്നു.

(വൈലോപ്പിള്ളി — പൂക്കാലം)

എന്റെ നാളെയുമിന്നുമിന്നലെകളും മഴ-
വില്ലിലെ നിറംപോലെ നിറത്തിൽ ലയംപോലെ
ചേർന്നലിബെത്താരാ പോയ പുണ്യ കൗമാരത്തിന്റെ
പൂർണ്ണ സംഗീതം വർഷിക്കുന്നിതേ, സ്മൃതികളിൽ...

(വിഷ്ണുനാരായണൻ നമ്പൂതിരി — നിത്യശിശു)

കണ്ണ്

മൊറീസ് സേവ് (1510–1564)

MAURICE SCEVE

ഫ്രഞ്ച് കവിതയിൽ മിസ്റ്റിസിസവും സിംബലിസവുമൊക്കെ അജ്ഞാതമായിരുന്ന പഴയകാലത്ത് പ്രതിമാനങ്ങളെ അവലംബമാക്കി ദാർശനികമാനങ്ങളുള്ള കവിതകളെഴുതി പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയ കവിയാണ് മൊറീസ് സേവ്. മനുഷ്യഹൃദയങ്ങളെ കൂട്ടിയിണക്കുന്ന സ്നേഹം മറ്റു സകല ശക്തികളേയും കീഴടക്കുന്ന സനാതന ശക്തിയാണെന്നു സേവ് സ്ഥാപിക്കുന്നു. ഒപ്പം സ്നേഹം നടത്തുന്ന കീഴടക്കലിൽ കണ്ണ് വഹിക്കുന്ന പരമപ്രധാനമായ പങ്കം എടുത്തു കാട്ടുന്നു.

...പലതരം പക്ഷിമൃഗങ്ങൾ വാണിടും
വിശാല രമ്യമാ വിപിനഭൂമിയിൽ
ഒരുദിനം വേട്ടയ്ക്കുചിതവേഷത്തിൽ
പരമുന്മത്തയായ് ‘ദെലി’ പോയീടവേ [1]
അകലെയങ്ങെതിർ ദിശയിങ്കൽനിന്നു
വരുവതു കണ്ടു പ്രണയദേവത-
തരുണന്മാരെയും തരുണിമാരെയും
അടിപെടുത്തിക്കൊണ്ടുലകം ചുറ്റവോൾ,
അടുത്തണഞ്ഞപ്പോളവളൊടായ് ദെലി:
“ഭവതിക്കെങ്ങിനെ കഴിയുന്നായുധ-
രഹിതയായ് വേട്ട നടത്തുവാനെന്നും?”
പ്രതിവചിച്ചൂതേ പ്രണയദേവത:
‘എനിക്കില്ലേയെന്റെ മിഴിയിണ? വേട്ട-
യിവകൊണ്ടു നിത്യം നടത്തിടുന്നു ഞാൻ.
വിചാരിയാതെയെന്നിരകൾ വീഴുന്നു
പരക്കെ, യെൻ വീക്ഷാവിരുത്തൊന്നുകൊണ്ടേ.
നിനയ്ക്കിൽ നിന്റെ വില്ലിതെന്തിനുകൊള്ളാം, [2]
നിനക്കിതു നേടിത്തരികയില്ലൊന്നും. [3]
ഇതേന്തും നിന്നെയും വശഗയാക്കി ഞാൻ [4]
ശരിയ്ക്കുമെൻ കണ്ണിൻ കഴിവിനാൽ മാത്രം.’ [5]

Delie CCCXXXVII

കുറിപ്പുകൾ

[1] ദെലി = സേവിന്റെ കവിതകളിലെ പൊതുകഥാപാത്രം

[2] വില്ല് പ്രാതിനിധ്യം വഹിക്കുന്ന ഹിംസയുടെ വ്യർത്ഥത

[3] സ്നേഹത്തിലൂടെ മാത്രമേ ആത്മീയശ്വര്യമുണ്ടാകൂ
സുന്ദര ദേശിക മന്ദിരമാകുമി-
പ്പൊന്നമ്പലത്തിൻ നടയിലിരുന്നു ഞാൻ
കൈവല്യസിദ്ധിക്കു വേണ്ടിപ്പഠിക്കുവൻ
പ്രേമസൂത്രത്തിൻ പ്രഥമപാഠങ്ങളെ
(പി. കുഞ്ഞിരാമൻ നായർ — സൗന്ദര്യദേവത)

[4] ഹിംസാശക്തിയേയും സ്നേഹം വെല്ലുന്നു.
ചോരമണ്ണിലീ ഞങ്ങൾതൻ സ്നേഹ-
നീരുറവുകൾ നിന്നു തുള്ളട്ടെ...
മർദ്ദക നിണസ്വാദിനെ യോർക്കും
കത്തിയാലാത്മഹത്യ ചെയ്യാതെ
പോക ഞങ്ങൾ കിനാവു കണ്ടോരാ
സ്നേഹമാർഗ്ഗം വഴിയിനി നിങ്ങൾ
പൂവിടർത്തും പ്രകൃതി മനുഷ്യ-
പൂർണ്ണതയിൽ പുളകമേലട്ടെ
(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

[5] ചഞ്ചലാപാംഗങ്ങളാകുന്ന ബാണങ്ങൾ
നെഞ്ചിൽ തറച്ചാലൊഴിച്ചു കൊൾവാൻ പണി...
കണ്ണിണകൊണ്ടു കടുകു വറുക്കുന്ന
പെണ്ണിനെക്കണ്ടാലടങ്ങുമോ പുരുഷൻ?
(കുഞ്ചൻ നമ്പ്യാർ — സുന്ദോപസുന്ദോപാഖ്യാനം)

അമ്മിണിപ്പെൺകൊടിക്കേളുഴിവെൽവാനും
കണ്ണുനക്കുരമ്പിൽപ്പാതിപോരും.
(ഉള്ളൂർ — പിംഗള)

കണ്ണേറുകൊണ്ടു കലുഷക്കടലിൽക്കമഴ്ത്തും
പെണ്ണുങ്ങളും...
(ആശാൻ — കാമിനീഗർഹണം)

പുല്ലാണെനിക്കു പടയാളികൾ നിൻ കടക്കൺ-
തല്ലാണു തേന്മൊഴി തടുത്തിടുവാൻ ഞെരുക്കം.
(കുണ്ടൂർ — കോമപ്പൻ)

പുരികത്തുമ്പാലെന്റെ ചിത്തത്തെ വീണ്ടും വീണ്ടും
വരിയെബ്ബന്ധിച്ചിട്ടു കണ്ണിനാലെയ്താളോമൽ.
(ജി. — ആ സന്ധ്യ)

ചൂടിൻ തളർച്ച സഹിക്കാമിക്കൺമുന-
യോടു ഞാനെമ്മട്ടെതിർത്തു നില്ക്കും!
(ചങ്ങമ്പുഴ — വത്സല)

പ്രിയമുള്ള നോട്ടം

തുളുമ്പുന്ന കണ്ണുകൾ
അഴക് കൂട്ടുന്നു
അറിവുള്ള മൗനം
ജ്വലിക്കുന്ന കണ്ണുകൾ-
ക്കാഴമേറുന്നു.
ഇവ രണ്ടുമല്ലയോ
ചാരത്തു നീ നിന്ന
നേരം മധുരിപ്പതാക്കി?

(കെ. ജി. ശങ്കരപ്പിള്ള — പ്രേമമെന്നെന്തിനെ നാം വിളിക്കുന്നു)

നിൻ കയ്യിൽച്ചിരിതൂകി യെന്നെയൊരു നോ-
ക്കാലെ കവർന്നും മണി-
പ്പൂൺ പായ് മിന്നിയുമെന്നെ നിന്നിൽ നട്ടുവാൻ
പൊട്ടിക്കിളിർപ്പിക്കുവാൻ.

(പുനലൂർ ബാലൻ — പുനസ്സമാഗമത്തിൽ ഒരോർമ്മ)

Alack, there lies more peril in thine eye
Than twenty of their swords...

(Shakespeare — Romeo and Juliet)

ഏറ്റമിനിയ ഗാനങ്ങൾ

വിക്തോർ ഹ്യൂഗൊ (1802–1885)

VICTOR HUGO

പരസ്പരമുള്ള പരിപൂർണ്ണപ്രേമത്തെ ഉലയ്ക്കാൻ ഒന്നിനുമാവില്ല. 'നിറയും രതി ലോകസംഗ്രഹം കുറിയാക്കാ സഖി കുസലാർനിടാ.' [1] തങ്ങളുടെ പുതിയ ബന്ധത്തെക്കുറിച്ചുള്ള ചുറ്റുപാടുകളുടെ പിറുപിറുക്കലിനെ അവഗണിക്കാവുന്ന തേയുള്ളൂ-ഉപപതി ഴൃലിയേത്തിനു, പ്രാപഞ്ചികമായ പ്രേമ സംഗീതത്തിന്റെ പശ്ചാത്തലത്തിൽ, വിക്തോർ ഹ്യൂഗൊ ധൈര്യം പകരുന്നു.

വരിക, വാടിയിൽ കേൾക്കുന്നദൃശ്യമാം
ഒരു മുരളിക തൻ നെടുവീർപ്പുകൾ,
പരമശാന്തി വഴിഞ്ഞിടും പാട്ടെന്നും
ഇടയർ പാടുന്ന പാട്ടാണസംശയം.

കിളികൾ വാഴുന്ന 'ഷേ' നിൻ ചുവട്ടിൽ കാർ- [2]
മുകുര തുല്യമമരും സരസ്സിനു [3]
പുളകമേറ്റുന്ന പൂന്തെന്നൽ, ആനന്ദം
വഴിയും പാട്ടെന്നും പൈങ്കിളിപ്പാട്ടല്ലോ.

കരളിടായ്കൊരു ചിന്തയും നിൻ കരൾ,
ഇരുവരും നാം പരസ്പരം പ്രേമിക്ക,
അനവരതവും പ്രേമിക്ക ഏറ്റവും
ഇനിയ ഗാനങ്ങൾ പ്രേമഗാനങ്ങളാം! [4]

L'ame En Fleur

കുറിപ്പുകൾ

[1] ആശാൻ-ലീല

[2] ഷേൻ (Chene) = ഒരു യൂറോപ്യൻ വൻവൃക്ഷം (ഇംഗ്ലീഷിൽ Oak)

[3] അഹാര്യഭാസ്സുതു കരമേലെഴും മഹീ-
രുഹാദിതൻ പ്രതിമ പതിഞ്ഞ നീരുമായ്
സ്പൃഹാകരം വിലസി, വനാന്തലക്ഷ്മിതൻ
മഹാർഹമാം മണിമുകുരം കണക്കിനേ.
(വള്ളത്തോൾ — ചിത്രയോഗം)

നാലുകുന്നിൻ നടുവിലെച്ചോല

നിലവാനിന്ന കണ്ണാടി.

(എം. ഗോവിന്ദൻ — അരയാലിന്റെ മുജ്ജന്മം)

[4] വീണ മുറുക്കുക പാടുക നൂറു-
യുഗങ്ങളുണർത്തിയ പരിപാവനമാം
പ്രേമത്തിന്റെ മനോഹരഗീതം.

(എസ്. രമേശൻ നായർ — വിരഹിണി, വിധുമുഖി)

പ്രേമകാരണം

ഴാക്ക് ബറോൻ (1905–1986)

JACQUES BARON

പ്രേമം പലർക്കും പലതാണ്. ഒരു അസ്തിത്വവാദിയുടെ കണ്ണിൽ പ്രേമം എന്തൊന്നാണ്? ആത്മസുഖത്തിനുള്ള ഒരു ഉപാധിയെന്നതിൽക്കവിഞ്ഞു മറ്റൊന്നുമല്ല. ഒരു സ്വാർത്ഥവികാരം. ദുഃഖപ്രദമായിരുന്നിട്ടുകൂടി ഈ സ്വാർത്ഥത കാരണമാണ് താൻ പ്രേമത്തെ പ്രേമിക്കുന്നതെന്നു നവീനകവിയായ ഴാക്ക് ബറോൻ പറയുന്നു. മുക്തഛന്ദസ്സായ സർറിയലിസ്റ്റ് കവിതയിൽനിന്നു വൃത്തനിബദ്ധമായ രചനയിലേക്കും നിത്യജീവിതത്തിന്റെ പരുഷയാഥാർത്ഥ്യങ്ങളിലേക്കും തിരിച്ചുവന്ന കവിയാണ് ഴാക്ക് ബറോൻ.

ഇല്ല വാഴ്വിതിലില്ലൊരു വേളയും
അന്യവേളയൊന്നേക്കാളും ധന്യമായ്.
നിർമ്മിതിക്രമമില്ല, പ്രേമിക്കുവാ-
നാവുവോർക്കതു സൗന്ദര്യത്തെന്നലാം.
ഇല്ലവശിഷ്ടമൊന്നും തനിക്കു പി,-
ന്നില്ല ഹർഷദം മറ്റൊന്നും വാഴ്വേക്കാൾ. [1]
ഇല്ല കാരുണ്യത്തെന്നൽപോൽ വിസ്മയ-
ദായകമായ് പരിരമ്യമായൊന്നും.
ഉള്ളതെന്നുടെ വാഴ്വും മഴയ്ക്കു പി-
ന്നങ്ങു നാമ്പിടും പുല്കളും മാത്രമാം. [2]
മാമകീനമാം പ്രേമത്തെക്കാളുമേ
വേദനപ്രദമായില്ല മറ്റൊന്നും.
എന്നിരുന്നാലു മീ പ്രേമ മെന്നുടേ-
താ, ണതിനാലതിനെ ഞാൻ പ്രേമിപ്പൂ. [3]

lln'ya Pass...

കുറിപ്പുകൾ

[1] ഇവിടെ സുഖമില്ലെങ്കിൽ
സുഖമെന്തൊന്നു തോഴരേ?
ആകെയുള്ളതു നമ്മൾക്കു
മൺകലത്തിലെ യാസവം
വക്കോളം പതുപൊന്തിക്കൊ-
ണ്ടേന്തി നില്ക്കുന്ന മാധുരി
കലത്തോടെ കുടിക്കുന്ന

മത്തല്ലീ ജന്മവാസന?

(ഒളപ്പമണ്ണ — ദാഹം)

[2] അങ്ങ്=ശവക്കുഴിമേൽ
ഇതൊക്കെമായുമ്പോഴുടുത്തുകെട്ടിനായ്
കരിയിലകൾ തൻ ചിലങ്ക, സാക്ഷിയാം
മഴ, മൺകുപ്പായം, മറവിയിൽനിന്നു
സ്മരണപോൽ മുളച്ചുയരും കൂണുകൾ...

(വിജയലക്ഷ്മി — അപരാഹ്നം)

[3] എങ്കിലുമിവയും പൂവുകളല്ലോ
എന്നുടെ സ്വന്തം പൂവുകളല്ലേ?

(ജി. കുമാരപിള്ള — ഓർമ്മക്കുറിപ്പുകൾ)

പേർ പറയില്ല

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

എന്തുതന്നെയായാലും പ്രേമഭാജനത്തിന്റെ പേർ പറയില്ല. ഈ അജ്ഞാത പ്രേമം എന്തെങ്കിലും ആപത്തണയ്ക്കുന്നുവെങ്കിൽ അതിന്റെ ആഘാതമാകമാനം താൻ മാത്രം ഏറ്റുവാങ്ങും. ഇതുമൂലം സ്വന്തം ആത്മാവിനു മാരകമാം വിധം മുറിവേറ്റാലും അവളുടെ പേർ വെളിപ്പെടുത്തുന്ന പ്രശ്നമില്ല. മാത്രമോ? അവളുടെ പേർ പറയാതെ അവൾക്കുവേണ്ടി പ്രാണൻ വെടിയാനും താൻ സന്നദ്ധൻ. ഈ കടുംപിടുത്തക്കാരനായ കാമുകൻ മ്യൂസ്സെയുടെ ഒരു നാടകത്തിലാണ് ഈ പ്രഖ്യാപനം നടത്തുന്നത്.

ആരെ ഞാൻ പ്രേമിപ്പൂവെന്നു ഞാൻ നിങ്ങളോ-
ടോതിടുമെന്നു നിനപ്പതുണ്ടോ?
ദാനമായ് സാമ്രാജ്യമൊന്നുതന്നാലുമെ-
ന്നോമലിൻ പേർ ഞാൻ പറയുകില്ല. [1]
വേണമെന്നാകുകിൽ നിങ്ങൾക്കറിയുവാൻ
വേണ്ടി ഞാൻ ചൊന്നിടാമിത്രമാത്രം:
ആടലറ്റീണങ്ങളൊന്നിച്ചു പാടിക്കൊ-
ണ്ടാടിടും ഞങ്ങൾ വലയനൃത്തം.
ഗോതമ്പിൻ ചെമ്പൊൻ നിറമേലുവോളവൾ,
ആരാധിച്ചീടുന്നു ഞാനവളെ-
അവളുടെ യാദേശമെന്തുതാനാകിലും [2]
അതു നിറവേറ്റും ഞാൻ നിഷ്ഠയോടേ.
കഴിയുമെനിക്കെന്റെ പ്രാണനെപ്പോലുമ-
ക്കനകാംഗിക്കായിട്ടു കൈവെടിയാൻ,
ആരുമറിയാത്തൊരി പ്രേമം ഞങ്ങളെ
ആപത്തിലാപ്പെടുത്തുന്നുവെങ്കിൽ
ആയതിന്നാഘാതമൊന്നാകെ ഞാനേറ്റു
വാങ്ങുമെന്നാത്മാവിൽ നിർവിശങ്കം.
മാരകമായിടും മട്ടിലെന്നാത്മാവ്
പാരമായ്ക്കീറിമുറിഞ്ഞുവെന്നാം,
എന്നാലുമില്ല പറകില്ല തന്നാമം,
ഉന്നതമത്രയ്ക്കുമെൻ പ്രണയം.
ഓമലാൾ തൻപേർ പറയാതവൾക്കായി
ജീവനൊടുക്കാനെനിയ്ക്കു മോഹം. [3]

Chanson Du Fortunio

കുറിപ്പുകൾ

[1] ആരോട്ടു മോമലേ ഞാനൊരു നാളും നിൻ
കാമുകനാണെന്നുചൊല്ലരുതേഡ

(ചങ്ങമ്പുഴ — കാമുകനാണെന്ന് ചൊല്ലരുതേ)

[2] ആദേശം = കല്പന

[3] വേണെങ്കിലാരാഗ വേദിയിൽ വെച്ചുമൽ-
പ്രാണനുംകൂടി ഞാൻ സന്ത്യജിക്കാം.

(ചങ്ങമ്പുഴ — രമണൻ)

Or bid me die, and I will dare
E’en death to die for thee.

(Robert Herrick — To Anthea)

മേരി നീയെഴുന്നേല്ക്കു

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

കളിതമാശകൾ പ്രേമത്തെ പ്രബലപ്പെടുത്തുന്ന ഒരു ഉജ്ജീവനൗഷധമത്രെ. ദമ്പതിമാരുടെ ദൈനംദിനജീവിതം ഇതില്ലെങ്കിൽ എന്തുമാത്രം വിരസമായിരിക്കും! നർമ്മനിപുണനായ റോംസാർ മടി പിടിച്ചുകിടക്കുന്ന സ്വന്തം മേരിയെ തുയിലുണർത്തുന്നു. മുൻകാല ഫ്രെഞ്ച് കവികളിൽ ഏറ്റവും പ്രമുഖനാണ് പിയേർ ദ് റോംസാർ. ക്ലാസിക്ക് കാലഘട്ടത്തിനു മുമ്പത്തെ കവിയായിരുന്നിട്ടും മൂന്നു നൂറ്റാണ്ടിനുശേഷം പിറക്കാനിരുന്ന റൊമാന്റിസിസത്തിന്റെ നാമ്പുകൾ അദ്ദേഹത്തിന്റെ കവിതകളിൽ കാണാം.

മേരി, നീയെഴുന്നേല്ക്കു
മടിച്ചീ, വാനമ്പാടി
പാടുന്നു വാനിന്നായ് ത്തൻ
രാഗമാലിക മോദാൽ.
രാപ്പാടി മുൾക്കൊമ്പിന്മേ-
ലിരുന്നു ശോകാർദ്രമാം
സ്വ പ്രേമഗാനം മൂളു-
ന്നെത്രയും മനോജ്ഞമായ്.
നീയെഴുന്നേല്ക്കു വേഗം,
നമുക്കു സന്ദർശിക്കാം
മുത്തണിക്കറുകകൾ,
മുറ്റമേ പുഷ്പിച്ച നിൻ- [1]
മുഗ്ദ്ധമാം പനീർച്ചെടി
തെച്ചിതൊട്ടവയെല്ലാം; [2]
ഇന്നലെ വൈകീട്ടും നീ
നല്കി നീരിവയ്ക്കൻപിൽ.
'ഞാനാദ്യമുണരു'മെ-
ന്നിന്നലെ രാവിൽ ചായാൻ
പോന്നേരം പറഞ്ഞ നീ
യിപ്പൊഴുമുറക്കമോ?
പറ്റുകയില്ലിപ്പണി,
നിന്നുടെ നിമീലിത-
നീൾമിഴിയിണമേലും
മഞ്ജുമാറിടത്തിലും
മുത്തങ്ങൾ നൂറെണ്ണം ഞാ-

നർപ്പിച്ചിടട്ടെ, നന്നെ
നേരത്തെയുണരുന്ന വിദ്യ നീ പഠിക്കുവാൻ! [3]

Marie, Levez-vous...

കുറിപ്പുകൾ

[1] കൊതിച്ച താരാമണിമാല മാറിൽ-
ദ്ധരിച്ചു നിലക്കുന്ന തൃണാങ്കുരങ്ങൾ.
(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[2] നാമൊത്തു നട്ട ചെടി പൂവിട്ടു കണ്ടതും
(ഡി. വിനയചന്ദ്രൻ — പോവുക പ്രിയംവദേ)
പണ്ടൊരിക്കൽ മീനച്ചിലാറ്റിൻ കര-
യ്ക്കെൻ വസുന്ധരേ, നീ നട്ട ചെമ്പകം
എന്തവസ്ഥയായെന്നറിഞ്ഞീടുവാൻ.
(ഏഴാച്ചേരി രാമചന്ദ്രൻ — ക്ഷീരപുരിയിലെ സന്യാസിനികൾ)

[3] കെട്ടിപ്പുണർന്നമ്മവെയ്ക്കണോ, നിന്റെ യീ-
കുട്ടിത്തമെന്നും വിടരാതിരിക്കാൻ ?
(എൻ. വി. കൃഷ്ണവാരിയർ — ക്ലാർക്കിന്റെ വീട്ടിൽ കവർച്ച)

അവിടെ

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

റൊമാൻറിക് കാലഘട്ടത്തിന്റെ അറുതിയിൽ അതിൽ ഊന്നിനിന്ന കൊണ്ടുതന്നെ ഫ്രഞ്ച് കവിതയെ സിംബലിസത്തിന്റെയും പുതു സങ്കൽപങ്ങളുടെയും വഴിയിലേക്ക തിരിച്ചുവിട്ട ഷാർല് ബൊദെലേർ പ്രേമത്തെക്കുറിച്ച് ഒരിക്കലും ശുഭപ്രതീക്ഷ പുലർത്തിയിട്ടില്ലാത്ത കവിയാണ്. പ്രേമസാഫല്യത്തിന് ഒരാദർശലോകത്തെ ചിത്രീകരിക്കുന്ന ഈ കവിതയുടെ പരോക്ഷ സന്ദേശം 'ഇവിടെ' പ്രേമസാഫല്യത്തിനു സാധ്യതയില്ലെന്നല്ലേ? മരണത്തിലേക്കുള്ള ക്ഷണമായും ഈ കവിത വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്.

അവിടെ നാമിരുപേരൊത്തു വാഴ്വതിൻ
മധുരിമയോർത്തുനോക്കു നീയോമലേ. [1]
തവ സമാനമാം നാടതിൽ നമ്മൾക്കു [2]
സമയബദ്ധതയെന്യേ പ്രണയിക്കാം, [3]
പ്രണയബദ്ധരായ് വാണിടാം, അങ്ങിനെ
പ്രണയമഗ്നരായ്ത്തന്നെ മരിച്ചിടാം.
അവിടെ കാറണിത്താരാപഥങ്ങളിൽ
അണയുമാദിത്യരാർദ്ര കിരണരായ്. [4]
നിറയുമശ്രുവിലൂടെ തിളങ്ങും നിൻ
കപടനേത്രങ്ങൾ തൻ നിഗൂഢാത്മക-
മിഴിവവയിൽ നിറഞ്ഞു കാണുന്നു ഞാൻ.
അവിടെയെന്തുമനുക്രമം സുന്ദരം
അതിവിശിഷ്ടം പ്രശാന്തമാനന്ദദം.

അവിടെ നമ്മുടേതാകും മണിയറ
യ്ക്കകമെ കട്ടിലുതൊട്ടുള്ളതൊക്കെയും
മിനുമിനുപ്പാർന്നു മിന്നുന്നതായിടും.
അറയതിങ്കലപൂർവ്വ പുഷ്പങ്ങൾതൻ
പരിമളങ്ങളും അമ്പറിന്നവ്യക്ത- [5]
നറുമണവുമൊരുമിച്ചുലാവിടും.
അതിവിചിത്രമാം തൻമച്ച്, ക്കുടുതൽ
പ്രതിഫലക്ഷമം കണ്ണാടി, യൊക്കെയൊ-
രതുല പൗരസ്ത്യ കാന്തിപ്പൊലിമയിൽ
മുഴുകിയാത്മാവിനോടതിൻ സ്വന്തമാം
മധുരഭാഷയിലേറ്റം രഹസ്യമായ്
മൊഴിയുമായിരം ഹാർദ്ദ വചസ്സുകൾ.

അവിടെയെന്തു മനക്രമം സുന്ദരം
അതിവിശിഷ്ടം പ്രശാന്തമാനന്ദദം.
അവിടെ നാട്ടുകൾ തെണ്ടുന്ന നൗകകൾ
ഇളവിയലുന്നു വെട്ടാറു തോറുമേ. [6]
അവ വിദൂരത്തിൽനിന്നുമണഞ്ഞതാം
സഫലമാക്കുവാൻ നിന്നേതു വാഞ്ഛയും. [7]
അവിടെയസ്തമയാദിത്യൻ തോട്ടുകൾ
വയലുകൾ പുരമപ്പടിതന്നെയും
കനകപാളികൾ കൊണ്ടു പൊതിയുന്നു,
ഖചിതമാക്കുന്നു രത്നാവലികളാൽ.
ഭുവനരംഗമൊന്നാകെക്കവോഷ്ണമാം [8]
ഒരു പ്രഭാപൂരം തന്നിൽ മയങ്ങുന്നു.
അവിടെയെന്തുമനക്രമം സുന്ദരം
അതിവിശിഷ്ടം പ്രശാന്തമാനന്ദദം.

L'Invitation Au Voyage

കുറിപ്പുകൾ

[1] പോക പോക നാമോമലേ, ജിജ്ഞാസു-
ലോകസീമയെ പ്പിന്നിട്ടു പിന്നെയും.
എത്ര നീണ്ടൊരു നോട്ടവുമിങ്ങു നി-
ന്നെത്തിടാതുള്ളൊരേകാന്തഭൂമിയിൽ.
… … … … …
പൊന്നു നീരലർ നീളെ വിരിഞ്ഞെഴും
പൂങ്കുളിർക്കളിപ്പൊയ്കയുണ്ടദ്ദിക്കിൽ.
… … … … …
കയ്യുകോർത്തു പിടിച്ചു നടന്നിടാം
തയ്യലാളേ, തളർന്ന കുളിർകാറ്റിൽ
തെറ്റിപ്പൂങ്കുല ചുറ്റും വികസിച്ച
ചെറ്റയരെ വിളങ്ങും ശിലകളിൽ
കസ്തൂരിച്ചാറിഴകുമിടങ്ങളിൽ
പേർത്തുമൊന്നിലിരുന്നലർമെയ്യാളേ
സുന്ദരമാക്കരുതോ നിമേഷങ്ങൾ
മന്ദ മാനന്ദ സല്ലാപ ശൈലിയാൽ.

(ഇടശ്ശേരി — എന്റെ ആത്മാർത്ഥത)

ലോകൈകശാന്തി വിതുമ്പിത്തുള്ളുമ്പ മൊ-
രേകാന്ത മോഹനഭൂവിൽ
എന്തൊരാശ്വാസമില്ലിങ്ങെങ്ങുമസ്വസ്ഥ
ചിന്തതൻ ഗദ്ഗദലേശം.
ഇല്ല മനസ്സു മുറിക്കാനസൂയ തൻ

മുള്ളുകളീ മലർക്കാവിൽ.
നിശ്ചയമെത്തില്ലിവിടത്തിൽ മർത്ത്യന്റെ
നിർദ്ദയനീതികളൊന്നും.
പ്രാണനും പ്രാണനും പൂവിട്ടു നിലക്കുന്ന-
താണീ മനോഹര ദേശം.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

നീയെന്നെ
ഹൊഗെനെയ്ക്കലിലേക്കു
കൊണ്ടുപോവുക
നീയെന്നെ
നിലാവുകൾ പൂക്കുന്നിടത്തേയ്ക്കു
കൊണ്ടുപോവുക
ഹൊഗെനെയ്ക്കലിലെ
വയലേലകളിൽ
നിലാവ് നിശാവസ്ത്രമുരിഞ്ഞു
നീരാട്ടിന്നിറങ്ങുമ്പോൾ
നീയെന്നെ പ്രണയിക്കുക
മുകിലുകൾ പാറുന്ന
നീലാകാശത്തിന്നു കീഴെ
എനിക്കായി തല്പമൊരുക്കുക
ഹൊഗെനെയ്ക്കൽ
അകലെ അങ്ങകലെ
വിദൂരതയിൽ ...

(റോസ് മേരി — വേനലെത്തുംമുമ്പ്)

വാ നമുക്കു പോകാം
ഗാനം നിലാവ് പെയ്യുന്ന
പുഴയുടെ ശയ്യയിലേക്ക്
ആകാശ മഞ്ചങ്ങളിലെക്ക്
പൂക്കാനിരിക്കുന്ന കാടുകളുടെ
ഗ്രീഷ്മരഥങ്ങളിലെക്ക്.

(ഡി. വിനയചന്ദ്രൻ — തീയ്യതികളില്ലാത്ത ഇടവേള)

There I will make the beds of roses
And a thousand fragrant posies
A cap of flowers and a kirtle
Embroider'd all with leaves of myrthe
A gown made of finest Wool
Which from Our pretty lambs we pull
Fair lined slippers for the cold

With brocades of the purest gold.

(Christopher Marlowe — The Passionate Shepherd to His Love)

[2] തവസമാനം = നിന്നെപ്പോലെ സുന്ദരമായ

[3] കാലമെന്നൊന്നില്ലെന്നല്ലഗ്ര ഭാസ്കര രശ്മി-
ജ്വാലയ്ക്കു ചൂടില്ലല്പം ഞങ്ങൾ തങ്ങളിൽ ചേർന്നാൽ.

(ജി. — ഭ്രംഗഗീതി)

സക്തിപൂണ്ടവേളൊത്തുരമിച്ചേൻ വനങ്ങളിൽ
… … … … …പോയി നാളുകളെന്നല്ലാഴ്ചകൾ പോരാ മാസ-
മായ്‌വരാമൊരാണ്ടാവാം കാലമെങ്ങാനന്ദത്തിൽ?

(ബാലാമണിയമ്മ — വിശ്വാമിത്രൻ)

പിന്നെയിപ്പായും കാലം വീർപ്പടക്കിക്കൊണ്ടൊന്നു
നിന്നുപോയ്, ഒരു മാത്ര തിളങ്ങി നക്ഷത്രംപോൽ.

(സുഗതകുമാരി — ഒരു നിമിഷം)

[4] വാടാത്തമല്ലീ സുമ മഞ്ജുമാല്യം
ചൂടറ്റ ഭാസ്വൽക്കതിർ…

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[5] അമ്പർ = ഒരു സുഗന്ധദ്രവ്യം

[6] വെട്ടാറ് = കനാൽ

[7] സഫലമാക്കുവാൻ = നീ ആഗ്രഹിക്കുന്ന ഏതു വസ്തുവും നല്കി നിന്നെ സംതൃപ്തയാക്കാൻ

[8] കവോഷ്ണം=ഇളം ചൂടുള്ള

മാനത്ത് മറ്റൊരു മിഥുനം

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

പ്രേമാനുഭൂതി സ്വർഗ്ഗീയമെന്നാണ് പണ്ടേയുള്ള സങ്കല്പം. എന്നാൽ പ്രേമത്തിന്റെ പ്രകൃഷ്ടഗായകനായ റോംസാർ ഇവിടെ കാമുകിയോടു പറയുന്നത് പുതുമയുള്ളൊരു കാര്യമാണ്. പ്രേമത്തിലൂടെ ലഘിമ കൈവരിച്ച നമുക്കു സ്വർഗ്ഗത്തിലേക്കുതന്നെ പറന്നുപോകാം. എന്നിട്ട് നക്ഷത്രങ്ങൾക്കിടയിൽ മാതൃകാപ്രേമത്തിന്റെ മനോഹരപ്രതീകമായ മറ്റൊരു 'മിഥുന'മായി ആചന്ദ്രതാരം മിന്നിക്കഴിയാം!

വേണ്ടാ തനിക്കുടൽ നിർബന്ധമെങ്കിലൊ-
ന്നാവട്ടെ വാതകരൂപത്തി, ലെന്നൊരു
ദാനവൻ പണ്ടു പറഞ്ഞുപോൽ, പാർക്കുകിൽ
ഞാനുമവനുസമാന; നനുരാഗ-
മായിക പ്രക്രിയയാലേ ലഘിമ ഞാ- [1]
നാർജ്ജിച്ചിരിപ്പൂ നിനയ്ക്കുമ്പൊഴേയ്ക്കുമേ
വാർമുകിൽ മേയുന്ന താരങ്ങൾ മിന്നുന്ന
വ്യോമസ്ഥലങ്ങളിലേയ്ക്കുയർന്നീടുവാൻ.

പ്രേമത്തെയാദ്യമായ് രൂപസങ്കല്പനം
ചെയ്തിട്ടതാലേഖ്യമാക്കിയ ചിത്രകൻ
തൽസ്വഭാവങ്ങളറിഞ്ഞാണതിന്നിരു-
പക്ഷങ്ങളേകീ കിളിക്കെന്നപോലവേ [2]
ചഞ്ചലഭാവമോ ലാഘവബുദ്ധിയോ
പാതകച്ഛായ്‌വോ കുറിക്കുവാനല്ലത്.
വിണ്ണിങ്കൽനിന്നുമേ വന്നുള്ളതാകയാൽ
വിണ്ണിങ്കലേയ്ക്കു തിരിച്ചുപോയീടുവാൻ [3]
ഉത്തുംഗതകളിലത്യന്തമോഹന-
വസ്തുക്കൾ തങ്ങുമിടങ്ങൾ പൂകീടുവാൻ
വേണ്ടിയിട്ടെന്നോണമാണു ചിറകുകൾ
രണ്ടതിന്നേകിയതെന്നറിഞ്ഞീടുക.

ഭാരമിയലുന്ന മാനവദേഹത്തി-
നാവില്ല ചേതനയൊത്തു വിണ്ണേറുവാൻ.
പ്രേമമതിന്റെ യനന്യമാമഗ്നിയാൽ
സംസ്കൃതനാക്കിയ മർത്ത്യനു സാദ്ധ്യമാം
വിണ്ടലമേറുവാനെന്നതുകൊണ്ടു ഞാ-
നൊന്നു ചൊന്നീടുവൻ പെണ്മണി: നിന്നെ ഞാൻ

പ്രേമിച്ചിടുന്നത്ര ഗാഢമായെന്നെ നീ
പ്രേമിപ്പതില്ലയെന്നുള്ളതു സത്യമാം.
പ്രേമോൽക്കടതയിലെന്നൊപ്പമെത്തു നീ,
കൈവരിച്ചീടു ലഘിമയെന്റെത്ര താൻ.
അങ്ങിനെ നാമിരുപേർക്കുമേയൊന്നിച്ച
വിണ്ണേറി വിണ്ണവർക്കൊപ്പമിരുന്നിടാം. [4]
ഇങ്ങു നാം സായന്തനങ്ങളിൽ കൈകോർത്തു
യുഗ്മകനൃത്തം മുതിർക്കുമാറില്ലയോ? [5]
അവ്വണ്ണമങ്ങുള്ള ഭാസുരനക്ഷത്ര-
വൃന്ദമുൾച്ചേർന്നു നമുക്കുമേ മിന്നിടാം
മാതൃകാപ്രേമത്തിനോമൽപ്രതീകമാ-
യെന്നും പുകഴുന്നൊരന്യ'മിഥുന'മായ്! [6]

Stances

കുറിപ്പുകൾ

[1] ലഘിമ = ഭാരക്കുറവ് (പുരാതന ഭാരതീയ സിദ്ധാന്തമനുസരിച്ച് അഷ്ടൈശ്വര്യങ്ങളിലൊന്ന്)

[2] യൂറോപ്യൻ കലാകാരന്മാർ പൊതുവിൽ പ്രേമത്തെ ഒരു മാലാഖയെപ്പോലെ ചിറകുകളോടുകൂടിയാണ് ചിത്രീകരിച്ചിട്ടുള്ളത്. ഫ്രഞ്ച് ശില്പി Bouchardon (1698-1762) ബുഷാർദോന്റെ പ്രേമശില്പം പ്രസിദ്ധമാണ്.

വരികെന്നരികത്തു വാനിൽവാ
ണരുളും നാഥനുദൂതനല്ലി നീ?
പരിപാവനപുണ്യരൂപ നിൻ-
ചിറകിൽ ചേർന്നണയട്ടെ വിണ്ണിൽ ഞാൻ.

(കെ. കെ. രാജ — ദേവദൂതൻ)

[3] പ്രേമം ഒരു സ്വർഗ്ഗീയ പ്രതിഭാസമെന്നു വിവക്ഷ

[4] നിങ്ങളൊത്താൽ? നിങ്ങളൊത്താൽ?
ഞങ്ങളൊത്താൽ സ്വർഗ്ഗലബ്ധി!

(ചങ്ങമ്പുഴ — നർത്തകി)

ചിറകു വിടർത്തുക, പൊങ്ങുക പുണ്യത്തിന്റെ
നിറവായെഴും തേജോലോകത്തിൽപ്പറന്നെത്തി
നിൻ കരൾ സുധാകുംഭമാക്കുക, സംജീവന-
സംഗീതം പൊഴിയുക…

(ജി. — ജീവനസംഗീതം)

ഭൗതികപിണ്ഡമീയൂഴിതൻപാഴ്പൊടി
മണ്ണിൽക്കിടന്നുരുളുമ്പോൾ കരൾകളോ
പൂതപ്രണയമാം വിണ്ണിലെത്താരക-

പൂക്കൾക്കിടയിൽപ്പറന്നുകളിക്കയാം.
പേർത്തുമപ്രേമമാം പുണ്യസ്ഥലത്തേയ്ക്കു
യാത്രയ്ക്കൊരുങ്ങിയിറങ്ങിയോരാണിവർ.

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

നിന്മുഖമുയർത്തി ഞാൻ ചുംബനം, ചെയ്കേ ധന്യ-
മെന്റെ ഭാവന ചിറകാർന്നു വിണ്ണിലേക്കെത്തി.

(വിഷ്ണുനാരായണൻ നമ്പൂതിരി — പുളകം)

[5] യുഗ്മകനൃത്തം = സ്ത്രീപുരുഷന്മാർ ജോഡികളായി കൈകോർത്തു സ്വയം കറങ്ങി വട്ടംചുറ്റുന്ന നൃത്തം.

[6] മിഥുനം = രാശിചക്രത്തിലെ പന്ത്രണ്ടു നക്ഷത്രസമൂഹങ്ങളിൽ മൂന്നാമത്തേത്. രൂപത്തിൽ സ്ത്രീപുരുഷദ്വന്ദ്വം പോലെ.

ജനൽമറ

അൽഫ്രെദ് ദ് മ്യൂസ്സെ (1810–1857)

ALFRED DE MUSSET

പ്രേമോത്സുകമായ മനസ്സിന് അയൽക്കാരിയുടെ ജനൽക്കർട്ടന്റെ ചലനം എന്നും ഒരു പ്രഹേളികയാണ്. സഹഭാവപൂർണ്ണമായ ഒരു നോക്കിന്, ഒരു പുഞ്ചിരിക്ക്, ഒരാംഗ്യത്തിനുവേണ്ടി ദാഹിക്കുന്ന ഹൃദയത്തിൽ അതു പ്രതീക്ഷകളുണർത്തുന്നു, ഉത്കണ്ഠയുളവാക്കുന്നു. തുടർന്നു ഹർഷമോ, ജാള്യതയോ അനുഭവപ്പെടുന്നു. ജർമ്മൻ മഹാകവി Goetheയുടെ ഒരു കൊച്ചു കവിതയെ അനുകരിക്കുന്ന ഈ കവിതയിൽ അയൽക്കാരി മറ്റൊരാളുടെ കാമുകിയാണെന്ന പിന്നറിവ് ചേർത്തു കൊണ്ട് അൽഫ്രെദ് ദ് മ്യൂസ്സെ വ്യതിരിക്തത പുലർത്തുന്നു.

എന്നയൽക്കാരി തൻ ജനൽത്തുണി
മന്ദ മന്ദമായ് പൊങ്ങുന്നു,
തെന്നലിത്തിരി കൊള്ളുവാനവൾ
വന്നു നില്പാം, നിനപ്പു ഞാൻ. [1]
ജന്നലല്പം തുറന്നുവോ? കൂട-
ന്നെൻ ഹൃദയമിടിപ്പുകൾ. [2]
ഞാനവളെയൊളിഞ്ഞു വീക്ഷിപ്പ-
തുണ്ടോയെന്നറിഞ്ഞീടുവാൻ
ആയവളൊരുപക്ഷെ യാകാംക്ഷ
കൊണ്ടു നോക്കുകയായിടാം.
പാഴ്ക്കിനാവിതു, കഷ്ടം, പെണ്ണവൾ
പ്രേമിക്കുന്നൊരു പൊണ്ണനെ!
തൻ ജനൽ, മറക്കോണു പൊക്കിയ-
തങ്ങു കാറ്റിന്റെ വേലയാം.

Le Rideau De Ma Voisine

കുറിപ്പുകൾ

[1] ജാലകത്തിരശ്ശീല മാറ്റി നിലാവുതൂകുന്ന കണ്ണുകളുമായി
അവൾ അവതരിച്ചു.

(രാവുണ്ണി — ഏകാകിയുടെ പ്രണയരാത്രി)

[2] അറിയാൻ മേലാത്തൊരനഘ ശക്തിയെ-
ന്നമല്ലേ, മൽപദയുഗളത്തെ
അനുനയിപ്പു നിൻ മണിയറയിലെ-

ക്കിളിവാതില്ക്കലേയ്ക്കത്തിവേഗം.

(ചങ്ങമ്പുഴ — രാഗലഹരി)

നില്ക്കയായ് കവി, യാ ദീർഘ
നിശ്വാസച്ചൂട്ടു വായുവിൽ
വിലോലം ജാലകത്തിന്റെ
വിരിതെല്ലൊന്നുലഞ്ഞുവോ?
വരുമെന്നറിയിക്കാത്ത
വരവാണെന്നിരിക്കിലും
വിളക്കുതിക്കെട്ടുത്തിട്ടാ
വിളി പാർത്തവൾ നിന്നുവോ?

(ഒ. എൻ. വി. — ഉജ്ജയിനി)

… പാതതാണ്ടുമ്പോൾ ദൂരെ
മാളികയുടെ കിളിവാതിലിൻ
തിരശ്ശീല പാളിയോ?
കുളിർകാറ്റോ കനകാംഗുലികളോ
എന്റെ നിഴലിൻ നിറുകയിൽ വീണതു?
നിശാദീപം ചൊരിയും കിരണമോ
നിന്റെ കൺവെളിച്ചമോ?

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഗസൽ)

ജനലരികിലായവളില്ലെങ്കിലും
മതിലിനിപ്പുറം മറഞ്ഞു നിന്നുകൊ-
ണ്ടവൻ വിളിക്കയാണവളെ, ആത്മാവിൽ
കുറുകി നിലക്കുന്നോരരിപ്പിറാവിനെ.

(സിന്ധു ഭാസ്കരൻ — പ്രണയികളുടെ മധ്യാഹ്നം)

O Mary, at thy window be,
It is the wish'd the trysted hour!

(R. Burns — Mary Morison)

സിഞ്ഞാറി [1] ന്നുള്ള പാട്ട്

ലെയൊപ്പോൽദ് സെദാർ സംഗോർ (1906–2001)

LEOPOLD SEDAR SENGHOR

പ്രേമത്തിന് അതിർവരമ്പുകളില്ല. ഭേദഭാവനകൾ അതിനജ്ഞാതമാണ്. മനുഷ്യനെ മാത്രമേ അതിനറിയൂ. നീഗ്രോ-യൂറോപ്യൻ പ്രേമബന്ധം അസംഭാവ്യമെന്നു വിശ്വസിക്കപ്പെട്ടിരുന്നു. ഈ പൊള്ള വിശ്വാസത്തിന്റെ കാറ്റ് കഴിഞ്ഞിട്ടു കാലമേറെയായി. മറ്റു പലതിലുമെന്നപോലെ ഈ മിത്ഥ്യാബോധം തകർക്കുന്നതിലും മുന്നിട്ടുനിന്നത് ലോകജനതയുടെ വലിയൊരു സംഗമ സ്ഥാനമായ പാരീസാണ്. നീഗ്രോ-ഫ്രഞ്ച് പ്രണയം, ദാമ്പത്യം പാരീസിലെ സാധാരണ സംഭവങ്ങളിൽ ഒന്നുമാത്രം. ഫ്രഞ്ച്കാരിയെ പ്രണയിക്കുന്ന നീഗ്രോ കാമുകന്റെ ആർജ്ജവമുള്ള മനസ്സിനെ ലെയൊപ്പോൽദ് സൈദാർ സംഗോർ അനാവരണം ചെയ്യുന്നു. നീഗ്രോ പൈതൃകത്തിൽനിന്ന് ഊർജ്ജം വലിച്ചെടുത്തു ഫ്രഞ്ച് സംസ്കൃതിയുടെ ഉത്തമാംശങ്ങൾ ഉൾക്കൊണ്ടു കാവ്യരചന നടത്തുന്ന ആഫ്രിക്കൻ ഫ്രഞ്ച് കവിയാണ് സൊർബോന്നിന്റെ സന്താനമായ സംഗോർ. രണ്ടു പതിറ്റാണ്ടു കാലം സെനഗൽ റിപ്പബ്ലിക്കിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ടായിരുന്നു. ഫ്രഞ്ച് സാഹിത്യ അക്കാദമി മെമ്പറാണ്-ഒരു ഫ്രഞ്ച് സാഹിത്യകാരനുള്ള ഏറ്റവും വലിയ ദേശീയാംഗീകാരം.

ഒരു മധുരഗാനം
നിനക്കായി നൂറ്റു ഞാൻ,
മധുരമൊരു പ്രാവിന്റെ-
യുച്ചക്കുറുകൽ പോൽ. [2]

അവിരത മതെന്നൊപ്പം
എന്റെ വിപഞ്ചിയിൽ
അനുരണനമാർന്നുതേ
നേർത്തു നിശിതമായ്.

ഒരു പുതിയ ഗാനം
നിനക്കായി നെയ്തു ഞാൻ,
അതു ഭവതി പക്ഷെ ഹാ
കേട്ടതില്ലേതുമേ.

വനകുസുമമൊത്തിരി
നല്കി നിനക്കു, തൽ-
പരിമളമതി നിഗൂ-
ഢാത്മകം മായികം. [3]

അവ തടവി സമ്പന്ന-
വർണ്ണാഞ്ചിതത്വമൊ,-

ന്നതിരുചിരമാമൊരു
'സംഗമോർ' സന്ധ്യപോൽ. [4]

അരുളി മമ വന്യ-
സുമങ്ങൾ നിനക്കു ഞാൻ,
അവയെ ബത വാടി-
നശിക്കാൻ വിടുമൊ നീ?

ക്ഷണിക ശലഭങ്ങൾ തൻ
ലീലാവിലാസങ്ങൾ
കുതുകമൊടു കണ്ടു
രസിക്കുവോളല്ലി നീ? [5]

Chant Pour Signare

കുറിപ്പുകൾ

[1] സിഞ്ഞാർ = നീഗ്രോകൾ യൂറോപ്യൻ സ്ത്രീകളെ അഭിസംബോധന ചെയ്യാനു പയോഗിക്കുന്ന പദം-Signare

[2] ഉച്ചക്കുറുകൽ = ഉച്ച നേരത്തെ കുറുകൽ
പ്രാവിൻ കുറുകലാലോളം തുളുമ്പുമ-
ഗ്രീഷ്മാന്ത മദ്ധ്യാഹ്ന നിശ്ശബ്ദതകളും.
(പി. കുഞ്ഞിരാമൻ നായർ — അന്നത്തെ നാടകം)

[3] ജീവിതലക്ഷ്യം സുഖാപ്തിയാണാസ്സുഖ-
പ്പൂവെന്നിൽ നിന്നേറെ നുള്ളിയെടുത്തു നീ.
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[4] സംഗമോർ = സെനഗലിലെ പ്രകൃതിസുന്ദരമായ ഒരു കൊച്ചുദ്വീപ്.

[5] മൊട്ടിനെക്കെട്ടിപ്പിടി
ച്ചുമ്മവെച്ചുണർത്തിയ
പ്പട്ടിളം ചെവികളി-
ലുരപ്പു മണിത്തെന്നൽ
'മറക്കില്ല ഞാ'നെന്ന
മന്ത്രത്തെ-ഞൊടിക്കുള്ളിൽ
പ്പറന്നു മായുന്നേരം
വിസ്മരിക്കുവാൻ മാത്രം.
(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

കന്യമാർക്കു നവാനുരാഗങ്ങൾ
കമ്രശോണ സ്ഫടികവളകൾ
ഒന്നു പൊട്ടിയാൽ മറ്റൊന്നു…
(വൈലോപ്പിള്ളി — കടിയൊഴിക്കൽ)

സരഭസമനുരാഗമന്ത്രമോ-

ട്ടരസി മുകർന്നു മുകർന്നു പണ്ടയേ
സുരഭി മധു കുടിച്ചു പോന്ന വ-
ണ്ടരനിമിഷം മതി വിസ്മരിക്കുവാൻ.

(ജി. — കരിയില)

നാണംകുണുങ്ങി

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

ദേവാലയത്തിൽ ഭക്തിപരവശമാകുന്ന മനസ്സ് കിടപ്പറയിൽ രതിഭാവങ്ങളിൽ നീന്തിത്തുടിക്കുന്നതിൽ പൊരുത്തക്കേടെന്തിരിക്കുന്നു? ഒന്നുമില്ല. ഭക്തിഭാവം പോലെതന്നെ രതിഭാവവും വിശുദ്ധി ആവഹിക്കുന്നു. “ബ്രഹ്മവിദ്യയും കാമ ശാസ്ത്രവുമൊരുപോലെ ധർമ്മശാഖ” [1]-ഇതത്രെ ഈ റോംസാർ കവിതയുടെ സന്ദേശം.

പള്ളി തന്നുള്ളിൽ നാം ഭക്തിയിൽ മുട്ടുന്നി
പ്രാർത്ഥിച്ചിടുന്നു പുരാനെ. [2]
നാമതി മാത്രമനുദ്ധതരായവ-
ന്നർപ്പിച്ചിടുന്നു നതികൾ.
എന്നാൽ കിടപ്പറയ്ക്കുള്ളിൽ പരസ്പരം
കെട്ടിപ്പുണർന്നമരുമ്പോൾ
നാം മുഴുകീടുന്നു സാവേശം മന്മഥ-
ലീലയിൽ നിർബാധമായി.
കാമുകീകാമുകർ നാം നർമ്മചേഷ്ടകൾ
നൂറെണ്ണമങ്ങു കാണിപ്പൂ. [3]

നിൻ കുനു കുന്തളമൊന്നു തലോടുവാൻ
നിൻ ചാരുവക്ത്രം മുകരാൻ
നിൻ മഞ്ജു മാറിടമൊന്നു തഴുകുവാൻ
ഞാൻ തുനിഞ്ഞീടുമളവിൽ
നാണം കുണുങ്ങുന്നതെന്തിനു നീയൊരു
കന്യാമഠപ്പെണ്ണിനെപ്പോൽ! [4]
നിൻ നീല നേത്രങ്ങൾ നിൻ സ്വാദുമാറിടം
നിന്നഭിരൂപ നിടിലം
നിൻ മധുരാധരമൊക്കെയുംതന്നെ നീ
സൂക്ഷിച്ചു വെച്ചിടുന്നാർക്കായ്? [5]
തൻ കൊച്ചുതോണിയിൽ നിന്നെ ‘ഷറോ’ നിങ്ങു [6]
കൊണ്ടുപോയെന്നു വരുമ്പോൾ
‘പ്ലൂട്ടോ’ വെപ്പുല്കുന്നതിന്നു നീയുള്ളാലെ
പൂതി കൊണ്ടീടുവതുണ്ടോ? [7]
അന്ത്യമായ് നീ മൺമറഞ്ഞാകിൽ ജീർണ്ണമാം
നിൻ സുന്ദരാനനം താനും.
ഞാനുമദ്ദിക്കണഞ്ഞീടവേ കങ്കാള-

രൂപിണി നിന്നെക്കുറിച്ച
'എൻ പൂർവ്വ കാമിനി' യെന്നു ഞാനോതു കി-
ല്ലന്യ പരേതരോടായി.
ഇമ്മലർ മേനിയുണ്ടാവില്ല വായ്ക്കുഴി
ക്കുള്ളിലായ് പല്ലുകൾ കാണും,
പ്രേതപ്പറമ്പിൽ തലയോട്ടി തന്നുള്ളിൽ
കാണുന്ന പല്ലുകൾ പോലേ.
ആകയാലിജ്ജീവൽക്കാലത്തു തന്നെ നീ
ജീവിതവീക്ഷണം മാറ്റൂ. [8]
നീ നിഷേധിക്കായ്കെനിക്കു നിൻ ചുണ്ടിണ
മന്മനോമോഹിനിയാളേ
കാരുണ്യമെന്നോടു കാട്ടാഞ്ഞതോർത്തു നീ
ഖേദിക്കും നിന്നന്ത്യനാളിൽ.

ഹാ മരിക്കുന്നു ഞാ, നെന്നെയെന്നോമലേ
മൂടു നീ മുത്തങ്ങളാലേ [9]
വന്നണഞ്ഞീടുക വന്നണഞ്ഞീടുകെൻ-
സന്നിധിയിങ്കൽ നീ വേഗം.
വിഹ്വലയാം മയിൽപ്പേട കണക്കു നീ
വിട്ടകന്നീടുകയാണോ?
നിൻ മാറിടത്തിലെൻ കൈ പതിഞ്ഞീടുന്ന-
തെങ്കിലുമൊന്നു പൊറുക്കു,
ഒട്ടു നീങ്ങട്ടു കീഴോട്ടുമായ് നിന-
ക്കിഷ്ടമാണെന്നു വരികിൽ! [10]

Quand Au Temple Nous Serons...

മരിച്ചു ഞാനമ്മേ, കുഴി രണ്ടുപേർക്കു
കഴിയാൻ പാകത്തിൽ കുഴിക്കുകവേണം.
അതുമാത്രമല്ല, പിറക്കുവാൻ പോകു-
ന്നൊരു കുഞ്ഞിന്നുമങ്ങിടമുണ്ടാകണം.
—ഫ്രഞ്ച് നാടോടിപ്പാട്ട്

കുറിപ്പുകൾ

[1] ബാലാമണിയമ്മ-വിശ്വാമിത്രൻ

[2] പുരാൻ = ഈശ്വരൻ

[3] അങ്ങിനെ ചെയ്യുംകാലം ഭൂപാലനൊരുദിനം
അംഗനാരത്നമായ ദേവയാനിയും താനും...

മദിരാപാനം ചെയ്തുമധരപാനം ചെയ്തും
മദനൻ തെരുതെരെ വലിച്ച ക്രൂരമെയ്തും
മനസി മദം കലർന്നോരനുരാഗം പെയ്തും
കനിവിനൊടു ഗാഢം വാർകൊങ്ക തഴുകിയും
ആനന്ദാമൃതവാരി രാശിയിൽ മുഴുകിയും...
ചേതസ്സു കനിഞ്ഞുടൽ പുല്കിയും പലതരം
വേധസ്സിൻ വിനോദങ്ങളെത്രയും ചിത്രം ചിത്രം!

(എഴുത്തച്ഛൻ — ശ്രീമഹാഭാരതം)

പരിമളമിളകിന മലയജമൊഴുകും
പരഭൃതമൊഴിയുടെ കുചഭരയുഗളം
പരിചൊടു തിരുമാർവ്വിടമിട ചേർത്തഥ
പരമസുഖേന പുണർന്നീടുന്നു.

(കുഞ്ചൻ നമ്പ്യാർ — രാമാനുചരിത്രം)

പകുതിരാവായെന്നുടലിന്മേലേറി
വലം വശത്തു നീ പതുക്കെയുർന്നതും
തടവിയെൻ നെറ്റി തഴുകിയെൻ മാറിൽ
ഉരുമ്മിയെൻ നേർക്കു ചെരിഞ്ഞു ഞാനുമൊ-
ട്ടുണർന്നുണർന്നില്ലാപ്പരുവത്തിൽ എന്തെ-
ന്നറിയാതങ്ങനെയറിയാതെ, പക്ഷെ
എവിടെയോ പൊട്ടി വിടർന്നതും പിന്നെ-
യറിയാതോർക്കാതെ യിടംവലം മാറി-
ക്കിടന്നതും കീഴ്മേൽ മറിഞ്ഞതും നേരിൽ
പ്പുതുമണം പാറുമിരവിൽ ആരാരെ-
ന്നറിയാതെ തമ്മിൽപ്പുണർന്നതും ഉള്ളിൽ
പുളകം പൂണ്ടു ഞാൻ മയങ്ങി നിൻമാറി–
ലമർന്നതും വീണ്ടുമഗാധ നിദ്രയിൽ...

(അയ്യപ്പപ്പണിക്കർ — വെറും പുരുഷനല്ലി നീ?)

നിനക്ക് പാനം ചെയ്യുവാനായ്
എന്റെ അധരങ്ങളും
ശയിക്കുവാനായ് എന്റെ മടിത്തട്ടും.

(റോസ് മേരി — ക്ഷത്രപതിയോട്)

ആടിയമ്പിളികചഗ്രഹേ, നഖ-
പ്പാടിയന്നിതു മുറിഞ്ഞു മേഖല
തേടി മത്സര, മിവണ്ണമൊട്ടു കു-
ത്താടിയുൾക്കൊതി വിടാതെ താൻ മൂഢൻ.

(കാളിദാസൻ — കുമാരസംഭവം (തർജ്ജമ: കുണ്ടൂർ))

[4] ചുംബനങ്ങളാൽപ്പേർത്തുമിച്ചെന്തളിർ-
ച്ചുണ്ടു രണ്ടും ചുവപ്പിച്ചിടട്ടെയോ?

കോമളാശ്ലേഷധാരയിൽ നിന്നെ ഞാൻ
രോമഹർഷത്തിൽ നീന്തിച്ചിടട്ടെയോ?
ചൊല്ലുകയോമൽ പ്രിയേ നിൻ കുളിരുടൽ
പുല്കി ഞാനൊരു ഗാനമാകട്ടെയോ?
അന്യനാണോ വരാംഗിഞാ, നേവമെൻ
മുന്നിൽ നിന്നിത്ര നാണം കുണുങ്ങുവാൻ?

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[5] ആകൃതികണ്ടാലതിരംഭേയം
ആരാലിവൾ തന്നധരം പേയം?

(ഉണ്ണായിവാരിയർ — നളചരിത്രം ആട്ടക്കഥ)

[6] ഷറോൻ (Charon) = ഗ്രീക്ക് പുരാണത്തിൽ, മരിച്ചവരുടെ ആത്മാക്കളെ നരകത്തിലേക്കു കടത്തുന്ന തോണിക്കാരൻ.

[7] പ്ലൂട്ടോ (Pluto) = റോമൻ പുരാണത്തിൽ, നരകരാജാവ്

[8] ദേഹമോ ചെറുതിടയ്ക്കു ദേഹിതൻ
ഗേഹമായുടയുമസ്ഥിക്കൂടമേ!
സ്നേഹ മോഹന മരാളമൊന്നുതാൻ
വാഹനം തവ ഭവാബ്ധി താണ്ടുവാൻ.

(യൂസഫലി കേച്ചേരി — കുസുമദർശനം)

[9] വരൂ വരൂ നാഥേ വിവശൻ ഞാനയ്യോ
മരണത്തിങ്കലേക്കണയുന്നു,
വിറകൊള്ളുന്നൊരെന്നധരങ്ങളിലും
വിളറും കൺപോളകളിലുമായ്
മൃദുലചുംബന മധുരമാരിയായ്
സദയം വർഷിക്കു തവരാഗം.

(ചങ്ങമ്പുഴ — രാഗലഹരി)

What is love? It is not hereafter,
Present mirth has present laughter,
What's to come is still unsure;
In delay there lies no plenty-
Then come kiss me, Sweet-and-twenty,
Youth's a stuff will not endure.

(Shakespeare — Carpe Diam)

[10] അക്കിശോരശശിശേഖരൻ കരം
പൊക്കിൾ ചേർക്കെയുടലും വിറച്ചവൾ
നീക്കിയാലുമഥ കുത്തഴിഞ്ഞുപോയ്
നേർക്കിയന്നൊരണി നീവിതാൻ സ്വയം.

(കാളിദാസൻ — കുമാരസംഭവം (തർജ്ജമ: കുണ്ടൂർ))

കന്നിക്കൊയ്ത്ത്

ഷാർല് ക്രോ (1842–1888)

CHARLES CROS

യൗവനത്തിന്റെ കൊടിയേറ്റത്തിൽ നില്ക്കപ്പൊറുതിയില്ലാതാകുന്ന യുവ ജനങ്ങൾ കാട്ടിക്കൂട്ടാത്ത പരാക്രമങ്ങളില്ല. ഇവയിൽ പുറംലോകത്തിന്റെ അറിവിൽ പെട്ടുന്നവ അത്യല്പം. മറ്റെല്ലാം അവരുടെ നിഗൂഢമായ അന്തർലോകത്തിന്റെ ഭാഗം. ‘യുവലോക മേലുമേകാന്തമാം ചരിത്രമാരറിയുന്നു’വെന്ന് മഹാകവിയെ അത്ഭുതംകൂറിച്ച ഈ അജ്ഞാത ലോകം ഉത്കടവും വർണ്ണാഭവുമായ എന്തെന്തു വിചിത്രാനുഭവങ്ങളുടെ നിലവറയല്ല! കാമുകിയെ അനുകൂല ചുറ്റുപാടുകളിൽ ഒത്തുകിട്ടിയ കമിതാവിന്റെ സഹസിക്യമാണ് തികഞ്ഞ താദാത്മ്യത്തിൽ ഷാർല് ക്രോ ചിത്രണം ചെയ്തിരിക്കുന്നത്. സംസ്കൃതമുൾപ്പെടെ ബഹുഭാഷാപണ്ഡിതനും ശാസ്ത്രജ്ഞനും പാരമ്പര്യവിശ്വാസഭഞ്ജകനുമാണ് ക്രോ.

ഒരു കുട്ടിപ്പോക്കിരി ഞാൻ,
നിനയാതങ്ങവൾ വന്നു,
ഒരു ജന്തു ഇണയെപ്പോൽ
നിതരാം ഞാൻ പ്രണയിപ്പോൾ,
താരുണ്യക്കൊടിയേറ്റം
ആനന്ദപ്പൊടിപൂരം.

പിൻകണ്ഠത്തിനുമീതേ
ഒരു മുത്തം, പൊന്നോമൽ [1]
ചിരിപൂണ്ടാൾ, ഞാനാട്ടേ
അതിമാത്രം ഉന്മത്തൻ.

പലവർണ്ണമലരേന്തും
തരുവല്ലീനികരങ്ങൾ
തുണനിന്നീയന്യോന്യം
തടവെന്യേ തുടരാനായ്. [2]

വനപാത തന്നോരം
ഒരു കേളീഗൃഹമായി.
പൂവൊത്ത തനിമഞ്ഞ-
ത്തേനീച്ചപ്പറ്റങ്ങൾ [3]
ത്വരയിൽ പോയ് പ്രാപിപ്പൂ
പൂവുകളെപ്പുരുമോദം.
ജനമില്ലാവനമദ്ധ്യേ
ഖലനാകുമീ ഞാനോ [4]

മുകരുന്നെൻ മണിമുത്തി-
ന്നധരങ്ങൾ അരുണാഭം,
ഒരു കരിങ്കടന്നൽ പോൽ.
പരമലങ്കോലമാം [5]
തുടുമേനിതന്മേലേ
പലപാടും മമ ബന്ധ- [6]
കഥയോതും പാട്ടുകൾ [7]
പതിയുന്നിതന്യോന്യ-
ലയമേലുമിന്നേരം.

Recolte

കുറിപ്പുകൾ

[1] ജീവപ്രേയസി പോരുമിങ്ങഭിമത-
പ്രത്യർത്ഥിയാമീ ത്രപാ-
വൈവശ്യം ദ്രുതമൊന്നുയർത്തു സുധാ-
സാരാധരം നിന്മുഖം
ദൈവം പേർത്തുമനുഗ്രഹിച്ചരുളിയോ-
രിസ്സന്മുഹൂർത്തത്തെ നാ-
മേവം നിഷ്ഫലമാക്കിയാലതവിടെ-
യ്ക്കയ്യോ സഹിച്ചീടുമോ?

(വള്ളത്തോൾ — വിലാസലതിക)

[2] വീണതൻ കുടംപോലാം നിതംബം
വീണുരുമ്മുന്ന വേണീകദംബം
വാരി, ഞാനെന്റെ മാറിലാ ലജ്ജാ-
കോരകങ്ങളെ സ്പന്ദിതമാക്കി.
ഉമ്മവെച്ചേൻ ചെറുപൊടിരോമ-
ച്ചെമ്മിയന്ന തൽചെന്നിയിൽ ചുണ്ടിൽ…
കൊയ്ത്തുനെല്ലിൻ പുതുമണം ആദ്യ-
പ്പെയ്ത്തുമണ്ണിൻ പരിമളപൂരം!…
ആരുമാരുമേ കണ്ടീല രാഗോ-
ദാരകുജനരമ്യമാരംഗം,
ലോല കാമുകനാം കുരുത്തോല-
വാലനും നീലവാനവുമെന്യേ.

(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

മധുരാംഗലവാണി മൊഴിഞ്ഞിരു-
കരതാരുകൾ കോർത്തുനടന്നാ-
വല വഞ്ചികൾ ചൂഴും വിജനത
നിഴൽ നീട്ടിയ പാതയിലെങ്ങാ-

നൊരു സെക്കൻഡാരും കാണാ-
തൊരു ചുംബനമേകില്ലേ നീ?
പേടിക്കേണ്ടപ്പുറമാരേ?
പാവം ജലദേവൻ വരുണൻ

(വിഷ്ണുനാരായണൻ നമ്പൂതിരി — ബീച്ചിൽ)

[3] ചെന്നമ്മലരിനെല്ലാവും
ദളം ദ്വിഗുണമാർന്നപോൽ
ചിറകർപ്പിച്ചു ലോകർക്കു
ചേർപ്പിൻ കണ്ണിന്നു കൗതുകം.

(ആശാൻ — ഒരുദ്ബോധനം)

പൂവണിയുന്നൊരു പൂവായ്-മലർ
ക്കാവിനു ചൂഡാമണിയായ്.

(ഉള്ളൂർ — പൂമ്പാറ്റകൾ)

The falling flower
I saw drift back to the branch was a butterfly.

(A Japanese Haiku —)

[4] ഖലൻ = ക്രൂരൻ

[5] മാന്തളിർച്ചെമ്പട്ടുസാരിയുലയവേ
കാന്താളകങ്ങളിടയ്ക്കിളകേ
അല്പണിക്കുന്തലഴിഞ്ഞു പുറത്തിളം
മുല്ലമലരുകളൂർന്നു വീഴ്കേ
ചിന്നിപ്പൊടിഞ്ഞ വിയർപ്പിനാൽ നെറ്റിയിൽ
സിന്ദുരപ്പൊട്ടല്പം മാഞ്ഞുപോകേ…

(ചങ്ങമ്പുഴ — നിഗൂഢദർശനം)

[6] പലപാട്ടും = പല ഭാഗത്തും

[7] പാട്ടുകൾ = അടയാളങ്ങൾ

ആദ്യരാത്രി

അർത്യൂർ റെംബോ (1854–1891)

ARTHUR RIMBAUD

വ്യത്യസ്ത ചുറ്റുപാടുകളിൽ മറ്റൊരു സമാഗമം. ഇവിടെ നായികയ്ക്കു മുൻകൈ. സമാപനത്തിൽ മുഴുനഗ്നയായ കാമുകിയെ ഉന്നംവെച്ചു മാമരങ്ങൾ ദൃഷ്ടലാക്കോടെ ഇലകളെറിഞ്ഞതായി കാമുകനു പരാതി. ആദ്യരാത്രിയെന്ന തലക്കെട്ടിന് (Premiere Soiree) രാത്രിയിലെ ആദ്യത്തെ അനുഭവം എന്നേ ഇവിടെ അർത്ഥമുള്ളൂ. 37 വർഷത്തെ ജീവിതത്തിനിടയിൽ 15 മുതൽ 20 വയസ്സുവരെ മാത്രം കവിതകളെഴുതി ആദരവും അംഗീകാരവും നേടുകയും പിന്നിട്ടു കച്ചവടക്കാരനായി ലോകസഞ്ചാരം നടത്തുകയും ചെയ്ത അർത്യൂർ റെംബോ ഫ്രഞ്ച് സാഹിത്യത്തിലെ ഒരു അത്ഭുതമാണ്. സിംബലിസ്റ്റ് പ്രസ്ഥാനത്തിൽ വെർലേനിന്റെ കൂട്ടുകാരനായിരുന്നു.

അവളുടുവസ്ത്രം വെടിഞ്ഞമർന്നീടവേ
വകതിരിവറ്റൊരാ മാമരങ്ങൾ
മുറിയുടെ വാതായനത്തിനു നേർക്കു ത-
ന്നിലകളെറിഞ്ഞുതേ ദൃഷ്ടലാക്കിൽ; [1]
അവ വന്നു വീണതാകട്ടെ, പറയുകിൽ,
അവളുടെ തൊട്ടരികത്തുതന്നെ.

അവളർദ്ധനഗ്നയായെൻ സോഫതന്മേലേ
ഉപവിഷ്ടയായിരുന്നാക്കമോടേ,
ഇരുകരം ചേർത്തും തറയിങ്കൽ തന്റെ ചെ-
ങ്കഴലുകൾ ചെമ്മേ ചലിപ്പിച്ചുമേ [2]
മെഴുകിനു തുല്യം വിളറിക്കഴിഞ്ഞ ഞാൻ [3]
അവളെയൊന്നീക്ഷിച്ചു തെല്ലുന്നേരം:
ഒരു വന്യകാന്തിതൻ കിരണം തൻസുസ്മേര-
വദനത്തിൽ, മാറിങ്കൽ തത്തിടുന്നു,
പനിനീർച്ചെടിയിൽ തേനീച്ചപോലെ.
കൊതിയേറ്റും തൻ കണങ്കാൽകൾ ഞാൻ ചുംബിക്കേ
കുടുകുടെപ്പൊട്ടിച്ചിരിയുതിർന്നു,
ഒരു പളുങ്കെന്നപോലേറ്റം സുതാര്യത
വഴിയുന്നതാമൊരു ചാരുഹാസം.
കമനീയമായ തൻ കാലുകളിന്നേരം
തുകിലിൽ നിന്നാകേ വിടുതി നേടി. [4]
'കഥകഴിച്ചാലു'മെന്നവ നിദേശിപ്പതാ-
യൊരു തോന്നലെന്നുള്ളിലങ്കുരിച്ചു.

പ്രഥമമാമൂറ്റം വിജയിച്ചതുകൊണ്ടു
ചിരിയൊരു ശാസനാഭാവമാർന്നു.
മമ ചൊടിക്കീഴിൽ മിടിച്ചിട്ടുമോമന-
മിഴികൾ ഞാൻ മുത്തങ്ങളാലെ മൂടി.
'ഇതുമെച്ച്'മെന്നോണം തിറമേലും തൻതല
പിറകോട്ടു പെൺകൊടി ചായ്ച്ചുകൊണ്ടാൾ.
ഇനിയുള്ളതൊക്കെയും തന്മാറിടത്തിൽ ഞാൻ
ചുടുചുംബനത്താൽ പകർന്നിടുമ്പോൾ
ചിരിയൊന്നു, പുന്നാരച്ചിരിയൊന്നു പൊട്ടി-
ച്ചിതറുന്നു വീണ്ടു, മതിൻ പൊരുള്...
അവളുടുവസ്ത്രം വെടിഞ്ഞമർന്നീടവേ
വകതിരിവറ്റൊരാ മാമരങ്ങൾ
മുറിയുടെ വാതായനത്തിനു നേർക്കു ത-
ന്നിലകളെറിഞ്ഞുതേ ദുഷ്ടലാക്കിൽ;
അവ വന്നുവീണതാകട്ടെ, പറയുകിൽ,
അവളുടെ തൊട്ടരികത്തുതന്നെ...

Premiere Soiree

കുറിപ്പുകൾ

[1] മധുരമധുരസ്മിതം മൊട്ടിടുന്ന
മുഖമഴകിലൊട്ടു ചാച്ചോമലന്നാൾ
ശയനമുറി തന്നിലെക്കോണിലൊന്നിൽ
പ്രിയമൊഴി കൊതിച്ചനങ്ങാതെനിന്നാൾ.
മിഴിയിണകൾ തങ്ങളിലാമുറിയിൽ
തഴകിയൊളിവായൊരു നൂറുവട്ടം
മുകിൽ മറകൾ നീക്കിയാജ്ജന്നലൂടെ
മുഴുമതി ചിരിച്ചുകൊണ്ടെത്തിനോക്കി.

(കെ. കെ. രാജ — അന്നത്തെ രാത്രി)

മജ്ജീവ നാഥാഞാൻ ലജ്ജയാലെന്മുഖം
പൊത്തി നിൻ ചാരത്തിരിക്കുന്ന വേളയിൽ
എത്തി നോക്കീടുന്നതെന്തിനാണിങ്ങോട്ടു
മുഗ്ദ്ധകളാകുമാത്താരാ കുമാരികൾ?

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[2] വെളിയിൽ വരുമച്ചാരുവാമേതരപദാബ്ജം പൊൻ-
തളകിലുങ്ങുമാറവൾ ചലിപ്പിക്കുന്നു.

(ആശാൻ — കരുണ)

[3] പുതുപരിഷ്ക്കാരത്തിൻ മൂർത്തിയായ
പുരുഷൻ പരുങ്ങുന്നു പെണ്ണിൻ മുമ്പിൽ

(കെ. കെ. രാജ — അന്നത്തെ രാത്രി)

[4] തളിരുടയാടയഴിഞ്ഞു കിഴിഞ്ഞാ-
പ്പേശലമാം രശനം
തരസാഹൃതമായ് നഗ്നോജ്ജ്വലരുചി-
പിന്നിടുമാ ജഘനം.

(ജയദേവൻ — ഗീതാഗോവിന്ദം (തർജ്ജമ: ചങ്ങമ്പുഴ))

പുത്തനായ നഖമുദ്ര ചേർന്നു ചേ-
ലൊത്ത തൽത്തുടകൾ നോക്കുമീശ്വരൻ
കുത്തഴിഞ്ഞവസനം മുറുക്കുവാ-
നോർത്ത ഗോത്രസുതയെത്തടുത്തുതേ.

(കാളിദാസൻ — കുമാരസംഭവം (തർജ്ജമ: കുണ്ടൂർ))

വീടറോടൊത്തു ലയകലഹങ്ങൾ തൻ
നഗ്ന നേരത്തിലോ...

(കെ. ജി. ശങ്കരപ്പിള്ള — അന്യാധീനം)

ഒരുപിടി നിഴലുകൾ
കരളിൽ വാരിക്കോരിയെടുത്തു
പുല്കാനാഞ്ഞു
വിറച്ചു വിതുമ്പി വിയർത്തു വിടർന്നു
വികാരതരളിതമായി വഴങ്ങി
നൂൽബന്ധം വിട്ടവയെപ്പുല്കി
നിഴലുകളുരുകീ.

(കെ. വി. ബേബി — വെട്ടത്തുവിദ്യ)

എങ്ങിനെയോ അങ്ങിനെ

ഴാക്ക് പ്രെവേർ (1900–1977)

JACQUES PREVERT

ഒരു പെണ്ണിന് ഒരാണിനെ മാത്രമേ പ്രേമിച്ചുകൂടൂ? അല്ലെന്നു ഴാക്ക് പ്രവേറിന്റെ നായിക പറയുന്നു. പക്ഷെ, വരുന്നവരെയെല്ലാം വിരുന്നൂട്ടുന്നവളല്ല താൻ, തന്നെ പ്രേമിക്കുന്നവനെ താൻ പ്രേമിക്കും. പ്രേമം പ്രധാനം. എന്നാൽ ഓരോ തവണയും ഇതൊരാൾതന്നെ ആയിരിക്കില്ല. ഇതിൽ തെറ്റെന്ത്? ഇതു സ്വന്തം പ്രകൃതം. ഇതിലിടപെടാൻ മറ്റുള്ളവർക്കെന്തധികാരം? സാമ്പ്രദായികത്വത്തിനെതിരെ പൊരുതിയ ഴാക്ക് പ്രെവേർ ഫ്രെഞ്ച് നവസിനിമയുടെ പ്രശസ്തനായ തിരക്കഥാകൃത്ത് കൂടിയാണ്.

എങ്ങിനെയാണോ ഞാനങ്ങിനെയാണു ഞാൻ
അങ്ങിനെ സൃഷ്ടിക്കപ്പെട്ടവൾ ഞാൻ.
ഒന്നു ചിരിക്കണമെന്നങ്ങു തോന്നിയാൽ
അന്നേരം പൊട്ടിച്ചിരിച്ചിടും ഞാൻ.
എവനെന്നെ പ്രേമിക്കുന്നവനെ ഞാൻ പ്രേമിക്കും-
ഇതു മമ പ്രേമപ്രമാണമല്ലോ. [1]
ഓരോ തവണയുമൊരുവൻ താനല്ലീവൻ
ഇതിലെന്തു തെറ്റു ഞാൻ ചെയ്തിടുന്നു? [2]
എങ്ങിനെയാണോ ഞാനങ്ങിനെയാണു ഞാൻ
അങ്ങിനെ സൃഷ്ടിക്കപ്പെട്ടവൾ ഞാൻ.
ഇതിനേക്കാളെന്തൊന്നു ചെയ്യേണ്ടു, നിങ്ങൾക്കി-
ങ്ങിതിലുമുപരിയായെന്തു വേണം?
ആമോദമേകുവാൻ സൃഷ്ടിക്കപ്പെട്ട ഞാൻ [3]
ആവില്ലെനിക്കിതിലൊന്നും മാറ്റാൻ.
ഏറേയുയർന്നതാണെന്റെ മടമ്പുകൾ
ഏറേ നിവർന്നതാണെന്റെ മേനി
ഏറേ ദൃഢതയാർന്നുള്ളതെൻ മാറിടം
ഏറേ നിഴലുറ്റതെന്റെ മിഴിത്തടം.
ഇതിലൊക്കെയെന്തുണ്ടു നിങ്ങൾക്കു കാര്യ മി-
തഖിലവുമെന്നുടെ സ്വന്ത കാര്യം. [4]
എങ്ങിനെയാണോ ഞാനങ്ങിനെയാണു ഞാൻ
അങ്ങിനെ സൃഷ്ടിക്കപ്പെട്ടവൾ ഞാൻ.
അഭിമതനായോനെയഭിരമിപ്പിക്കും ഞാൻ
ഇതു സ്വന്തമാകുന്നൊരെന്നഭീഷ്ടം. [5]
എതു മട്ടിൽ ബാധിക്കുന്നെൻ സ്ഥിതി നിങ്ങളെ?

മടിയൊന്നുമില്ലാതെ ചൊന്നിടട്ടെ,
ഒരുവനെ പ്രേമിപ്പ ഞാനവനെന്നെയും, [6]
ചെറു ബാലർ തങ്ങളിൽ പ്രേമിക്കും പോൽ,
പ്രേമിക്കാൻ പ്രേമിക്കാൻ പ്രേമിക്കാൻ മാത്രമേ
പിഞ്ചുകുമാരർക്കറിഞ്ഞു കൂടൂ.
അതുകൊണ്ടു ചോദിപ്പേൻ എന്തിനാണീയെന്നെ
എതിരുവിസ്താരം നടത്തിടുന്നു?
ആമോദം നിങ്ങൾക്കരുളുവാൻ നില്പു ഞാൻ
ആവില്ലെനിക്കിതിലൊന്നും മാറ്റാൻ.

Je Suis Comme Je Suis

കുറിപ്പുകൾ

[1] സ്ത്രീ തന്നിളം ചുണ്ടിനു ദാഹമുണ്ടു
വേണം ശ്വസിപ്പാനിഹ, കാറ്റവൾക്കും.
സ്പന്ദിക്കലുണ്ടാനതഗാത്രിയാൾ ത-
ന്നധീനമാം പ്രേമവിമുഗ്ദ്ധ ചിത്തം
പൊൻകൂട്ടിലിട്ടു പ്രബലൻ പുമാൻ താൻ
സ്ത്രീചിത്തമങ്ങേറിയ കാലമായി,
മറന്നു പോയ് പൈങ്കിളിയാപ്പതത്രം
തനിക്കുമുണ്ടെന്നൊരു വാസ്തവത്തെ.
(പി. കുഞ്ഞിരാമൻ നായർ — വരഭിക്ഷ)

നെല്ലരിപണം മുമ്പാം പദാർത്ഥങ്ങ-
ളല്ല ചോദിപ്പതേതു ഗൃഹത്തിലും,
സ്നേഹമാണതു നല്കുവാനില്ലെങ്കിൽ
ആഹതാശനായഗ്ഗൃഹം ഞാൻ വിടും.
ഈ രുചിരചികുരത്തിൽ നിന്നൊരു
നാരു തന്നാൽ മതി ഞാൻ കൃതാർത്ഥനാം.
(ജി. — പ്രേമഭിക്ഷ)

When I asked for love not knowing whatelse to ask for, he drew a youth of
sixteen into his bedroom and shut the door. He did not beat me but my sad
woman body felt so beaten. The weight of my breasts and womb crushed me.
I shrank pitifully…
(Kamala Das — An Introduction)

[2] പഞ്ച ഭർത്താക്കളൊരുനാരിക്കുണ്ടാമോ നാഥാ
പഞ്ചബാണാരേ, യതുധർമ്മമല്ലെന്നുകേൾപ്പൂ…

ഒരുത്തിക്കൊരുഭർത്താവൊഴിഞ്ഞു വിധിച്ചതി-
ല്ലൊരുത്തന്നനേകം നാരികളെക്കൊള്ളാംതാനും...
പുത്രാർത്ഥം ഭർത്തൃനിയോഗത്താലാപദി കൊള്ളാ-
മത്രേ മറ്റൊരുത്തനെക്കേവലമുൽപ്പാദിപ്പാൻ.
മൂന്നാമതൊരുവനെ പ്രാപിച്ചാൽ പ്രായശ്ചിത്തം
മാന്യന്മാർ വിധിച്ചവണ്ണം ചെയ്യതേ മതിയാവൂ.
നാലാമതൊരുവനെ പ്രാപിച്ചാൽ പതിതയാം
നീലവേണികളെന്നു നിർണ്ണയമറിഞ്ഞാലും.
വന്ധകിയായ് വന്നീടു മഞ്ചാമതൊരുവനെ
ചിന്തിക്കിലെന്നെല്ലാമുണ്ടെന്നു കേട്ടിരിപ്പു ഞാൻ.
ആകയാലനേകം ഭർത്താക്കന്മാരുണ്ടാകേണ്ടാ,
ലൗകികമല്ലനൂനം വൈദികമതുമല്ല,
സങ്കരദോഷമെനിക്കുണ്ടാ, മെന്നതുകേട്ടു
ശങ്കരൻ നാളായണിയോടരുൾ ചെയ്തീടിനാൻ:
പണ്ടു നാരികളനാവൃതമാരത്രെ നിന-
ക്കുണ്ടാകയില്ല ദോഷമതിനാലൊന്നുകൊണ്ടും.

(എഴുത്തച്ഛൻ — ശ്രീമഹാഭാരതം (പാഞ്ചാലിയുടെ പൂർവ്വകഥ))

വന്ധകി = വേശ്യ
അനാവൃത = നിയന്ത്രണത്തിനു വഴങ്ങാത്തവൾ (സ്വതന്ത്ര)

നിച്ചിലും സ്വാർത്ഥമേ നോക്കും ചില നര-
രിച്ഛപോലെ കുടുക്കിട്ടു നല്ലാർകളെ
മൊച്ച കളിപ്പിക്കുവാനായ് വിരചിച്ച
തുച്ഛങ്ങലയ്ക്കാം സതീധർമ്മമെന്ന പേർ.

(വള്ളത്തോൾ — കൊച്ചുസീത)

സ്നേഹം പങ്കുവെച്ചാലൊടുങ്ങുന്ന
ദ്രവ്യം പോലെയാണോ?...
എന്റെ സ്നേഹം മഞ്ഞുമലയിൽനിന്നുദ്ഭവിക്കുന്ന അരുവിപോലെയാണ്.
എത്ര പകർന്നാലും തീരാത്ത
ഒരു പ്രവാഹം.
ജ്വലിച്ചുകൊണ്ടിരിക്കുന്ന
വിളക്കുപോലെയാണത്.
പുതിയ തിരികളിലേക്ക് പകരുമ്പോൾ
അതണഞ്ഞു പോകുവതെങ്ങനെ?
വെളിച്ചം മങ്ങിപ്പോകുവതെങ്ങനെ?
പരിരക്ഷിക്കപ്പെടുന്ന സ്നേഹത്തിൽ
ഞാൻ വിശ്വസിക്കുന്നതേയില്ല.
ക്ലാവ് പിടിക്കുന്ന ഓട്ടു പാത്രംപോലെ
പൂപ്പൽ പിടിക്കുന്ന പലഹാരംപോലെ

എന്റെ സ്നേഹത്തെ ഞാനെന്തിന്
പരിരക്ഷിച്ച പരിരക്ഷിച്ച്
ഒരു പാഴ്‌വസ്തുവായ് മാറ്റണം?

(റോസ് മേരി — മഞ്ഞുമലയിൽനിന്നുദ്ഭവിക്കുന്ന അരുവി)

Fidelity in love
is only for the immortals,
the wanton Gods who sport in their
secret heavens and feel
no fatigue. For you
and me, life is too short
for absolute bliss and much too long alas, for constancy.

(Kamala Das — Mortal Love)

[3] ധർമ്മം നമുക്കിന്നു രണ്ടേ വിനിശ്ചിതം
നന്മയ്ക്കു കോവിലിൽപ്പോയ് നൃത്തമാടലും
പുമ്മാനസങ്ങളെ നൃത്തമാടിക്കലും.

(വള്ളത്തോൾ — കൊച്ചുസീത)

[4] കുറ്റം പറയുവാനിത്രമാത്രം
മറ്റുള്ളവർക്കിതിലെന്തുകാര്യം?

(ചങ്ങമ്പുഴ — രമണൻ)

[5] ഗുണബുദ്ധിയാൽ ഞാൻ, തോഴി
കൊതിപ്പതക്കോമളന്റെ
പ്രണയം മാത്രമാണെന്നു പറഞ്ഞില്ലേ നീ.
അനുരക്തരഹോ ധനപതികൾ നിത്യമെൻ കാലിൽ
കനകാഭിഷേകം ചെയ്യുതു തൊഴുതാൽപ്പോലും
കനിഞ്ഞൊന്നു കടാക്ഷിപ്പാൻ മടിക്കുമിക്കൺകൾ കൊച്ച-
മുനിയെക്കാണുവാൻ മുട്ടിയുഴറുന്നല്ലോ

(ആശാൻ — കരുണ)

[6] Later I met a man. Loved him. Call him not by any name, he is every man
who wants his woman, just as I am every woman who seeks love.

(Kamala Das — An Introduction)

പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്

ലൂയി അറാഗോൻ (1897–1982)

LOUIS ARAGON

ജീവിതം ഒരു വേദനയാണ്, വിചിത്രമായ ഒരു വിരഹവേദന. വേദനാത്മകത ജീവിതത്തിന്റെ സദ്ഭാവങ്ങളിലൊന്നായ പ്രേമത്തിന് ഈ നൈസർഗ്ഗിക ദുഃഖത്തെ മറികടക്കാനാവില്ല. അത്രയുമല്ല, കണ്ണീരിൽനിന്ന് ജീവനം കൈവരിക്കുകളുടി ചെയ്യുന്ന പ്രേമം. അതുകൊണ്ട് ആനന്ദപൂർണ്ണമായ പ്രേമം എന്നൊന്നില്ല, വിപ്ലവകവിയും പ്രതിരോധകവിയുമെന്നപോലെ പ്രേമഗായകനുമായ ലൂയി അറാഗോൻ സിദ്ധാന്തിക്കുന്നു.

മനുജനൊന്നും സ്വയാർജ്ജിതമല്ല തൻ
ബലമബലത ഭാവങ്ങളൊന്നുമേ
തനതു കൈകൾ നിവർത്തുന്നുവെന്നവൻ
കരുതവേ കുരിശാകുന്നു തന്നിഴൽ [1]
സ്വക സുഖത്തെ മുറുകെപ്പിടിച്ചവൻ
അതു തകർത്തു തരിപ്പണമാക്കയാം
മനുജ വാഴ്‌വു വിചിത്രമായുള്ളൊരു
വിരഹവേദനയെന്നേ പറയാവൂ [2]
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ് [3]
ഇതരലക്ഷ്യത്തിനായുടുപ്പിട്ടു പോർ-
നിലമണയും നിരായുധ സൈനികർ [4]
പുലരിയിങ്കലുണർന്നു മൂവന്തിയിൽ
തൊഴിലനിശ്ചിതത്വത്തിൽ വലയുവോർ
ഇതു കണക്കല്ലി ജീവിതം ചൊന്നാലും
കരുതി വെയ്ക്കുക കണ്ണുനീരന്യൂനം
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്
സുമുഖി സുപ്രിയേ എൻ ദുഃഖനായികേ
സതത മീയെന്നെക്കാത്തിടും മാലാഖേ
ഒരു മുറിവേറ്റ പക്ഷിപോൽ നിന്നെ യെൻ
കരളിലേറ്റി ഞാൻ കൊണ്ടുനടക്കയാം
പഥിയിൽ നമ്മൾ നടന്നകന്നീടവേ
കഥയറിയാത്ത മാനവരാലെ നാം
പലതരത്തിൽ പരാമൃഷ്ടരായിട്ടു-
ന്നവരറിഞ്ഞിടാതോതുന്നു മുമ്പു ഞാൻ
കഥകളോതാൻ മെനഞ്ഞ വചനങ്ങൾ
തവ നെടുനീല നേത്ര പ്രദീപ്തിയിൽ

അവ കരിഞ്ഞമർന്നീടുന്നു തൽക്ഷണം
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്
ഉചിത വാഴ്‌വു നയിക്കാൻ പഠിച്ചിട്ടു-
ന്നതിനു കാലമൊരൊത്തിരി വൈകിപ്പോയ്
ഇരവിൽ നാമൊത്തു ചേരവേ നമ്മുടെ
ഹൃദയയുഗ്മകം കേഴ്‌വൂ സംയുക്തമായ്
കെടുതിവേണം ചെറു പാട്ടും ഊറുവാൻ
കദനം വേണം കരളിളകീടുവാൻ
ഇടറണമിടനെഞ്ചു ഗിത്താറിനു
പുതിയൊരീണം പുറത്തൊഴുകീടുവാൻ [5]
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്
പ്രണയമൊന്നില്ല വേദനാമുക്തമായ്
പ്രണയമൊന്നില്ല ഹാനിയേകാത്തതായ്
പ്രണയമൊന്നില്ല വാട്ടമേലാത്തതായ [6]
ഭവതിയോടുള്ള പ്രേമത്തെക്കാളിലും
ഉപരിയല്ലെന്റെ ജന്മഭൂ പ്രേമവും
പ്രണയമൊന്നില്ല സ്വന്തമാം ജീവനം
നയനനീരിങ്കൽനിന്നു നേടാത്തതായ്
ഇരുവർ നമ്മളന്യോന്യമാർന്നീടു മി-
പ്രണയമാണെങ്കിൽ നമ്മുടെ മാത്രമാം
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്.

II N'ya Pas D'amour Heureux

കുറിപ്പുകൾ

[1] നിശാസുഗന്ധികളിറുക്കുവാൻ നിന്റെ
പ്രണയസ്വപ്നത്തിൻ കരങ്ങൾ നീളുമ്പോൾ
ഒടിഞ്ഞു തൂങ്ങിയ കഴുത്തുമായ് രാവിൻ
കുരിശിൽ ഞാനെന്നോ തറഞ്ഞു നില്പല്ലോ.

(പി. ഉദയഭാനു — കടലും കരയും)

[2] അഹഹ സങ്കടമോർത്താൽ മനുഷ്യജീവിതത്തേക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തൊന്നുള്ളൂ?

(ആശാൻ — കരുണ)

കേവലം ഘനീഭൂതമാകിന കണ്ണീരാണി-
ബ്ഭൂതലം നെടുവീർപ്പാണീയന്തരീക്ഷംപോലും
പിന്നെയും കുരുക്കുന്നു പിന്നെയും വിളറുവാൻ
പിന്നെയും ജീർണ്ണിക്കുവാൻ, ശാശ്വതമൊന്നേ ദുഃഖം.

(ജി. — അന്തർദാഹം)

ആവിർഭവിപ്പതു ഹർഷത്തിലെങ്കിലും
ജീവിപ്പിതെല്ലാരും നോവിൽ.

അത്തലിൽ ജീവിച്ചടിയുന്നു, മൃത്യുവിൻ
പ്രത്യുഷസ്സില്ലാത്ത രാവിൽ...
നീ കാണ്മതില്ലയോ പാരിലെജ്ജീവിത-
ശോകാന്ത നാടകരംഗം.

(വൈലോപ്പിള്ളി — പുണ്യദർശനം)

നർത്തനമണ്ഡപമല്ലയീമന്നിടം
പോർക്കളമെന്നായ് ക്രമേണയറിഞ്ഞു ഞാൻ;
പൊൽക്കുളിർപ്പുംപൊയ്കയല്ലയിജ്ജീവിതം
ആർത്തലയ്ക്കുന്നോരു സാഗരമെന്നതായ്;
രോഗ ദാരിദ്ര്യം മരണം നിരാശയും
കൂത്താടിയാർക്കും ചുടലയെന്നുള്ളതായ്;
രണ്ടു തലയുമെരിയുമപ്പന്തത്തി-
ലുള്ളോരെറുമ്പുകൾ ജീവികളെന്നതായ്;
മർത്ത്യശിരസ്സിനാൽ പന്താടിയുംകൊണ്ടു
നൃത്തം ചവിട്ടുന്നിതിക്കാല ഭൈരവൻ,
കേൾക്കുന്നു വാദ്യകോലാഹലത്തിങ്കലും
തന്ത്രി ശൂലത്തിന്റെ പൊൻ കിങ്കിണി സ്വനം.

(പി. കുഞ്ഞിരാമൻ നായർ — മറഞ്ഞ മഴവില്ല്)

ഇവിടം ജീവിത സംഗ്രാമത്തിൻ ചുടലക്കളമോ
ചുടുനീർക്കുളമോ? (കടമ്മനിട്ട — കടമ്മനിട്ട)

ലവണവൃക്ഷം പിടഞ്ഞു തളിർക്കുന്ന
കൊടിയ നോവിന്റെ ചക്രവാളങ്ങളിൽ
അറിക ജീവന്റെ പൂക്കാലമത്രയും
അമൃതമാക്കുന്ന വേദനയാണു ഞാൻ.
തിരിയുമീ ജീവചക്രമായ് വട്ടത്തി-
ലൊഴുകിടും കണ്ണുനീരാണ് ജീവിതം.

(ആലങ്കോട് ലീലാകൃഷ്ണൻ — സഹയാത്രികൻ)

കേഴുക, കേഴുക! കാലമിതെത്രയും
ക്രൂരം, സ്വയം നീറി നീറിയൊടുങ്ങുക.
ആരുണ്ടു കൂടെ? യാശിക്കുവാനെന്തുള്ളൂ?
ഹേ, ദുഃഖിതാത്മൻ, ചുമക്കുക ജീവിതം.

(കാരൂർ ശശി — ഈ പൂമണം എനിക്കു സ്വന്തം)

കഥയാണ്, കഥയാണ് കഥയാണ് പിന്നെ
വ്യഥയാണ്, വ്യഥയാണ് വ്യഥയാണ് ജന്മം.

(മേലത്ത് ചന്ദ്രശേഖരൻ — ജന്മം)

Life is a ‘tapasya’ of pain till death.

(Tagore — On the bank of Rupnarayana)

[3] അതിസുഖവാസമിങ്ങസുലഭമവനിയിൽ.

(ഉണ്ണായി വാര്യർ — നളചരിതം ആട്ടക്കഥ)

പ്രേമം തന്നെ ജയിപ്പ ലോകമതുതാ-
നാനന്ദ ദുഃഖാത്മകം.

(ആശാൻ — പ്രരോദനം)

അവിരതം സുഖം അവികലം ശുഭം
എവിടെയുണ്ടതീയുലകിൽ മാനുഷാ?

(ഉള്ളൂർ — പ്രബോധനം)

പൊട്ടിച്ചിരിയോട്ടുകൂടിയാൽ കണ്ണുനീർ
പൊട്ടിയിട്ടല്ലാതെ കണ്ടതില്ല.
തങ്കത്തുടുപ്പു തെളിയുന്ന സന്ധ്യപോയ്
പങ്കിലമാകാതിരിക്കയില്ല.

(നാലപ്പാടൻ — എങ്കിലും)

അഴകിന്റെ തുവെള്ളിക്കിണ്ണമെല്ലാ-
മഴലു നിറഞ്ഞവയായിരുന്നു.
സ്ഫടികാഭമാകുമരുവികൾ ത-
ന്നടിയെല്ലാം പങ്കിലമായിരുന്നു.

(ഇടപ്പള്ളി — അപരാധി)

പാരിതു ദുഃഖോല്ലാസം നൂനം.

(ഇടശ്ശേരി — മകന്റെ വാശി)

എല്ലാ/മധുരങ്ങളും കയ്പിൽ കലരുന്നതേ ലോകം
മധുരം കയ്പിൽ വന്നു നിറയുന്നതേ ലോകം.

(പ്രഭാവർമ്മ — മുലപ്പാൽ)

…Be our joys three parts pain.

(Robert Browning — Rabbi Ben Ezra)

[4] ഇരുളിലൂടെങ്ങും മുഴങ്ങിപ്പരക്കുന്ന
മുറവിളിക്കുള്ളിലിത്തീമഴയിൽ
ആളുന്ന വാൾവീശൽ നോക്കിയൊഴിയുവാ-
നാവാതെ ചോരപ്പുഴയിൽ മുങ്ങി
ഒരു വാളുപോലും കരത്തിലില്ലാതെ, പാഴ്
ചിരികൾക്കുമേകശരവ്യമായി
ഉഴറിത്തളർന്നു നില്ക്കുന്നൊരിക്കയ്യുക-
ളുയരാത്ത പാർത്ഥനെയൊന്നു നോക്കൂ!
ദുസ്സഹമല്ലോ കുരുക്ഷേത്ര ഭൂവിലീ
നിസ്സഹായത്വം: നിറഞ്ഞ ദുഃഖം.

(സുഗതകുമാരി — കുരുക്ഷേത്രത്തിൽ)

[5] നോവുതിന്നും കരളിനേ പാടുവാ-
നാവു നിത്യമധുരമായാർദ്രമായ്.

(ജി. — വനഗായകൻ)

ഏതു നാൾതൊട്ടെന്നോർമ്മയി, ല്ലെന്റെ നെഞ്ചത്തോമൽ
പൈതലെന്നോണം പറ്റിക്കിടക്കും കദനമേ,
... ...
പാരിലെ പ്രകാശം നിൻ കൺകളിൽ നിറഞ്ഞോലും
നേരമാണെന്നാം വേലിയേറ്റമെൻ കഴിവിന്നും

(ബാലാമണിയമ്മ — ദുഃഖം)

നിർഭയം നിസ്സന്ദേഹം പാടിനാൻ കവി: ദുഃഖ-
നിർഭരമാവാതെന്റെ ചേതനയ്ക്കില്ലാ നാദം.

(ഒ. എൻ. വി. — ചോറൂണ്)

പൂർണ്ണമല്ലെങ്കിലും മദ്രേഖയോരോന്നും
ആർദ്രമെൻ ചെഞ്ചോരയിറ്റിറ്റു വീഴ്കയാൽ.

(ജി. കുമാരപിള്ള — ചിത്രകാരൻ)

നീ വിരചിച്ച കാവ്യമത്രയും
നിന്റെ ഹൃദ്രക്ത രേഖകൾ.

(യൂസഫലി കേച്ചേരി — വയലാർ)

എന്റെ കവിത-
അതു തീവ്രനൊമ്പരത്തിൽനിന്നു
പിറക്കുന്നതാണ്.
ഇടിവെട്ടുമ്പോൾ കൂണുമുളയ്ക്കുംപോലെ
ഓരോ ആഘാതത്തിലും
ഓരോ കവിത വിരിയുകയാണ്.
മനസ്സിന്റെ മുറിവുകളിൽനിന്നു കിനിയുന്ന
രുധിരമാണെന്റെ കവിത.

(റോസ് മേരി — എന്റെ കവിത)

കടഞ്ഞെടുത്തേൻ കണ്ണീരൊക്കെ
ക്കവിതാ മാധുരിയായ്

(കടവനാട് കുട്ടികൃഷ്ണൻ — വെട്ടും കിളയും ചെന്ന മണ്ണ്)

Our sweetest songs are those that tell of saddest thought.

(Shelley — To a Skylark)

[6] ചെറിയ മുനമുള്ളുണ്ടു ചെമ്പനീർച്ചില്ലയിൽ
കൊടിയ വിഷസർപ്പങ്ങൾ താമരപ്പൊയ്കയിൽ
മൃദുല മുകുളങ്ങളിൽ കീടങ്ങൾ, രാവിലാ-
പ്പെരുവഴിയിൽ വാ പിളർന്നുള്ള വൻകുണ്ടുകൾ

കളമധുര ഗീതിയിൽ താളഭംഗങ്ങൾ പാ-
ഞ്ഞൊഴുകുമൊരു ചോലയിൽ കൂർത്തെഴും പാറകൾ
പൊരുളുകളിൽ വൈരുദ്ധ്യം, ആ സ്നേഹവായ്പിലും
വെറുതെയൊരു വിദ്വേഷം ഓർമ്മയിൽത്തെറ്റുകൾ.

(വിഷ്ണുനാരായണൻ നമ്പൂതിരി — മറുക്)

പ്രേമമിറക്കുന്ന തോണിയൊഴുകുന്നി-
താപത്തലയ്ക്കുന്ന കണ്ണുനീരാറ്റിലായ്.

(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

എന്നാൽ അനുരാഗമോ?
മുൾപ്പടർപ്പിൽ വിരിയുന്നൊരു
കാട്ടു പൂങ്കുല!
ഓരോ പൂക്കളുതിർക്കുമ്പോഴും
കയ്യിലൊരു മുൾക്കമ്പു തറയുന്നു.

(റോസ് മേരി — മുൾപ്പൂവ്)

Roses have thorns, and silver fountains mud
Clouds and eclipses stain both moon and Sun
And loathesome canker lives in sweetest buds.

(Shakespeare — Sonnets)

പരിഹാരം

ഷാർല് ദൊർലെയാം (1394–1465)

CHARLES D'ORLEANS

പ്രണയകോപം വിപാകത്തിൽ നറുന്തേനായനുഭവപ്പെടുന്ന ഒരു വികാരവിശേഷമാണ്. പ്രാചീനകവിയായ ഷാർല് ദൊർലെയാന്റെ നായകൻ പ്രണയ കോപത്തിൽ പിരിഞ്ഞു നില്ക്കുന്ന പ്രിയതമയെ അനുനയിക്കുന്നതിനു മറ്റാരുടേയുമല്ല, ഇതേച്ചൊല്ലി നൊമ്പരംകൊള്ളുന്ന സ്വന്തം ഹൃദയത്തിന്റെതന്നെ അഭിപ്രായമാണ് ആരായുന്നത്. ഒടുവിൽ അവളുടെ സ്വഭാവസാരള്യത്തിൽ ഉറച്ച വിശ്വസിച്ച് അവളുടെ സന്നിധി പൂകുവാൻ തീരുമാനിക്കുന്നു. ഫ്രഞ്ച് രാജാവ് ലൂയി പത്താമന്റെ പിതാവും ആംഗ്ലോ-ഫ്രഞ്ച് നൂറ്റാണ്ടുയുദ്ധത്തിൽ പിടിക്കപ്പെട്ട് ഇരുപതു കൊല്ലം ഇംഗ്ലണ്ടിൽ തടവിൽ കഴിഞ്ഞ വീരപുരുഷനുമാണ് ഷാർല് ദൊർലെയാം.

പറയൂ നീയെൻ ഹൃദന്തമേ, എന്തു നിൻ
വിഹിതമാമുപദേശം, ഞാൻ പോകണോ
മമ വരാംഗിയെച്ചൊല്ലി നിനക്കെഴും
വ്യഥയവളോടു നേരിട്ടു ചൊല്ലുവാൻ?

പെരിയ നിന്നഴൽ മൂടിവെയ്ക്കുന്ന താ-
ണുചിതം നിന്നുടെ നന്മയ്ക്കുമോമലിൻ
കറ പുരളാത്ത കീർത്തിയ്ക്കും, നിന്മനോ-
ഗതമതെന്തെന്നരുളു, ഞാൻ പോകണോ?

മധുരശീലയെൻ മാനിനി കാരുണ്യ- [1]
വതിയുമാണെനിക്കില്ലിതിൽ സംശയം
അവളിൽ നിന്നുമേ മംഗളവാർത്ത കേൾ-
പ്പത്തിനു കൈവരും ഭാഗ്യം നിനക്കുടൻ.

പറവതെന്തെന്നൊ? തൽസവിധത്തിൽ ഞാ-
നുടനണഞ്ഞിടും സർവ്വം ശുഭാന്തമാം. [2]
പറയൂ, നീയെൻ ഹൃദന്തമേ, എന്തു നിൻ
വിഹിതമാമുപദേശം, ഞാൻ പോകട്ടെ?

Que Me Conseillez-Vous Mon Coeur...

കുറിപ്പുകൾ

[1] മാനിനി = പ്രണയകോപമുള്ളവൾ

[2] ഉറ്റു നോക്കി നിൻമുഖം-പുരികക്കൊടി
തെറ്റുന്നു: മാരിവില്ലോ ചുട്ടുമിന്നലോ?

എന്തുമാട്ടേ, നിൻവലങ്കയ്യുയർത്തി ഞാ-
നൊന്നാ ചെറുവിരൽത്തുമ്പിൽ തലോടവേ,
ചെങ്കനൽ മൈലാഞ്ചിയല്ല, രാഗാരക്ത-
ചന്ദനച്ചാറിന്റെ തണുപ്പെഴും മാധുരി!

(വിഷ്ണുനാരായണൻ നമ്പൂതിരി – നിശ്ചയം)

അന്ത്യസാക്ഷി

പോൾ വെർലേൻ (1844–1896)

PAUL VERLAINE

പൂർവ്വകഥകളുള്ള രണ്ടു കാമുകീകാമുകർ. തങ്ങളുടെ പഴയ ചരിത്രം അപ്രസക്തമാക്കി ഈ പുതിയ ബന്ധത്തെ ആജീവനാന്തമാക്കാൻ കാമുകൻ ഹൃദയസ്പൃക്കായി അർത്ഥിക്കുന്നു. മുമ്പു സമൂഹം നല്കാതിരുന്ന 'മാപ്പ് നമുക്കു നാംതന്നെ നല്കുക'യെന്നു നിർദ്ദേശിക്കുകയും ചെയ്യുന്നു. വെർലേനിന്റെ മുൻജീവിത പശ്ചാത്തലത്തിൽ-അതിരറ്റ മദ്യാസക്തി, സ്ത്രീലമ്പടത്വം, സ്വന്തം 'പുരുഷകാമുകി'യായിരുന്ന കവി റെമ്പോ (Rimbaud) വിന്റെ നേർക്കു നിറയൊഴിച്ചത്, മദ്യലഹരിയിൽ സ്വന്തം അമ്മയെ അടിച്ചു പരിക്കേല്പിച്ചത്. ഈ കുറ്റങ്ങൾക്കു ജയിലിൽ കിടന്നത്...-ഇതിലെ കാമുകന്റെ കുറ്റസമ്മതം ആത്മകഥാപരമാണ്.

വന്നാലുമൊന്നു മുകരട്ടെ നിന്നെ ഞാ-
നൊന്നു നെടുകെപ്പുണരട്ടെ ഗാഢമായ്
നിൻഹൃദയത്തിന്നരികിലായെന്റേതു
സ്പന്ദനം കൊള്ളട്ടെ നിർബാധ, മിന്നിമേൽ
മൃത്യുവീ നമ്മളെ മായ്ക്കുന്ന നാൾവരെ
ഹൃത്തുകൾ രണ്ടും മിടിക്കട്ടെയിങ്ങിനെ,
ആസ്വാദ്യമാമംഗകാന്തിയോടൊപ്പമായ്
അന്തർഗുണങ്ങളുമേലുന്നൊരെൻ സഖീ,
നിൻ പരിചര്യയ്ക്കു വിട്ടുതരുന്നു ഞാ-
നെന്നെ, നീയെൻ വാഴ്വിനേകാന്ത്യസാക്ഷിയാം. [1]

പ്രേമിക്കുകെന്നെ നീ
നീയില്ലയെങ്കിൽ ഞാൻ
ഒന്നുമാകാത്തവൻ
ഒന്നുമല്ലാത്തവൻ,

പേർത്തുമൊരു പള്ളിമൂഷികനെന്നപോൽ
പട്ടിണിക്കാരനാം പാഷണ്ഡനാണു ഞാൻ. [2]
നിൻകാര്യമോതുകിൽ, പത്തുവിരലുകൾ
മാത്രമെഴുന്നൊരു പെൺപിറന്നോളു നീ. [3]
കീഴറയിങ്കലോ മേൽക്കുരക്കീഴിലോ
നാം പാർത്തിടുന്നോരിടങ്ങളിൽത്തീൻമേശ
വിശ്രമം കൊൾവൂ പലനാളുമെങ്കിലും [4]
കട്ടിലിനില്ലായൊഴിവൊരുനാളിലും. [5]
ഉത്സവമാണതിന്നെന്നാളുമങ്ങിനെ [6]

ഹർഷപുളകിതമാണതെൻ കൺമണീ.
നിന്റെ സംതൃപ്തിതൻ, നിൻസുസ്ഥിതിയുടെ
നാട്ടുവാണീടുന്ന സമ്രാട്ട് ഞാനതിൽ. [7]

പ്രേമിക്കുകെന്നെ നീ
നീയില്ലയെങ്കിൽ ഞാൻ
ഒന്നുമാകാത്തവൻ
ഒന്നുമല്ലാത്തവൻ.

തീവ്ര പ്രണയനിശകൾക്കറുതിയിൽ
നിൻപാണി ബന്ധത്തിൽനിന്നൊഴിവാകെ ഞാൻ
കുതൂഹലൂർജ്ജസ്വലനായി മാറുവേൻ, [8]
നിൻ പരിലാളനം താൻ പരിലാളനം.
പറ്റിയതില്ലായമളിയെൻ മേനിത-
ന്നൊറ്റയണുവിനുപോലുമെന്നോമലേ. [9]
മേത്തരം വീഞ്ഞൊന്നുപോലെ നിൻ പ്രേമമെ-
ന്നാത്മാവിലാകവേ വീര്യം പകരവേ
ദിവ്യാനുഭൂതികളെൻ കരളിങ്കൽ നീ [10]
സംജനിപ്പിക്കുന്നതെങ്ങിനെയെന്നതു
നീയൊരാൾ മാത്രമറിഞ്ഞിരിക്കുന്നതാം
ഏതോ രസതന്ത്രശാസ്ത്ര രഹസ്യമാം.

പ്രേമിക്കുകെന്നെ നീ
നീയില്ലയെങ്കിൽ ഞാൻ
ഒന്നുമാകാത്തവൻ
ഒന്നുമല്ലാത്തവൻ.

പാർക്കുകിൽ നിന്റെ കഴിഞ്ഞകാലത്തിനു
പ്രാധാന്യമെന്തൊന്നു മൻ മനോരഞ്ജിനീ! [11]
ഇപ്പോലെതാനപ്രസക്തമാണെന്നുടെ
പോയ്പോയ നാൾകളുമെന്നറിഞ്ഞീടുക.
പ്രേമിപ്പു നിന്നെ ഞാൻ കൂറോടെ നീയെനി-
ക്കേകുന്നതാകട്ടെ നന്മകൾ മാത്രവും.
ദുസ്ഥിതിയിങ്കലകപ്പെട്ടനല്പമാം
ദുഃഖങ്ങളേറ്റുവാങ്ങീടിനോർ മുമ്പു നാം.
മാപ്പു നമുക്കന്നരുളുവാനേതുമേ
കൂട്ടാക്കിയില്ല സമൂഹമെന്നാകിലും
ഒന്നാക്കുകീയിരുദൈന്യത്തിലാ മാപ്പ്
എന്നിട്ടു നാം താനതു നമുക്കേകുക.
കെട്ടിപ്പിടിക്കവേ നന്നായമർത്തുന്നു
നിന്നെ ഞാൻ നീയോ ഞെരുക്കുന്നിതെന്നെയും,
പിന്നെന്തു? നാവിട്ടടിച്ചോരുമാലോകർ
പോയ്ത്തുലഞ്ഞീടട്ടെയെങ്ങാനുമെങ്കിലും. [12]

പ്രേമിക്കുകെന്നെ നീ

നീയില്ലയെങ്കിൽ ഞാൻ
ഒന്നുമാകാത്തവൻ
ഒന്നുമല്ലാത്തവൻ.

La Bonne Chanson

കുറിപ്പുകൾ

[1] മുമ്പു പലരുമുണ്ടായിരുന്നുവെന്നു സൂചന

[2] പാഷണ്ഡൻ = പാപി
മൃതകല്പനിവൻ മൃതസദ്വിഭവൻ
മൃഗതൃഷ്ണകളിൽക്കൊത്തിപ്പൂണ്ടുഴറി.
മദ സങ്കലിതം ചപലം ചരിതം
ഹൃദയം വിവിധ ഭ്രമസഞ്ചലിതം.
(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

വേദനാപൂർണ്ണമാണിക്കഥ, രാവണ-
വേഷവും ഞാനുമൊന്നായിച്ചമഞ്ഞുപോയ്…
മഞ്ഞിൽക്കുളിച്ചു കുളിരാർന്നൊരാതിര-
ത്തെന്നൽക്കുറുനിരയൊന്നുമുകരണം,
മുന്തിരിച്ചാറുപിഴിയുന്ന മൂവന്തി-
യൊന്നായ്ച്ചിരട്ടിയിലിത്തിരിമോന്തണം,
രാകാശശാങ്കമുഖിയാം രജനിതൻ
വാർകുന്തലിൽ മുല്ലമാല ചൂടിക്കണം…
കച്ച കളിപ്പന്തൽ, കുട്ടിക്കലർത്തി ഞാൻ
പച്ചയിലിച്ചുയാ കത്തിയും താടിയും…
(പി. കുഞ്ഞിരാമൻ നായർ — കളിയച്ഛൻ)

[3] മറ്റൊന്നും കൈമുതലായില്ലാത്തവൾ

[4] ഇല്ലെന്റെ വീട്ടിൽ പശുക്കറവ
ഇല്ല പലപ്പോഴും കഞ്ഞിവെപ്പും.
(എൻ. വി. കൃഷ്ണവാരിയർ — ആനവാൽ)

[5] പൊട്ടിടും രശന കാലണിച്ചുവ-
പ്പൊട്ടിടയ്ക്കുചുളിയും വിരിപ്പമേ
പെട്ടിടുന്ന മൃദുമെത്ത ശംഭു കൈ-
വിട്ടിടാതെ മരുവീ വെളുപ്പിലും.
(കാളിദാസൻ — കുമാരസംഭവം (തർജ്ജമ: കുണ്ടൂർ))

[6] കാമക്ഷേത്രത്തിൽ നീണ്ടോരിരവിവനതിലീ-
യിന്ദ്രിയഗ്രാമമേളം
കേമംതാളംപിഴച്ചങ്ങനെ തുടരുകയാ-
ണെങ്കിലും…
(കെ. കെ. രാജ — ഉത്സവത്തിൽ)

[7] അതിൽ = കട്ടിലിൽ

[8] ഒരുനാൾ സുരതാന്ത മന്ദഹാസത്തോടില
ച്ചെറുമെത്തയിൽ ചാഞ്ഞ മുല്ലപ്പൂവിനെക്കാൺകെ
അന്തിയിൽ പ്രജാപതികാശ്യപൻ സർഗ്ഗോന്മാദ-
ജൃംഭിതനായി പ്രിയപത്നിയെ പ്രാപിച്ചുപോൽ.
വിറകൊണ്ടുപോൽ സന്ധ്യാദേവി പാപഭീതിയാൽ
വിളറിപ്പോയീ മേഘദൂതികളാകാശത്തിൽ...
ആരുമേ കണ്ടീലല്ലോ മുനിചിത്തത്തിൻ ഗൂഢ-
മായെഴുംചിരി, കേട്ടീലാവിശിഷ്ട വൈഖരി
തൃപ്തനായ് മനം തെളിഞ്ഞാചമിച്ചാപ്പൊണ്ണ്യക-
ലബ്ധമാത്രയിലാര്യൻ നേടിപോൽ ബ്രഹ്മാനന്ദം.
(വിഷ്ണുനാരായണൻ നമ്പൂതിരി — കാശ്യപൻ)

[9] ശാരീരികവേഴ്ചയിൽ പൂർണ്ണ സംതൃപ്തി

[10] ദിവ്യാനുഭൂതികൾ = കാവ്യപ്രചോദനങ്ങളായിരിക്കണം വിവക്ഷിതം.

[11] പ്രിയതമനിതേ ചോദ്യമെന്നോട്: ‘ഒരാളെയും
പറയുക, ഇതേവരെ പ്രേമിച്ചതില്ല നീ?’...
ഒരു ദിവസമെന്നുമീ സംശയം കേൾക്കയാൽ
അരുമയിലുരച്ചു ഞാനെൻ കാന്തനോടിദം:
‘ഇതുമൊരപരാധമാണെങ്കിൽ പൊറുക്കുകെൻ
നാഥൻ, ഒരുത്തനെ പണ്ടു മോഹിച്ചു ഞാൻ’...
ഇരുൾ കയറിയാമുഖം മങ്ങവേ ചോദ്യമായ്
പ്രിയതമൻ: ‘അതാരെയാ, ണൊന്നുനീ ചൊല്ലുമോ?’...
‘ഇവനെ’ യിതുചൊല്ലി ഞാനാപ്രിയ മേനിയി-
ലാലിംഗനംചെയ്തു ചേർന്നു നിന്നീടവേ...
(വിഷ്ണുനാരായണൻ നമ്പൂതിരി — സംശയം)

[12] രാഗാർദ്രസല്ലാപരംഗമാമീ
യേകാന്ത കാന്തനികുഞ്ജകത്തിൽ
നിൻമടിത്തട്ടിൽ ഞാനിപ്രകാരം
നിർവൃതികൊണ്ടു കിടന്നിടുമ്പോൾ...
ഏതല്ലലെന്നെത്തടഞ്ഞു നിർത്താൻ
ഏതഗ്നിയെൻ മനം ചാമ്പലാക്കാൻ?...
ഹാ, കഷ്ടം തൊട്ടാലെരിഞ്ഞുപൊള്ളും
ലോക പ്രശംസയിന്നാർക്കുവേണം?
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

സർവ്വസ്വസമർപ്പണം

ഴാൻ റസീൻ (1639–1699)

JEAN RACINE

പ്രേമത്തിന്റെ ബലിവേദിയിൽ എന്തെന്തു സമർപ്പിക്കാൻ പ്രേമാതുരർ സന്നദ്ധരല്ല! അസാധാരണനായ ഒരു കാമുകനിതാ സ്വന്തം പ്രേമാർത്ഥനയുടെ സ്വീകാരത്തിനുവേണ്ടി ഒരു സർവ്വസ്വസമർപ്പണം നടത്തുന്നു. ഹോമർ ഇലിയഡിൽ വർണ്ണിച്ച ട്രോയ്-സ്പാർട്ടാ യുദ്ധത്തിന്റെ പര്യവസാനത്തിൽ ബന്ദിനിയായി സ്പാർട്ടയിലേക്കു കൊണ്ടുപോകപ്പെട്ട ട്രോയ് രാജ്ഞിയായ അന്ത്രോമാക്കിന്റെ (Andromaque) സമക്ഷത്തിൽ ജേതാവായ സ്പാർട്ടൻ രാജാവ് പിറ്റ്യൂസ്സ് (Pyrrhus) ആണ് സർവ്വസ്വസമർപ്പകനാകുന്നത്. അന്ത്രോമാക്കിന്റെ ഭർത്താവും വീരയോദ്ധാവുമായ ഹെക്ടറെ (Hector) വധിക്കുകയും ട്രോയ് നഗരം ചുട്ടു ചാമ്പലാക്കുകയും ചെയ്ത ആളാണ് പിറ്റ്യൂസ്സ്. അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ അന്ത്രോമാക്കിനോടൊപ്പം തടവിൽ കഴിയുന്ന അവരുടെ പിഞ്ചുമകനെ വകവരുത്താൻ വിട്ടുകിട്ടണമെന്നു മറ്റു ഗ്രീക്ക് രാജാക്കന്മാരെല്ലാം ഒത്തുചേർന്നാവശ്യപ്പെട്ടിരിക്കുകയാണ്. അന്ത്രോമാക്കിലുള്ള അനുരാഗംമൂലം പിറ്റ്യൂസ്സ് ഇതിനു വഴങ്ങിയില്ല. പക്ഷേ, ഭർത്തൃഘാതകനും രാജ്യശത്രുവുമായ പിറ്റ്യൂസ്സിന്റെ പ്രേമാർത്ഥന അവർ അവജ്ഞാപൂർവ്വം തള്ളുന്നു. ഫ്രഞ്ച് ട്രാജഡിയുടെ മുടിചൂടാമന്നനായ ഴാൻ റസീനിന്റെ അനശ്വരനാടകമായ ‘അന്ത്രോമാക്കി’ൽ പുത്രൻ നേരിടുന്ന വധഭീഷണി കാരണം കണ്ണീർ വാർക്കുന്ന അന്ത്രോമാക്കിനോടു പിറ്റ്യൂസ്സ് പറയുന്നു:

എന്നുടെ നിരാസത്താൽ
നിന്നശ്രുപ്രവാഹത്തെ
ഞാൻ തടഞ്ഞീടുന്നുണ്ടെ-
ന്നന്തരാധരിച്ചാലും [1]
ഗ്രീസുകാരഖിലരും
സായുധരായെൻ നേർക്കു
ഭീഷണിയിതിനകം
മുഴക്കിക്കഴിഞ്ഞെന്നാൽ
ആഴികൾ വീണ്ടും താണ്ടീ-
ട്ടായിരം പടക്കപ്പ-
ലോടെ വന്നവരെന്നോ-
ടവനെച്ചോദിച്ചാലും, [2]
ഹെലനെച്ചൊല്ലിച്ചൊരി-
ഞ്ഞുള്ളത്ര ചുടുനിണം [3]
ചൊരിഞ്ഞീടണമെന്നു-
വന്നാലും, എൻ സൗധങ്ങൾ
എരിഞ്ഞു നീറായാലും

ഞാൻ കുലുങ്ങുകയില്ല,
പറന്നുവന്നെത്തിടും
തജ്ജീവരക്ഷയ്ക്കായി.
പ്രാണനെപ്പോലും പരി-
ത്യജിച്ച ഭവതിത-
ന്നോമനക്കുമാരനെ
ത്രാണനം ചെയ്തീടുവൻ.
നിൻ പ്രീതിയൊന്നിന്നായ് ഞാൻ
ചെന്നുചാടീടുന്നൊരീ
വമ്പിച്ച വിപത്തുകൾ-
ക്കിടയിൽ, മനസ്വിനീ
രൂക്ഷത കുറഞ്ഞുള്ള
നോട്ടമൊന്നാലെങ്കിലും [4]
ആശ്വാസമെനിയ്ക്കേകാൻ
കനിവു കാണിക്കില്ലേ?
സമസ്ത ഗ്രീസിന്റേയും
വിദ്വേഷമേറ്റീടവേ
സമസ്ത ദിക്കിൽനിന്നും
സമ്മർദ്ദം മുറുകവേ
പീഡനാത്മകമാകും
നിന്റെ നിർമ്മമത്വത്തെ-
ക്കൂടി ഞാനേറ്റീടണോ?
നിനക്കായ്ക്ക് സമർപ്പിപ്പേൻ
എൻ ഭുജബലം, നിന്നെ
യാരാധിച്ചീടുന്നൊരീ-
യെന്നുടെ ഹൃദയത്തെ
സ്വീകരിക്കുകയില്ലേ?
ഭവതിക്കായിട്ടു ഞാൻ
പോർ ചെയ്കേ മമ വൈരി-
നിരയിൽ ഭവതിയി-
ല്ലെന്നെനിക്കെണ്ണീടാമോ?

Andromaque Acte IScene 4

കുറിപ്പുകൾ

[1] നിരാസം = അന്ത്രൊമാക്കിന്റെ മകനെ വിട്ടുകിട്ടണമെന്ന ആവശ്യത്തിന്റെ നിരാസം

[2] ട്രോയ് ആക്രമണംപോലുള്ള ഒരാക്രമണം തനിക്കെതിരെ ഉണ്ടായാലും.

[3] സ്പാർട്ടൻ രാജ്ഞി ഹെലനെ ട്രോയ് രാജകുമാരൻ പിറ്റ്യൂസ് തട്ടിക്കൊണ്ടുപോയതാണ് 10 കൊല്ലം നീണ്ട ട്രോയ്-സ്പാർട്ടാ യുദ്ധത്തിനു കാരണം.

[4] ആകിലുമിന്നും സ്മൃതിതൻ മടിക്കുത്തിൽനിന്നു
വാടിയ കുസൃതിപ്പൂമൊട്ടുകൾ പെറുക്കി ഞാൻ
നിന്റെ നീല നീൾമുടിച്ചുരുളിൽ ചേർക്കുന്നേര-
മെന്തിതിപ്പോഴും ശരതീക്ഷ്ണമേ തവനോട്ടം.

(വിഷ്ണുനാരായണൻ നമ്പൂതിരി — കുസൃതിപ്പൂക്കൾ)

[5] കഴിഞ്ഞതൊക്കെയും കഴിഞ്ഞു മേലിലി-
ക്കലഹരംഗത്തിൽക്കഴിഞ്ഞിടേണ്ട നാം.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

പ്രേഷ്ഠസഖി

ക്ലെമാം മറൊ (1496–1544)

CLEMENT MAROT

തന്റെ പരിതപ്തഹൃദയത്തിന് ഒരു ചുംബനത്തിലൂടെ കുളിരുപകർന്ന പാരീസ്കാരിയായ പുത്തൻ കാമുകിയോട് പ്രേമവിഷയത്തിൽ പഴയ അനുഭവമുള്ള കാമുകൻ കുറുപ്പുലർത്തുന്നു. പാരീസിൽ അവൾക്കെതിരെ അപവാദം പ്രചരിക്കാതിരിക്കാൻ താനവളുടെ പേർപോലും പറയുകയില്ല. തന്നെ വിശ്വസിച്ചുകൊണ്ടാണവൾ തനിക്കൊരു മണിമുത്തം തന്നതെന്നുതന്നെ കാരണം. കാമുകിമാരോടു പലരും കാണിക്കാത്ത വിശ്വസ്തത! കൊട്ടാരകവിയായിരുന്നിട്ടും പ്രോട്ടസ്റ്റന്റ് ചായ്‌വുകളുടെയും സ്വതന്ത്രചിന്തയുടെയും പേരിൽ ഒന്നിലധികം തവണ തടവിനും നാടുകടത്തലിനും വിധേയനായിരുന്നു മറൊ.

അതിരമ്യ പാരീസ് നഗരിയിലൊരുദിനം
പരിതാപപൂർവകം സഞ്ചരിക്കേ
പരിചയപ്പെട്ടു ഞാനുള്ളത്തിലാഹ്ളാദം
തിരതല്ലിട്ടുന്നൊരു തയ്യലാളെ,
ഇവിടത്തി, ലിറ്റലി തന്നിലുമുള്ളത്യന്ത-
മുദിതയാം പെണ്ണിനു തുല്യയത്രെ
പുതുതായി ഞാനുള്ളിൽ പൂജിച്ചു പോരുമീ
പ്രണയിനിയെന്നു പറഞ്ഞിടട്ടെ.
നെറിവേറെയുള്ളവൾ പാരീസിലവളേക്കാൾ
നിറവുള്ളോളില്ലെന്നു ഞാൻ നിനപ്പൂ.
അവളുടെ മാധുരിയൂറുന്ന നാമമോ
അവൾ മരുവുന്നതെവിടെയെന്നോ
വെളിവാക്കുകില്ല ഞാനൊരു നാളുമെൻ പ്രേഷ്ഠ-
സഖിയവളെന്നേ പറകയുള്ളൂ. [1]
അതിനുണ്ടു കാരണം : ഞങ്ങളിരുവരും
സവിശേഷമാം വിധം ബദ്ധരായോർ.
അപവാദ കഥനത്തിന്നാക്കമേറീടുമ-
പ്പെരുനഗരത്തിന്നകത്തുവെച്ചു
മണിമുത്തമൊന്നവളെനിക്കേകിയ-
തപവാദഭീതിയെഴാതെ കണ്ടാം.

De Sa Grande Amie

കുറിപ്പുകൾ

[1] ഹാ, രോമഹർഷദമാരഹസ്യ-
മാരോടും ഞാനരിയാട്ടുകില്ല.
(ഇടപ്പള്ളി — നിഗൂഢരാഗം)

1940-ൽ ജനിച്ച മനുഷ്യൻ

ദനിയേൽ ബിഗ (1940–)

DANIEL BIGA

1940 ൽ ഫ്രാൻസ് ജർമ്മൻ അധീനതയിൽ അമർന്ന ചുറ്റുപാടിൽ ജനിച്ച് ദാരിദ്ര്യത്തിലും നിരന്തര ഭീതിയിലും വളർന്ന ഒരു ജൂതയുവാവിന്റെ വൈകാരിക ജീവിതത്തിന്റെ ദൈന്യം മനശാസ്ത്രജ്ഞതയിന്റെ ചട്ടക്കൂടിൽ ചിത്രണം ചെയ്തിരിക്കുകയാണ് ഇക്കൊല്ലം ജനിച്ച ജൂതൻതന്നെയായ ദനിയേൽ ബിഗ. ഒറ്റമുറി വീട്ടുകളിലും കൂരകളിലും കൂട്ടുകുടുംബമായി ജീവിക്കുന്ന നവദമ്പതിമാരുടെ നിസ്സഹായാവസ്ഥ!

...പരമനിസ്വമിപ്പരിസ്ഥിതിയിങ്കൽ
പുലരവേയെന്റെ പരിണയമായി
ഒരാളിനുള്ളതാം ശവപ്പെട്ടിയ്ക്കക-
ത്തിരുവരെക്കുത്തിത്തിരുകിയപോലാം
ഇടമില്ലായ്മയിൽ അതു നടന്നു മുൻ-
പിതാക്കൾ തൻ മൂഢസരണിയിൽത്തന്നെ [1]
അവരുടേതാകുമരുളപ്പാടുകൾ-
ക്കനുഗുണമായി ഭവിക്കുവാൻ ഞങ്ങൾ
തുടരുമീ ബന്ധം വിടാതെ യത്രയ്ക്കു
സുഖമോ സ്നേഹമോ അറിഞ്ഞിടാതെയും
സരളതയാർന്നും സമസ്തകാര്യങ്ങൾ
മുറയ്ക്കു മുന്നേറും വിധത്തിലുമായും
സ്ഥിതിയൊന്നാകവേ നിരൂപിക്കുന്നേരം
കുഴപ്പമില്ലെന്നേ പറയാവതുള്ളൂ
ഉറക്കമില്ലിപ്പോൾ ഇതര സ്ത്രീകളെ
സ്മരിച്ചു ഞാൻ സ്വയം രതിയിൽ മഗ്നനാം [2]
മികച്ച കാമിനീ മണികളെത്തന്നെ
വരിപ്പൂതേ ഞാനീ രതിക്രീഡക്കായി [3]

Homme Ne En 1940

കുറിപ്പുകൾ

[1] മുൻ...മൂഢസരണിയിൽ = പൂർവ്വാചാരങ്ങളനുസരിച്ച്

[1] സ്വയംരതി = സ്വയംഭോഗം

[3] ഒരു കട്ടിലിൽ പെണ്ണോ നാഥനോ താൻ കാമിക്കും
ഉരുവെ സ്വപ്നംകണ്ടു പയ്യാരം പുലമ്പുന്നു.

(വൈലോപ്പിള്ളി — സാവിത്രി)

Not for me the hollowness of marital
Vows and the loneliness of a double bed
Where some one lies dreaming of another mate ...

(Kamala Das — Anamalai Poems)

നഗരങ്ങൾ വിട്ടു

അൽഫ്രെദ് ദ് വിഞ്ഞി (1797–1863)

ALFRED DE VIGNY

അസ്തിത്വദുഃഖത്തിന്റെ ഭാരംപേറി തന്നെപ്പോലെ അങ്ങകലെ അവളും അവശയാകുന്നുവെന്ന അനുമാനത്തിൽ, തിന്മകളുടെ കൂടാരമായ നഗരംവിട്ടു പ്രകൃതിയുടെ മടിത്തട്ടിൽ അഭയം തേടാൻ ലോകവിദ്വേഷിയായ കമിതാവു് ജീവിത സഖിയെ ആഹ്വാനം ചെയ്യുന്നു. മനുഷ്യന്റെ സൽഭാവങ്ങളെ സാരമായി ചതയ്ക്കുന്ന വ്യാവസായിക സംസ്കൃതിയോടു് യന്ത്രയുഗത്തിന്റെ ആരംഭത്തിലേ എതിർപ്പു് പ്രകടിപ്പിച്ച ദാർശനിക കവിയാണു് അൽഫ്രെദ് ദ് വിഞ്ഞി.

പരതന്ത്രമാമെന്റെ
ചിറകിൻ മീതേ യാപൽ-
ക്കരമായ് ഞെരുക്കുമീ
നിസ്സ്നേഹ ലോകത്തിനെ-
പ്പേറി ഞാനവശനായ്
നാളുകൾ നീക്കിടവേ [1]
നമ്മുടെ വാഴ്വിൻ പെരും
ഭാര സമ്മർദ്ദത്താലേ
മുറിവേറ്റൊരു കഴ
പോലെ നിൻഹൃദയവും
ചിറകിട്ടടിച്ചിട്ടു
നിരങ്ങി വിമ്മുന്നാകിൽ, [2]
സന്തതക്ഷത്തിൽ നി-
ന്നുതിരം വാർന്നീടാതേ [3]
സ്പന്ദനം കൊള്ളാനതി-
ന്നാവുകയില്ലെന്നാകിൽ,
പ്രേമമസ്തമിക്കുകിൽ,
തനിയ്ക്കുമാത്രം കൂറിൽ
ദിങ്മുഖം തെളിയിച്ച
താരത്തെക്കാണാതാകിൽ,
എന്റേതുപോലേ പരി-
ബദ്ധമാം നിന്നാത്മാവും
ചങ്ങലയാലും തിക്ത
ദൈനികഭക്ഷ്യത്താലും
വൈരസ്യവായ്പാർന്നഴ-
ലാഴിതാണ്ടവേ തുഴ

കൈവിട്ടു പോയാ നടു-
ക്കടലിൽ കേഴുന്നാകിൽ.
അലകൾക്കിടയിലാ-
യജ്ഞാതമായിട്ടുന്ന
വഴിതേടവേ തന്റെ
നഗ്നമാം ചുമലിന്മേൽ [4]
തപ്തമാം ലോഹക്കോലാൽ
ത്തനിയ്ക്കു സമുദായം
ചാർത്തിയതാകും മുദ്ര
വിസ്മയപൂർവ്വം കാൺകിൽ, [5]
അന്തരാളത്തിൽ ഭാവോ-
ൽ ക്കമ്പങ്ങളിയന്നീടും
നിൻതന്ത കണ്ണേറുകൾ
കൊണ്ടേറെ വലയുകിൽ,
തന്നഴകവമാന-
ഹേതുകമാകുംവണ്ണം
ദുർന്നയവലയത്തി-
ലാപ്പെടാതിരിക്കുവാൻ
അഭയനികേതന
മൊന്നതു തേടുന്നാകിൽ,
അനൃതവിഷത്തിനാൽ
നിൻചൊടി വാടുന്നാകിൽ, [6]
സ്വപ്നത്തിലവിശുദ്ധ-
നൊരുവൻ നിന്നെക്കണ്ടും
നിൻസ്വരം കേട്ടുംകൊണ്ടു
കടന്നുപോകുന്നതായ്
കാൺകയാൽ രോഷാകുല
യായി നീ തീരുന്നാകിൽ-
വിട്ടാലും സധൈര്യം നീ
പട്ടണങ്ങളെയെല്ലാം.
നീചമാനഗരങ്ങൾ
തൻപഥരേണുക്കളാൽ
നിൻ കഴലിണമേലിൽ
കല്മഷം കലരായ്ക. [7]
ചിന്തതൻ ശൃംഗം പൂകി
ക്കാണു നീ നരപാര-
തന്ത്ര്യത്തിൻ വിപൽപ്പാറ
ക്കൂട്ടമാം പുരങ്ങളെ. [8]
കിടപ്പു വൻകാടുകൾ
പാടങ്ങൾ മർത്ത്യാത്മാവി-
ന്നിടർച്ച തീർക്കും മഹൽ
സുരക്ഷാസ്ഥാനങ്ങളായ്, [9]
ഇരുണ്ട ദ്വീപങ്ങൾക്കു

ച്ചറ്റിലുമവിരാമം
തിരതല്ലീടും പാരാ-
വാരം പോൽ സ്വതന്ത്രമായ്.
നിൻ കയ്യിലൊരുമഞ്ഞ
പൂങ്കുലയേന്തിസ്സസ്യ-
കേദാര നികരങ്ങ-
ളൂടെ നീ നടന്നീടൂ.
ശാലീനമൗനത്തിങ്കൽ
മുങ്ങിയിസ്സായംസന്ധ്യാ-
കാലത്ത് പ്രകൃതിയാൾ
നിന്നെക്കാത്തിരിക്കയാം.
തലപ്പിൽ പുതുമഞ്ഞു
തങ്ങിടും പച്ചത്തൂണ-
പ്പരപ്പ വെമ്പീടുന്നു
നിൻകഴൽ തഴുകുവാൻ.
പാരിനോടവസാന
വചനം പറഞ്ഞുപോം
സൂരന്റെ നെടുവീർപ്പിൽ
സുന്ദര ലില്ലിപ്പൂക്കൾ [10]
മന്ദമായാടിക്കൊണ്ടു
നീളവേ പരത്തുന്നു
സ്വന്തമാം പരിമളം
ധൂപപാത്രങ്ങൾ പോലേ. [11]
കാനനം തനതാകും
നീരാളം നിവർത്തിയി-
ട്ടാവൃതമാക്കുന്നു ത-
ന്നായിരം കാൽമണ്ഡപം.
മാമല മറയുന്നു,
മ്ലാനമാമാറ്റിൻ തീര- [12]
'സ്സോൽ' മരം വിശ്രാന്തിതൻ
കോവിലായ് മരുവുന്നു... [13]

La Maison Du Berger

കുറിപ്പുകൾ

[1] ഏറെ നീണ്ടതിപ്പാത ഞാൻ പേറും
ഭാരമാകെക്കനം പെരുക്കുന്നു.

(സുഗതകുമാരി — ഒന്നുമാത്രം പറഞ്ഞുതന്നാലും)

ഞാനോ കൊടുംകുന്നുപോലെ പേറുന്നിതാ
പാഴിരുൾപ്പിണ്ഡമിപ്പാപകാണ്ഡം.

(വിജയലക്ഷ്മി — പ്രാർത്ഥന)

[2] ജീവിതാഘാതാൽക്കിടന്നു പിടയുന്ന
കോടാനുകോടി മനുഷ്യമനസ്സുകൾ
ഊക്കേറിയ പുലി തന്നുടെ ദംഷ്ട്രയിൽ
കോർക്കേയൊടിഞ്ഞു കുഴയും കരളുകൾ.

(പി. കുഞ്ഞിരാമൻ നായർ — മറഞ്ഞ മഴവില്ല്)

[3] സന്തതക്ഷതം = ഒരിക്കലും ഉണങ്ങാത്ത മുറിവ്.

[4] അറിയാവഴിയിൽക്കൂടെ-
യകലങ്ങളളക്കുവാൻ....

(ശ്രീധരനുണ്ണി — ലയം)

തുഴഞ്ഞാൽ പങ്കായമൊക്കെയൊടിഞ്ഞു ദിശ തെറ്റി-
യമരം കടൽക്കാറ്റിലാഴത്തിലാഴും വരെ.

(ടി. കെ. സന്തോഷ്കുമാർ — എത്രത്തോളം)

[5] കുറ്റവാളിയുടെ ചുമലിൽ പഴുപ്പിച്ച ഇരുമ്പുകൊണ്ട് അടയാളം കുത്തുന്നതു ഫ്രാൻസിൽ പതിവായിരുന്നു.

[6] അനൃതം = അസത്യം

[7] കല്യമാം പട്ടണം തന്മനസ്സിൻ
പുല്ലണിച്ചോലയിൽക്കല്ലുപാവി.

(വൈലോപ്പിള്ളി — പുല്ലുകൾ)

മർത്ത്യനിണനീരിലൂളിയിട്ടാർക്കുന്ന
പട്ടണത്തിന്റെയലറിച്ച കേൾക്കയാൽ.

(പി. കുഞ്ഞിരാമൻ നായർ — തപോവനം)

കെട്ടഴിച്ചെന്നെയെൻ ശപ്ത നഗരമേ
വിട്ടയച്ചീടുകാ നാട്ടിലേക്കൊന്നു നീ,
അത്രമേൽ വീർപ്പുമുട്ടുന്നതുണ്ടിന്നെനി-
ക്കല്പം ശ്വസിച്ചിടട്ടശ്ശുദ്ധ വായു ഞാൻ.
പോട്ടെ സഹർഷം മരച്ചോട്ടിൽ ദൂരെയ-
ക്കാട്ടു പുല്ലൂതുമിടയന്റെ കൂടെ ഞാൻ.

(ചങ്ങമ്പുഴ — തിരുവില്വാമല)

പങ്കിലം താനിഗ്ഘോര നഗരം.

(അക്കിത്തം — നഗരത്തിലെ ഗ്രാമീണൻ)

പുരങ്ങൾ നിന്നിൽ വിഷം തുപ്പുന്നു പരണന്റെ
ചുരപ്പുന്നയും പ്ലാശും പയ്യിനിയും തളരുന്നു.

(സച്ചിദാനന്ദൻ — ഇവനെക്കൂടി)

നഗര മരുഭൂമിതൻ
ഗ്രീഷ്മക്കൊടുംചൂടിൽ ...

(റോസ് മേരി — ശ്ലഥചിത്രശേഖരത്തിൽനിന്ന്)

മുഖമില്ലാതലറുമിത്തെരുവുകൾക്കപ്പുറം
മുരടൻ മുട്ടുകൾക്കപ്പുറം കാതുകളയച്ചു നോക്കു.
ഏതോ പുഴയുടെ കളകളത്തിൽ
ഏതോ മലമുടിപ്പോക്കുവെയ്‌ലിൽ …
പടവുകളായ് കിഴക്കേറിയുയർന്നു
കടുനീല വിണ്ണിലലിഞ്ഞുപോം മലകളിൽ …

(എൻ. എൻ. കക്കാട് — സഫലമീയാത്ര)

മരണഗുഹകളാം വെളുത്ത നഗരങ്ങൾ
മാഫിയാരണ്യം.

(കെ. ജി. ശങ്കരപ്പിള്ള — കഥനം)

[8] വിപൽപ്പാറക്കൂട്ടം = കടലിലെ ആപത്കരമായ പാറകൾ
ഇരവിൽ ദൂരേ കുറ്റൻ പാറയെക്കരയെന്നു
കരുതിക്കുതിക്കുന്ന വഞ്ചിപോൽ....

(വിഷ്ണുനാരായണൻ നമ്പൂതിരി — ആകാശത്തിൽ)

[9] മരതകത്താഴ്വരേ, മാപ്പു നല്കു
പരിചിതൻ ഞാനിതാ വന്നുചേർന്നു.
അരുമയാം പുല്കളേ പുല്കുകെന്നെ-
ക്കരുണതൻ കുഞ്ഞിക്കരങ്ങളാലെ.
പതിതൻ, പരിഷ്കാര പാംസുലൻ ഞാൻ
ഹൃദയം വരണ്ടവൻ ഗാനഹീനൻ
കനിവെഴും പുല്ലിൽക്കമിഴ്ന്നു വീണെൻ
കരളമർത്തട്ടെ, കരഞ്ഞിടട്ടെ.
മരതകപ്പുലികളേ പച്ചയാക്കു
മമ മനം, ചിന്തയെ സ്വച്ഛമാക്കു.

(വൈലോപ്പിള്ളി — പുല്ലുകൾ)

പിന്നെയും തെണ്ടി നടക്കൽ നിലച്ചു ഞാ-
നെന്നംബ തൻമടിത്തട്ടണഞ്ഞേൻ,
മാർത്തടം പുൽകൾക്കു വീതിച്ച വാത്സല്യ-
മൂർത്തിയൊന്നെന്നെയുമോമനിച്ചു.

(നാലപ്പാടൻ — ചക്രവാളം)

എത്രവേഗം മറയുന്നു നമ്മുടെ
ദുഃഖമൊക്കെയിപ്പച്ചതന്നാഴിയിൽ.

(സച്ചിദാനന്ദൻ — ഏകാകിയുടെ മരണം)

Come live with me and be my Love
And we will all the pleasures prove
That hills and valleys, dale and field
Andall the craggy mountains yield.

(Christopher Marlowe — The Passionate Shepherd to His Love)

[10] ആ വേലക്കാരിതൻ നിശ്വാസം പോലവേ
പൂവിൻ മണവുമായെത്തി തെന്നൽ.

(വള്ളത്തോൾ — പ്രഭാതഗീതം)

[11] പിടിച്ചാട്ടുന്നതിനു പിടിയോടുകൂടിയ ധൂപപാത്രമാണ് വിവക്ഷിതം (ക്രൈസ്തവ മതച്ചടങ്ങുകളിൽ ഉപയോഗിക്കുന്നത്).

[12] മധുരമാം കിനാവായി മലകളും മൺതരിയും
മകരനിലാവൊളിയിലലിയുന്നേരം.

(പി. കുഞ്ഞിരാമൻ നായർ — സാന്ധ്യനിശ്വാസം)

കാടില്ല മേടുമില്ലില്ലാ
കൂടേയുള്ളവരാരുമേ
കോടമഞ്ഞിൻ കനത്തോരു
തിരസ്കരണി നീരവേ.

(ദേവി — മൂടൽമഞ്ഞിൽ)

[13] ഈ വടവൃക്ഷം പണിതീർത്ത ശാന്തിതൻ-
കോവിലിൻ ശീതളച്ഛായയിങ്കൽ.

(മലേഷ്യാ കെ. രാമകൃഷ്ണപിള്ള — മൂടുപടം)

ഇവിടെ നീലിച്ച തണൽ വിരിക്കുമീ
സുരതരുവിന്റെയടിയിൽ പായലിൻ
മരതകമടിത്തട്ടിൽ...

(ദേവി — ഹിമവാഹിനി)

കാമുകിയെത്തേടി

അജ്ഞാതനാമ (12-ാം നൂറ്റാണ്ട്) (00–00)

ANONYME

വിധിവശാൽ വേർപെട്ട കാമുകിയെ തേടി നടക്കുന്ന കാമുകന്റെ വിഭ്രമാത്മകമായ മനസ്സ് മാനത്തെ വെൺതാരകത്തിൽ അവളെ കാണുന്നു! മദ്ധ്യകാല ഫ്രാൻസിൽ കവിത നാവെടുത്തപ്പോൾ ഗദ്യപദ്യ സമ്മിശ്രമായി വേദികളിൽ അവതരിപ്പിക്കപ്പെട്ട 'പാട്ടുകഥകളിൽ' (Chante-Fable) ഒന്നിലെ നായികയാണ് നിക്കൊലേത്ത് (Nicolette). തടവുകാരിയായിരുന്ന അവളിൽ രാജപുത്രൻ ഒക്കാസ്സേൻ (Aucassin) അനുരക്തനാകുന്നു. ഇതറിഞ്ഞ് രാജാവ് അവളെ അവനിൽ നിന്നകറ്റുന്നു. അവളെ തിരഞ്ഞു നടക്കവേ ഒക്കാസ്സേൻ പാടിയ ഒരു ഗാനമാണിത്. ഒരു രാജകുമാരിതന്നെയായിരുന്ന നിക്കൊലേത്തിനെ ഒക്കാസ്സേൻ ഒടുവിൽ കണ്ടു പിടിച്ച് വേൾക്കുന്നതാണ് കഥാന്ത്യം.

അരിയ നിക്കൊലേത്തങ്ങു നിന്നൊപ്പ മു-
ണ്ടതിനാൽ നിന്നെ ഞാൻ കാൺമു വെൺതാരമേ. [1]
അഴകിയെൻ നിക്കൊലേത്തിന്റെ സാന്നിദ്ധ്യം
അഭിലഷിപ്പ നിസ്സംശയം വിണ്ടലം:
ഇരുളഖിലവും ദൂരീകരിച്ചു കൊ-
ണ്ടിരവിനേറെത്തെളിവരുളീടുവാൻ.

പ്രിയ സഖീ വരൂ, വന്നില്ലയെങ്കില-
ങ്ങുയരെ നേരിട്ടു ഞാൻ പറന്നെത്തിടും. [2]
അവിടെ നിന്നൊപ്പം നിന്നെയും പ്രേമിച്ചു
കഴിയുമെൻ ജീവകാലം മുഴുവനും.

അരചപുത്രനീ ഞാനെന്നിരിക്കിലും
ഭവതിയെന്നോടു ചേരാനനർഹയോ?
മധുരഭാവങ്ങളാലെൻ കരളിനു
പുളകമേറ്റുന്ന സൽസഖിയല്ലി നീ?

Blanche Etoile Jete Voi

കുറിപ്പുകൾ

[1] മാനത്തുന്നെങ്ങാനും പൊട്ടിവീണോ?

(അജ്ഞാതനാമാ — വടക്കൻ പാട്ട്)

താഴത്തേക്കെന്തിത്ര സൂക്ഷിച്ചു നോക്കുന്നു

താരകളെ നിങ്ങൾ നിശ്ചലരായ് ?
നിങ്ങൾതൻ കൂട്ടത്തിൽ നിന്നിപ്പോഴാരാനും
ഭംഗമാർന്നൂഴിയിൽ വീണുപോയോ?

(വള്ളത്തോൾ — മഗ്ദലനമറിയം)

[2] ഹാ, ഹാ, വല്ലഭേ സീതേ, ഹാ, ഹാ, മൈഥിലീ നാഥേ,
ഹാ, ഹാ, ജാനകി ദേവി, ഹാ ഹാ, മൽപ്രാണേശ്വരി!
എന്നെ മോഹിപ്പിപ്പതിന്നായ് മറഞ്ഞിരിക്കയോ?
ധന്യേ നീ വെളിച്ചത്തു വന്നീടു മടിയാതെ!

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

വല്ലി, വൃക്ഷം

മറി ദ് ഫ്രാംസ് (1130–1200)

MARIE DE FRANCE

പ്രേമത്തിൽ അധിഷ്ഠിതമായ ദാമ്പത്യബന്ധം ലതാ-തരുബന്ധമായിരുന്നു പുരാതന ഭാരതീയകവികളുടെ കണ്ണിൽ. കാളിദാസൻ ശാകുന്തളത്തിലൂടെ അനശ്വരമാക്കിയ ഈ സങ്കല്പം പാശ്ചാത്യകവിതയ്ക്ക് അന്യമല്ലെന്നു മദ്ധ്യകാല കവിയിത്രി മറി ദ് ഫ്രാംസിന്റെ ലഘുകവിത വിളിച്ചോതുന്നു. ഒരു മാന്ത്രികപാനീയം കഴിച്ചതിന്റെ ഫലമായി പ്രണയബദ്ധരാകുകയും ഇടക്കാലത്തെ വേർപാടിനുശേഷം മരണത്തിൽ ഒന്നിക്കുകയും ചെയ്ത ത്രിസ്താന്റെയും (Tristan) ഇസേവിന്റെയും (Iseut) കഥയിലെ വിരഹ ഘട്ടമാണ് ഇവിടെ പരാമൃഷ്ടമായിട്ടുള്ളത്. കോൺവാൾ രാജാവ് മാർക്കിന്റെ പത്നിയായിരുന്നു ഇസേവ്. മാർക്കിന്റെ നിയോഗപ്രകാരം ഇസേവിനെ കൂട്ടിക്കൊണ്ടു വരാൻ പോയതായിരുന്നു ഭാഗിനേയനായ ത്രിസ്താൻ, മദ്ധ്യകാല യൂറോപ്പിൽ പരക്കെ പ്രചാരമുണ്ടായിരുന്ന ഒരു കഥയാണിത്. ഒന്നാമത്തെ ഫ്രഞ്ച് കവയിത്രിയാണ് മറി ദ് ഫ്രാംസ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിനെ കീഴടക്കി ഭരിച്ച ഫ്രഞ്ച് രാജകുടുംബത്തിന്റെകൂടെ ഇംഗ്ലണ്ടിലാണ് ജീവിച്ചത്.

അകന്നു വാണിടും ഇസേവിൻ സാന്നിദ്ധ്യം
പുനർ ലഭിക്കുവാനുഴറിടും ത്രിസ്താൻ
അവളെവിടത്തിൽ മരുവിടുന്നു വെ-
ന്നറിവാനശ്രാന്തശ്രമം തുടർന്നുതേ.
പല ദിക്കിൽ പോയി പലദിക്കിൽ പാർത്തു
ക്ഷമയോടെ കാത്തു, തദീയ നീക്കങ്ങൾ
നിഗൂഢം പിന്തുടർന്നവളെക്കണ്ടെത്താൻ.
ഇതിന്നൊന്നേ ഞായം: അവളെക്കൂടാതെ
അവന്നസാദ്ധ്യമി ക്ഷിതിയിൽ വാഴുവാൻ.

പടരും 'ഷേവ്റ്' ഫേയ്' ലതയും തൻ താങ്ങാ- [1]
യമരും 'കുദ്രിയെ' ത്തരുവും പോലവേ [2]
അവരിരുവരും പരസ്പരം പ്രാണൻ
അതിഗാഢമൊട്ടിപ്പിടിച്ചു പോയവർ.
തടിയിങ്കലൂന്നിപ്പടർന്ന പൂവല്ലി [3]
പറിച്ചു മാറ്റിയാൽ ഫലമതിൻ മൃതി.
തരുവും വേഗത്തിലിതേ വഴിയ്ക്കു പോം. [4]
ഒരുമിക്കെ രണ്ടും ക്രമത്തിൽ പൂക്കളും
ഫലങ്ങളുമേന്തിപ്പരിലസിച്ചിടും.

ഇസേവിനോടായി പ്പറയാൻ ത്രിസ്താന്നു-

ളെല്ലാരേയൊരുകാര്യമിതൊന്നു മാത്രമാം:
സുമുഖി മൽപ്രിയ സഖി, ഹാ, നമ്മുടെ
ഭുവനവാഴ്വിന്റെ നിജസ്ഥിതിയോതു:

നീയില്ലെങ്കിൽ ഞാനില്ല,
ഞാനില്ലെങ്കിൽ നീയില്ല! [5]

Le Lai Du Chevrefeuille

കുറിപ്പുകൾ

[1] ഷേവ്ര് ഫേയ് (Che'vre feuille)-സുഗന്ധമുള്ള വെള്ളപ്പൂക്കൾ വിരിയുന്ന ഒരു യൂറോപ്യൻ വല്ലി.

[2] കുദ്രിയെ (Coudrier) = ഭക്ഷ്യയോഗ്യമായ കായ്കളുണ്ടാകുന്ന ഒരു യൂറോപ്യൻ വൃക്ഷം.

[3] മുന്നേ ഞാൻ നിരൂപിച്ചപോൽ സദൃശനാ-
യുള്ളോരു ഭർത്താവിനെ-
ത്തന്നേ പുണ്യവശേന മൽപ്രിയ സുതേ
പ്രാപിച്ചു നീ സാമ്പ്രതം
ഔന്നത്യം കലരും രസാലവര നീ
മുല്ലയ്ക്കുമായ് വല്ലഭൻ
നിന്നെച്ചൊല്ലിയുമില്ല കില്ലിനിയെനി-
ക്കീ മുല്ലയെച്ചൊല്ലിയും.

(കാളിദാസൻ — ശാകുന്തളം (തർജ്ജമ: കേരളവർമ്മ വലിയ കോയിത്തമ്പുരാൻ))

പുഷ്പിത സാലരൂപം പൂണ്ടിതു മൗദ്ഗല്യനു-
മപ്പൊഴെ ലതാരൂപംപൂണ്ടു വേഷ്ടിച്ചാളവൾ.

(എഴുത്തച്ഛൻ — ശ്രീമഹാഭാരതം)

ഹ ഹ, നിൻ തോട്ടങ്ങളിൽ താംബൂലലതകളാൽ
ഗൃഹസ്ഥാശ്രമികളായ് ചമഞ്ഞു കമുങ്ങുകൾ.

(വള്ളത്തോൾ — മാതൃവന്ദനം)

മുറ്റത്തെത്തേന്മാവ് പോയ്പ്പോയ വള്ളിയെ
തൊട്ടു തഴുകിസ്സമാശ്വസിപ്പിച്ചു ഞാൻ.

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

നല്ല മരങ്ങൾതൻ ശാഖാഭുജങ്ങളി-
ലുല്ലാസപൂർവ്വം തലവെച്ചുറങ്ങവേ
വല്ലികൾക്കോമനപ്പൂനിലാവോലുന്ന
പല്ലവച്ചുണ്ടനങ്ങുന്നുണ്ടിടയ്ക്കിടെ.

(ജി. — നേരു പറയണം)

വട്ടം വീശിയമാവുകൾക്കെന്റെ പേർ

കെട്ടിപ്പിടിക്കുന്ന വള്ളിക്കു നിന്റെ പേർ.

(ദേശമംഗലം രാമകൃഷ്ണൻ — മൃത്യുവിൻ പൊരുൾ)

[4] അത്രനാൾ താങ്ങായ് നിന്ന തടിയെച്ചിതയിലും
വിട്ടുപോകാതേ പുല്കിയുരുകും സീതത്താലി
കത്തീടും പ്രഭ, തീതൻ കത്തുന്ന ചുവപ്പിന്നും
ലജ്ജ ചേർത്തീടുമഗ്നിശുദ്ധമാം സ്നേഹപ്രഭ.

(ദേവി — ഒരു രാത്രി)

[5] ഇവനു നീയില്ലാതുയിരില്ലോമനേ
ജഡമല്ലോ വെറും ജഡിലപർവ്വതം.

(ദേവി — ഹിമവാഹിനി)

നിഴലും വെളിച്ചവും

പോൾ-ഴാൻ തുലെ (1867–1920)

PAUL-JEAN TOULET

പ്രകൃതിസ്നേഹിയായ കാമുകനിൽ നീണ്ട ഇടവേളയ്ക്കുശേഷം കാമുകീസ്മരണ ഉണരുന്നു. ശീതകാലത്തിനു തുടക്കം കുറിച്ചു മഞ്ഞും മഴയും തിരനോട്ടം നടത്തുന്ന ശരത്കാലത്ത് നിഴലും വെളിച്ചവും ഇടകലർന്നു മാറിമാറി വരുന്ന പ്രകൃതിദൃശ്യങ്ങളുടെ ചുറ്റുപാടിൽ അവളുടെ മുഖത്ത് മുമ്പു പ്രതിഫലിച്ചിരുന്ന ഭാവഭേദങ്ങൾ താൻ ഓർക്കുന്നു, അവളെയും പ്രകൃതിയെയും ഒരേ ക്യാൻവാസ്സിൽ സമന്വയിപ്പിച്ച് ഈ ഭാവപ്പകർച്ചയുടെ പുനരാവൃത്തി കാണാൻ കൊതിക്കുന്നു. മൊറീഷ്യസ്സ് ദ്വീപിൽ നിന്നു ഫ്രാൻസിൽ കുടിയേറിപ്പാർത്ത ഒരു കുടുംബത്തിലാണ് പോൾ-ഴാൻ തുലെ ജനിച്ചത്.

കാലമപ്രതിരോധ്യം
പറന്നുപോയീ ശീഘ്രം
പൂർണ്ണത നേടീടുന്നു
നാഴികയോരോന്നുമേ.
നീ തിരിച്ചണയുമ്പോ,
ളെൻ സ്വപ്നതടം താണ്ടി-
യാഗമിക്കുമ്പോൾ പുതു
പൊൻ പ്രഭാതത്തെക്കാളും
പുതുമ പൂണ്ടീടുന്നു
പേലവം നിൻ പ്രാണികൾ,
തെളിമയേലുന്നു നിൻ
നീല നീൾ നയനങ്ങൾ.
പോയ കാലത്തിൻ നെടു-
രഥ്യയിലൂടേ ചരി-
ച്ചെന്നോർമ്മ പുണരുന്നു
നിന്നെ, നീയണയുന്നു. [1]
മേൽത്തളം സുരഭിലം
നീയോടിയിറങ്ങവേ
പൂക്കളിൽ പതറുന്നു
ലോലമാം നിൻകാലുകൾ.

വിണ്ണിന്റെ വർണ്ണാഞ്ചിത
മേഘ സഞ്ചയമിങ്ങി-
ച്ചഞ്ചലൽപ്പെരും ‘പോപ്ളർ’
മരത്തെക്കാണെക്കാണെ? [2]

മാറിക്കൊണ്ടിരിപ്പതാം
മഞ്ജുളമായാ ദൃശ്യ-
മാക്കിടുന്നൊരു ശരൽ
ക്കാലാപരാഹ്നത്തിങ്കൽ
നിഴലും വെളിച്ചവും
കൊണ്ടു നിൻമുഖം നവ-
നവമാം തേപ്പേലുന്ന-
തിന്നിയും ഞാൻ കാണുമോ? [3]

Le Tremble Est Blanc

കുറിപ്പുകൾ

[1] കാലമെത്രപോയ്! എന്നാലിന്നുമാശ്വാസത്തിന്റെ
ലോലനീർമുത്തും നോവിന്നിടിമിന്നലും ചിന്നി
മഴവില്ലടയാടച്ചുറ്റി നീയാകും നീല-
മുകിലെൻ ഘനശ്യാമസ്മൃതിതൻ താഴ്വാരത്തിൽ
അണയുന്നേരം കിനാവിന്റെ ചാരു ചന്ദ്രിക
മണി പിഞ്ചരിക നീർത്തുമാൺമയിലാണെൻ ജീവൻ.

(വിഷ്ണുനാരായണൻ നമ്പൂതിരി — മേഘം)

[2] പോപ്ളർ = സദാ ഇളകിക്കൊണ്ടിരിക്കുന്ന ഇലകളോടുകൂടിയ ഒരു യൂറോപ്യൻ വൃക്ഷം

[3] പാരമാശുവിളറിക്കറുത്തുടൻ
ഭൂരിചോന്നുമഥമഞ്ഞളിച്ചുമേ
നാരിതൻ കവിൾ നിറം കലർന്നു, ഹാ
സൂരരശ്മി തടവും പളുങ്കുപോൽ.

(ആശാൻ — നളിനി)

അരുണ കിരണാദികളുമ്മവെച്ചീടുന്നൊ-
രരിയ മൃദു ചെമ്പനീർപ്പൂവുപോലോമലിൻ
തുടുതുടെ ലസിക്കുന്ന പൊൻകവിൾക്കുമ്പിങ്ക-
ലൊരു ഞൊടിയിലായിരം ഭാവം തെളിവതും.

(ഇടപ്പള്ളി — ഞങ്ങൾ)

പുളകപ്പലരൊളി മാറി മാറി-
പ്പുണരുമാപ്പൊൻകവിൾപ്പൂവിണയിൽ
നിഴലിക്കയാണപ്പൊഴപ്പൊഴോരോ
മഴവില്ലിൻ കൊച്ചു കൊച്ചങ്കുരങ്ങൾ.

(ചങ്ങമ്പുഴ — ആനന്ദലഹരി)

വിദൂരപ്രേമം

ഴൌഫ്രെ റ്യുദേൽ (1125–1148)

JAUFRE RUDEL

അങ്ങു കണ്ണെത്താത്ത നാട്ടിൽ ഒരു കാമുകി. ഇങ്ങ് ഒരു കാമുകഹൃദയം അവൾക്കായി തുടിക്കുന്നു. ഇരുവരും തമ്മിൽ കാണാത്തവർ. (നള-ദമയന്തിമാരെ ഓർക്കുക). ഈ വിദൂര പ്രേമത്തിന്റെ വിഹ്വലതകളാണ് ഴൌഫ്രെ റ്യുദേലിന്റെ വരികളിൽ വീർപ്പിടുന്നത്. കാമുകൻ കവി താൻതന്നെ. കുരിശുയുദ്ധകാലത്ത് ഒരു ഫ്രഞ്ച് നാടുവാഴി ജറുസലമിനടുത്ത് സ്ഥാപിച്ച സ്വതന്ത്രരാജ്യമായ ത്രിപ്പോലിയിലെ രാജകുമാരിയിൽ ഫ്രാൻസിലെ മറ്റൊരു യുവ നാടുവാഴിയായ ഴൌഫ്രെ റ്യുദേൽ അനുരക്തനായി. പക്ഷേ, അവളുമായി എങ്ങനെ ബന്ധപ്പെടും? ദൂരം പ്രശ്നമായി. ഒടുവിൽ അദ്ദേഹം കുരിശുസൈന്യത്തിൽ ചേർന്നു. വഴിയിൽ രോഗബാധിതനായി ത്രിപ്പോലിയിലെത്തിയ റ്യുദേൽ കാമുകിയുടെ കൈകളിൽ കിടന്നു മരിച്ചു. രാജകുമാരി പിന്നീട് കന്യാസ്ത്രീയായി. ഫ്രഞ്ചിൽ 'വിദൂരപ്രേമ കവിത'യുടെ ഉപജ്ഞാതാവായ റ്യുദേലിന്റെ ഈ നാടകീയ പ്രണയം പല ആധുനിക യൂറോപ്യൻ കവികളും-Uhland, Heine (ജർമ്മനി), Swinburne (ഇംഗ്ലണ്ട്), Carducci (ഇറ്റലി–1906 ലെ നൊബേൽ സമ്മാന ജേതാവ്), Rostand (ഫ്രാൻസ്)-കാവ്യവിഷയമാക്കിയിട്ടുണ്ട്.

നീളമേറും മെയ്മാസ ദിനങ്ങളിൽ [1]
ദൂരവേ നിന്നു നേർത്തുവന്നെത്തിടും
പൈങ്കിളിപ്പാട്ടുണർത്തിടുന്നെന്നക- [2]
ത്തെൻ വിദൂരാനുരാഗ സ്മരണകൾ. [3]
മ്ലാന ചിന്ത മഥിയ്ക്കും മനസ്സോടെ
നമ്രശീർഷനായ് ഞാൻ നടന്നീടവേ
നീന്തിവന്നിടും സംഗീതമാകട്ടെ
ചന്തമേറിടും സൂനങ്ങളാകട്ടെ
ഇമ്പമേകുന്നതില്ലെനിക്കേതുമേ,
മഞ്ഞുറഞ്ഞ ഹേമന്തം കണക്കിനെ.

സത്യനാഥനായ് വാഴുന്നവനുമാ- [4]
യാത്മബന്ധം പുലർത്തുവോനാമെനി-
ക്കാവുകില്ലയോ കാണാനവനിലു- [5]
ടാ വിദൂരത്തിലുള്ളൊരെന്നോമലെ?
നീളനങ്കിയും ദണ്ഡും ധരിച്ചൊരു
തീർത്ഥചാരിയായങ്ങു ഞാനെത്തുകിൽ
പാർത്തിടാം രമ്യനേത്രങ്ങളാലെയി-
പ്രേമഭിക്ഷുവെയപ്പുണ്യശാലിനി.
ലോകനാഥനനുഗ്രഹിച്ചീടുകിൽ

ദൂരദേശത്തിൽ നിന്നുള്ളതിഥിയായ്
അർഹമാം വിധം സ്വീകാരമേറ്റുഞാൻ
നീതനായിടാം തന്നികേതത്തിലായ്.
ദൂരമൊക്കെയും പെട്ടെന്നകന്നിരു [6]
പേർകൾ ഞങ്ങളഭിമുഖമായിരു-
ന്നോതുകില്ലെത്ര രാഗവചസ്സുകൾ,
ദൂരദേശ വിരുന്നുകാരന്റെ ഹൃ-
ത്തേലുകില്ലെത്ര സാന്ത്വമിസ്സംഗമാൽ!
ഇമ്മുഖാമുഖ ധന്യസമാപ്തിയിൽ
താപ ഹർഷങ്ങൾ താവും കരളുമായ്
ഞാനവളോടു യാത്ര വഴങ്ങിടാം…

പക്ഷെ, യെന്നെനിക്കൊത്തിടുമെന്റെ താ-
മിച്ചിര സ്വപ്ന മുണ്മയായ് മാറ്റുവാൻ? [7]
ഞങ്ങൾതന്നിരു നാട്ടിന്നിടയിലു-
ള്ളന്തരാള മതെത്ര വിശാലമാം!
എത്ര കാതങ്ങൾ കാതങ്ങൾ താണ്ടുവാൻ,
എത്ര മാർഗ്ഗങ്ങൾ മാർഗ്ഗങ്ങൾ പിന്നിടാൻ! [8]
ഇല്ലറിയില്ലെനിക്കവയൊന്നുമേ,
ഈശ്വരേച്ഛയ്ക്കു ഞാൻ വിട്ടുന്നൊക്കെയും.
പാവനാംഗിയെക്കാണാൻ കഴിഞ്ഞിടും
നാൾവരെ ഞാനറിയുകില്ലാനന്ദം.

ഇല്ലരികിലോ, ദൂരെയോ കന്യയൊ-
ന്നെൻ ഹൃദയാധിനാഥയ്ക്കു തുല്യയായ്,
ആഭിജാത്യത്തിൽ ഭാവവിശുദ്ധിയിൽ
ആരുമേയില്ലവളെ വെന്നീടുവാൻ. [9]
ഉണ്മതാനുയിർക്കൊണ്ടുള്ളൊരുൽക്കൃഷ്ട,
മിന്നിടുന്നവള 'സ്സാർസൻ' ഭൂമിയിൽ. [10]
ഞാൻ മടിക്കില്ലവൾക്കു വേണ്ടീട്ടൊരു
ബന്ദിയാകാനുമാ രണഭൂമിയിൽ. [11]
രാഗനിർവൃതിയെന്നൊന്നെനിക്കനു-
ഭൂതമാകുന്നു വാഴ്വിതിലെങ്കിലോ,
ആയതൊന്നിങ്കലൊന്നിങ്കൽ മാത്രമാം:
ഈ വിദൂരാന്തരാഗ സമ്പൂർത്തിയിൽ! [12]

Lorsque Les Jours Sont Longs En Mai

കുറിപ്പുകൾ

[1] മെയ്മാസ ദിനങ്ങൾ വസന്തകാല ഭാഗമാണ്.

[2] മാപ്പ്, ദാവാഗ്നികരിച്ച പൂക്കാട്ടിൽ വ-
ന്നീ കുയിൽ പാടി സ്തുതികളുണർത്തിയോ?
(വിഷ്ണുനാരായണൻ നമ്പൂതിരി — മാപ്പ്)

[3] കരളിലെപ്പാതവക്കത്ത് നീ നട-
ന്നകലുമാസ്വനം കേൾപ്പു ഞാനിപ്പൊഴും,
അതിവിദൂരമാണെങ്കിലെന്തായ തൊ-
രിടിമുഴക്കമായെത്തുമിടയ്ക്കിടെ.

(വിഷ്ണുനാരായണൻ നമ്പൂതിരി — വേർപാട്)

നില്ക്കുന്നു നീ, സഖി, യായിരം നാഴിക-
ക്കപ്പുറത്തെങ്കിലും വിസ്മരിക്കില്ല ഞാൻ,
ജീവനാളത്തിലും പറ്റിപ്പിടിച്ചോരെൻ
ജീവിതാനന്ദമേ വിസ്മരിക്കില്ല ഞാൻ.

(പെരുന്ന കെ. എൻ. നായർ — പ്രതീക്ഷ)

[4] സത്യ...വാഴുന്നവൻ = ക്രിസ്തുദേവൻ

[5] അവനിലൂടെ = അവന്റെ (ക്രിസ്തുവിന്റെ) മാർഗ്ഗത്തിലൂടെ

[6] ദൂരത്തിലടുപ്പമുണ്ടടുപ്പത്തിങ്കൽത്തന്നെ
ദൂരവും, പ്രതിഭതൻ മോഹന പ്രപഞ്ചത്തിൽ

(ജി. — വിശ്വദർശനം)

അകലങ്ങളത്രയുമടുക്കു-
ന്നടുപ്പങ്ങളകലുന്നു.

(കരൂർ ശശി — നൈമിഷികം)

എങ്കിലും ചാരത്തു നില്ക്കുന്ന സത്യമായ്
എത്രയോ ദൂരത്തു കാണാതെ കണ്ടു നാം...
എന്നിട്ടുമെന്നിട്ടു മഴലിന്റെ നേർത്തൊരീ
നീർച്ചാലിനപ്പുറമിപ്പുറം നില്പു നാം.

(കൈതപ്രം — ആർദ്രം)

If the dull substance of my flesh were thought
Injurious distance should not stop my way,
For then, despite of space, I would be brought
From limits far remote where thou dost stay...

(Shakespeare — Sonnets)

[7] ഇങ്ങു വിദൂരത്തിരുന്നു കിനാവിന്റെ
ഭംഗിതിരളുമാ മാടപ്പിറാവിനെ
ഇന്നലെയും വിട്ടയച്ചേൻ തവമിഴി-
ത്തെല്ലിലെ നീലക്കതിരുകൾ മേയുവാൻ.

(വിഷ്ണുനാരായണൻ നമ്പൂതിരി — മാപ്പ്)

[8] പൊന്നുചിങ്ങത്തിൽത്തിരുവോണമാണിന്നെൻ നാട്ടിൽ
നിന്നുമെത്രയോകാതം ദൂരെയാം ഞാനെന്നാലും
മാമകഹൃദന്തരം ചിറകിട്ടടിക്കുന്നി-
താമനോഹരമായ മലനാട്ടിലേയ്ക്കെത്താൻ...

മാറുവിൻ മലകളേ, മായുവിൻ കടൽകളേ
നീറുമെൻ മനം ചെന്നാവദനം മുകരട്ടെ.
(ജി. — പ്രതികാരം)

And I will come again my Luve,
Tho' it were ten thousand mile.
(R. Burns — O My Luve's Like a Red, Red Rose)

[9] ഇത്തരം ധരയിലെങ്ങു ശുദ്ധമാം
ചിത്തവും മധുരമായ രൂപവും?
(ആശാൻ — നളിനി)

കുണ്ഡിനീ നായക നന്ദിനിക്കൊത്തൊരു
പെണ്ണില്ല മന്നിലെന്നു കേട്ടു മുന്നേ,
വിണ്ണിലുമില്ല നൂന മന്യലോകത്തിങ്കലും
(ഉണ്ണായിവാരിയർ — നളചരിത്രം ആട്ടക്കഥ)

മല്ലാരി മനതാരിൽ നല്ലോരു രൂപം പൂണ്ടു
മെല്ലെ നിരൂപിക്കുന്നു; നല്ലാരിൽ മണിയോടു
തുല്യമായ് പാരിലെങ്ങും ഇല്ലൊരു തരുണിയാൾ.
(കുഞ്ചൻ നമ്പ്യാർ — സ്യമന്തകം)

സുന്ദരിയാണ് സുശീലയുമാണവൾ
മന്ദിരശ്രീയാണാ മംഗളാംഗി
നിർമ്മലത്വത്തിൻ നിദർശനം തന്നെയ-
മ്മുഗ്ദ്ധസ്മേരോല്ലസലാനനാബ്ജം
(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

One fairer than my love! The all seeing sun
Never saw her match since first the world begun.
(Shakespeare — Romeo and Juliet)

[10] സാർസൻ ഭൂമി = അറബി നാട് (സാരസനിക്ക് നാട്)

[11] കുരിശുയുദ്ധത്തിൽ തവുകാരായി പിടിക്കപ്പെട്ടവരെ ഇരുകൂട്ടരും കൊന്നിരുന്നു (അവൾക്കുവേണ്ടി രക്തസാക്ഷിയാകാൻ എന്നു വ്യംഗ്യം).

[12] രാഗസമ്പൂർത്തി = പ്രേമസാഫല്യം

വൃദ്ധകാമുകി

ഫ്രാംസ്വാ മെയ്നാർ (1582–1646)

FRANCOIS MAYNARD

പൂവണിയാത്ത പഴകിയ പ്രണയം എന്നത്തേയും പ്രശ്നമാണ്. പഴംപ്രേമത്തിന്റെ ചുരുളഴിക്കുന്ന ഫ്രാംസ്വാ മെയ്നാറിന്റെ ഈ കവിതയ്ക്ക് ഫ്രഞ്ച് പ്രണയ കവിതകളിൽ പ്രത്യേകസ്ഥാനമുണ്ട്-ഫെലിക്സ് അർവേറിന്റെ ‘ആത്മരഹസ്യം’ പോലെ (ഫ്രഞ്ച് കവിതകൾ ഒന്നാം ഭാഗം). ഫ്രഞ്ച് സാഹിത്യ അക്കാദമിയുടെ സ്ഥാപകമെമ്പറും നയതന്ത്രോദ്യോഗസ്ഥനുമായിരുന്ന മെയ്നാർ പ്രണയ കവിതകൾക്കു പുറമെ മതവിഷയകമായ കവിതകളുമെഴുതിയിട്ടുണ്ട്.

നെടിയ കാലമായ് ഞാനർച്ച ചെയ്തിടും
ഹൃദയ നായികേ, നീ കനിഞ്ഞീടില്ലേ
വിരസമാംവിധം നീങ്ങുമെൻ വാഴ്വിനെ-
പ്പുതു വഴിയൊന്നിലൂടവേ നീക്കുവാൻ?
ഒടുവിലുള്ളിശ്ശിശിരങ്ങൾക്കായ്ച്ചില
സുഖദ സുന്ദര നാളുകൾ നല്കുവാൻ? [1]
അറിയുമെല്ലാ ചരാചരങ്ങൾക്കുമെൻ
പ്രണയഭാജനം നീ മാത്രമെന്നയേ.
തവ വിരക്തി വെടിഞ്ഞിടാതിങ്ങിനെ
തടഞ്ഞിടായ്കെന്റെ നിർവൃതി പ്രാപ്തിയെ.
സതതം മൂടുപടത്തിനുമുള്ളിലായ്
മരുവിടേണ്ടതോ മുഗ്ദ്ധമാം നിൻമുഖം?
കദന പൂർണ്ണ നിശീഥത്തിൽനിന്നു നീ
വെളിവിലിന്നിയും വൈകാതെ വന്നിടൂ.
മഹിത രാഗാഗ്നിയെന്നിൽക്കൊളുത്തിയ
തവ നയനങ്ങൾ തൻ ദിവ്യ ദീപ്തിയിൽ
മുഴുകി വാഴുന്നതിന്നിനിയെങ്കിലും
അനുമതിയെനിക്കേകുകയില്ലയോ?

സദയമോർത്താലും, ഇന്നല്ല നീയെന്റെ
ഹൃദയ സാമ്രാജ്യറാണിയായ്ത്തീർന്നതു.
പറകിൽ, നാലു പതിറ്റാണ്ടുകാലത്തിൻ
പഴമയുണ്ടെന്നടിയറവിന്നെടോ? [2]
ഇതിനിടയിൽ നിൻ ചെമ്പൊൻ പുരികുഴൽ
പടുനരതൻ പിടിയിലമർന്നുതേ.
ഇതിലെനിക്കെന്തു! പ്രേമിപ്പു നിന്നെ ഞാൻ [3]

നിയതഭാവത്തിലിന്നുമന്നെന്നപോൽ. [4]
ഇളവയസ്സിലേ നിൻ നീല നേത്രങ്ങൾ
ഒരു നവാവേശമെന്നിലുൾച്ചേർത്തുതേ.
ഇളവയസ്സിലേ തൽക്കമനീയത [5]
അടിപെടുത്തിയെന്നന്തരംഗത്തിനെ.
പരിണയേച്ഛതൻ തീപ്പന്തം നിന്നിലാ-
യെരിഞ്ഞിടുന്നതു കാണുവാൻ കാത്തല്ലോ
നെറിയെഴും നിൻ നിലപാടുമാനിച്ചു
മറവിൽ നിന്നതു മൽപ്രേമമിത്രനാൾ.
പരിഭവം, പരമാദരമർഹിയ്ക്കും
ഭവതിയോടെനിയ്ക്കിന്നോളം തോന്നീലാ.
ചില പൊഴുതു ഞാൻ വിശ്വസ്ത തോഴരോ-
ടരുളിനേനെന്റെ നൊമ്പരമെങ്കിലും
അവരിലാരുമിന്നോളവുമന്യമാ-
മൊരു ചെവിയിലുമെത്തിച്ചിട്ടില്ലിതു.
പെരികെ നോവുമെൻ ഹൃത്തിന്നൊരിത്തിരി
പ്പൊറുതി കിട്ടുവാൻ വേണ്ടിപ്പലപ്പൊഴും
മൊഴിയുമെൻ കഥയിപ്പാറക്കെട്ടിനോ-
ടൊഴുകിവീഴും മിഴിനീർ തുടച്ചു ഞാൻ.
നിബിഡ മാമരച്ചാർത്തിന്റെ പന്തലിൽ
പകലുമാരമ്യരാവു പണിഞ്ഞിടും
പഴയ കാട്ടിനോടെൻപ്രേമ പ്രശ്നത്തിൻ
ച്ചുരുളഴിച്ചു ഞാൻ പോംവഴി തേടിടും.
പ്രണയവും പരിതാപവും തിങ്ങുന്ന
മനവുമായി ഞാനിറ്റലിത്തീരത്തിൽ [6]
മധുര നാരകച്ചോട്ടിലായ്പ്പൂക്കൾമേൽ
കിടന്നു കാട്ടിയെന്നുൾക്ഷതമാഴിയെ. [7]
കടലലകൾ നിൻ നാമം വിദൂരമാ-
റ്റൊലികളോടു പറഞ്ഞു ഞാൻ ചൊല്കയാൽ.
അവിടെയബ്ഭുതകാലാവശിഷ്ടങ്ങൾ- [8]
ക്കിടയിലായിപ്പുരാതന റോമിനെ
തിരയുകയല്ല ചെയ്തതു ഞാൻ, പിന്നെയോ
കരളിനുള്ളിൽ നിൻകോമള വിഗ്രഹം
കുടിയിരുത്തീട്ടു പൂജിച്ചുപോന്നുതേ.
വരുണനുൾപ്പെടെ സ്സർവർക്കും വന്ദ്യയാ [9]
പ്രഥിത വാഹിനിയിസ്സത്യമോരുമേ. [10]
... ...
വിരതിയില്ലാതണഞ്ഞിടും വർഷങ്ങൾ-
ക്കടിപണിഞ്ഞു കഴിഞ്ഞിടുന്നിങ്ങു ഞാൻ. [11]
നര കയറി വെളുത്തതാമെൻ ശിര-
സ്സരുളുന്നെന്നോടു നേരൊന്നു നിത്യവും:
'മനുജരോടും മറ്റെല്ലാറ്റിനോടുമേ
വിട പറയേണ്ട നാളടുത്തീടുന്നു.'

കുറയുകയാണു ചോരയ്ക്കു ചൂടെന്റെ
തനുബലവും കുറഞ്ഞു വരികയാം. [12]
നിഭൃതമിപ്രേമമെന്നിലില്ലെങ്കിലോ
നിഹിതമായേനെ മാമക പ്രാണാഗ്നി!

La Belle Vieille

കുറിപ്പുകൾ

[1] ജീവിതത്തിൽ ഇതേവരെ ശിശിരങ്ങളേ ഉണ്ടായിട്ടുള്ളുവെന്നു വ്യംഗ്യം.

[2] അടിയറവ് = കീഴടങ്ങൽ

[3] ...വില കൂടും
വാർദ്ധകത്തുവെള്ളിയ്ക്കു യൗവനത്തങ്കത്തേക്കാൾ.
(വള്ളത്തോൾ — യുവഭിക്ഷ)

വെൺനര കലർന്നവളല്ല, നീയെൻകണ്ണിനു
'കണ്വമാമുനിയുടെ കന്യ'യാ മാരോമലാൾ.
(വൈലോപ്പിള്ളി — ഊഞ്ഞാലിൽ)

പല്ലു കൊഴിഞ്ഞൊരാത്തുവായ്മലരണി-
ച്ചില്ലൊളിപ്പുഞ്ചിരിത്തുനിലാവിൽ
ഉത്തമ പ്രേമാനുഭൂതികൾ മേളിച്ചു
മത്തടിക്കുന്നിതെൻ ചിത്തമിന്നും.
(ചങ്ങമ്പുഴ — ആശ്രമ മൃഗം)

ചുറ്റും ചിതറുന്ന പുഞ്ചിരി അങ്ങിങ്ങു
പറ്റി നില്പപൂ നരയായ് നിന്റെ കുന്തലിൽ.
(വിഷ്ണുനാരായണൻ നമ്പൂതിരി — അതിർത്തിയിൽ)

രജതമുറ്റുന്നു കുന്തലിൽ, കണ്ണിൻ
തടമിരുണ്ടു കയം, ബാക്കിയിന്നീ
കവിതമാത്രം, കരളിലെച്ചോപ്പും
കനലുപോലെയുറങ്ങിക്കിടപ്പൂ.
(ദേവി — വെറുമൊരു പ്രേമഗാനം)

... മനുജ പൈതൃകം! സായാഹ്ന യാത്രയിൽ
നരയിലാരോ തിരച്ചിലാണിപ്പൊഴും
പഴയ പൂവാങ്കുരുന്നിലക്കാട്ടുകൾ.
(വിജയലക്ഷ്മി — കർക്കടകം)

പണ്ടത്തെ ധീരയാം പ്രൗഢയല്ലിന്നെന്റെ
മുന്നിലിരിക്കും കൃശാംഗിയോർമ്മിപ്പൂ ഞാൻ,
പുഞ്ചിരിക്കില്ലൊരു മാറ്റവുമായതു

നെഞ്ചകം ചഞ്ചലിപ്പിക്കയാണിപ്പൊഴും.

(പെരുന്ന കെ. എൻ. നായർ — വീണ്ടുമൊരിക്കൽ)

To me fair Friend, you never can be old
For as you were when first your eye I eyed
Such seems your beauty still…

(Shakespeare — The Unchallengeable)

Thy silver locks once auburn bright
Are still more lovely in my sight
Than golden beams of orient light, My Mary!

(William Cowper — To Mary Unknown)

But true love is a durable fire
In the mind ever burning
Never sick, never old, never dead,
From itself never turning.

(Sir Walter Raleigh — As you came from the Holy Land)

[4] ഉണഗണ മിണങ്ങുമപ്പൂമേനിയല്ലതിൻ
പ്രണയസുധമാത്രമാണാശിപ്പതോമനേ.

(ഇടപ്പള്ളി — രാഗിണി)

But now your brow is bald, John,
Your locks are like the Snow;
But blessings on your frosty pow,
John Anderson, my jo.

(R. Burns — John Anderson)

[5] തൽക്കമനീയത = അവയുടെ (കണ്ണുകളുടെ) ആകർഷണം

[6] ഇറ്റലിത്തീരത്തിൽ = കവി റോമിൽ ഫ്രഞ്ച് എംബസ്സി സിക്രട്ടറിയായിരുന്നു.

[7] ഉൾക്ഷത്രം = ഹൃദയത്തിന്റെ മുറിവ്

[8] ഭൂതകാലാവശിഷ്ടങ്ങൾ = റോമിലെ പുരാവസ്തുക്കൾ

[9] വരുണൻ-റോമൻ പുരാണത്തിൽ സമുദ്രങ്ങളുടെ അധിദേവനായ Neptune

[10] റോമിനെത്തഴുകിപ്പോകുന്ന ടൈബർ നദി

[11] ഇരുന്നു നരച്ചോട്ടെ മാമക പ്രണയമീ
യിരുളിൽ, മൂകത്വത്തിൻ ഞെരുങ്ങുമറയിങ്കൽ.

(പി. കുഞ്ഞിരാമൻ നായർ — പ്രേമഗീതി)

[12] ഇനിയില്ലൊരാജ്ഞ, യി
സ്സ്നേഹത്തിനുത്തരം
തരിക നീ, വരിക നീ മുന്നിൽ
… … … … …

ഇനിയില്ല സമയ, മെൻ
പകലസ്തമിക്കുന്നു,
ഇനിയെനിക്കില്ലൊരു രാവും.

(കരൂർ ശശി — ലയം)

നാഡി നിർവികാരകമായി, സാഹസം പാടും
നാവിനിന്നലസതയായി നീയറിഞ്ഞീലേ?

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

അധികമില്ലിനി, സ്സമയമാവുന്നു
അതിഥിമന്ദിരമടച്ചുപൂട്ടുവാൻ.
നെരിപ്പിലെക്കനൽ തണുത്തു മങ്ങുന്നു...

(വിജയലക്ഷ്മി — വിശ്രമാലയം)

ഇവിടെ നമ്മൾക്കു തങ്ങുവാനില്ലേറെ-
സ്സമയം, ഇപ്പോൾ തിരിച്ചുപോകേണ്ടയോ?

(പ്രഭാവർമ്മ — ഊഞ്ഞാൽ)

എല്ലാം പറന്നു പോയ്

ഴെറാർ ദ് നെർവാൽ (1808–1855)

GERARD DENERVAL

‘കാമനീയകധാമ’മായ ഒരു പെൺകൊടി യുവഹൃദയങ്ങളെ സ്വാഭാവികമായും തരളിതമാക്കുന്നു. യുവത നഷ്ടപ്പെട്ടവരുടെ-പ്രായത്താലോ രോഗത്താലോ-ഹൃദയങ്ങളിലും അവൾ ചലനങ്ങൾ സൃഷ്ടിക്കാതിരിക്കുന്നില്ല. ഇക്കൂട്ടർ പല കാരണങ്ങളാലും ഇതു മറച്ചുപിടിക്കുന്നുവെന്നു മാത്രം. ഴെറാർ ദ് നെർവാൽ ഇവിടെ സ്വന്തം ഹൃദയം തുറന്നു കാണിക്കുന്നു.

കരതലമതിൽ കാഞ്ചന പുഷ്പവും
ചൊടികളിൽ പുതുപല്ലവിയൊന്നുമായ്
ചുറ്റുചുറുക്കിയന്നേറെച്ചുടലയായ്
ഒരു കിളിപ്പൂൺപ് പോലെയത്തയ്യൽ പോയ്.

പ്രതിവചസ്സെന്റെ ഹൃത്തിന്നു നല്കവ-
തവളുടെ ഹൃത്തു മാത്രമെന്നായിടാം,
ഇരുളുറഞ്ഞതാം എന്നിരവിന്നവൾ
തെളിവരുളാം ഒരു കടാക്ഷത്തിനാൽ.

വിഫലം പക്ഷെ യെന്നാശ, വിനഷ്ടമെൻ
യുവത, യിന്നെനിക്കായിട്ടു മിന്നിയ
പുരു മനോജ്ഞമയൂഖമേ, ഹാ വിട! [1]
പരിമളം, ഇളം പെൺകൊടി, സംഗീതം...
മറയുകയായിരുന്നെന്റെ യാനന്ദ-
ഭരിത നാളുകൾ, എല്ലാം പറന്നുപോയ്.

Une Allee Du Luxembourg

കുറിപ്പുകൾ

[1] ഉത്തുംഗമാം തിര നിശ്ശബ്ദമാം തിര
പത്തി നീർത്തിക്കുതിച്ചെത്തിയ വൻതിര
കൊത്തീ കരളിന്റെ കണ്ണിൽ, പിടയവേ
ഒക്കെമറഞ്ഞലിഞ്ഞു കിനാവെന്നപോൽ.

(ദേവി — നിശ്ശബ്ദതയുടെ താഴ്വര)

സ്മൃതികൾ തൻ ചാമ്പൽ കുമിച്ചുകൂട്ടിയെൻ-

മുഖ മതിൽപ്പൂഴ്ത്തിയൊളിച്ചുവെപ്പൂ ഞാൻ.

(പി. ഉദയഭാനു — കടലും കരയും)

സന്ധ്യ

വൊൽത്തേർ (1694–1778)

VOLTAIRE

നഷ്ടയൗവനത്തെയോർത്തു നെടുവീർപ്പിടാത്തവർ ആരുണ്ട്! ജീവിതാരാമത്തിൽ പ്രേമപുഷ്പം വിടരുന്ന പൂക്കാലത്തിന്റെ കൊഴിച്ചൽ പല ഹൃദയങ്ങളിലും നീണ്ട ഗൃഹാതുരത സൃഷ്ടിക്കുന്നു. പ്രേമകാലം കഴിയുകയാൽ സൗഹൃദത്തിൽ സംതൃപ്തി കണ്ടെത്തിയ പ്രഗത്ഭനായ വൊൽത്തേര തന്റെ സുഹൃത്തും വലിയ വിദുഷിയുമായിരുന്ന മദാം ദ്യു ഷത്തലേ പ്രഭ്വിയ്ക്കു (Madame du Chatelet) സമർപ്പിച്ച ഈ കവിതയിൽ ആ നഷ്ടസ്വർഗ്ഗത്തക്കുറിച്ചുള്ള പരിതാപം മറച്ചുവയ്ക്കുന്നില്ല. പത്തുകൊല്ലക്കാലം അദ്ദേഹം അവരുടെ കൊട്ടാരത്തിലായിരുന്നു താമസം. അദ്ദേഹത്തിന്റെ കൃതികളിൽ ചിലത് അവരുടെ പ്രേരണയിൽ എഴുതപ്പെട്ടവയാണ്. വിഖ്യാത ചിന്തകനായ വൊൽത്തേര കവിതകളെന്നപോലെ കഥകളും നാടകങ്ങളും എഴുതിയിട്ടുണ്ട് ബുദ്ധിപരതയാണ് അദ്ദേഹത്തിന്റെ കവിതകളുടെ ശക്തിയും ദൗർബല്യവും. രാജാധികാരവുമായി ഇടങ്ങതിനാൽ ബസ്കീയ്യ് Bastille കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നു.

പ്രണയിച്ചിടേണം ഞാനിനിയുമെന്നാകിലോ
പ്രണയത്തിൻ പ്രായം തരികെനിയ്ക്കായ്
ഇതു മമ ജീവിത സന്ധ്യയാം, സാദ്ധ്യമോ [1]
ഇതിനോടുഷസ്സിനെച്ചേർത്തിണയ്ക്കാൻ! [2]

മദിരതന്നീശ്വരൻ പ്രണയത്തോടൊപ്പം വാ-
ണരുളുന്ന സുന്ദര നാട്ടിൽനിന്നും
അകലുവാൻ മുന്നറിയിപ്പെനിയ്ക്കേകി യെൻ-
കരമേന്തിയെന്നെ നടത്തുംകാലം.

അയവറ്റതാമതിൻ ചിട്ടയിൽനിന്നു നാം
ചില നന്മയെങ്കിലും നേടിടേണം.
എവനില്ല സ്വപ്രായ ബോധം, തൻ പ്രായത്താൽ
അവനുണ്ടാം ദൗർഭാഗ്യമാകമാനം.

മധുരമാം യൗവനത്തിന്നു വിട്ടീടു തൻ-
മദകര ലീലാ വിലാസമെല്ലാം. [3]
ഇരുകാലം മാത്രം നാം ജീവിച്ചിടുന്നതിൽ
ഒരുകാലം ജ്ഞാനത്തിന്നായിടട്ടെ [4]

ഇനി വന്നിടാവിധമെന്നെ വിട്ടോടുന്ന
കനിവേ, കിനാവേ, യെൻ കമ്പങ്ങളേ [5]
ഇതുവരെ ജീവിതക്കയ്പിങ്കൽ സാന്ത്വന-

മരുളിമേ വാനിൻ വരങ്ങൾ നിങ്ങൾ,

പ്രണയിച്ചിടുന്നതും പ്രണയിക്കപ്പെട്ടുവതും
അറുതിവരുന്നതൊരു മൃതിയാം. [6]
ഇരുമൃതിയേൽവൂ നാം, ഇമ്മൃതി ദുസ്സഹം, [7]
തനി മൃതിയൊന്നുമേയല്ലതാനും.

പിഴവുറ്റൊരെന്നാദ്യകാലത്തിൻ നഷ്ടത്തിൽ
പരിതപിച്ചീടവേ ഞാനിവണ്ണം,
അഭിനിവേശങ്ങൾക്കടിപെട്ടൊരെൻ മനം
വ്യതിചലനങ്ങളിൽ വേദനിക്കേ,

വരവായി വിണ്ണിറങ്ങീടിന സൗഹൃദം
പൊറുതിയെനിക്കരുളീടുവാനായ്
അലിവിങ്കലില്ല കുറവതിന്നെങ്കിലും
അനുരാഗം പോലതു തീവ്രമല്ല [8]

തരളാന്തരംഗനായ്ത്തന്നവ്യ ഭംഗിയാൽ
വെളിവാർന്നതിന്നുടേതാമൊളിയാൽ
അതിനെ ഞാൻ പിന്തുടർന്നെങ്കിലും കേണു ഞാൻ
'ഇനിയിതു മാത്രം' എന്നോർക്കുകയാൽ [9]

A Madame Du Chatelet

കുറിപ്പുകൾ

[1] നിത്യതൻ പ്രകാശത്തിലേയ്ക്കെപ്പൊഴോ
നീണ്ടു നീണ്ടെത്തുന്ന ജീവിതത്തിന്റെ നിഴൽ
അപ്പോളനുപമശാന്തിക്കതിർ ചൊരി-
ഞ്ഞെത്തുന്ന വിശ്രമസന്ധ്യപോൽ വാർദ്ധകം.

(എൻ. വി. കൃഷ്ണവാരിയർ — യാത്ര)

[2] ഇല്ലാ സമയം പുതിയ പ്രണയത്തി-
നിന്നിയും, വേലിയിറക്കമായ്, നോക്കുക!
കുട്ടിത്തിരകളും ശാന്തരായ്, താന്തരായ്,
പത്തി ചുരുക്കിപ്പരസ്പരം ചാരുന്നു.
വെണ്മണൽത്തിട്ടിൽ നനവുണങ്ങുന്നു. നീർ-
തൻദയ നക്കുന്ന കാറ്റല; ഞണ്ടുകൾ
വട്ടക്കുഴികളിൽനിന്നു വലിഞ്ഞേറി-
യൊക്കെയും ഭദ്രമെന്നോർത്തോടി നോക്കുന്നു.
അസ്തമിക്കുന്ന മഹാതിക്തകം കടി-
ച്ചർക്കനും തേരുരുളൊച്ച നിലയ്ക്കുന്നു…

(അയ്യപ്പപ്പണിക്കർ — ഭദ്രേ ഭയങ്കരി)

തുവലുപൊഴിഞ്ഞ കിളിയെന്നപോൽ

ഞെട്ടിലെപ്പൂവിതൾ കൊഴിഞ്ഞമുള്ളെന്നപോൽ
സൃഷ്ടിതൻ ചോദനയൊഴിഞ്ഞതാം
ചേതനകണക്കിതാ...

(വിഷ്ണുനാരായണൻ നമ്പൂതിരി — ഒരോർമ്മയ്ക്ക് സ്നേഹപൂർവ്വം)

പഴുത്തില വീണ്ടും തളിരിലയാമോ?

(കടമ്മനിട്ട — പുരുഷസൂക്തം)

പഴുത്തൊരില ഒരു പാഴ്ത്തൂവൽ നിജകൃത്യം
നിറവേറ്റിയിട്ടന്യമാവുന്നു കൊഴിയുന്നു.

(ഒ. എൻ. വി. — അശാന്തിപർവ്വം)

വാർന്നുപോ-
യുള്ളം കയ്യിൽ പിടിച്ചുവെച്ചിരുന്നതാം
വെളിച്ചം മുഴുവനും.
അടർന്നു വീഴാനുന്നു-
മൊരു രക്തബിന്ദുവായ്
കറുക്കുന്നു കാലം.

(ആർ. രാമചന്ദ്രൻ — കാലം)

Crabbed Age and Youth
Cannot live together...
Youth is hot and bold
Age is weak and cold
Youth is wild and Age is tame:-
Age, I do abhor thee,
Youth I do adore thee...

(Shakespeare — A Madrigal)

[3] പൂത്തമാമലയേറി കല്യാണ സൗഗന്ധിക-
പ്പൂക്കൾ നുള്ളുവാൻ പോയ ബാല്യകൗമാരങ്ങളിൽ...

(പുതുശ്ശേരി രാമചന്ദ്രൻ — നരയും ജരയും)

That age is best which is the first
When youth and blood are warmer
But being spent, the Worse and Worst
Times will succeed the former.

(R. Herrick — Counsel to Girls)

[4] ബാല്യത്തിലേ വിദ്യകളഭ്യസിച്ചും
താരുണ്യമായാൽ വിഷയേ സുഖിച്ചും
വാർദ്ധക്യകാലം മുനിയായ്ക്കഴിച്ചും
ദേഹത്തെ യോഗാലൊടുവിൽ ത്യജിച്ചും...

(കാളിദാസൻ — രഘുവംശം)

ആയതിന്നലങ്കാര ധ്വനി വ്യഞ്ജനകളെ-
യാകെയാസ്വദിക്കുവാനൾക്കാഴ്ചയേറും നാളിൽ.

(പുതുശ്ശേരി രാമചന്ദ്രൻ — നരയും ജരയും)

[5] ഇല്ല താത്പര്യം ശിശുവിൻ കളികളിൽ
ഇല്ല യുവാവിന്റെ സാഹസത്തിൽ പ്രിയം
ഇല്ലമാധുര്യം ഹൃദയത്തിൽ-ആ മട്ടി-
ലല്ലി മനുഷ്യനിൽ മുറ്റുന്ന വാർദ്ധകം?

(എൻ. വി. കൃഷ്ണവാരിയർ — വാർദ്ധക്യം)

മഞ്ഞുറയുന്ന മധ്യവയസ്സിൽ, വിവേകത്തിൻ
വെൺനിറം ചുരുൾ നീലമുടിയിൽ പരക്കുന്നു!
തേടിയും കുറച്ചൊക്കെ നേടിയും, ചുവടുറ-
ച്ചാടിയും കുഴഞ്ഞു മെയ്‌വാടിയും, സായാഹ്നത്തിൽ
ഓർത്തിരിക്കുമ്പോൾ നീറ്റം കൊള്ളുന്നു-ചേതംവന്ന
മാത്രകൾ, നുണയ്ക്കാത്ത മധുരങ്ങൾ, കൈപ്പെട്ടു
വഴുതിപ്പോകും രമ്യരാഗങ്ങൾ, കരുത്തെന്നു
കരുതിത്തരിശിട്ട കാമത്തിൻ കോൾപ്പാടങ്ങൾ…

(വിഷ്ണുനാരായണൻ നമ്പൂതിരി — മഞ്ഞിലെ രശ്മി)

അപരാഹ്നത്തിലേക്കിറങ്ങുന്ന വെയിൽ
തിടമ്പും പൂരവും പുരുഷാരത്തിന്റെ
കലമ്പലും കട്ടും നിറങ്ങളൊച്ചയും…

(വിജയലക്ഷ്മി — അപരാഹ്നം)

[6] സ്നേഹം താൻ ജീവിതം-ശ്രീമൻ
സ്നേഹവ്യാഹതിതന്നെ മരണം.

(ആശാൻ — ചണ്ഡാലഭിക്ഷുകി)

Ruin hath taught me thus to ruminate
That time will come and take my love away,
But weep to have that which it fears to lose.

(Shakespeare — Time and Love)

[7] ഇമ്മൃതി = പ്രേമത്തിന്റെ മൃതി

[8] അത്-പ്രേമത്തിൽനിന്നു വ്യതിരിക്തമായ സൗഹൃദം
എന്നിലെ നരച്ചുഴമന്തരാത്മാവും പൂർവ്വ
ദിങ്മുഖത്തൊരു ചോരപ്പൂലരി ധ്യാനിക്കുന്നു.

(മേലത്ത് ചന്ദ്രശേഖരൻ — കടൽത്തീരം)

[9] ശരൽക്കാലത്തെ മഞ്ഞയില
വേനലിലെ പച്ചിലയുടെ ഞരമ്പുകൾ
ഓർക്കുംപോലെ ഞാൻ നിന്റെ

വടിവുകൾ ഓർമ്മിക്കുന്നു.

(സച്ചിദാനന്ദൻ – അപൂർണ്ണം)

ഇതര പ്രേമമൊന്നെന്നിലുദിക്കുകിൽ

അമാദി ഴമേൻ (1538–1592)

AMADIS JAMYN

അചഞ്ചലമാണ് തന്റെ പ്രേമമെന്ന് അനവധി വാക്കുകളിലൂടെ പ്രേമഭാജനത്തെ ബോദ്ധ്യപ്പെടുത്തുകയാണ് കാമുകൻ. അസാധ്യതകളുടെയും അസംഭാവ്യതകളുടെയും നീണ്ടൊരു നിര ഉദാഹരിച്ചാണ് സ്വന്തം പ്രേമത്തിന്റെ സുസ്ഥിരത സമർത്ഥിക്കുന്നത്. ഫ്രഞ്ചിലെ അലങ്കാരമേദുര (Baroque) കവിതയ്ക്ക് ഒരുദാഹരണമാണിത്.

മറവിയന്നിടും വേനൽ ഹേമന്തമായ്,
നറുവസന്തമിലപൊഴിക്കാലമാം,
കനമെഴുന്നതാം കാറ്റ്, കാരീയത്തിൻ
കനമൊഴിഞ്ഞുപോം, നീലാന്തരീക്ഷത്തിൽ
വടിവിൽ മത്സ്യങ്ങൾ നീളെപ്പറന്നിടും,
വചനമോതിടും ഭംഗിയിലുമകൾ,
ഉദകമഗ്നിയാം, അഗ്നിയുദകമാം-
ഇതര പ്രേമമൊന്നെന്നിലുദിക്കുകിൽ,

കെട്ടതിയോരോന്നുമാഹ്ളാദമേകിടും,
ഇടരിയറ്റും സുഖങ്ങളഖിലവും,
കരികണക്കിനെ മഞ്ഞു കറുത്തു പോം,
മുയലൊരു ധൈര്യശാലിയായ് മാറിടും,
നിണമരോചകമാം മൃഗരാജനു,
തൃണശകലവുമില്ലാത്ത മട്ടിലായ്
സകല സമ്പത്തു മൂഴിയ്ക്കു നഷ്ടമാം,
പെരിയ പാറകൾ താൻ താൻ ചരിച്ചിടും-
പ്രണയമെന്റേതു മാറ്റമാർന്നീടുകിൽ

മരുവുമാലയിൽ ചെന്നായൊത്താടുകൾ,
കഴിയും മൈത്രിയിൽ പ്രാവും കഴുകനും,
നിറമൊരിക്കലുമോന്തിനു മാറില്ല,
പുതുവസന്തത്തിൽ പൂങ്കിളിപ്പൂൺപുകൾ
പണിയുകയില്ല പുത്തനാം കൂടുകൾ-
ഒരു പുതു പ്രേമമെന്നിലുയിർക്കുകിൽ.

ഭ്രമണപൂർത്തിയ്ക്കു തിങ്ങളിൻ സ്ഥാനത്ത് [1]
പനിമതി മുപ്പതിറ്റാണ്ടെടുത്തിടും,

ലഘിമയിൽ മൂദുതിങ്കളെ വെന്നുകൊ-
ണ്ടൊളി ചിതറും ശനി നഭോ വീഥിയിൽ,
പകലുരാവാകും, രാവു പകലുമാം-
ഇതര രാഗാഗ്നിയെന്നിൽ ജ്വലിക്കുകിൽ.

കഴിവു കാലത്തിനറ്റുപോം മർത്ത്യന്റെ
മുടി നരപ്പിക്കാൻ മാറ്റങ്ങളേല്പിക്കാൻ,
വികലമാകും വിവേകം, ഇക്കാരണാൽ
വഴിപിഴച്ചുപോം ഇന്ദ്രിയ വാജികൾ,
ഭുവനഭോഗമേതൊന്നിനേക്കാളിലും
അപജയമൊരു ഹർഷാനുഭൂതിയാം,
മനുജവർഗ്ഗം വെറുത്തിടും വാഴ്‌വിനെ,
മരണമേവർക്കു മത്യഭികാമ്യമാം-
പരതരുണിതൻ പിന്നാലെ പോകിൽ ഞാൻ

ധരയിൽനിന്നു മറഞ്ഞിടും പ്രത്യാശ,
ശരിയും തെറ്റുമഭേദമാം, ഭാഗ്യത്തിൻ
ഗതി വിഗതികൾ പാടേ നിലച്ചുപോം,
കഴിവു ചൊവ്വുള്ള കേവല മറ്റുപോം
കൊടുവിനകൾ മനുജർക്കണയ്ക്കുവാൻ,
ഒരു പെരും കരിക്കട്ടയാം ഭാനുമാൻ,
ഭുവന നാഥന്നദൃശ്യത നഷ്ടമാം-
അപര തന്വിതൻ ബന്ദി ഞാനാകുകിൽ. [2]

Stances De L'impossible

കുറിപ്പുകൾ

[1] തിങ്ങൾ = മാസം

[2] …യുഗാന്തമണ്ടുക്കുമ്പോൾ
ചതിക്കും കൈയു കൈയിനെ…
ബാല ബുദ്ധികളാം വൃദ്ധർ
ബാലരാം വൃദ്ധബുദ്ധികൾ…
ശൂരാഭിമാനിയാം ഭീരു
ശൂരരോ ഭീരു മട്ടിലാം…
പതിനാറു വയസ്സായാൽ
പൂർണ്ണായുസ്സാകുമപ്പൊഴേ…
അഞ്ചോ ആറോ വയസ്സാകും
കാലം കന്യകൾ പെറ്റിടും
ഏഴോ എട്ടോ വയസ്സായാൽ
ഗർഭമുണ്ടാക്കുമേ നരർ
നാട്ടുകാർ ചോറു വിറ്റീടും
വേദം വില്ക്കും ദ്വിജാതികൾ

യോനി വിൽക്കും നാരികളു-
മിമ്മട്ടാകും യുഗ ക്ഷയേ.
മേലുകീഴ് വിപരീതത്തി-
ലാകുമീ ലോകമൊക്കെയും
അസ്ഥി ഭിത്തിക്കു പൂജിക്കും
വർജ്ജിക്കും ദേവതാർച്ചന
അകാല വർഷിയാം മേഘം
യുഗക്ഷയ മടുക്കവേ...
ദിക്കൊക്കെ കത്തിയെരിയും
നക്ഷത്രപ്രഭ മാഞ്ഞുപോം...
മഹാഭയം കാട്ടുമാറു
കൊള്ളിമീൻ ചാടുമേറ്റവും...
കബന്ധത്താൽ മൂടു മർക്ക-
ന്ദയാസ്തമനങ്ങളിൽ...
സസ്യങ്ങളും, മുളയ്ക്കാതാം
യുഗാന്തം വന്നടുക്കുകിൽ...
മാതാപിതാക്കളെക്കൊല്ലും
പുത്രന്മാർ താൻ യുഗക്ഷയേ,
സ്ത്രീകൾ ഭർത്താക്കളെക്കൊല്ലും
മക്കളേയും വെടിഞ്ഞവർ.
വാവില്ലാതെയും രാഹു
സൂര്യനെ പിടികൂടിടും...

(വ്യാസൻ – മഹാഭാരതം (തർജ്ജമ : കുഞ്ഞിക്കുട്ടൻതമ്പുരാൻ))

പുള്ളിമാൻ നിർഭയം മേഞ്ഞു
തള്ളപ്പുലി കിടാങ്ങളെ-
പോറ്റുന്നിട, ത്താൺ മാനൊത്തു
കുഴിനീർ നക്കി ചെമ്പുലി,
കഴുകിൻ പാറ തൻ ചോട്ടിൽ
തവിട്ടു മുയൽ പായ്കയായ്,
അതിൻ കൊട്ടും കൊക്കലസ-
പക്ഷത്തെ ക്കോതിയത്ര താൻ,
വിട്ടയച്ച കൊച്ചടയ്ക്കാ-
പ്പക്ഷിയെ ക്കുരുകിൽക്കിളി,
ഇരുന്നുറങ്ങി പൈം പൊന്മ
മത്സ്യം ചോട്ടിൽക്കളിക്കവേ...

(Edwin Arnold – Light of Asia (തർജ്ജമ : നാലപ്പാടൻ))

തകിടം മറിയുകിലഖിലവു മിഹ, ജനി
മൃതിയാവുകിൽ മൃതി ജനിയാവുകിൽ, ഗ്രഹ-
ഭ്രമണം സ്തംഭനമാവുകി, ലംബുധി

കൊട്ടുമുടിയാവുകി, ലിവിടെ മൂതിസ്ഥൻ
പടുകുഴിവിട്ടെഴുന്നേറ്റു പലായിത-
നിമിഷ പരമ്പരയുടെ യുവത്വ-
സ്ഥിതികളിലെയ്ക്കു കടന്നവസാന-
മിഴഞ്ഞിട്ടു മർഭക ചടുലത നീന്തി
പെരിയൊരു ഗർഭതമസ്സിലുറങ്ങിയുറങ്ങി-
യൊരുൽഭിത ബീജകമായ്ത്തൻ-
പ്രിയജനയിത്രിയെഴും നിണനാളിയി-
ലൊരു പ്രണയപ്രഭയായ് വിരമിക്കാം!

(ചെറിയാൻ കെ. ചെറിയാൻ — തകിടംമറിച്ചിൽ)

Why then, o bravely love, o loving hate,
O anything, of nothing first create,
O heavy lightness, serious vanity.
Mis-shapen chaos of well-seeming forms,
Feather of lead, bright smoke, cold fire, sick health,
Still-waking sleep, that is not what it is!

(Shakespeare — Romeo and Juliet)

And I will have thee still, my dear,
Till a' the seas going dry;
And the rocks melt wi' the sun…

(R. Burns — O My Luve's Like a Red, Red Rose)

നിരസനം

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

പ്രേമാർത്ഥന നിരസിക്കപ്പെട്ടു നീറിക്കഴിയുന്ന കാമുകർ ഏറെ. പക്ഷേ, നിരസനത്തിൽ നിരാശരാകാതെ ശ്രമം തുടരുന്നവരില്ലാതില്ല. ഫ്രഞ്ച് കവിതയുടെയെന്നപോലെ ഫ്രഞ്ച് പ്രേമകവിതയുടെയും ആദ്യകാല നായകനായ പിയേർ ദ് റോംസാറിലെ കാമുകൻ ഇക്കൂട്ടത്തിലാണ്. നിരസനത്തെച്ചൊല്ലി പിന്നീട് പശ്ചാത്തപിക്കേണ്ടിവരുമെന്ന് അദ്ദേഹം കാമുകിക്കു മുന്നറിയിപ്പ് നല്കുന്നു. ഈ കവിതയെ മാതൃകയാക്കി ഇംഗ്ലീഷ് കവി Charles Williams (1886-1945) രചിച്ച 'After Ronsard' (റോംസാർ മാതൃകയിൽ) എന്ന തലക്കെട്ടിൽത്തന്നെയുള്ള കവിത പ്രസിദ്ധമാണ്.

പടു വൃദ്ധയായി നീ രാവിലഗ്നി-
ക്കരികിലിരുന്നു മെഴുതിരിതൻ-
പരിമിത വെട്ടത്തിൽ നൂല്ക്കെയെന്റെ
വരികളുരുവിട്ടുരച്ചുവെന്നാം:
"സുഭഗമെൻ യൗവനത്തിങ്കലന്നെ-
ന്നപദാനം പാടിയിരുന്നു റോംസാർ!" [1]

ഇതു നീ സവിസ്മയം ചൊല്കെ നിന്റെ
സവിധത്തിലാരുണ്ടാം കേൾക്കുവാനായ്!
ഗൃഹജോലി ക്ഷീണാലുറക്കം തൂങ്ങു-
മൊരു പരിചാരികയുണ്ടാകില്ല
മമ നാമം കേൾക്കുമ്പൊഴേയ്ക്കും ഞെട്ടി-
യുണരുവാൻ, നിന്മേൽ സ്തുതി ചൊരിയാൻ.
ഒരു പിടിച്ചാരമായന്നു മണ്ണി-
ന്നടിയിലമരുകയായിട്ടും ഞാൻ.
നിഴലായി ഞാനങ്ങു നിദ്രകൊൾകേ
കുടി നെരുപ്പോരത്തിരുന്നിട്ടും നീ
അനുതപിച്ചീടും, അവജ്ഞയോടെൻ
പ്രണയം നിരസിച്ചതോർത്തുകൊണ്ടേ.

അതിനാലെ നാളേയ്ക്കു കാത്തിടാതെ
നുകരു നീയിന്നിനെ, ചൊല്ലുവേൻ ഞാൻ,
അതിക്രമ ജീവിതപ്പൊൽപ്പനിനീ-
രലരുകളിന്നേ പറിച്ചെടുക്കൂ! [2]

A Helene

കുറിപ്പുകൾ

[1] നിന്നെ ഞാനോർക്കുന്നു നീ പാതിരാത്തീവണ്ടിയിൽ
എന്റെ യീരടി തീണ്ടിയുറങ്ങാതിരിപ്പുണ്ടാം.

(ബാലചന്ദ്രൻ ചുള്ളിക്കാട് — ആരോ ഒരാൾ)

When you are old and I-if that should be-
Lying afar in undistinguished earth,
And you...
Sit beside the else-deserted fire
... ...
Then pause and look a little toward the shelf
Where my books stand which none but you
... ...shall read
And say: "I too was not ungently Sung
When I was happy, beautiful and young.'

(Charles Williams — After Ronsard)

[2] ഇന്നത്തെയീ വസന്തത്തിലിന്നത്തെയിപ്പനീർപ്പൂക്ക-
ളൊന്നൊന്നായിട്ടിന്നു തന്നെ പറിക്കുക നിങ്ങൾ.

(ചങ്ങമ്പുഴ — മദിരോത്സവം)

അതിവേഗം നമുക്കിവിടെയുള്ളതാം
മലരറുക്കേണം മതിയോളം.

(ഇടപ്പള്ളി — കരയൊല്ലേ)

പ്രപഞ്ചസാഗര തീരപഥത്തിൽക്കൂടി നടക്കുമ്പോൾ
പ്രഫുല്ലമാകും മലരുകളെല്ലാമിറുത്തെടുത്താലും.

(ടാഗോർ — ഗീതാഞ്ജലി (ജി.))

Gather ye rose-buds while you may
Old time is still aflying;
And this same flower that smiles to-day
Tomorrow will be dying.

(Robert Herrick — Counsel to Girls)

And therefore take the present time
With a hey and a ho, and a hey-nonino!
For love is crowned with the prime
In springing time, the only pretty ring time,
When birds do ring hey ding a ding:
Sweet lovers love the Spring.

(Shakespeare — It was a Lover and his Lass)

സന്ദേഹം

ഫിലിപ്പ് ദെപ്പോർത്ത് (1546–1606)

PHILIPPE DESPORTES

ശങ്ക-പ്രണയികളുടെ മനോമണ്ഡലത്തെ ചുട്ടെരിക്കുന്ന ചിത്രം! നിഷ്കളങ്കത പലപ്പോഴും ഈ ചിതാഗ്നിയിൽ ഹോമിക്കപ്പെടുന്നു. സ്വന്തം നിരപരാധിത്വ ബോധം നല്കുന്ന ഉൾക്കരുത്തിൽ കാമിനിയുടെ ദുശ്ശങ്കയെ നേരിടുന്ന ഒരു ധീരകമിതാവിനെ ഫിലിപ്പ് ദൈപ്പോർത്ത് പരിചയപ്പെടുത്തുന്നു. രാജകൊട്ടാരത്തിൽ ആസ്ഥാനകവിയായിരുന്ന ദെപ്പോർത്ത് പ്രണയകവിതകളാണ് കൂടുതൽ എഴുതിയിട്ടുള്ളത്.

കൂറെനിക്കില്ലെന്ന സന്ദേഹത്താലെ നീ
നോവെനിക്കെത്ര മേലേകിയില്ല! [1]
പാരമ്യം പൂണ്ടതാം നിന്നഴകെങ്കിലും
പാരിക്കയില്ലതെൻ സ്ഥൈര്യത്തെക്കാൾ.
നിന്നെ ഞാനെത്രമേൽ നണ്ണുന്നുവെന്നോരാൻ
നോക്കുകയെന്നെ നീ നിന്നാത്മാവിൽ.
ഇങ്ങിനെയാണ് ഞാൻ ചെയ്‌വതെൻ ഭാമിനീ.
നിന്നെ ഞാൻ കാണ്മതുണ്ടെന്നുടേതിൽ. [2]
മാറുന്നു ഞാനെന്നു നീ നിനച്ചീടുകിൽ
ഓതുമേയെന്നോടതിമ്മുകുരം.
ചാഞ്ചല്യമുണ്ടോയെനിക്കെന്നറിയുവാൻ
ഇമ്മുകുരത്തിലേ നോക്കു നീയും.
വന്നു പിറന്നു നിനക്കായി മാത്രം ഞാൻ,
വയ്യെനിക്കന്യയെ പ്രേമിച്ചീടാൻ. [3]
ഹന്ത ഞാൻ നിന്റേതല്ലെന്നു വന്നീടുകിൽ
ബന്ധുരേ, നീയാർക്കു നല്കിയെന്നെ?

Que Vous M'allez Tourmentant De M'estimer Infidele

കുറിപ്പുകൾ

[1] ഇതരേതര സക്തരാം ഗൃഹ-
വ്രത ബന്ധുക്കളെ ജീവനോടുമേ
സതതം പിടിപെട്ടെരിക്കുമ-
ച്ചിതയാം ശങ്ക മനുഷ്യനുള്ളതാം.

(ആശാൻ — ചിന്താവിഷ്ടയായ സീത)

മംഗളജീവിതം കയ്പായ്-വരും
ശങ്കാവിഷഭയം പെട്ടാൽ.
(പി. കുഞ്ഞിരാമൻ നായർ — ശാരദാപൂജ)

ശങ്കയയ്യോ, വിഷമാണതേൽക്കുകിൽ
സങ്കടംതന്നെ പിന്നത്തെ ജീവിതം.
ഹൃത്തുടഞ്ഞു നാം ലോകത്തിലങ്ങനെ
ചത്തു ജീവിപ്പതെന്തിനാണോമനേ?
വിശ്വമോഹിനീ, പൂർണ്ണമായെന്നെ നീ
വിശ്വസിക്കു ചതിക്കില്ല നിന്നെ ഞാൻ
(ചങ്ങമ്പുഴ — കാമുകന്റെ സ്വപ്നങ്ങൾ)

[2] ക്ഷണികമാകിലെന്തെന്റെയിജ്ജീവിത-
കണികയിൽക്കണ്ടിതങ്ങയെത്തന്നെ ഞാൻ.
(ജി. — സാക്ഷാത്കാരം)

നിന്നെയെന്നിലുമെന്നെ നിന്നിലു-
മൊന്നുപോൽ ചേർന്നു കണ്ടു ഞാൻ.
(ചങ്ങമ്പുഴ — വെളിച്ചത്തിന്റെ മുന്നിൽ)

എന്നെ നീയായും പിന്നെ നിന്നെ ഞാനായും കാൺമേൻ.
(മേലത്ത് ചന്ദ്രശേഖരൻ — കടൽത്തീരം)

For if I saw thee once transform'd in me
Then in thy bosom I would pour my soul.
(W. Alexander — To Aurora)

[3] ജീവനെനിക്കുവെറും തൃണം-നിന്നെയെൻ
ജീവനും ജീവനായ് പൂജിച്ചിടുന്നു ഞാൻ.
സ്നേഹിച്ചു നിന്നെ ഞാൻ നീയൊഴിഞ്ഞാരെയും
സ്നേഹിച്ചതില്ല ഞാൻ, സ്നേഹിക്കയില്ല ഞാൻ
നിന്നിലും മീതെയായില്ലെനിക്കൊന്നു മീ
മന്നി, ലാരാധിപ്പു നിന്നെ ഞാനോമനേ.
എന്നെ നീ വിസ്മരിച്ചാലും ഭജിച്ചിടും
നിന്നെ ഞാ, നെൻ പ്രാണസർവസ്വമാണ് നീ.
(ചങ്ങമ്പുഴ — കാമുകന്റെ സ്വപ്നങ്ങൾ)

താക്കീത്

ഫ്രാംസ്വാ ദ് മലേർബ് (1555–1628)

FRANCOIS DE MALHERBE

പ്രണയവാഗ്ദാനം നല്കി കബളിപ്പിക്കാൻ ശ്രമിക്കുന്ന പെൺകിടാങ്ങളോടു കാമുകന്മാർ പലതരത്തിൽ പ്രതികരിക്കുന്നു. ഏറെപ്പേരും നൈരാശ്യത്തിലാഴുന്നു. ചിലർ ജീവിതമൊടുക്കുന്നു. ചുരുക്കം ചിലർ തട്ടിനു മറുതട്ടു കൊടുക്കുന്നു. വാക്കു പാലിക്കുന്നതിൽ താമസം വരുത്തുന്ന കാമുകിയെ ഫ്രാംസ്വാ ദ് മലേർബ് കർശനമായി താക്കീത് ചെയ്യുകയാണ്. കൊട്ടാരകവിയായ മലേർബ് ഫ്രഞ്ച് ക്ലാസിക് കവിതയ്ക്കു നിയമാവലി തയ്യാറാക്കിയ കാവ്യശാസ്ത്രകാരനുമാണ്.

അയി, മനോഹരീ, മദന്തരംഗത്തിൽ
അപാരമുൽക്കണ്ഠ വളർത്തിടുന്നു നീ.
കടൽപോൽ നിന്നുള്ളമിയലുന്നേറ്റവു-
മിറക്കവുമെന്നും സ്ഥിരതയറ്റോളേ. [1]
ഇനിയിതുവയ്യാ, ഭവതിയെൻവ്യഥ-
യ്ക്കറുതികാണണം, അതല്ലയെന്നാകിൽ
ഉടനെ ഞാൻ തന്നെയിതിനെ വേരോടേ
പിഴുതെറിഞ്ഞിടും, അറിഞ്ഞുകൊണ്ടാലും. [2]
കമനീയം നിന്റെ കരിമിഴികളെൻ
കരൾ കവർന്നെന്നെയടിപ്പെടുത്തുന്നു.
ശരി, ഞാൻ നിന്റേതായ്ഭവിക്കണമെങ്കിൽ
സമാർദ്രമാകണമവ സൽപ്രേമത്താൽ.
പെരിയ സൗന്ദര്യമതിനൊപ്പം പ്രേമ-
സുരഭിലമൊരു ഹൃദയവും വേണം. [3]

കരഗതമായ് നിൻ പ്രണയമെന്നു ഞാൻ
കരുതുമ്പോഴേയ്ക്കും സ്ഥിതി മറിച്ചാകും.
ഒരിക്കലും തന്നെ പണിതീരാതുള്ള
'പെനെലോ'പ്പിൻ ചിത്രത്തുണിപോലാണത്.
പകലൊക്കെച്ചെയ്ത പണിത്തരമവൾ
പഴുതിലാക്കിടും പതിവായ് രാത്രിയിൽ. [4]

പ്രണയവാഗ്ദാനമെനിയ്ക്കു നല്കി നീ
പരിഹസിപ്പെന്നെ, ഇതു നിൻ കീർത്തിയ്ക്കു
കളങ്കമേല്പിക്കും, അതോർക്കുന്നില്ലെങ്കിൽ [5]
സ്മരണശക്തിയേ നിനക്കു നഷ്ടമായ്;
മറന്നിട്ടില്ല നിന്നുറപ്പിതെന്നാലോ

ശരിക്കും വിശ്വാസഹനനം നിൻ കൃത്യം.
ധരിക്ക: നിന്നെപ്പോലൊരു നതാംഗിയെ
പ്രണയിക്കുന്നെങ്കിൽ മരണനാൾവരെ
നില നിർത്തും ബന്ധമതു ഞാൻ നിർണ്ണയം;
മറിച്ചാകുന്നെങ്കിൽ നിമിത്തം നീ മാത്രം-
പ്രണയത്തെപ്പറ്റി വിശുദ്ധ ഗൗരവ-
പ്രതിജ്ഞ ചെയ്തതു വിലംഘിക്കുന്ന നീ! [6]

Dessein De Quitter Une Dame

കുറിപ്പുകൾ

[1] ഒരു പോതൊരു ഭാവമെങ്കിലോ
പരമന്യം പരമന്യമാകയാൽ
അരുതിന്നിഹ നിൻ യഥാർത്ഥമാം
നിറമെന്തെന്നു മനസ്സിലാക്കുവാൻ.
(ചങ്ങമ്പുഴ — തപ്തസന്ദേശം)

[2] If she slight me when I woo
I can scorn and lether go.
(George Wither — The Manly Heart)

[3] ഇത്ര ലാവണ്യം നിറച്ച നിറയ്ക്കലിൽ
ഇത്തിരി കാരുണ്യമില്ലയെന്നോ?
(വൈലോപ്പിള്ളി — ത്യാഗോപഹാരം)

ഉള്ളുപോൽ പുറവുമൊത്തുചേർന്ന മാ-
റ്റുള്ള പെണ്ണഴക് പാർക്കിലുത്തമം.
(കെ. കെ. രാജ — പുതിയ നോട്ടത്തിൽ)

Hearts with equal love combined
Kindle never-dying fires;
Where these are not, I despise
Lovely cheeks or lips or eyes.
(T. Carew — The True Beauty)

I will not soothe thy fancies: thou shalt prove
That beauty is not beauty without love.
(Thomas Campion — Thou art not fair)

[4] പെനെലോപ്പ് (Penelope) = ഗ്രീക്ക് പുരാണത്തിലെ Ulyssus ന്റെ പത്നി. ഭർത്താവിന്റെ നീണ്ട വേർപാടുകാലത്ത് പ്രേമാർത്ഥനകളുമായി തന്നെ ശല്യം ചെയ്തിരുന്നവരെ ഒഴിവാക്കാൻ അവർ ഒരു സൂത്രം പ്രയോഗിച്ചു. താൻ ചെയ്തുവരുന്ന ചിത്രത്തയ്യൽ പൂർത്തിയായാൽ അവരിലൊരാളെ തിരഞ്ഞെടുക്കുന്ന കാര്യം പരിഗണിക്കാമെന്നു പറഞ്ഞു. പകൽ ചെയ്യുന്ന പണി രാത്രിയിൽ

താൻ തന്നെ അഴിച്ചുകളയും, പിറ്റേന്നു തുടരും. അങ്ങനെ പെനെലോപ്പിന്റെ ചിത്രത്തയ്യൽ ഒരിക്കലും തീരാത്ത പണിയായിത്തീർന്നു.

മഴവില്ലൊളികളെ നെയ്തുമഴിച്ചും
വിഹരിക്കുന്നൊരനശ്വര ചേതന.

(ജി. കുമാരപിള്ള — ചുവപ്പിന്റെ ലോകം)

നെയ്തുമഴിച്ചുമിരിക്കുന്നൊരുത്തി…

(ഡി. വിനയചന്ദ്രൻ — ആഴ്ചപ്പതിപ്പ്)

[5] അതു പ്രേമവാഗ്ദാനം
… … … … …പിന്നാ-
പ്പുതുനിഴലാട്ടം കൊണ്ടെന്തുകാര്യം?

(ചങ്ങമ്പുഴ — രമണൻ)

Whoever loves, if he does not propose
The right true end of love, he is one that goes
To sea for nothing, but make him sick.

(John Donne — Love's Progress)

[6] ഏകനായ്ത്തെന്നിനടന്നൊരീയെന്നെ നീ
മാടിവിളിച്ചതെന്തെന്റെ നെറുകയിൽ
പീലിക്കിരീടമണിയച്ചതെന്തു?…

(എസ്. രമേശൻ നായർ — അമർഷഗീതി)

അടിയറവ്

ഗിയ്യോം ദക്കിത്തേൻ (1071–1127)

GUILLAUME D'ACQUITAINE

പ്രേമത്തിന് ഒരു വിയോജനക്കുറിപ്പ്-പഴയവരും പുതിയവരുമായ കവികളെല്ലാം പ്രേമത്തെ പ്രകീർത്തിക്കുന്നതിനിടയിൽ പന്ത്രണ്ടാം നൂറ്റാണ്ടുകാരനായ ഗിയ്യോം ദിക്കിത്തേനിന്റെ വക വേറിട്ടൊരു ശബ്ദം! സ്വന്തം സ്വത്വത്തെ ഒതുക്കി കീഴടങ്ങാനാകാത്തവർക്ക് പ്രേമം സുഖകരമല്ല. അടിപണിയുന്നവർക്കാകട്ടെ അത്യാനന്ദപ്രദം-ഇതാണദ്ദേഹത്തിന്റെ നിഗമനം. തന്നെ സംബന്ധിച്ചാണെങ്കിൽ പ്രേമത്തിന്റെ പിന്നാലെ പോകാതിരിക്കുന്നതിനു സ്വന്തമായ കാരണം വേറേയുമുണ്ട്. അവിഹിതമായ വൈകാരികജീവിതം നയിച്ചതിനു പലതവണ സാമൂഹിക വിലക്കിനു വിധേയനാകേണ്ടിവന്ന നാടൻ പ്രഭുവാണ് ഗിയ്യോം.

തൃണതലം, തോപ്പുകൾ, കാവുകനിത്തോട്ടങ്ങൾ
നിഖിലവും പൂവണിയുന്നു വീണ്ടും.
ഉറവകളരുവികളൊക്കെത്തിളങ്ങിടും
തെളിമ തിരളുകയാണ് വീണ്ടും.
പരിമളവാഹിയാം പൂന്തെന്നൽ-പ്രകൃതിതൻ
പ്രമദപ്രദമാം വിഭവമെത്ര [1]
മനുജൻ നുകരാവു മന്നിലാസ്വാദ്യമായ്
മരുവും വിഭവങ്ങളാകമാനം. [2]

പ്രണയത്തെ, പക്ഷെ, ഞാൻ വാഴ്ത്തുകില്ലായതി-
ലറിവെനിക്കല്പമോ ശൂന്യമോ താൻ.
ഇതിലുമുപരിയായ്, പ്രണയമെന്നുള്ളത്
സുകരമായ്ത്തോന്നിയതില്ലെനിക്കു.
അറിയുവേനെങ്കിലുമാജ്ഞാനുവർത്തികൾ-
ക്കതു ഹർഷവായ്പരുളീടുമെന്നും.

പ്രണയത്തിൻ പിന്നാലേ പോകാതിരിപ്പതി-
ന്നിനിയുമേ കാരണമുണ്ടെനിക്കു:
ഉപഭോഗ്യമായില്ല ഞാനിഷ്ടപ്പെട്ടതാ-
മൊരു വസ്തുപോലുമിതേവരേക്കും.
കരുതുന്നതില്ല ഞാൻ മേലിലെങ്ങാനുമെൻ
സ്ഥിതിയിതു മാറിടുമെന്നു തെല്ലും.
അതു മൂലമുള്ളാലെ ഞാനുരചെയ്യുവേൻ:
'ഉലകിതിലൊക്കെയും ശൂന്യമല്ലോ.'
വികല വിജ്ഞാനി ഞാൻ മോഹമാർന്നീടുന്നു

കരഗതമാകാത്ത വസ്തുവിന്നായ് [3]
അടിപണിയാത്തവരാരുമേ പ്രേമത്തിൻ
കെട്ടുത്തിയിൽനിന്നു വിമുക്തിനേടാ,
അറിയാത്തോരാകട്ടെ അറിയുന്നോരാകട്ടെ
തനതു ബന്ധുക്കൾതാനായിടട്ടെ,
ഇടപഴകീടും സമസ്തജനത്തെയും
പ്രണയികൾ പ്രീണിപ്പിക്കേണമല്ലോ.
ജനവിപ്രിയത്തെ ഭയക്കുവോരപ്രീതി- [4]
ജനകമായൊന്നും പറഞ്ഞുകൂടാ.
സ്വക സ്വത്വമേവമൊതുക്കിയെന്നാകിലേ [5]
തികവുറ്റതായിട്ടു തൽ പ്രണയം.
അനുകന്മാർക്കനിവാര്യമാണെനുസാരം ത- [6]
ന്നനുരാഗമല്ലലണച്ചിടായ്‌വാൻ. [7]

Puisque Vois De Nouveau Fleurir

കുറിപ്പുകൾ

[1] പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു...
(ആശാൻ — പൂക്കാലം)

[2] ശ്യാമപ്പൂമെത്ത ചഞ്ചൽക്കളൂർ വിശറി
മണീകീർണ്ണമാം നീല മേലാ-
പ്പോമൽത്തങ്കഗ്ഗളോപ്പീവക വിഭവശതം
ചേർന്ന കേളീഗൃഹം മേ.
(വള്ളത്തോൾ — കൈക്കുമ്പിൾ)

വിധി വിശ്വസുഖം സ്വദിക്കുവാൻ
മതിയും മർത്ത്യനു നല്കി രാഗവും.
(ആശാൻ — ലീല)

[3] കരഗതമാകാത്തൊരെന്തിനോ ഞാൻ
കരൾ തകർന്നാശിച്ചു നിശ്വസിച്ചു.
(ചങ്ങമ്പുഴ — ആത്മഗീതം)

[4] വിപ്രിയം = ഇഷ്ടക്കേട്

[5] സ്വക സ്വത്വം = തന്റെതായ വ്യക്തിത്വം

[6] അനുകന്മാർ = കാമുകന്മാർ

[7] അനുസാരം = അനുസരണം

സ്നേഹശൂന്യയോടു സ്നേഹം

ബെർനാർ ദ് വംതാദൂർ (1150–1195)

BERNARD DE VENTADOUR

പ്രതികരണത്തെക്കുറിച്ച് ഒന്നുമാലോചിക്കാതെ കടന്നുകയറി പ്രേമിച്ചതിന്റെ കെടുഫലം അനുഭവിക്കുന്ന കാമുകൻ. അവളാണെങ്കിൽ സ്നേഹം പോയിട്ട് കനിവുപോലും കാട്ടാത്തവൾ. സ്വന്തം ഹൃദയവും മറ്റെന്തും അവൾക്കായടിപെടുത്തിയിട്ടും അവളനങ്ങുന്നില്ല. സങ്കടപ്പാട് നിറഞ്ഞ ചുറ്റുപാട്. ഒടുവിൽ ഗത്യന്തരമില്ലാതെ താനവളെ വിട്ടൊഴിയുന്നു. പക്ഷേ, പ്രശ്നം തീരുന്നില്ല: ഈ സ്നേഹശൂന്യയെ സ്നേഹിക്കാതിരിക്കാൻ ഇപ്പോഴും തനിക്കാവുന്നില്ല! പഴകിയ വിഷയങ്ങൾ പുതുമയോടെ കൈകാര്യം ചെയ്യുന്നതിൽ വിജയിച്ച കവിയാണ് ബെർനാർ ദ് വംതാദൂർ.

തുവസന്ത വെളിച്ചം കുടിച്ചു
പ്രേമൗത്സുക്യം കലരും കുരുവി [1]
പൂഞ്ചിറകിട്ടടിച്ചിണയോടു
ചേർന്നു നിർവൃതി കൊൾവതു കാൺകേ [2]
ഞാനസൂയാലു താദൃശ ഭാഗ്യ- [3]
മോഹമെന്നിലാളുന്നൊരു തീയായ്.
പ്രേമത്തെക്കുറിച്ചേറെയറിയു-
ന്നാളീ ഞാനെന്നു മുന്നം നിനച്ചേൻ.
കഷ്ട, മെന്നാലതിലെന്നറിവ്
കഷ്ടിയാണെന്നു ബോദ്ധ്യമായിപ്പോൾ.
ഞാനപ്രാപ്യയിൽ പ്രേമമർപ്പിച്ചു [4]
യാതനകൾ സ്വയംവരിച്ചാറെ
പാടുപെട്ടിട്ടുന്നിന്നു പിൻവാങ്ങാൻ
പക്ഷെ യെൻശ്രമ മത്രയും പാഴിൽ: [5]
ആകുന്നില്ലെനിക്കിസ്നേഹശൂന്യ-
യാകും പെണ്ണിനെ സ്നേഹിച്ചിടായ്‌വാൻ! [6]

എൻ ഹൃദയമവളുടേതായി
ഞാനുമാകെയവളുടേതായി
മാത്രമല്ലവൾതാനും പ്രപഞ്ച-
മാകെത്താനുമവളുടെ മാത്രം.
ഇന്നീയാശയും ഭ്രാന്തുമല്ലാതെ [7]
യന്യമൊന്നുമില്ലെന്നുടേതായി. [8]
കാന്തിതാവുമവളുടെ കൺകൾ
കാണുവാനിടവന്നനാൾ തൊട്ടേ

ഇല്ലെനിക്കധികാരങ്ങളെൻ മേൽ,
അന്യനായ് ഞാനെനിക്കു തന്നേയും.
മിന്നീ കണ്ണാടിപോലെയക്കൺകൾ
കണ്ടതില്ല ഞാനെന്തെന്തവയിൽ!
കൺമയക്കും മുകുരമേ, നിന്നി-
ലെൻ മിഴികൾ പതിയുകയാലേ
അന്വഹം നെടുവീർപ്പുകൾ വിട്ടു
മന്യുവിങ്കൽ മരിപ്പവനായ് ഞാൻ.
പണ്ടഴകിയ ‘നാർസിസ്’ സ്സുറ്റു
കുണ്ടിനുള്ളിലകപ്പെട്ട പോലേ [9]
നിന്നിലേയ്ക്കു നിരന്തരം നോക്കി
കണ്ണുനീരിൻ കയത്തിൽ ഞാനാഴ്‌വൂ. [10]

നാരിമാരെക്കുറിച്ചെൻ നിനവിൽ
കൂടീടുന്നു നിരാശതയിപ്പോൾ,
വിശ്വസിക്കില്ല ഞാനവരോതും
വാക്കുകളിനിമേലിലെന്നാളും.
എത്രമാത്രമവരെ ഞാൻ വാഴ്ത്തി
അത്രമാത്രമികഴ്ത്തുവേനിപ്പോൾ. [11]
ഇല്ലൊരുത്തിയുമൊറ്റവാക്കോതീ-
ട്ടില്ലെനിക്കായിത്തൽ സമക്ഷത്തിൽ. [12]
ഞാനവരെ വെറുക്കുന്നൊരുപോൽ
ഞാനവരെത്തിരസ്കരിക്കുന്നു.
ഇല്ല സംശയ മംഗനമാർക-
ളെല്ലാപേരുമേയിത്തരക്കാരാം.

പ്രേമിക്കുന്നു ഞാനെന്നതിലിമ്പ-
മേതുമില്ലാത്തോളെൻ പ്രേമപാത്രം.
വ്യർത്ഥം ഞാനവളോടു ചെയ്തുള്ളോ-
രർത്ഥനകളഖിലവുമയ്യോ!
പ്രേമം പോകട്ടെ, കാരുണ്യംപോലും
കാട്ടിയില്ലവളെന്നൊടിന്നോളം [13]
സാധകമൊരുമാറ്റമവളിൽ
സാദ്ധ്യമാക്കുവാനൊന്നിനും മേലാ.
ഹാ, നിഹതനാകുന്നു നിമേഷം
തോറുമേ ഞാനവളൊരാളാലേ.
ആകയാൽ ഞാനവളെയും വിട്ടു
പോവേൻ, ഞാനവൾക്കാരുമേയല്ല.
ഭാഗ്യദോഷി, പ്രവാസിയാ, യീ ഞാൻ
പോവതെങ്ങെന്നെനിക്കറിയില്ല.
പക്ഷെ, വയ്യെനിക്കിപ്പൊഴും താനാ-
സ്നേഹശൂന്യയെ സ്നേഹിച്ചിടായ്‌വാൻ!

Quand Je Vois L’alouette Agiter

കുറിപ്പുകൾ

[1] വിറയൊടുമിണമുമ്പു വിസ്ഫുടാശം
ചിറകു വിതിർത്ത കപോതിപോലണഞ്ഞാൾ.
(ആശാൻ — ലീല)

[2] വേനലിൻ മധുവാൽ ഹൃദയത്തിൽ
തേനടകൾ നിറഞ്ഞു വിങ്ങുമ്പോൾ.
(വൈലോപ്പിള്ളി — കുടിയൊഴിക്കൽ)

[3] താദൃശം = അപ്രകാരമുള്ള

[4] അപ്രാപ്യ = പ്രാപിക്കാൻ കഴിയാത്തവൾ (തിരികെ സ്നേഹിക്കാത്തവൾ)

[5] ആയത്തമാകാത്തൊരത്തടുത്ത വസ്തുവി-
ന്നായിട്ടലഞ്ഞു തകർന്നൊടുവിൽ
(ഇടപ്പള്ളി — പ്രതീക്ഷ)

കരഗതമാകാത്തൊരെന്തിനോ ഞാൻ
കരൾ തകർന്നാശിച്ചു നിശ്വസിച്ചു.
(ചങ്ങമ്പുഴ — ആത്മഗീതം)

[6] തിരികെ പ്രേമിക്കാത്ത പെണ്ണിനെ പ്രേമിപ്പോനേ
ശരിക്കും പ്രേമത്തിന്റെ ലഹരിയറിയാവൂ.
(യൂസഫലി കേച്ചേരി — ലഹരി)

[7] എൻ നെഞ്ചിലെപ്പൊഴുമേറ്റു ലാളിക്കുവാൻ
എന്തുണ്ടു നിന്റെയായ്? ഒന്നുമാത്രം,
നിത്യം കെടാതെയെൻ ജീവനിൽക്കത്തുമീ-
യത്യന്ത തീവ്രമാമാധി മാത്രം.
(എൻ. വി. കൃഷ്ണവാരിയർ — ഒരു പ്രീഡിഗ്രിക്കാരന്റെ പ്രണയം)

ഇല്ലയാൾക്കന്യമായിട്ടാശകൾ സ്നേഹത്തിന്റെ
വല്ലകിതകരോളം മീട്ടിനോക്കുവാനെന്യേ.
(ഇടപ്പള്ളി — ഏകാന്തകാമുകൻ)

[8] പ്രേമനൈരാശ്യം മൂലമുള്ള ഉൽഭ്രാന്തമനസ്ഥിതി.
എന്മനം പ്രേമസമ്പൂർണ്ണം ഞാനൊ-
രുന്മാദി ലോകത്തി, നെന്തു ചെയ്യും!
(ഇടപ്പള്ളി — അദൃശ്യപുഷ്പം)

The lunatic, the lover and the poet
Are of imagination all compact.
(Shakespeare — A Mid Summer Night's Dream)

[9] നാർസിസസ്സ് (Narcissus) = ഒരു ഊറ്റുകുഴിയിൽ സുന്ദരമായ സ്വന്തം മുഖത്തിന്റെ പ്രതിച്ഛായ നിത്യേന നോക്കി തന്നോടുതന്നെ അനുരാഗംതോന്നി അതിലേക്കെടുത്തുചാടി മുങ്ങിപ്പോയ ഗ്രീക്ക് പുരാണ കഥാപാത്രം (ഫ്രഞ്ചിൽ Narcisse-നർസീസ്സ്)

[10] ആടലാർന്നിട്ടുമെൻ മനസ്സുപോൽ
വാട്ടു മീ മുല്ലമാലയും
പേറി ഞാനിതാ പോകയാണശ്രു-
ധാരയിൽ വീണ്ടും മുങ്ങുവാൻ.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[11] ഇകഴ്ത്തുക = നിന്ദിക്കുക
തരുണീനാം മനസ്സിൽ മേവും കുടിലങ്ങൾ ആരറിഞ്ഞു!

(ഉണ്ണായി വാരിയർ — നളചരിത്രം ആട്ടക്കഥ)

പാവങ്ങളയോ പൂമാന്മാർ വെറും മര-
പ്പാവകൾ, കൗടില്യമൂർത്തികൾ നാരികൾ.

(ചങ്ങമ്പുഴ — വേതാളകേളി)

[12] തൽസമക്ഷത്തിൽ = അവളുടെയടുക്കൽ (തനിക്കുവേണ്ടി മറ്റൊരു കൂട്ടുകാരിയും അവളോട് ശുപാർശ പറഞ്ഞില്ല!)

[13] ഇതിനു മുമ്പു ഞാൻ പലേ തവണയും
ശിഥിലമായൊരെൻ ഹൃദയമീവിധം
പരമനഗ്നമായ് വലിച്ചെറിഞ്ഞു നിൻ
പരിഭവത്തിന്റെ പദതലങ്ങളിൽ.
ഇനിയുമെന്നിട്ടുമൊരുക്കമില്ല നീ-
യനുശയത്തിലൊന്നിഴഞ്ഞു ചെല്ലുവാൻ.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

കണ്ണീർക്കടൽ

പിയേർ ദ് മർബേഫ് (1596–1635)

PIERRE DE MARBEUF

കടലിനും പ്രേമത്തിനും പലതിലും സാമ്യം. രണ്ടിനുമുണ്ടു കയ്പ്. പോരെങ്കിൽ രക്തബന്ധവും കല്പിക്കപ്പെട്ടിരിക്കുന്നു. പ്രേമത്തിന്റെ അമ്മ ജലത്തിൽനിന്നു ജനിച്ചവൾ. പ്രേമത്തിൽനിന്നും ജനിക്കുന്നത് തീ. പക്ഷേ പ്രേമത്തീ കെടുത്താൻ ജലത്തിനാവില്ല. ജലത്തിന് ഈ കഴിവുണ്ടായിരുന്നെങ്കിൽ, 'ഉടനേ കെടുത്തേനെയെന്നെ നീറ്റുന്ന നിൻ പ്രണയാഗ്നി ഞാനെന്റെ കണ്ണീർക്കടലിനാൽ'- പിയേർ ദ് മർബേഫിന്റെ ഈ മുനയുറ്റ വരികൾക്കു പിന്നിൽ അസന്തുഷ്ടമായ സ്വന്തം ദാമ്പത്യത്തിന്റെ മുറുമുറുപ്പുണ്ട്.

കടലും പ്രണയവും കയ്പിന്നു പങ്കുകാർ,
കടലെന്നപോലവേ കയ്പു പ്രണയവും. [1]
കടലിങ്കലെന്നപോലാണ്ടു മുങ്ങീടുന്നു
പ്രണയമതിങ്കലും ലോകരെക്കാലവും.
കടൽ കൊടുങ്കാറ്റൊത്തു പേമാരിയേലുന്നു, [2]
കിടയൊത്തു കോളു കൊള്ളുന്നു പ്രണയവും. [3]

ജലഭീതിയുള്ളവൻ തീരത്തു നിൽക്കണം,
പ്രണയക്കെടുതികൾ പേടിക്കുവോനതിൻ
തിരി തനതുള്ളിൽ ക്കൊളുത്താതിരിക്കണം-
ഇതുമാത്രമാണിരുപേർക്കുമേ പോംവഴി.
കടലിന്റെ തൊട്ടിലിലാണുപോൽ പ്രേമത്തിൻ
ജനയിത്രി താരാട്ടി തന്മണിപ്പൈതലെ,
പ്രണയത്തിൽനിന്നു വരുന്നു തീ, തന്നമ്മ [4]
പിറവിയെടുത്തതോ തണ്ണീരിൽനിന്നുമാം.
സ്ഥിതിയിതാണെന്നു വരികിലും പ്രേമത്തിൻ
കനൽ കെടുത്തീടുവാനാകാ ജലത്തിനു. [5]
പ്രണയത്തിന്നാളുന്ന തീയണച്ചീടുവാൻ.
കഴിവുറ്റതാകുന്നു നീരെന്നിരിക്കിലോ
ഉടനെ കെടുത്തേനെയെന്നെ നീറ്റുന്ന നിൻ
പ്രണയാഗ്നി ഞാനെന്റെ കണ്ണീർക്കടലിനാൽ [6]

Et La Mer Et L'amour

കുറിപ്പുകൾ

[1] കടലേ, മോശം നിൻപെരും വെള്ളം മോശം,
കുടിനീരല്ലിതു വെറുമുപ്പാണയ്യേ!

(സുഗതകുമാരി — കടലു കാണാൻ പോയവർ)

രാഗമേ, നീയൊരു പൊൻപനിനീരലർ
വേഗം, സുഭഗദലങ്ങളുതിർന്നുപോം...
കേവലം മുള്ളുകൾകൊണ്ടുകീറുന്നു നീ
ജീവനെപ്പിന്നെ, വെറുക്കുന്നു നിന്നെഞാൻ.

(ജി. — ആ മരം)

[2] കുന്നുകൾ നൃത്തം ചെയ്തു പോകുന്നപോലെ പൊങ്ങി
വന്നു കൊണ്ടലറിടുമോളമേ കാണാനുള്ളൂ.
വാനിന്റെ കൂടാരത്തെ നൂറുനൂറായിച്ചീന്തും
വാതൃതൻ ഭയങ്കര രവമേ കേൾക്കാനുള്ളൂ.

(ജി. — കൽവിളക്ക്)

കൂരിരുളും കൊടുങ്കാറ്റും കരിങ്കൊണ്ടൽക്കാട്ടിൽനിന്നും
കേറിവന്നു കടലിൽ വെച്ചാക്രമിക്കുമ്പോൾ...

(വൈലോപ്പിള്ളി — കടലിലെ കവിതകൾ)

[3] കഠിനതര കോളിളക്കത്താലിരമ്പിടും
കടലിനു സമാനമാം ജീവിതം ഭീകരം.

(ഇടപ്പള്ളി — രാഗിണി)

കാണുകിക്കടലിന്റെ കഥകളിയരങ്ങുകൾ
കാലം പെരുമ്പറ മുഴക്കുന്ന സദിരുകൾ
സ്നേഹം സമുദ്രമെന്നറിയുക മനസ്വിനി
സ്നേഹിപ്പവർക്കില്ല സ്വാസ്ഥ്യവും ശാന്തിയും.

(ഡി. വിനയചന്ദ്രൻ — പോവുക പ്രിയംവദേ)

[4] തന്നമ്മ = പ്രണയത്തിന്റെ അമ്മ

[5] കനൽ = എരിതീ

പ്രണയശിഖിയിൽ വെന്തിടുന്നിതാത്മാ-
വണയുക, തെന്നലണഞ്ഞു ചമ്പകത്തിൽ

(ആശാൻ — ലീല)

Love’s fire heats water,
Water cools not love.

(Shakespeare — Sonnets)

[6] കണ്ണീർക്കടലിൻ നടുക്കെന്റെ ജീവിത-
പ്പൊന്നിൻ കളിത്തോണി മുങ്ങുമീവേളയിൽ...

(ചങ്ങമ്പുഴ — വ്യതിയാനം)

നീറ്റുമായിരമോർമ്മകൾ പേറി
ആറ്റിലെക്കടവിങ്കൽ നീ
വന്നുടൻ കൈയാൽ നീക്കിയെൻ തോണി
കണ്ണുനീരിൻ കയങ്ങളിൽ.

(പി. കുഞ്ഞിരാമൻ നായർ – നീ വരില്ല)

പോംവഴി

ക്ലെമാം മറൊ (1496–1544)

CLEMENT MAROT

വേദനകൊള്ളുന്ന എന്റെ ഹൃദയം കൊണ്ടുപോകണേ!-വിട്ടുപോകുന്ന കാമുകിയോട് നിഗൂഢ കാമുകന്റെ അർത്ഥന. പക്ഷേ തനിക്കു ശ്വസനക്രിയയ്ക്കായി അവളുടെ ഹൃദയം പകരം തന്നിട്ടുവേണം പോകാൻ. താൻ ഉള്ളാലെ പ്രേമിച്ച ആന്ന് ദ ലാംസോൻ-Anne d' Alencon പ്രഭ്വിയെ ഉദ്ദേശിച്ചാണ് ക്ലെമാം മറൊ ഇതെഴുതിയത്.

ഞാനറിഞ്ഞിടാതെങ്ങു നീ പോകുന്നെ-
'ന്നാനി', ചൊന്നാലുമെന്നോടെന്നോമനേ.
രക്തസാക്ഷിയായ്ത്തീർന്നിട്ടുമെന്നുടെ
തപ്തഹൃത്തിന്റെ സങ്കടം കാണുവാൻ [1]
ആവുകില്ലെന്റെ കണ്ണുകൾ, ക്കായതു
ഗോപനം ചെയ്തു വേണമെമ്മട്ടിലും.
വേണ്ടെനിക്കിതിന്നന്യോപദേശങ്ങൾ,
ഉണ്ടതിന്നുള്ള പോംവഴിയെൻ വശം.

ഹൃത്തിതിന്റേതെടുക്കു നീ ഞാനതു
നല്കിടുന്നു നിനക്കായി വേർപാടിൽ
ജാതമാകുമാതങ്കമകറ്റുവാൻ,
വീതശങ്കം ഇതുകൊണ്ടു പോകുനീ
ഒക്കുകില്ലിങ്ങു ജീവിക്കാനാർക്കുമേ
ഹൃത്തൊഴിഞ്ഞെന്ന വാസ്തവമോർത്തു കൊ-
ണ്ടേകു നിൻ ഹൃത്തെനിക്കായവിളംബം
സ്വീകരിക്കു പിന്നന്ത്യമാമെൻ വിട!

Du Partement D'Anne

കുറിപ്പുകൾ

[1] കരളുനൊന്തു നൊന്തത്യന്ത ദൂനനായ്
കഴിയുമിക്കൊച്ചു നിസ്സാരജീവിയെ
ഇവിടെയിക്കൊടും കൂരിരുൾപ്പാതയി
ലിതുവിധം വെടിഞ്ഞ്...

(ചങ്ങമ്പുഴ — ഇരുളിൽ)

കയ്ക്കുന്ന മാധുര്യം

വെംസാം വാത്യൂർ (1597–1648)

VINCENT VOITURE

ദാമ്പത്യം കയ്ക്കുന്ന മാധുര്യമോ മധുരിക്കുന്ന കയ്പ്പോ ആകാറുണ്ട്. പ്രേമബന്ധത്തിന്റെ വൈരുദ്ധ്യാത്മകമായ ഈ ദ്വന്ദ്വഭാവത്തിലേക്കു വാത്യൂറിന്റെ വരികൾ വിരൽ ചൂണ്ടുന്നു. ജീവിച്ചിരിക്കെ സ്വന്തം കവിതകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാൻ കൂട്ടാക്കാത്ത കവിയാണ് ഫ്രഞ്ച് സാഹിത്യഅക്കാദമിയുടെ സ്ഥാപകമെമ്പറായിരുന്ന വാത്യൂർ.

ഒടുങ്ങുമെൻ നാൾകൾ 'യൂറാനി' യുമായ് ഞാൻ
പുലർത്തിടുന്നൊരി പ്രണയബന്ധത്തിൽ.
കരയേറ്റില്ല വേർപിരിയലോ കാല-
ഗതിയോയെന്നെ ദുസ്ഥിതിയിതിൽനിന്നും.
തുണയ്ക്കുവാനെന്നെ, നിരുദ്ധസ്വാതന്ത്ര്യം
എനിയ്ക്കു വീണ്ടെടുത്തരുളാ, നില്ലാരും.
അധിക കാലമായവൾതൻ പാരുഷ്യം
അനുഭവിപ്പു ഞാൻ തുടരെയെങ്കിലും
ശരിക്കുമെന്നെയീ വിനാശഗർത്തിൽ
അകപ്പെടുത്തിയോരവൾതൻ ലാവണ്യ-
പ്രകർഷമോർക്കെയെൻ പെരിയ യാതന
ഒരുവരമെന്നു കരുതിടുന്നു ഞാൻ.
മൃതിയടയുന്നീ നിലയിലെന്നാകിൽ
എനിക്കതിലില്ല പരിഭവം തെല്ലും.
മുറുമുറുപ്പൊന്നു മിയലുകില്ല ഞാൻ
തദീയ തേർവാഴ്ചക്കെതിരെയെന്നാലും.
ചില പൊഴുതെന്റെ വിവേകം തൻ സ്വന്ത-
സഹായ വാഗ്ദാനസമേതമെന്നോടു
പറയും പോരിനു പുറപ്പെടാൻ, പക്ഷെ
അതിന്റെ സാഹായമെനിക്കവശ്യമാം
അവസരങ്ങളാഗമിച്ചിടുന്നേരം
അതുമൊഴിഞ്ഞിടും വിഷണ്ണഭാവത്തിൽ:
'ഉലകിൽ പ്രേമാർഹ യൂറാനി മാത്രമാം
ഉലകിൽ സുന്ദരിയവളൊരുവളാം!'
മദിന്ദ്രിയങ്ങൾക്കു കഴിവതേക്കാളും
അതേറ്റിടുന്നെനിയ്ക്കവളിലാസക്തി. [1]

Il Faut Finir Mes Jours
En L'amour D'uranie

കുറിപ്പുകൾ

[1] ഒരുകയ്യിലമൃതവുമൊരുകയ്യിൽ വിഷവുമായ്
പുരുഷാ, നിൻ മുന്നിൽ നിന്നവൾ കുണുങ്ങി.
അവൾതൻ കടമിഴി നിമ്മിഴി തഴുകി, നിന്നാത്മാവി-
ലായിരം മിന്നലുകളിളകിയാടി.
അവൾ തൻ ചെഞ്ചൊടി നിൻ ചൊടിയൊന്നമർത്തി, നിന്നി-
ലാടിയനുഭൂതികൾ പീലി നീർത്തി.
ഒരു കൈത്തളിർ വിരലാലവൾ നിൻ കവിളിൽത്തട്ടി നിന-
ക്കൊരു പുളക സൗഭാഗ്യം തീറുകിട്ടി.
കെട്ടിയവൾ നിന്നെപ്പുണർന്നു കുളിർമുലമൊട്ടുകൾ
മുട്ടി നിന്മാറിൽ-നീ ബോധം കെട്ടു!

(ചങ്ങമ്പുഴ — രാഗപരാഗം)

തേടും മധുരത്തിനൊപ്പമൊപ്പം
കൂടുന്ന കയ്പില്ല മാഞ്ഞുകൊത്തി,
ഊറും മധു, നഞ്ഞു നീരുമുൾക്കൊ-
ണ്ടാകെ മടുപ്പും ചെടിപ്പുമായി.
ഇന്നു ഞാൻ, ഖിന്ന ഞാൻ നിന്നെനോക്കി
ഛിന്ന സന്ത്രാസം മടക്കമായി
എല്ലാം മറന്നു വഴിതടയും
ചെല്ലക്കനികൾ മറികടന്നു
വട്ടം പറന്നുമുയർന്നു മീ ഞാൻ
നെട്ടോട്ടമായി നിനക്കുനേരെ

(കെ. മാധവിയമ്മ — ഇണക്കിളി)

നാമിനിത്തമ്മിൽ കാണില്ലൊരിക്കൽപോലും തോഴീ,
ഞാനിതാ പിരിയുന്നു നിനക്കു നമോവാകം…
എങ്കിലും പിരിയുവാനസമർത്ഥനായ് വീണ്ടും
ശങ്കിതപഥൻ ഞാനേ നിന്നു തെല്ലിടകൂടി…
അകലുംതോറും പ്രിയേ നിന്നെ വിട്ടു ഞാൻ ദൂരെ-
യലയുംതോറും ചാരെയെത്തി നീ ചിരിക്കുന്നു.

(പുതുശ്ശേരി രാമചന്ദ്രൻ — അകലുംതോറും)

വെടിയുകെന്നെ നീ

ഴെറാർ ദ് നെർവാൽ (1808–1855)

GERARD DE NERVAL

പ്രേമാർത്ഥനയുമായി മുന്നോട്ടു വന്ന നവകാമുകിക്കു പ്രതീക്ഷിക്കാത്ത പ്രതികരണം. ആ അർത്ഥന കൈക്കൊള്ളാൻ അവളുടെ പ്രേമപാത്രം തയ്യാറില്ല. കാരണം: തന്റെ മനസ്സ് തളർന്നതാണ്, യൗവനംപോലും വാർന്നുപോയ നിലയിലാണ്. പ്രതിപ്രേമത്തിനു തനിക്കു കഴിവില്ല. മനസ്സ് മദഭരിതമായിരുന്നപ്പോഴാണ് അവൾ വന്നിരുന്നതെങ്കിൽ സ്ഥിതി വ്യത്യസ്തമായേനേ. അവളുടെ മായിക മന്ദഹാസം തനിക്കു ജീവനക്ഷമത നല്കിയേനേ....

വെടിയുകെന്നെ നീ കേണപേക്ഷിപ്പു ഞാൻ,
വിഫലമാക്കൊലാ നിൻ നവയൗവനം.
മധുരദർശനേ, താന്തമെൻ ഹൃത്തിതി-
ന്നുണർവിയറ്റുവാനാകാ നിനക്കിനി.
യുവതവാർന്നു വിളർത്തതാമെൻമുഖം
തനതു ദൈന്യത്തിൽ പുഞ്ചിരിക്കില്ലയി-
പ്പുതിയ ഭാഗ്യോദയത്തിനു നേർക്കെടോ;
പരിതപിപ്പു ഞാനീ വൈപരീത്യത്തിൽ,
തിരികെ ലഭ്യമോ ഹേമന്ത മർദ്ദിത-
മലരിനു തൻ സുഗന്ധവും കാന്തിയും [1]

പെരികെ ജീവിതാവേശത്തിലെൻ കരൾ
മദഭരിതമായ്ത്തുള്ളിന നാളിലാ-
ണിതുവിധത്തിൽ നീയെൻ നേർക്കു സുസ്മിതം
ചൊരിഞ്ഞതെങ്കിലെന്നോർത്തുപോകുന്നു ഞാൻ.
വഴിയുമാനന്ദപൂർവ്വമതിന്നു ഞാ-
നരുളിയേനേ. മദീയമാം സ്വാഗതം,
അരുളിയേനേ യെനിക്കതു ജീവന-
ക്ഷമത സ്വീയമാം വശ്യതയൊന്നിനാൽ [2]

കടലിൽ കോളിലാപ്പെട്ടു തകർന്ന തൻ-
തരണി മുങ്ങവേ യുദ്വിഗ്ന നാവിക-
മിഴികൾ കാൺമൊരു പ്രോജ്ജ്വലതാരക-
മിവനു താവക ദീപ്രമാമീക്ഷണം. [3]
വെടിയുകെന്നെ നീ കേണപേക്ഷിപ്പു ഞാൻ,
വിഫലമാക്കൊലാ നിൻ നവയൗവനം.
തുടരൊലാ ശ്രമം വ്യർത്ഥമായ് മാമക-

മഥിത ഹൃത്തിനുജ്ജീവനമേകുവാൻ.
യുവതവാർന്നു വിളർത്തതാമെൻ മുഖം
പറവതില്ലയോ: ‘നല്ല നാളില്ലിനി’?

Laisse-Moi

കുറിപ്പുകൾ

[1] അത്യന്തമോഹന സ്വപ്നാനുഭൂതികൾ
കത്തിച്ചുവെച്ച നിലാത്തിരികൾ
ഒക്കെയും കെട്ടു കഴിഞ്ഞൊരീയല്ലിലോ
കഷ്ടമെൻചാരേ നീ വന്നുചേർന്നു!
മഞ്ഞിമറഞ്ഞ സുവർണ്ണ കാലത്തൊന്നും
മംഗളേ, നീയെന്തേ വന്നിടാഞ്ഞു?...
അല്ലലും കണ്ണീരുമല്ലാതെനിക്കിപ്പോ-
ളില്ലല്ലോ ദേവീ, നിനക്കു നല്കാൻ!
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[2] അന്നായിരുന്നെങ്കിൽ നിന്നെയെടുത്തൊരു
മന്ദസ്മിതത്തിൽ ഞാൻ മൂടിയേനേ,
ആമഗ്നയാക്കാൻ കഴിഞ്ഞേനേ നിന്നെയ-
ന്നോമൽപ്പുളകപ്പൂമ്പൊയ്കയൊന്നിൽ.
(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[3] ദീപ്രമാമീക്ഷണം = പ്രകാശമാനമായ നോട്ടം

രണ്ടു സൂര്യന്മാർ

ലെയോൻ-പോൽ ഫാർഗ് (1876–1947)

LEON-PAUL FARGUE

പ്രണയത്തെക്കുറിച്ചു വ്യത്യസ്ത കാഴ്ചപ്പാടിൽ രണ്ടു സഖികളുടെ സംവാദം. ഒരുത്തി തന്നെ പ്രേമിക്കുന്നവരെയും പ്രേമിക്കാത്തവരെയും അവരുടെ നല്ലകാലത്ത് മാത്രം പ്രേമിക്കുവാൻ കഴിയുന്നവൾ; മറ്റവൾ ഒരു പരിത്യക്ത കാമുകനു സ്വന്തം സ്നേഹം നല്കിയവൾ. പ്രേമലോകത്തിലെ അനേകം പ്രവണതകളിൽ രണ്ടെണ്ണം-ഒന്നു സ്വാർത്ഥത്തിന്റെ, മറ്റു സഹാനുഭൂതിയുടെ-ഒന്നിലധികം അർത്ഥതലങ്ങളുള്ള പ്രതിമാനങ്ങളിലൂടെ ലെയോൻ-പോൽ ഫാർഗ് ചിത്രീകരിക്കുന്നു. വിദ്യാർത്ഥിയായിരിക്കെത്തന്നെ പേരെടുത്ത കവിയാണ് ഫാർഗ്

-പറഞ്ഞാലും നിന്നെ പ്രണയിപ്പോനെയും
പ്രണയിച്ചീടുവാൻ നിനക്കറിയുമോ?
-അതൊക്കെവേ സൂര്യൻ നിറകതിർ വീശി
വിളങ്ങിടുമ്പോഴെന്നറിയൂ വിൺകിളീ [1]
-ഒരു തേനീച്ച തൻ കടുത്ത സ്വാർത്ഥത്തിൻ
മുരൾച്ചയല്ലിയിപ്പറച്ചലിൽ കേൾപ്പൂ?
-സുനീലമാം മൗനം സുവർണ്ണമാം മൗനം
അറുത്തെടുപ്പീലേയദൃശ്യ പുഷ്പങ്ങൾ? [2]
-പരിത്യക്തനാകും കതിരവനാണെൻ
കമനനെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. [3]

Phases

കുറിപ്പുകൾ

[1] വിൺകിളി = ലോകപരിജ്ഞാനമില്ലാത്തവൾ എന്നു വ്യംഗ്യം

എൻ ചോരയിലുണ്ടൊരു സൂര്യൻ
കുങ്കുമഗന്ധം വിതറി-
ച്ചെങ്കനൽ ചുറ്റും ചിതറി-
ക്കത്തും തരുണാരുണ-
ചഞ്ചല സൂര്യൻ,

(സച്ചിദാനന്ദൻ — അഞ്ചു സൂര്യൻ)

[2] നീലാകാശംപോലെ അനന്തവും സുവർണ്ണ മനോഹരവുമായി സമ്മാന്യമായ സാക്ഷാൽ മൗനംപോലും അദൃശ്യപുഷ്പങ്ങൾ അറുത്തെടുക്കുന്നുവെന്നു കവി സങ്കല്പിക്കുന്നു. (സ്വാർത്ഥമില്ലാത്തവരായി ആരുണ്ട്?)

[3] എന്നസ്ഥിയിലുണ്ടൊരു സൂര്യൻ
മഞ്ഞജ്ജ്വാലയൊഴുക്കി
മജ്ജയുരുക്കിയുരുക്കി
മങ്ങിത്തെളിയുമൊരിത്തിരി മഞ്ഞസ്സൂര്യൻ.

(സച്ചിദാനന്ദൻ — അഞ്ചു സൂര്യൻ)

ത്യാഗം ഹാ വല്ലരിപാകമാം സ്ത്രീത്വത്തെ
നാകീയമാക്കുന്ന മന്ത്രസിദ്ധി!
ദുർമ്മുഖന്നഗ്ര്യ പുരുഷാർത്ഥ സിദ്ധിയാ-
ലുണ്മ വരുമാറനുഗ്രഹിച്ചാൾ, തന്മനോ രാജ്യത്തിൽ ദർശിച്ച ഭർത്താവിൻ
സൗന്ദര്യവിത്തം ത്യജിച്ച ദേവി.
അത്യാഗ മാഹാത്മ്യം തത്സിരാചക്രത്തെ-
യുദ്ദീപ്താനന്ദ സമ്മാനമാക്കെ
ഗദ്ഗദ പൂർണ്ണമായ്ക്കീർത്തിച്ചാൾ : അങ്ങെന്റെ
മൈക്കണ്ണിന്നഞ്ജന ശൈലമല്ലീ?

(ഇടശ്ശേരി — വിജയരഹസ്യം)

ഒരു പൂവിന്റെ ഓർമ്മ

ഒരു പൂവിന്റെ ഓർമ്മ (1844–1896)

PAUL VERLAINE

കാമുകിമാർ കൈവിട്ട കാമുകന്മാർ ഏതെല്ലാം വിധത്തിൽ പ്രതികരിക്കുന്നു! ഭർതൃമതിയായിക്കഴിയുന്ന ഒരു പൂർവ്വ കാമുകിയോട് പ്രതികാരവാഞ്ഛയില്ലാതെ, കാലുഷ്യമില്ലാതെ വെർലേൻ പ്രതികരിക്കുന്നതു കാണുക.

പ്രണയമെന്നിൽ നീ ചൊരിഞ്ഞ നാൾകളിൽ
(ശരിയോ?) നീ യെനിക്കയച്ച തന്നിതൾ-
വിടർന്ന പാടുള്ള പനിനീർപ്പൂവൊന്ന്-
പുതു പ്രതീകം, അത്യമലസന്ദേശം.
പ്രഥമപ്രേമത്തിൻ ശപഥ പ്രസ്താവം
നിനക്കായ്ത്തൻ വാക്കിൽ നടത്തി നന്മലർ:
‘തവ ഹൃദയമിങ്ങെനിക്കുള്ളതെന്നും’,
പതിവു വാക്യങ്ങൾ പലതു വേറെയും [1]

കഴിഞ്ഞു മൂന്നാണ്ട്, ഭവതിയും ഞാനും
കഴിഞ്ഞിടുന്നതെപ്പുരിചിലാണിപ്പോൾ!
ഇതെന്തുമാകട്ടെ, യെനിക്കു നീ തന്ന
മലരിന്നോർമ്മ ഞാൻ പുലർത്തിടുന്നെടോ [2]
അലരതിനെ ഞാൻ വിടാതെയിപ്പൊഴും
അനുസ്മരിപ്പതെൻ മഹിമ തന്നെ, യീ
സ്മരണ മാത്രമാണെനിക്കിന്നുള്ളതാ- [3]
സ്സുമവും നിൻ ഹൃത്തുമെനിക്കു നഷ്ടമായ്.

നറുമലർവാടിയടിഞ്ഞു മണ്ണായി;
തവ ഹൃദയമോ, അതിനെന്തുപറ്റി?
ഒരിക്കലെങ്കിലുമതു മദീയമാ-
യിരുന്നൊ, ചൊല്ലാമോ രഹസ്യമായ് സത്യം?
ഇനിയെൻ ഹൃത്തിന്റെ കഥയാണെങ്കിലോ,
അതിപ്പൊഴതിലും മിടിപ്പു മുൻപോലേ,
അതന്നുമിന്നുമേ കപടമോരാത്ത-
തൊരു കണക്കതും ഒരു പ്രതീകമാം!

A Madame X...

കുറിപ്പുകൾ

[1] അന്നു നാനാ ശപഥവചസ്സുകൾ
ചൊന്നു നീ നിൻ ദൃഢത കാണിക്കവേ …
ഓതിയില്ലയോ കാലചക്രത്തിലീ
സ്ഥീതരാഗവും മാഞ്ഞിടുമെന്നു ഞാൻ?

(ചങ്ങമ്പുഴ — രമണൻ)

പുണരാൻ പാഞ്ഞെത്തീടുമോരോരോ തിരയേയു-
മണച്ചു മാറിൽ ചേർക്കേ മന്ത്രിപ്പൂ മണൽത്തീരം:
'മറക്കില്ലൊരുനാളും', കഷ്ടമക്കള്ളം കേട്ടു
ചിരിപ്പൂ കടല്ക്കാറ്റു, കണ്ണുപൊത്തുന്നു താരം.

(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

The maidens' vows and swearings
Henceforth no credit give;
You may give them the hearing
But never them believe;
They are as false as fair,
Unconstant, frail, untrue:
For mine alas hath, left me,
Falero, lero, loo!

(George Wither — I Loved a Lass)

[2] തൻമേഘലക്കുഴൽ ചീകുമാളിയൊടിട-
യ്ക്കെന്തോ ചൊടി, ച്ചന്നു നീ-
യെൻമേലേക്കടവോടെറിഞ്ഞ പനിനീർ-
പ്പൂവിന്നുമുണ്ടെൻ വശം;
നിൻ മേനിക്കെതിർ നിന്നതാമധുനാ
വാടിക്കരിഞ്ഞാലു, മി-
ങ്ങുൻമേഷപ്രദമുല്ലസിച്ചു ചെടി മേ-
ലുള്ളൊന്നിനെക്കാളുമേ.

(വള്ളത്തോൾ — വിലാസലതിക)

അനുരാഗിണിയന്നുതന്നതാം
പനിനീർപ്പൂവിനുവാട്ടമേല്ക്കിലും
അതിലല്പ സുഗന്ധമിന്നുമു;
ണ്ടതി നിസ്സാരമഹോ ശരീരിത

(എം. ആർ. നായർ (സഞ്ജയൻ) — തിലോദകം)

ഉണ്ടെനിക്കു നീ തന്നൊരാമലർ-
ച്ചെണ്ടുകളൊക്കെയിപ്പൊഴും.
വാടി വാടിക്കരിഞ്ഞുവെങ്കിലും

വാസന നശിച്ചെങ്കിലും
കാത്തുസൂക്ഷിച്ചിട്ടുണ്ടവയെല്ലാം
കാഞ്ചന നിധിപോലെ ഞാൻ.
പാരിലോമലേ നിൻ പ്രണയത്തിൻ
സ്മാരകമാണാപ്പൂവുകൾ.

(ചങ്ങമ്പുഴ — നിഴലുകൾ)

[3] ഓർമ്മകളേ നിങ്ങളെനി-
ക്കോമനകൾ നിങ്ങളുടെ
കോമളസുമങ്ങൾ മാത്രം
കൊഴിഞ്ഞില്ലല്ലോ.

(പുതുശ്ശേരി രാമചന്ദ്രൻ — വണ്ടിന്റെ പാട്ട്)

വ്യാകുലൻ

അപ്പൊലിനേർ (1880–1918)

APOLLINAIRE

യുവതീയുവാക്കൾ പ്രേമബദ്ധരാകുക, കാമുകിയുടെ രക്ഷിതാക്കൾ അതിനെതിര് നില്ക്കുക, ഹതാശനായ കാമുകൻ പിൻവാങ്ങുക. പ്രേമത്തിന്റെ ഈയൊരു സർവ്വസാധാരണ വശമാണ് അപ്പൊല്ലിനേറുടെ പ്രതിപാദ്യം. സ്വന്തം അനുഭവ പശ്ചാത്തലത്തിൽ എഴുതപ്പെട്ട നീണ്ടൊരു കവിതയുടെ സമാപന ഭാഗമാണിത്. സർറിയലിസം ഫ്രഞ്ച് കവിതയിൽ ഒരു പ്രസ്ഥാനമായി രൂപം കൊള്ളുന്നതിനു മുമ്പ് 'സർറിയലിസം' എന്ന വാക്ക് സ്വന്തമായി സൃഷ്ടിക്കുകയും സ്വപ്നംപോലെ യുക്ത്യതീതമായ ഒരു പ്രതിഭാസമായിരിക്കണം കവിതയെന്നു സിദ്ധാന്തിക്കുകയും ചെയ്ത 'അവാം ഗാർദ്' (Avant-Garde) ആചാര്യനാണ് അപ്പൊലിനേർ. യുദ്ധരംഗത്തുവെച്ച വെടിയേറ്റതിനെത്തുടർന്നു നിര്യാതനായി.

കഴിഞ്ഞ കാലത്തിൻ തണുപ്പിൽ ഞാൻ മൂടി-
പ്പുതച്ച നീൾ നിദ്രാ നിലീനനായ് മേവി
സെബാസ്റ്റിൽ ശൈത്യത്തിൽ മൂതി വരിച്ച നാൽ-
പ്പതു പേരേക്കാളും വിറങ്ങലിച്ചതാം [1]
ഹൃദയമൊന്നിനു വിരവിലൂഷ്മാവ്
പകരാൻ ഈസ്റ്ററിൻ ഇനനണയട്ടെ? [2]
അവരന്നേറ്റൊരു വ്യഥയെൻ വാഴ്വേറ്റ
വ്യഥയെക്കാളിലും തുലോം കുറഞ്ഞതാം
മമ മഞ്ജു നൗകേ മമ സ്മരണെ, നാം
മതിയാവോളം പര്യടനം ചെയ്തില്ലേ
കുടിനീരല്ലാത്ത കെട്ട നീരിങ്കലായി [3]
അഴകിൻ പൊന്നഹർമ്മുഖം മുതലക്കു നാം
അഴലിൻ മൂവന്തിവരെയലഞ്ഞില്ലേ [4]

കപട പ്രേമമേ വിട, യകന്നു പോം
വധുവുമായ്ക്കൂട്ടുപിണഞ്ഞ പ്രേമമേ
കഴിഞ്ഞ വർഷമീയെനിക്കു ജർമ്മനി-
ക്കകമേ നഷ്ടമായൊരുത്തി മേലിൽ ഞാൻ
അവളെക്കാണുകില്ലവളുമായ് ക്കൂടി-
ക്കുഴഞ്ഞ കൃത്രിമ പ്രണയമേ വിട
പറയുകിൽ ക്ഷീരപഥമേ കാനാനിൻ [5]
ധവള സുന്ദര തടിനികളുടെ
പ്രണയിനികൾ തൻ സിതമൃദുലപ്പൂ-
വുടലുകളുടെ സമുജ്ജ്വലയാകും

ഉടപ്പിറന്നോളേ
അപര താരക നികരങ്ങൾ തൻ നേർ-
ക്കവിരതമായ് നീ തുടരും യാത്രയിൽ [6]
മമ സമാനരാം മൃതനീന്തുകാരും
ഞരങ്ങി നീങ്ങിക്കൊണ്ടനുഗമിക്കുന്നു.

സ്മൃതി പഥത്തിലിങ്ങണഞ്ഞിടുന്നിപ്പോൾ
ഇതര വർഷമൊന്നൊരു വസന്തത്തിൻ
പുലരിയിലെന്റെ കരളിനേറ്റവും
പുളകമേകിയ പരമ ഹർഷത്തെ
പുകഴ്ത്തിപ്പാടി ഞാൻ മമാത്മ വീര്യങ്ങൾ
മുഴവനപ്പാട്ടിൽ പരിസ്ഫുരിച്ചതേ
അതേ, ഞാൻ പ്രേമത്തിൻ ഋതുവിൽ പ്രേമത്തെ
പ്രകീർത്തനം ചെയ്തിട്ടുറക്കെപ്പാടിനേൻ [7]

La Chanson Du Mal-Aime'

കുറിപ്പുകൾ

[1] സെബാസ്റ്റ് = തുർക്കിയിലെ ഒരു നഗരം (ഇപ്പോഴത്തെ പേർ Sivis) നാല്പത് ക്രിസ്ത്യൻ ഭടന്മാർ സ്വന്തം വിശ്വാസത്തിനുവേണ്ടി ഇവിടെ കൊടുംതണുപ്പിൽ മരവിച്ചു മരിക്കാൻ നിർബദ്ധരായി.

[2] ഇനൻ = സൂര്യൻ

[3] ഇവിടുത്തെ വെള്ളമോ തെളിമയില്ല
ഇതിലെന്റെ മുഖമല്ലാതൊന്നുമില്ല
ഇതിലഴുക്കലിയലില്ലിതുപ്പുവെള്ളം
ഒഴുകാത്ത വെള്ളം കനത്ത വെള്ളം.

(ദേവി — തനിച്ച്)

വീണ്ടെടുപ്പില്ലാതെ വീണ മാലാഖപോൽ
ആണ്ടുപോയ് നിന്റെ നിഷിദ്ധജലങ്ങളിൽ.

(ബാലചന്ദ്രൻ ചുള്ളിക്കാട് — ഡ്രാക്കുള)

[4] അഹർമ്മുഖം = പ്രഭാതം
രാവിലെ തൊട്ടു ഞാനന്തിയോളം
പൂവനം തോറുമലഞ്ഞുപോയി.

(ചങ്ങമ്പുഴ — വിരഹി)

[5] കാനാൻ = യഹൂദർക്കു ദൈവം വാഗ്ദത്തം ചെയ്ത പാലും തേനുമൊഴുകുന്ന ഭൂമി.

[6] ഭൂമിയുൾപ്പെടെയുള്ള ക്ഷീരപഥം ഒന്നാകെ നീങ്ങുന്നുവെന്ന് ശാസ്ത്രസിദ്ധാന്തം.

[7] പണ്ടു താരുണി ചെണ്ടണിയുമ്പോൾ
കണ്ടു ഞാനൊരു കമ്രമാം രാഗം

ചുംബനച്ചെമ്പനി മലർ പൂക്കും
രമ്യ ജീവിതത്താഴ്വരയിങ്കൽ
ചന്ദ്രികാവന മല്ലിക ചൂടി
മന്ദഹാസിനിയാമവൾ നില്ക്കേ
രാക്കുയിലുപോലാഞ്ഞു ഞാൻ പാടാൻ,
'നോക്കു ലോകമേ ഞാനനുരാഗി!'

(വൈലോപ്പിള്ളി — ഒരു ഗാനം)

ഒരു പൂവുപോൽ പൂത്തുനിന്നൊരാ മുഗ്ദ്ധ സ്നേഹം
ഒരു ദീപമായ് ദീപ്തതാരമായ് മഹാസൂര്യ-
കിരണങ്ങളായെന്റെ യാത്മാവിലോളം തല്ലി-
യിളകീടുന്നു. മുക്തകണ്ഠമായ് പാടട്ടെ ഞാൻ

(സുഗതകുമാരി — അത്രമേൽ സ്നേഹിക്കയാൽ)

ഴോർഴ് സാന്തിനോട്

അൽഫ്രെദ് ദ് മ്യുസ്സെ (1810–1857)

ALFRED DE MUSSET

ഴോർഴ് സാന്തുമായി തെറ്റിപ്പിരിഞ്ഞപ്പോൾ അൽഫ്രെദ് ദ് മ്യുസ്സെ അവർക്കയച്ച ഈ കവിത ഇരുവരുടെയും മരണത്തിനുശേഷം പ്രസിദ്ധീകരിക്കപ്പെട്ട കത്തിടപാടുകളിലാണ് ആദ്യമായി വെളിച്ചം കണ്ടത്. ഫ്രഞ്ച് പത്രങ്ങളെല്ലാം ഇതു പുനഃപ്രസിദ്ധീകരിക്കുകയുണ്ടായി.

ഇനി ഭവതി വാഴ്വിനെ-
യന്യത്ര മേയ്ക്കുക. [1]
ഇതുവരെയുമെൻ വാഴ്വ
നീയായിരുന്നയേ.

ഇതര ദിശയിങ്കലായ്
നീ വിരാജിക്കുക,
ഇതുവരെയുമെന്നുടെ
സർവസ്വമായോളേ,

ഇനിയപര നാട്ടുക-
ളേറെ നീ പൂകുക,
ഇതുവരെയുമെന്നേക-
നാടായിരുന്നു നീ.

പ്രഭ ചൊരിയുവോളെ, നീ
പൂത്തുല്ലസിയ്ക്കുക,
മമ ഹൃദയ റാണിയായ്
വാണ മനോഹരീ.

ഒരു പുതിയ പ്രേമത്തി-
നേക നീ പൂർണ്ണത,
അതിനിടയിലെന്റേ-
തനുസ്മരിച്ചീടുക [2]

വെളിയിലെവിടേയ്ക്കു നീ
പോകിലുമെൻ സ്മൃതി-
യ്ക്കുന്നമതിയരുളീടു
പിന്തുടർന്നീടുവാൻ.

തവ ഹൃദയമേറീട്ടു വന്നു

കൊള്ളട്ട ത-
ങ്ങൊളി രഹിതമാമൊരു
വാടിയ പൂവു പോൽ. [3]

ഹൃദയ മലർ മാമകം
നീ കൊയ്തെടുത്ത നാ- [4]
ളുദിതമൊരു നവ്യ-
പ്രതീക്ഷയെന്നുള്ളിലായ്.

ഇവിടെയിനിയാനന്ദ-
മെന്നു ഞാൻ നണ്ണിനേൻ,
ദ്രുതമതു വിനഷ്ട മെ-
ന്നോർത്തെനിക്കില്ലഴൽ,

ഭവതിയിലെനിക്കു
പകരുവാനായിടാ-
തതു വിഗതമെന്നതാ- [5]
ണെന്നൊരേ വേദന,

A George Sand

കുറിപ്പുകൾ

[1] ആശ്വസിച്ചല്ലോ പലപ്പൊഴും നീയെന്റെ
ശാശ്വത നിർവൃതിയാകുമെന്നോർത്തു ഞാൻ.
വെള്ളിനക്ഷത്രമേ, നീയടുത്തുള്ളനാൾ
തുള്ളിത്തുള്ളുമ്പിയിരുന്നു മന്മാനസം.
ഇന്നിതാ വേർപെട്ടു പോകയാണോമലേ
കണ്ണീരിലെന്നെക്കുളിപ്പിച്ചു കൊണ്ടു നീ.

പോവുക, പോവുക നിത്യാനുഭൂതികൾ
പൂവിരിക്കട്ടെ നിൻ ജീവിതപ്പാതയിൽ,

(ചങ്ങമ്പുഴ — വിയോഗഭൂവിൽ)

യാത്രയാക്കുന്നു സഖി,
നിന്നെ ഞാൻ മൗനത്തിന്റെ
നേർത്ത പട്ടുനൂൽ പൊട്ടി-
ച്ചിതറും പദങ്ങളാൽ,

(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

രണ്ടു മേഘങ്ങൾപോലെ
നമ്മളന്യോന്യം കണ്ടു
രണ്ടു കുഞ്ഞരുവിപോൽ
നമ്മളൊന്നായിച്ചേർന്നു
രണ്ടു കൈവഴികൾ പോൽ

നമ്മൾ വേർപിരിഞ്ഞല്ലോ.

(ഡി. വിനയചന്ദ്രൻ — ഒരു ബന്ധത്തിന്റെ കഥ)

എത്രമേൽക്കെട്ടിപ്പുണർന്നാലുമിന്നു നാം
തൊട്ടു പോകില്ല പരസ്പരം മേനിയിൽ.
ഒച്ചൊഴിഞ്ഞൂരിയടർന്ന തൊണ്ടിൽ ഊതി
ഒച്ചയുണ്ടാക്കുന്നപോലെ ഞാൻ ചൊല്ലിയ-
തൊട്ടു മോർമ്മിക്കയും വേണ്ടാ, പിരിയുക,
മറ്റൊരിക്കൽ കണ്ടുമുട്ടാതിരിക്കുക.

(പി. പി. രാമചന്ദ്രൻ — ഉത്തരകാലം)

Since there is no help,
Come let us kiss and part.

(M. Drayton — Love's Farewell)

[2] ഭാസുര ദാമ്പത്യത്തിൻ-
മണിമേടയിൽ സ്വൈരം
നീ, സഖി, യമരുമ്പോൾ
ഓർക്കുക വല്ലപ്പോഴും.

(പി. ഭാസ്കരൻ — ഓർക്കുക വല്ലപ്പോഴും)

[3] വാടാത്തമലരിനെ-
പ്പേർത്തും നീ തിരയുന്നു
വാടിയ മലരിനെ-
യോർത്തു ഞാൻ കരയുന്നു.

(ഇടപ്പള്ളി — വ്രണിതഹൃദയം)

[4] വാടിത്തളർന്നു മയങ്ങിയോരെൻ മോഹ-
പുഷ്പമിറുത്തു നീ, നിന്റെ യാത്മാവിന്റെ
പീലിയിൽ ചൂടുവാനെന്നു. പക്ഷെ പുറം-
കാലിനാൽത്തട്ടിയെറിഞ്ഞതു, മായതിൻ
നീലദലങ്ങളുലഞ്ഞു ചതഞ്ഞതും
വേദനയോടെ ഞാൻ നീറിപ്പിടഞ്ഞതും…

(എസ്. രമേശൻ നായർ — അമർഷഗീതി)

[5] അതു = ആ ആനന്ദം

കാലുമാറ്റം

ഫ്ലൊറിയാൻ (1755–1794)

FLORIAN

എല്ലാമെല്ലാം കാമുകിക്കുവേണ്ടി പരിത്യജിച്ചു. സ്വന്തം പ്രണയം സുസ്ഥിരമെന്ന് അവൾ പലവുരു പ്രഖ്യാപിച്ചു. പക്ഷേ, പിന്നീടവൾ കാലുമാറി പുതിയൊരു കാമുകനോടൊപ്പം പോയി. ഈ ദുരന്തത്തിന്റെ ഉമിത്തീയിൽ നീറുകയാണ് ഫ്ലൊറിയാന്റെ സഹനശീലനായ കാമുകൻ, ലാ ഫൊംതേനിനെ പിന്തുടർന്ന സാരോപദേശ കവിതകളും നോവലുകളും നാടകങ്ങളുമെഴുതിയ ഫ്ലൊറിയാൻ രാജഭക്തനായിരുന്നതിനാൽ 1789 ലെ ഫ്രഞ്ച് വിപ്ലവകാലത്ത് തടവിലാക്കപ്പെട്ടിരുന്നു.

പ്രണയജന്യമാമാനന്ദ വായ്പിനു
നിമിഷനേരമേ നില്പുള്ളൂ, നിർണ്ണയം.
പ്രണയജന്യമാമാതങ്കമാണെങ്കിൽ
കരളുമന്തരം ആജീവനാന്തവും [1]

സകലവും സന്ത്യജിച്ചു, ഹാ, ‘സിൽവിയെ’
പ്പരിണയിപ്പതിന്നായി ഞാനെങ്കിലും
അതികൃതഘ്നയക്കാമിനിയെന്നെ വി-
ട്ടിതര കാമുകനേകനോടൊത്തു പോയ്. [2]

‘വിമല മീ യുറവങ്ങു നാം കാൺമൊര-
ത്തടിനി തന്നിലേയ്ക്കെന്നുമൊഴുകും പോൽ
പ്രണയമാർന്നിടും നിങ്കൽ ഞാൻ’-എന്നൊടു
പറകയുണ്ടായ് പലവുരു പെണ്ണവൾ.

തടവെഴാതെ കണ്ടാറ്റിലേയ്ക്കിപ്പൊഴും
ഒഴുകിടുന്നൂറ്റു നീരെന്നിരിക്കിലും
അറുതി വന്നുപോയെങ്കലേക്കുള്ള തൽ-
പ്രണയ നിർത്സരിക്കെന്തൊരു മാറ്റമാം!

പ്രണയജന്യമാമാനന്ദ വായ്പിനു
നിമിഷനേരമേ നില്പുള്ളൂ, നിർണ്ണയം.
പ്രണയജന്യമാമാതങ്കമാണെങ്കിൽ
കരളുമന്തരം ആജീവനാന്തവും.

Plaisir D’Amour

കുറിപ്പുകൾ

[1] നീയെന്റെ യാരുമല്ലെന്ന നോവുള്ളത്തിൽ
നീറുകയാണമിത്തീയ്യു പോലെ
നീളെ ക്കുടലിലെരിയുകയാണഗ്ര-
മാളിപ്പടരും വിശപ്പുപോലെ,
ചോരയിൽ പൊട്ടിത്തെറിക്കയാണെഞ്ചിനിൽ
ച്ചാമ്പുന്ന പെട്രോളിൻ ജെറ്റുപോലെ,
മജ്ജയിലൂറിത്തരിക്കുകയാണൊരു
മൂർഖന്റെ ദുർവിഷത്തുള്ളിപോലെ.

(എൻ. വി. കൃഷ്ണവാരിയർ — ഒരു പ്രീഡിഗ്രിക്കാരന്റെ പ്രണയം)

[2] നിന്നനുഭൂതിക്കതിലവസാനത്തെ
ബിന്ദുവും കൂടിസ്സമർപ്പണം ചെയ്യുവാൻ
സന്നദ്ധനായിരുന്നിട്ടുമപരന്റെ
മന്ദസ്മിതത്തിനായെന്നെ വഞ്ചിച്ച നീ-
വിശ്വവിമോഹിനി, നീ കഷ്ടമെങ്ങിനെ
വിശ്വാസ ഘാതകിയായി പൊടുന്നനെ?

(ചങ്ങമ്പുഴ — വേതാളകേളി)

പ്രേമമൊരു പരിവേദന

ക്ലെമാം മറൊ (1496–1544)

CLEMENT MAROT

‘പ്രേമത്തിൻ തിളക്കം കണ്ടതു ചെന്നെടുക്കാൻ’ മോഹം. പക്ഷേ, ‘ഭീമമാം ഖഡ്ഗത്തേക്കാൾ മൂർച്ചയേറിയ’താണെന്ന അറിവ് മനസ്സിനെ പിന്തിരിപ്പിക്കുന്നു. ഫലം പ്രേമത്തെക്കുറിച്ചുള്ള അശുഭപ്രതീക്ഷ. ഈ മനോഭാവം മറൊവിന്റെ വരികളിൽ പരിഭവരൂപം കൈക്കൊള്ളുന്നു.

മോഹമുണ്ടെനിക്കേറെ ലൗകിക-
പ്രേമമേകിടു മാനന്ദ-
മാസ്വദിക്കുവാൻ, പക്ഷെയെന്നാശ
വ്യർത്ഥമാണെന്നേ ചൊല്ലാവൂ.
പാർക്കുകിൽ പ്രേമമിന്നൊരു പരി-
വേദനാത്മക കാര്യമാം. [1]
കുറെഴുമനുരാഗികൾക്കനു-
കൂലമല്ലേതു മിക്കാലം.
നിഷ്കപടരാമി പ്രണയികൾ-
ക്കെപ്പൊഴും ഫലം ദൗർഭാഗ്യം.
സൂത്രശാലികളാണൊടുവിൽ തൽ-
ഭാഗ്യപൂർത്തി വരിക്കുവോർ [2]

J’ai Grand Desir…

കുറിപ്പുകൾ

[1] രാഗമേ നീയൊരു പൊൽപ്പനിനീരലർ
വേഗം സുഭഗ ദലങ്ങളുതിർന്നു പോം.
കേവലം മുള്ളുകൾകൊണ്ടു കീറുന്നു നീ
ജീവനെപ്പിന്നെ, വെറുക്കുന്നു നിന്നെ ഞാൻ.

(ജി. — ആ മരം)

സ്നേഹത്തിനർത്ഥം വ്യസനമെന്നാണെന്നു
സ്നേഹിച്ചു ലോകത്തിൽ നിന്നു പഠിച്ചു ഞാൻ

(ചങ്ങമ്പുഴ — ആ കാലങ്ങൾ)

പ്രണയത്തിൻ ചഞ്ചൽച്ചിറകു വീശി-
യകലത്തൊരാത്മാവലഞ്ഞുവെന്നാൽ

കഠിന നിരാശതൻ മണ്ഡലത്തിൽ
തടയും തളരും തകർന്നു പോകും.

(ഇടപ്പള്ളി — വസന്തം കഴിഞ്ഞു)

ആ മണിമയപ്രേമം ജ്വാലക-
ളാളും തീക്കനലാണല്ലോ
മാലയല്ല, പടമെടുത്തും
കാളഭുജംഗമാണല്ലോ.

(പി. കുഞ്ഞിരാമൻ നായർ — അനാർക്കലി)

Yet remember ‘midst our wooing
Love has bliss, but love has ruing;
Other smiles may make you fickle
Tears for other charms may trickle.

(T. Campbell — Freedom and Love)

Is love a tender thing? It is too rough,
Too rude, too boist’rous and prickles like thorn.

(Shakespeare — Romeo and Juliet)

[2] കപടതയ്ക്കേ കഴിഞ്ഞിട്ടു കാഞ്ചന-
ജയപതാകയിവിടെപ്പറത്തുവാൻ.

(ചങ്ങമ്പുഴ — രമണൻ)

കയർ

പോൽ ഫോർ (1872–1960)

PAUL FORT

പുതിയ കാമുകീകാമുകബന്ധത്തിന്റെ സ്വഭാവമെന്താണ്? താത്കാലികതയാണ് അതിന്റെ മുഖമുദ്ര. സ്ഥിരബന്ധത്തിനു വിലയിടിഞ്ഞിരിക്കുന്നു. കൂടിച്ചേരലും കൂട്ടുപിരിയലും പെട്ടെന്നാണ്. നാടൻ പാട്ടുരീതിയിൽ നിത്യജീവിത സംഭവങ്ങളെ വിഷയീകരിച്ച് സംസാരഭാഷയിൽ കവിതകളെഴുതിയ ആധുനികനായ പോൽ ഫോർ ഇത്തരമൊരു കാമുകന്റെ ന്യായവാദം നമ്മെ കേൾപ്പിക്കുന്നു.

ഇനിയെന്തിനായേച്ചുകെട്ടണം നമ്മുടെ-
യനുരാഗം ഉണ്ടോ പൊരുളതിന്നു?
കയർ പൊട്ടി, പെണ്ണാളേ, പറയുകിൽ നീയല്ലേ [1]
മുറുകേ വലിച്ചതധികമായി?
അപരാധി ഞാനാണോ, ഇനിയന്യനാരാനോ,
അതുമല്ല നൽക്രിസ്ത്യൻ ദൈവമാണോ?
കയർ പൊട്ടി, ഇല്ലിതിൽക്കുറ്റമിങ്ങാർക്കുമേ,
അറിയാമിക്കാര്യം സകലപേർക്കും.

പ്രണയം കടക്കുന്നു പല കരളിങ്കലും,
പല കപ്പലിന്നും കയറിതല്ലോ.
വളയങ്ങൾ പലതുടെ അതു കടന്നീടുന്നു.
പഴകുന്നുവെങ്കിലോ കുറ്റമാർക്കാം? [2]
ഉലകിങ്കൽ പ്രണയികൾ ഒരുപാടു, ണ്ടേവരും
ഒരു പാപം തന്നെയാം ചെയ്തവതെന്നും.
പ്രണയത്തിന്നെന്തിതിൽക്കുറ്റം, അതിൻ കയർ
പഴകിത്തഴഞ്ഞതായ്ത്തീർന്നുവെങ്കിൽ?
ഇനിയെന്തിനായേച്ചു കെട്ടണം നമ്മളി-
ച്ചെറുരാഗം, [3] ഉണ്ടോ പൊരുളതിന്നു?

കയർ പൊട്ടി, പെണ്ണാളേ, പറയുകിൽ നീയല്ലേ
മുറുകേ വലിച്ചതധികമായി?

La Corde

കുറിപ്പുകൾ

[1] പൊട്ടുകല്ലിനി ഞങ്ങൾ തമ്മിലു-
ള്ളി പ്രണയത്തിൻ ശൃംഖല

(ചങ്ങമ്പുഴ — രമണൻ)

ആടിയുലഞ്ഞു കയറുരഞ്ഞു
ഊഞ്ഞാലുപൊട്ടി നിലം പൊത്തുമോ?

(കെ. വി. ബേബി — ചോദ്യങ്ങളുടെ ഊഞ്ഞാലിൽ ഉത്തരംതേടി)

[2] പലർക്കുമേൽ വർഷിക്കപ്പെടുന്ന സ്നേഹം
പല കൈകളിലൂടെ കടന്നുപോയ
പനിനീർപ്പൂവുപോലെ
പുതുമ നശിച്ച ഒരു സർവ്വസാധാരണത,

(റോസ് മേരി — മഞ്ഞുമലയിൽനിന്നുദ്ഭവിക്കുന്ന അരുവി)

[3] ചെറുരാഗം = താത്കാലിക പ്രേമം

രണ്ടു കസേര

റൊബേർ മല്ലെ (1915–)

ROBERT MALLET

പ്രണയബന്ധത്തിന്റെ തകർച്ചയ്ക്കു മുൻപിൽ നോക്കാതെയുള്ള കടന്നു കയറ്റം മുഖ്യകാരണങ്ങളിലൊന്നത്രെ. പൊരുത്തക്കുറവുകളുടെ പാറമേൽത്തട്ടി പലപ്പോഴും അതു പൊട്ടിത്തകരുന്നു. ഈ പ്രശ്നം പ്രതീകാത്മകമായി ഉന്നയിച്ച് റോബർ മലെ നർമ്മമധുരമായ ഒരു മുന്നറിയിപ്പ് നൽകുന്നു. നാടകകൃത്ത്, വിദ്യാഭാസ വിചക്ഷണൻ എന്നീ നിലകളിലും വിഖ്യാതനാണ് മല്ലെ.

മഴ കൊൾവൂ തൊട്ടു കിടന്നിട്ടും രണ്ടു
കസേര, ധൂസര സ്മൃതിപോലുള്ള ഭൂ-
വിഭാഗ ദൃശ്യത്തിന്നഭിമുഖമായി.
വെളിവുറ്റ രണ്ടു കമിതാക്കൾ, ളൊന്നി-
ച്ചിണക്കപ്പെട്ടതാമിരുവദനങ്ങൾ, [1]
പരസ്പരം താങ്ങായ് മരുവിടും രണ്ടു
ചുമലുകൾ, സ്വന്തം നിഴല്ക്കളന്യോന്യം [2]
കലർന്നിടുംവിധമൊരുമിച്ചിട്ടൊരേ
കവിത വായിച്ചു രസിച്ചു പിന്നതു
മറന്നിടുന്നോരാമിരുപ്രണയികൾ-
ഇവരെപ്പറ്റിയിപ്പെരുമഴയത്തു
കുതിരുന്ന കസേരകൾ പറയുന്നു.
പുരയ്ക്കകത്തിനിപ്പുനർജ്ജനിച്ചിടാ-
ത്തൊരു ഭഗ്നസഖ്യകഥ പറയുന്നു.

പ്രണയമഗ്നരേ, ഋതുവേതെന്നതാ-
മവബോധം നിങ്ങൾക്കവശ്യമായ് വേണം, [3]
മഴ പൊഴിഞ്ഞതു നിമിത്ത മെത്രയോ
പ്രണയങ്ങൾ മൃതിയടഞ്ഞു പോയിതേ.

Deux Chaises Cote A Cote

കുറിപ്പുകൾ

[1] തമ്മിൽ പ്രണയം പെരുത്തു രണ്ടാളു മ-
ന്യോന്യമിരുതലപ്പക്ഷിപോൽച്ചേർ, ന്നൊന്നു
തന്നെയായ്…

(എൻ. വി. കൃഷ്ണവാരിയർ — യാത്ര)

[2] ഹാ, സഖീ, നീയെന്നോടു ചേർന്നു നില്ക്കുക...

(വൈലോപ്പിള്ളി — യുഗപരിവർത്തനം)

[3] ആദർശജീവിതം പാടി നടക്കുന്ന
മാദൃശരെത്രമേൽ സുസ്ഥിരരാകിലും
മർത്ത്യൻ സമുദായ ജീവിയാണെങ്കിലോ
മറ്റഭിപ്രായങ്ങളാദരിച്ചീടണം

(ഇടപ്പള്ളി — വിപ്ലവം, വിപ്ലവം) നേരിട്ടിടാനൊരു തുച്ഛമാകം
നേരമ്പോക്കാണോ വിവാഹകാര്യം?
എന്തെല്ലാമുണ്ടതിൽ ഗാഢമായി
ച്ചിന്തിക്കാൻ ചിന്തിച്ചു ചർച്ച ചെയ്യാൻ.
കൊച്ചു കുഞ്ഞാണു നീ നിന്റെ കണ്ണിൽ
വിശ്വം മുഴുവൻ വെളുത്തു കാണും.

(ചങ്ങമ്പുഴ — രമണൻ) കേട്ടിരിക്കുന്നു ക്ഷിപ്രസാധ്യമാമനുരാഗം
കേവലമല്ലായുസ്സെ, ന്നെങ്കിലുമൊന്നിച്ചു നാം

(യൂസഫലി കേച്ചേരി — ചന്ദ്രപ്രിയ)

വഴിപിരിയൽ

ഫിലിപ്പ് ദെപ്പോർത്ത് (1546–1606)

PHILIPPE DESPORTES

കമിതാക്കളുടെ, ദമ്പതിമാരുടെ തെറ്റിപ്പിരിയലിനുള്ള കാരണങ്ങൾ ഭിന്നമത്രെ. തന്നെ വഞ്ചിച്ച മറ്റൊരാളെ പ്രേമിക്കുകയും മനസ്സുമാറ്റത്തിനു മറ്റൊരു കാരണം പറയുകയും ചെയ്ത കാമുകിയോട് കമിതാവ് പകരം വീട്ടുന്നു. അവളുടെ സ്ഥാനത്ത് മറ്റൊരുത്തിയെ സ്വീകരിച്ചുകൊണ്ട്!

കുറച്ചു നാൾകൾ ഞാനകലെപ്പോയതിൽ
വെറുത്തു നിന്നുടെ മനസ്സു മാറ്റി നീ.
ശരി, ഞാനും നിന്റെ നിലമാറ്റത്തിനാൽ
തിരിച്ചു വിട്ടന്യ വഴിയ്ക്കു മന്മനം. [1]
ചപല സുന്ദരിയൊരുത്തിയെന്റെ മേൽ
നടത്തുകില്ലിനിത്തനതു തേർവാഴ്ച [2]
അനുതപിക്കുമാരിതിലാദ്യമെന്നു
സ്ഥിരതയറ്റോളേ, നമുക്കു കണ്ടിടാം.

കഴിവു നീറിയും മിഴിനീർ വാർത്തു മീ
വഴി പിരിയലെ ശ്ലപിച്ചുകൊണ്ടു ഞാൻ.
പരിലാളിച്ചു നീ പുതിയ കാമുക-
നൊരുത്തനെയെന്നെപ്പുറമെ സ്നേഹിക്കേ [3]
ഒരു കാറ്റാടിയും തിരിഞ്ഞതില്ലിത്ര
ത്വരിതമായ്ക്കാറ്റിൽ, പറഞ്ഞിടട്ടെ ഞാൻ [4]
അനുതപിക്കുമാരിതിലാദ്യമെന്നു
സ്ഥിരതയറ്റോളേ, നമുക്കു കണ്ടിടാം.

വിശുദ്ധ വാഗ്ദാനം, വിട നൽകെ ക്കണ്ണീർ-
പ്രളയം-ഒക്കെയുമെവിടെ പ്പോയിപ്പോൾ? [5]
ചപലമാമൊരു ഹൃദയത്തിൽ നിന്നോ
ഇതൊക്കെവ, ന്നെത്ര കപട ശീല നീ! [6]
എവനാണു നിന്നെയിനി ന്നണ്ണീടുന്ന-
തവനഭിശപ്ത സംശയമായും.
അനുതപിക്കുമാരിതിലാദ്യമെന്നു
സ്ഥിരതയറ്റോളേ നമുക്കു കണ്ടിടാം.
മമസ്ഥാനം പിടിച്ചെടുത്തോനെന്നെപ്പോൽ
കഴിയില്ല നിന്നെ പ്രണയിച്ചീടുവാൻ.
അഴകിൽ, പ്രേമത്തിൽ, അകക്കുറിൽ നിന്നെ

അതിശയിപ്പോളെൻ പുതിയ കാമുകി.
ഇനിയെമ്മട്ടും നിൻ പുതുപ്രേമത്തെ നീ
തകർച്ച പറ്റാതെ പരിലാളിച്ചോളൂ.
നവ പ്രേമമെന്തേതൊരു മാറ്റമെന്യേ
നിലനില്ക്കുമെന്നുമറിഞ്ഞുകൊണ്ടാലും.
അനുതപിക്കുമാരിതിലാദ്യമെന്ന-
തനുഭവത്തിങ്കൽ നമുക്കു കണ്ടിടാം.

Rosette, Pour Un Peu D'absence,
Votre Coeur Vous Avez Change

കുറിപ്പുകൾ

[1] മറന്നുപോയ് നമ്മൾ കടന്ന പാതകൾ
മരിച്ച നമ്മുടെ പഴയ സൗഹൃദം
മറന്നുപോയ് നമ്മളൊരുമിച്ചു രുചി-
ച്ചറിഞ്ഞ ജീവിതരുചികളത്രയും.

(ഒ. വി. ഉഷ — പരിചയം)

If she slight me when I woo
I can scorn and let her go
For if she be not for me
What care I for whom she be!

(George Wither — The Manly Heart)

[2] ഇനി നമുക്കിവിടെ കണക്കുതീർക്കാം വഴി-
പിരിയാം, നമുക്കെതിർ ദിശകൾ നോക്കാം.
ഇനി നമുക്കന്യരായജ്ഞാതരായ് രണ്ടു
നിഴലുകളായ് നടന്നകലെ മായാം.

(കരൂർ ശശി — നിഴലുകൾ)

വേർപിരിയലാണിവിടെ നീതി വിരഹത്തിന്റെ
നേർതിരിയലാണിവിടെ മാനുഷികദർശനം.

(ഡി. വിനയചന്ദ്രൻ — പോവുക പ്രിയംവദേ)

[3] സന്നദ്ധനായിരുന്നിട്ടുമപരന്റെ
മന്ദസ്മിതത്തിനായെന്നെ വഞ്ചിച്ചു നീ.
ദേഹമെനിക്കു നീയേകിയവനുനിൻ
ദേഹവും സ്നേഹവുമൊന്നിച്ചു നല്കി നീ

(ചങ്ങമ്പുഴ — വേതാളകേളി)

Another shepherd you did see
To whom your heart was soon enchained,
Full soon your love was leapt from me,

Full soon my place he had obtained.
Adieu Love, adieu Love, untrue Love!

(Anon — The Unfaithful Shepherdess)

[4] വർണ്ണപ്പകർച്ചയ്ക്കു വൈദഗ്ദ്ധ്യമോന്തിനാ-
ണെന്നാലതിന്റെ കഴിവിനുകൂടിയും
ഉണ്ടൊരറുതിയുമറ്റവുമായവ
കണ്ടിടാം നാരിതൻ വർണ്ണപ്പകർച്ചയിൽ.

(ചങ്ങമ്പുഴ — വേതാളകേളി)

Is it possible
That any may find
Within one heart so divine mind,
To change or turn as weather or wind?

(Sir T. Wyatt — Farewell to the Faithless)

[5] അന്നു നാനാശപഥവചസ്സുകൾ
ചൊന്നു നീ നിൻ ദൃഢത കാണിക്കവേ,
ഓതിയില്ലയോ കാലക്രമത്തിലാ-
സ്ഥീതരാഗവും മാഞ്ഞിടുമെന്നു ഞാൻ?

(ചങ്ങമ്പുഴ — രമണൻ)

Thy vows are all broken,
And light is thy fame:
I hear thy name spoken
And share in its shame.

(Byron — When We Two Parted)

[6] ഞാനിത്രകാലവും വിശ്വസിച്ചു നിന്റെ
തേനെതിർച്ചൊല്ലും മലർച്ചിരിയും.
പേർത്തും മൊഴിയാൽ ചിരിയാലുമെന്നെ നീ
തീർത്തും ചതിക്കുകയായിരുന്നു.

(യൂസഫലി കേച്ചേരി — ചതിക്കപ്പെടുന്നതിന്റെ സുഖം)

ആനന്ദാശ്രു

പർനി (1753–1814)

PARNY

കൈമെയ് മറന്നു താൻ പ്രേമിച്ച പെണ്ണ് വിവാഹനിർദ്ദേശം നിരസിച്ചതോടെ നിരാശതയിൽ നൊമ്പരം കൊള്ളുന്ന കാമുകനു പ്രകൃതി അഭയമരുളുന്നു. ഇങ്ങനെ സമചിത്തത വീണ്ടെടുത്തു താൻ അവളോടു വിടപറയുന്നു-കണ്ണീരോടെ, ജീവിതത്തിന്റെ താളം വീണ്ടുകിട്ടിയതിലുള്ള സന്തോഷത്തിന്റെ കണ്ണീരോടെ, ഇതു കവിയുടെ സ്വന്തം അനുഭവമത്രെ. ഒട്ടേറെ പ്രണയകവിത കളുടെ കർത്താവാണ് പർനി.

നുകർന്നേനൊരു നെടു-
നിദ്ര തൻ മധുരിമ,
ഉണർന്ന നേരം മാന-
ത്തുഷസ്സിൻ തിരനോട്ടം.
ഭാവബന്ധുരമാമീ
മംഗള മുഹൂർത്തിൽ
പാവന പ്രശാന്തിയിൽ
മഗ്നയാം പ്രകൃതിയാൾ.
പൂവിനെക്കെട്ടിപ്പുണർ-
ന്നുറങ്ങും പൂന്തെന്നല്
പാരിനായ്ക്കൊണ്ടുള്ള പ-
ര്യടനം തുടങ്ങീലാ.
മൗന മുദ്രിതമെന്റെ
ചുറ്റുപാടഖില, മെൻ
താവളമിതുപോലും
ശാന്തിതൻ നികേതമായി.
മാത്രമല്ലിതെന്തൊരു
വിസ്മയം, ഇശ്ശാന്തത
മാമകാന്തരത്തിലും
സംക്രമിച്ചല്ലോ പേർത്തും!
ആസ്ഥയുമാതങ്കവു-
മെന്നുള്ളിൽ വളർത്തിന
കാഴ്ചയെൻ കൺവെട്ടത്തിൽ
നിന്നെങ്ങോ മറഞ്ഞുപോയ്.
വീണ്ടുമേ വിവേകമെൻ
ബോധത്തെ വിളക്കവേ

വിട്ടുപോയ് വിഷാദത്തിൻ
കാർമേഘ നിവഹങ്ങൾ. [1]

ഏറെ നാളിശ്ശാന്തിക്കായ്
കാത്തിരുന്നെൻ ചേതന,
ഏറെ നാളിശ്ശാന്തിതൻ
കാരുണ്യമർത്ഥിച്ചേൻ ഞാൻ,
ഒടുവിൽ വിണ്ണിങ്കൽ നി-
ന്നിവൾ വന്നിറങ്ങിയെൻ-
കരളിൽ കുടേറുവാൻ,
നിർഘൃണ പ്രേമത്തിന്നു
പകരം നിന്നീടാ, നെൻ
നൗകയെ കൊടുങ്കാറ്റിൽ
തകരാതൊരു രക്ഷാ-
സങ്കേത മണയ്ക്കുവാൻ.
കോളിന്റെ കൊടുമയ്ക്കു
ഞാനിരയായീടാതെ
തീരത്തിലിരുന്നിപ്പോൾ
സാകൂതം വീക്ഷിക്കുന്നേൻ
അലറുമഗാധാബ്ധി-
പ്പരപ്പിന്നവിരാമ-
ത്തിരമാലകളാടും
തീവ്രമാം നടനങ്ങൾ.
എൻ വാഴ്വെ യുലച്ചതാം
വശ്യതയ്ക്കുടയോളേ,
നിന്നെ ഞാൻ മറക്കുന്നു,
മറക്കാൻ ശീലിക്കുന്നു [2]
ഇന്നിമേലലട്ടില്ല
നിന്നെ ഞാ, നെന്നെ ചൊല്ലി
നിന്മനസ്സേലായ്ക്കാപ-
ച്ഛങ്ക, ഞാൻ വഴങ്ങുന്നു.
നിൻ നേർക്കു തുറന്നോരെ
ന്നാത്മാവിൻ വാതായനം
തന്നെത്താനടയുമി-
ന്നിർഭര നിമിഷത്തിൽ
പ്രേമ മുക്തനാമെന്റെ
കണ്ണുകൾ നനയുന്നു.
നീരിതെന്റെ നവസ്ഥിതി-
ജാതമാമാനന്ദാശ്രു!

കുറിപ്പുകൾ

[1] ആനന്ദ ദായിനിയായിട്ടും നിൻ
വേണുഗാനം കേട്ടു ഞാനുണർന്നു.
എന്തൊരു വിസ്മയം ചുറ്റുമാർന്നോ-
രന്ധതാമിസ്രമതെങ്ങു പോയി?...

(ചങ്ങമ്പുഴ — നിർവൃതി)

[2] കടലിലൊരുതുള്ളിക്കണ്ണീരുംകൂടി, ക്കട്ടി-
യിരുളിലൊരു പുത്തൻ നിഴലിൻ ലയം കൂടി...
ചത്തവാഗ്ദത്തങ്ങൾ തൻ തുവലുകളെ, ക്കത്തി-
ക്കെട്ട യൗവനങ്ങളെ, ജീർണ്ണ മാധുര്യങ്ങളെ,
ചില്ലുകളായിച്ചിന്നും വിശ്വാസങ്ങളെ, വിടർ-
ന്നല്ലിലേ കൊഴിഞ്ഞോരു പൂക്കളെ, ച്ചിരികളെ
ഒക്കയും വാരിപ്പോകും വൃദ്ധയാം പണിക്കാരി,
നില്ക്കുക, യിതാ യൊരു നിഷ്ഫല പ്രേമം കൂടി...

(സുഗതകുമാരി — രാത്രിതൻ ലയം)

മറവിയാറ്

ഷാർല് ബൊദെലേർ (1821–1867)

CHARLES BAUDELAIRE

പ്രതീക്ഷകളുണർത്തുന്ന പ്രണയം പരാജയപ്പെടുമ്പോൾ സ്ത്രീപുരുഷന്മാർ പല വഴിക്കും നീങ്ങുന്നു. പുരുഷന്മാരിൽ പലരും പ്രതികാരബുദ്ധിയോടെ വേശ്യാലയങ്ങളിൽ അഭയം കണ്ടെത്തുന്നു. ബൊദെലേർ ഇവരിലൊരാളായിരുന്നു. ആ അനുഭവമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ കവിതയുടെ സവിശേഷത ഇതുകൊണ്ടു തീർന്നില്ല. 1857-ൽ അദ്ദേഹം ‘തിന്മയുടെ പൂക്കൾ’ പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിലെ കവിതകളിൽ ആറെണ്ണം പൊതുസദാചാരത്തിനു നിരക്കാത്തതെന്നാരോപിച്ച് സർക്കാർ പുസ്തകം മുഴുവൻ കണ്ടുകെട്ടുകയും അദ്ദേഹത്തെ പ്രോസിക്യൂട്ട് ചെയ്യുകയുമുണ്ടായി. വലിയ കോളിളക്കം സൃഷ്ടിച്ച വിചാരണയിൽ കോടതി അദ്ദേഹത്തിന് 300 ‘ഫ്രാൻ’ പിഴ വിധിച്ചു. പിന്നീടതു 50 ‘ഫ്രാനാ’യി ചുരുക്കി. നിരോധിക്കപ്പെട്ട 6 കവിതകൾ നീക്കിയേ പുസ്തകത്തിന്റെ വില്പന തുടരാൻ കഴിഞ്ഞുള്ളൂ. നിരോധിത കവിതകളിൽ ഒന്നാണിത്.

വരിക, മാമക മാറിടത്തിങ്കലായ്
കഠിന നിർമ്മമ ചേതനയാർന്നോളേ. [1]
പ്രിയമെനിക്കിയറ്റീടും കടുവയാ-
ണലസഭാവമമരുന്ന ജന്തു നീ.
വിറയുമെൻ കൈവിരലുകൾ വെമ്പുന്നു
നിബിഡം നിന്മുടിച്ചാർത്തിൽ വിഹരിക്കാൻ. [2]
പുകയുമെൻതല നിന്നംഗ സൗരഭം [3]
നിറയും നിന്നടിയാടതന്നുള്ളിലായ്,
മൃതിയടഞ്ഞതാമെന്നനുരാഗത്തിൻ [4]
കെട്ട മധുരിമ യുച്ഛ്വസിക്കട്ടെ ഞാൻ,
ഒരു മൃതമലരിന്റേതു പോലവേ.

കൊതി പെരുകുന്നുറങ്ങുവാൻ ജീവിത-
മിതു തുടരുന്നതേക്കാളുറങ്ങുവാൻ [5]
മൃതി കണക്കു മനോജ്ഞമായുള്ളതാം
ഒരു സുഷുപ്തിയിൽ! നീ വീർപ്പു മുട്ടുമാ-
റഴകൊഴുകുന്ന നിൻ മിനുചെമ്പുടൽ [6]
അടിമുടി മൂടും മുത്തങ്ങളാലെ ഞാൻ.

അറുതിയേലുമെൻ ഗദ്ഗദമൊക്കെയും
മറവുചെയ്യുവാനത്യുഗ്രഗാധമായ്
ഉലകിലില്ല നിൻ ശയ്യക്കുതുല്യമാ-
യിതരമൊന്നുമേ, പേർത്തും പ്രബലമാം

മറവി വാഴുന്നു നിന്നധരങ്ങളിൽ.
ഒഴുകിടുന്നതേ 'ലീതി' യനർഗ്ഗളം' [7]
തുരു തുരെ വരും നിൻ ചുംബനങ്ങളിൽ.

വിധിയിതിങ്കലാം മേലിലെൻ നിർവൃതി
വിധിവശഗനായ് ഞാൻ വഴങ്ങീടുന്നു.
എതിരു കാട്ടാതെ ഞാൻ രക്തസാക്ഷിയായ്,
നിരപരാധനായ് ദണ്ഡനമേറ്റു ഞാൻ. [8]
എരിവു കൂട്ടുന്നെൻ യാതനാവഹനിഷ്ഠ
സഹജമായുള്ളൊരാൻ ഭാവതീവ്രത.

ഒരു കരളിനെപ്പോലുമൊരിക്കലും
തടവിലാക്കാത്ത നിൻ മുദ്രമാറിന്റെ [9]
നറുമുനകളിൽനിന്നു ഞാൻ മോന്തിടും
വൃഥ വിനാശി'നെപ്പന്തി'യും നൽ നഞ്ചും- [10]
പകകളാകവേ കെട്ടിയാഴ്ത്തീടുവാൻ.

Le Lethe

കുറിപ്പുകൾ

[1] എന്റെ കിടപ്പറ നോക്കു
തുടുമാംസക്കൊതി
കൊത്തിയ ശില്പം പോലെഴു-
മെന്റെ കിടപ്പറ
നറു നഗ്നത-
യഗ്നി വളർത്തും ചുമരുകൾ
നാലതിരിട്ടു നിലത്തു
മലർന്നു കിടക്കും ശയ്യകൾ
ഇവിടെ
തീ പൂട്ടുക
നീ സഖീ

(പഴവിള രമേശൻ — ഞാനുണരുമ്പോൾ)

[2] നിന്മുടിയിഴകളിൽ കൈവിരലോടിച്ചോടി-
ച്ചിമ്മടിത്തട്ടിൽ വീണ്ടുമൊന്നു ഞാൻ തലചായ്ക്കേ.

(പുതുശ്ശേരി രാമചന്ദ്രൻ — അകലുംതോറും)

മുടിയിൽ നിൻസ്നിഗ്ദ്ധ മുകിൽ വിരലുകൾ
അയോദ്ധ്യാ കാണ്ഡങ്ങളെഴുതി നീങ്ങുന്നു.

(സച്ചിദാനന്ദൻ — ഇനിയും)

[3] കരളെരിഞ്ഞാലും തല പുകഞ്ഞാലും…

(എം. ആർ. നായർ (സഞ്ജയൻ) — ഹാസ്യാഞ്ജലി)

തിളച്ച പാലല്ലോ കുടത്തിൽ പിത്തള
പഴുത്ത പോലെന്റെ ശിരസ്സു പൊള്ളിപ്പൂ
... ...ഞാനോ
ചുടുകണ്ണീർക്കുടം ചുമന്നു നില്ക്കുന്നു.
(സുഗതകുമാരി — തിളച്ച പാലല്ലോ കുടത്തിൽ)

[4] ബൊദെലേർ ജീവിതപങ്കാളിയാക്കിയ ഴാന്ന് ദ്യുവാൽ- Jeanne Duval-എന്ന മിശ്ര വർഗ്ഗക്കാരിയായ നടി മദ്യപാനാസക്തിയും പണക്കൊതിയും കൂറില്ലായ്മയും കൊണ്ട് അദ്ദേഹത്തിന്റെ ജീവിതം കൂടുതൽ ദുഃഖമയമാക്കിയിരുന്നു.

[5] ഒരു കത്തികൊണ്ടു സ്വയം കുത്തിമരിക്കാൻ കവി മുമ്പ് ശ്രമിച്ചിരുന്നു.
ഉദയമില്ലാത്തൊരു നീണ്ട രാവും
ഉണരേണ്ടാത്തോരു സുഷുപ്തിയുമായ്
ഒരു മനശ്ശല്യവും വന്നുചേരാ-
ത്തൊരു നിത്യവിശ്രമം ഞാൻ കൊതിപ്പൂ.
ധരയിലിജ്ജീവിതഭാരമൊട്ടു-
മരുതയ്യോ താങ്ങാനെനിക്കിനിയും.
(ചങ്ങമ്പുഴ — വയ്യ)

[6] മിനുച്ചെമ്പുടൽ = മിനുപ്പിച്ച ചെമ്പുപോലെ ചെമന്നു സുന്ദരമായ ഉടൽ

[7] ലീതി = ഗ്രീക്ക് പുരാണത്തിൽ, നരകത്തിലെ മറവിയാറ്-Lethe' ഇതിലെ വെള്ളം കുടിക്കുന്നവർ ഭൂതകാലം മുഴുവൻ മറക്കുന്നു.
മട്ടോലും മൊഴിയാളെ, നിൻ മുല-
മൊട്ടുകൾ രണ്ടും നമ്മുടെ മാറിൽ
പുഷ്ടാനന്ദം ചേർത്തു പുണർന്നി-
ട്ടൊട്ടു ശമിപ്പിച്ചീടുക താപം.
(കുഞ്ചൻ നമ്പ്യാർ — അഹല്യാമോക്ഷം)

പാനശാലയിലെന്ന കണക്കതെ-
ല്ലാനന്ദത്തിനാൽ ചുണ്ടു നനയ്ക്കുവാൻ
ജീവിത സിരകൾക്കൊരു ചൈതന്യ-
മേകിയാശതൻ വാതിൽ തുറപ്പു നീ.
ഭവ്യ സംതൃപ്തി ചേർപ്പു നിൻ സുസ്മിതം
ദിവ്യമാകും രസായനം പോലവേ.
ഉല്ലസൽ സന്ധ്യ തുക്കുമിരുൾത്തിര-
യ്ക്കുള്ളിലേകാന്തതയിലീ നിന്നുടെ
പോർമുലകൾ തഴുകിത്തഴുകിയെൻ
മാറിടം മറക്കുന്നു താപങ്ങളെ...
ചന്ദ്രരശ്മിയുത്തപ്തയാ മൂഴിയെ
മന്ദ മന്ദം തഴുകമീയന്തിയിൽ
മായുമെല്ലാം, പനിനീർ തളിക്കുകെൻ

മാറിലോമനേ പോർമുല മൊട്ടിനാൽ.
ആർത്തിയാം മമ ജീവിത ദാഹമൊ-
ട്ടാറ്റുക നിന്നധരാമൃതത്തിനാൽ.

(പി. കുഞ്ഞിരാമൻ നായർ — എന്റെ രഹസ്യക്കാരി)

എന്തബദ്ധമെൻ ശാരി വേശ്യയെന്നോ ഞാൻ ചൊന്ന-
തന്തസ്സിൻ കാമ്പാണവളാത്മശുദ്ധിതൻ സത്തം.
പൊന്നലിഞ്ഞൊലിക്കുമീ നഗ്നമാമുടൽ വല്ലി-
യെന്മാറിൽ പറ്റിച്ചേർന്നു വിശ്രമം നുകരുമ്പോൾ
ഈ ലോല നീലാളകച്ചുരുളോരോന്നായ് മാടി
ലീലയിലൊതുക്കിക്കൊണ്ടിങ്ങിനെ കിടക്കുമ്പോൾ
ശ്ലഥ ശൈവലമാലാ കബരീധാരാശ്ലിഷ്ട-
പൃഥുലനിതംബത്തെ ത്തടവിത്തരിക്കുമ്പോൾ…

(ചങ്ങമ്പുഴ — കഞ്ചാവിന്റെ ചിറകുകളിൽ)

അവന്നുമുന്നിൽ മാൻപേടയൊരപ്സര കന്യകയായ്
അവളുടെ മാറിലെ നിമ്നോന്നതിയിൽ
വീണുമയങ്ങിയുമിരുൾവാർമുടിയിൽ
തഴുകിയുമേറെക്കാലം തേവാരങ്ങൾ
മറന്നു കഴിഞ്ഞു ഭരതൻ.

(കൈതപ്രം — ജഡഭരതൻ)

[8] ഒരു തെറ്റും ചെയ്യാതിരുന്ന തെറ്റി-
ന്നരുളിയ നീതിതൻ ശിക്ഷപോലെ.

(ചങ്ങമ്പുഴ — മയങ്ങിയ കിരണങ്ങൾ)

[9] ഒരു കരളിനെ…തടവിലാക്കാത്ത = ആരെയും സ്ഥിരമായി സ്നേഹിക്കാത്ത

[10] നെപ്പെന്തി = പുരാതന ഗ്രീസിലെ ദുഃഖശമകമായ ഒരു മാന്ത്രികൗഷധം- Nepenthe

സ്മരണ

അന്ത്രെ ഷെനിയേ (1762–1794)

ANDRE CHENIER

വിയോഗത്തിന്റെ വേദനയനുഭവിക്കുന്ന നായിക താനെന്നും താലോലിക്കുന്ന ഒരു സ്മരണയാൽ തരളിതയാകുന്നു. മുരളി വായിക്കുവാൻ 'അവൻ' തന്നെ പരിശീലിപ്പിച്ച ആദ്യരംഗത്തിന്റെ സ്മരണ. ഫ്രഞ്ച് വിപ്ലവകാലത്ത് റൊബെസ്പിയേറിന്റെ-Robespierre-ഭീകരവാഴ്ചയിൽ വിപ്ലവശത്രുവെന്നു മുദ്രകുത്തി വധിക്കപ്പെട്ട കവിയാണ് അന്ത്രെ ഷെനിയേ. വിപ്ലവാനുകൂലിയായിരുന്നിട്ടും വിപ്ലവത്തിന്റെ പേരിൽ നടന്ന അതിക്രമങ്ങളെ പരസ്യമായധിക്ഷേപിച്ചതിനാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു കഴുത്തറുത്തുകൊന്നത്. 'റിപ്പബ്ളിക്കിന് കവികളെ ആവശ്യമില്ലെന്നു റൊബെസ്പിയേർ പറയുകയുണ്ടായി. ഫ്രഞ്ച് കവിതയ്ക്കു വലിയൊരു വാഗ്ദാനമായിട്ടാണദ്ദേഹം കാവ്യരംഗത്ത് വന്നത്.

സ്മരണയൊന്നുണ്ടു മായാതെയെന്നുമെ-
ന്നകതലത്തെ തരളിതമാക്കുവാൻ-
മുരളിയൂതുന്നതിന്നെനിക്കാദ്യമാ-
യവനരുളിയോരപ്പരിശീലനം!
തനതുനെഞ്ചോടുരുമ്മുമാറങ്ങു തൻ-
മടിയിലെന്നെയിരുത്തീട്ടു സസ്മിതം
മുരളിയെന്നുടെ വക്ത്രത്തിൽ ചേർത്തുവെ-
ച്ചരുളിനാനൊരു രാഗമുതിർക്കുവാൻ.
കഴിവെഴാതാത്മവിശ്വാസമറ്റൊരെ-
ന്നധരമെങ്ങിനെ രാഗമൂതീടുവാൻ!
ചൊടികൾ ചിക്കെന്ന് നേർനിലയ്ക്കാക്കിയി-
ട്ടതിവിദഗ്ദ്ധമാം തൽക്കരമെന്നിളം-
വിരലുകൾക്കേകി വിന്യാസശീലനം.
അവയെപ്പൊക്കിയും താഴ്ത്തിയും വേണമേൽ
പലവുരുവതു നീങ്ങിക്കഴിഞ്ഞപ്പോൾ
സുഷിരമോരോന്നടയ്ക്കുവാനെന്നുടെ
വിരലുകൾക്കു കഴികയാ, യങ്ങിനെ
കുഴലിൽ നിന്നൊരു മഞ്ജുളരാഗനിർ-
ത്സരമൊഴുകിവരികയായഞ്ജസാ.
മുരളിവായനയിങ്കൽ ഞാൻ നൈപുണ്യ-
മിനിയുമാർജ്ജിച്ചതില്ലയെന്നാകിലും
അവനു തുല്യഞാനെന്നാദ്യം, പിന്നെയോ
അവനെ വെല്ലുവോളെന്നു ചൊന്നീടുവാ-
നണുവുമേ മടികാണിച്ചതില്ലവൻ [1]

സതതമെന്നന്തരംഗമീ രംഗത്തിൻ
സ്മരണയിങ്കൽ സമാർദ്രമായീടുന്നു.

Bucoliques

കുറിപ്പുകൾ

[1] വീണക്കമ്പികൾ മീട്ടി നിൻ കരവിരൽ-
ക്കെല്ലാമിരട്ടിക്കുമി-
ശ്ശോണത്വം ബത കണ്ടു ഗാനമുടനേ
നിർത്തേണമെന്നക്ഷിയും
വേണം തെല്ലിടകൂടിയെന്നു ദൂരകൊ-
ണ്ടെൻ കർണ്ണവും തങ്ങളിൽ,
പ്രാണപ്രേയസി, തർക്കമാ, ണിവിടെ ഞാൻ
മധ്യസ്ഥതയ്ക്കക്ഷമൻ.

(വള്ളത്തോൾ — വിലാസലതിക)

അവസാനത്തെ ആഗ്രഹം

ലൂയീസ് ലബേ (1524–1566)

LOUISE LABE

അന്ത്യവേളയിൽ ജീവിതപങ്കാളിയുടെ സാമീപ്യം അഭിലഷിക്കുന്നവരാണ് മനുഷ്യർ. അവനെ/അവളെ കണ്ടുകൊണ്ടു കണ്ണടയ്ക്കുന്നതിൽ ഒരു അന്ത്യ നിർവൃതി അവർ അനുഭവിക്കുന്നു. സ്വന്തം ഇണയുടെ മടിത്തട്ടിൽ കിടന്നു മരണമടയാനാണ് പലർക്കും മോഹം. ലൂയീസ് ലബേയുടെ അഭിലാഷം ഒരുപടി കൂടി കടന്നതാണ്. ആത്മനാഥന്റെ സമാഗമം കാത്തിരിക്കുന്ന അവർക്കു പ്രിയതമന്റെ ചുടുചുംബനങ്ങളുടെ ലഹരിയിൽ മരണത്തെ ആശ്ലേഷിക്കാനാണ് ആഗ്രഹം.

മരണത്തെ നേരിടുമിത്തരുണത്തിലും
തിരയുന്നതാരെയാണിങ്ങിനെ ഞാൻ, [1]
അവനുടെ വാർവിരിമാർത്തട്ടിലാനന്ദ-
ലഹരിയിൽ ചായാൻ കഴിഞ്ഞുവെങ്കിൽ [2]
അവശിഷ്ട മായെഴുമെന്നല്പ നാൾകൾ ത-
ന്നരികിൽ ക്കഴിക്കുവാനൊത്തുവെങ്കിൽ
'പ്രിയസഖി, നമ്മൾ പരസ്പരം സന്തുഷ്ടി
പകരുക, നമ്മളെ വേർപെടുത്താൻ [3]
ഒരു കൊടുങ്കാറ്റിനും തന്നെയിജ്ജന്മത്തിൽ
കഴിയുകയില്ലെന്നുറച്ചു കൊള്ളൂ'-
അതിഗാഢമെന്നെപ്പുണർന്നു പുണർന്നു കൊ
ണ്ടവനേവമെന്നോടരുളിയെങ്കിൽ
ഒരു വല്ലി വൃക്ഷത്തെയെന്നോണമവനെ ഞാ-
നിരു കരത്താലും വലയം ചെയ്കേ [4]
മമ ഭാഗ്യവേളയിലഭ്യസൂയാലുവാം
നിലയിൽ മരണമണഞ്ഞുവെങ്കിൽ
പ്രണയാർദ്രനെൻ പ്രിയൻ പിന്നെയും പിന്നെയും
ചുടുചുംബനങ്ങൾ ചൊരിഞ്ഞീടുമ്പോൾ
തരളമെൻ ചേതന മൽപ്രാണ നാഥന്റെ
ചൊടികളിലേയ്ക്കു പറന്നു പോകേ
മരണത്തെ ഞാൻ വരിച്ചീടുമിന്നോളവ്യ-
മനുഭൂതമല്ലാത്ത നിർവൃതിയിൽ! [5]

Oh! Si J'etais En Ce Beau Sein Ravie…

കുറിപ്പുകൾ

[1] ചരമശയ്യയിൽ യാത്ര പറയുവാൻ
ലിപികളൊന്നിച്ചടുക്കിവെയ്ക്കാനായി-
ത്തിരയേ...
ഇരുള മൂടിത്തളർന്നടയുന്നൊരെൻ
മിഴിയിൽ നിൻരൂപരേഖ സങ്കല്പിച്ച
പിരിയലില്ലാതെ യിനി വീണ്ടു മെവിടെയെ-
ന്നറിയാതിരങ്കലില്ലാതെ കിടന്നു ഞാൻ.

(അയ്യപ്പപ്പണിക്കർ — ചരമശയ്യയിൽ)

[2] പുളകിതാംഗിയായ്ത്തവമാർത്തട്ടിലെൻ
തലയും ചായ്ച്ച ഞാൻ നിലകൊള്ളും.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

[3] വരിക സഖിയരികത്തു ചേർന്നു നില്ക്കു
പഴയൊരു മന്ത്രം സ്മരിക്കാമന്യോന്യ-
മൂന്നുവടികളായ് നിലക്കാം...

(എൻ. എൻ. കക്കാട് — സഫലമീയാത്ര)

[4] ... ...നീയെന്നെയീ
ചെന്തളിർവല്ലി തോല്ക്കും ചാരുകൈകളാൽ കെട്ടി
ക്കുറൊത്തു തഴവുമ്പോൾ.

(ആശാൻ — ശ്രീബുദ്ധചരിത്രം)

പേലവകരങ്ങളാൽ വലയം സൃഷ്ടിച്ചെൻപാഴ്-
മേനിയെ പ്രണയത്തിൻ ചങ്ങലയണിയിക്കൽ.

(ചെറിയാൻ കെ. ചെറിയാൻ — ഭാര്യയുടെ മറുപടി)

Be a god and hold me
With a charm!
Be a man and fold me With thine arm!

(Robert Browning — A Woman's Last Word)

[5] It should be my wishing
That I might die with kissing.

(Ben Jonson — Song: The Kiss)

സതി

അജ്ഞാതനാമാ (1060–?)

ANONYME

പ്രേമരാജ്യത്തിൽ പ്രേമിക്കുന്ന ഹൃദയത്തിനു പകരം വയ്ക്കാവുന്ന ഹൃദയമില്ല! പോരിൽ മരിച്ച സേനാനായകനായ കാമുകനു പകരം അദ്ദേഹത്തിന്റെ കാമുകിക്ക്, അവളെ സമാശ്വസിപ്പിക്കാൻ, ചക്രവർത്തി സ്വന്തം മകനെ ഭർത്താവായി നല്കാൻ തുനിയുന്നു. ഈ ദുസ്സഹനിർദ്ദേശം ഞെട്ടലോടെ കേട്ട കാമുകി സ്വന്തം പ്രതിഷേധം വെളിപ്പെടുത്തി ചക്രവർത്തിയുടെ കാൽക്കൽ വീണു തൽക്ഷണം മരണമടയുന്നു. ശരിക്കുമൊരു സതി. ഷാർല്മാഞ്ഞ് (Charlemagne 742-814) ചക്രവർത്തിയുടെ സേനാനായകനായിരുന്ന റൊലാന്റെ (Roland) കാമുകി ഓദ് (Aude) ആണ് ഈ ഫ്രഞ്ച് സതി. മുസ്ലിം സ്പെയിനിനെതിരെയുണ്ടായ പോരാട്ടത്തിൽ വീരചരമം പ്രാപിച്ച റൊലാന്റെ അപദാനങ്ങൾ കൊണ്ടാടുന്ന മദ്ധ്യകാല പാട്ടുകൃതിയായ 'റൊലാൻ ഗാന'ത്തിലെ (Chanson de Roland) പ്രസക്ത ഭാഗമാണിത്.

സ്പെയിനിലെപ്പോരിന്നനന്തരം ഫ്രാൻസിൽ
തിരികെ ഷാർല് മാഞ്ഞണഞ്ഞു കൊട്ടാര-
ത്തളത്തിലെത്തവേ, വരാംഗിയാ 'മോദ്'
നിതരാമുൽക്കണ്ഠാകുലയായ് ചോദിച്ചാൾ:
'എവിടെ യെൻ റൊലാൻ, സമര നായകൻ,
വിവാഹവാഗ്ദാനമെനിയ്ക്കു നല്കിയ-
ങ്ങടർക്കളം പൂകാൻ കുതിച്ചൊരദ്ധീരൻ?'
തികച്ചു മാതങ്കഭരിതനായ് ഷാർല്മൾ-
പ്പിടച്ചലോടശ്രു തുളുമ്പും കണ്ണുമായ്
വെളുത്ത തൻ താടി തടവിയോതിനാൻ:
'ഭഗിനി, മൽപ്രിയ സഖി, നീ തേടുന്ന
പൊരുതി നന്മതി വരിച്ച വീരനെ.
പകരമായി ഞാൻ നിനക്കു നല്കുവൻ
മികച്ച പുരുഷനൊരുത്തനെന്നെ, യവൻ
ഇതരനല്ലെന്റെ തനയൻ 'ലൂയി' താൻ,
വരും നാളിൽ നാടു ഭരിക്കാൻ പോകുവോൻ.'
അവളാകെ ഞെട്ടി മറുത്തു ചൊല്ലിനാൾ:
'വിലക്ഷണ വാക്യം ശ്രവിച്ചിടുന്നു ഞാൻ!' [1]
ഭഗവാനേ, സർവ്വ വിശുദ്ധ വൃന്ദമേ,
ഭഗവദ്ദൂതരേ, കനിഞ്ഞാലുമെന്നിൽ: [2]
'മൃതനാമെന്നുടെ പ്രിയ റൊലാനെ ഞാ-
നതി ജീവിച്ചിടാനിട വരുത്തായ്ക!'

സഗദ്ഗദമിതു പറഞ്ഞു പെൺകൊടി
വിവർണ്ണയായ് ഷാർലിൻ കഴൽക്കീഴിൽ വീണാൾ…
വെടിഞ്ഞവളിദം ഭുവനമെന്നേയ്ക്കും. [3]
ജഗദീശൻ നല്കട്ടവൾക്കു സൽഗതി,
അവൾക്കായ് ഫ്രാൻസിലെ പ്രഭുക്കൾ കണ്ണീരിൽ
കുതിർന്ന സംസ്തുതിസുമങ്ങളർപ്പിപ്പൂ.

Mort De La Belle Aude (Chanson de Roland)

കുറിപ്പുകൾ

[1] ഒന്നുള്ളതേകനടിയറ വെച്ചു പോ-
യന്യന്നു നൽകാൻ ഹൃദയമില്ലെൻ വശം.
(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

പകരമില്ല പ്രണയികൾക്കൊന്നേ
പതിയു മാനസത്തിൻ മുകുരത്തിൽ.
പകലിനു പകലോൻ, ഇരവിനോ
രജനിനാഥൻ, വകരമില്ലാരും.
(ദേവി — വെറുമൊരു പ്രേമഗാനം)

[2] ഭഗവദ്ദൂതർ = മാലാഖമാർ

[3] പതിയെയനുമരിച്ച പുണ്യവും
സതികൾ പെറുന്ന സമസ്ത സൗഖ്യവും.
(ആശാൻ — സീത)

വീരാർഹമാം പദമണഞ്ഞ വരന്നടുത്തു
ചേരാൻ തുണപ്പതിനു നാക മണിക്കവാടം
ആരാൽത്തുറന്നരുളുമീശ്വരിയെന്നു പീത
നീരാളയാം പുലരിയെ സ്സതി വിശ്വസിച്ചാൾ.
(ജി. — ഒരു സതി)

ഇഹത്തിൽ, പരത്തിൽ

ഒലിവിയെ ദ് മഞ്ഞി (1529–1561)

OLIVIER DE MAGNY

പരലോകത്ത് പ്രണയജീവിതം തുടരാനാകുമോ? ആകുമെങ്കിൽ മരണത്തിന്റെ ഏതു കടുംകൈയും നേരിടാൻ താൻ സന്നദ്ധൻ. പ്രണയത്തിന്റെ ഈ തുടർച്ച യെക്കുറിച്ചുള്ള സുപ്രതീക്ഷയിൽ ഇഹത്തിലെ ജീവിതത്തെ ഒരു മഹോത്സവമാക്കി മാറ്റാൻ ഒലിവിയെ ദ് മഞ്ഞി കൂട്ടുകാരിയെ ഉദ്ബോധിപ്പിക്കുന്നു. ഒപ്പം പരത്തിലെ പ്രണയജീവിതത്തിന്റെ ഒരു രംഗ വർണ്ണനയും. യുവാവായിരിക്കേ മരിച്ച മഞ്ഞി കവയിത്രി ലൂയീസ് ലബേയുടെ കാമുകനായിരുന്നു.

പരലോകത്തു മിക്കണക്കിനു തന്നെ
പ്രണയിക്കാനാകും നമുക്കെന്നാകുകിൽ
ഇരുളുറഞ്ഞതാം കുഴിമാടത്തിനോ
കൊടുംകാലത്തിനോ മൃതിക്കു താനുമോ
വിശുദ്ധമാമൊരു പ്രണയത്തിന്നങ്ങു
വിനയണയ്ക്കുവാൻ കഴിയില്ലെന്നാകിൽ,
കഴിയുമെന്തൊക്കെ മരണത്തിന്നതു
മുഴുവനുമെനിക്കെതിരെ വന്നോട്ടെ. [1]
കഠോരം തൻകുന്തമുനയെന്നാകിലും
തടവേതുമെന്യേ പ്രണയിച്ചീടും ഞാൻ.

സജീവനാകട്ടെ, മൃതനാകട്ടെ ഞാൻ-
പുലരുമെൻ കരൾ, കരുത്ത്, വിശ്വാസം
നിരന്തരം നീയാമൊരുവളിൽ മാത്രം.
മരണശേഷവും പരസ്പരപ്രേമ-
നിബദ്ധരായ് നമ്മൾ മരുവു മാകയാൽ
വിളംബ മേലാതീ ഭുവന വാഴ്വിനെ,
കദനോൽക്കണ്ഠകളകറ്റിയാനന്ദ-
ഭരിതമാമൊരു മഹോത്സവമാക്ക!...

പരത്തിലസ്വാസ്ഥ്യം, ജഡത, യാശങ്ക,
വിഷാദം, സംശയം, ഭയം, കെട്ടനോട്ടം-
കരളുകില്ലിവ കപടതയറ്റ
പ്രണയികളുടെ കരൾകളെത്തെല്ലും.
നിയതമിങ്ങിനെ നിരഘസമോദ-
നിമഗ്നരായ് നിത്യ ഹരിത പാദപ-
ക്കുളിർ തണലിങ്കൽ പിണഞ്ഞ കൈകളാൽ

ഗളങ്ങളന്യോന്യം വലയിതമാക്കി
പ്രണയ ശൃംഖലയ്ക്കയവു പറ്റായ്‌വാൻ
മധുര ചുംബനാൽ മുറുക്കം ചേർത്തു കൊ-
ണ്ടൊരു ദേഹം പകുത്തിരുവരായ നാം [2]
ഒരുമിച്ചിട്ടിരു പകുതിയിങ്കലും
നവ നവോന്മേഷം പകർന്നു വാണിടും [3]

നരനൃശംസത നുഴഞ്ഞേറാ ദിക്കിൽ,
നിഖിലേശനിന്ദ ശ്രവിച്ചിടാദിക്കിൽ,
വലുതിനു ചെറുതിരയാകാ ദിക്കിൽ,
ഇരവൊരിക്കലുമണഞ്ഞിടാദിക്കിൽ,
അയത്നമായ് സർവ്വം വിളഞ്ഞിടും ദിക്കിൽ,
അനാരതം തെന്നലുലാവിടും ദിക്കിൽ,
അനശ്വരമൊരു വസന്തത്തിൻ വർണ്ണ-
പ്പൊലിമ, സൗരഭം തിരതല്ലും ദിക്കിൽ,
അമൃതും പൈമ്പാലും നറുതേനും നീളെ-
യരുവികളായിട്ടൊഴുകിടും ദിക്കിൽ,
അനർഘമാം സമ്പത്തഭേദമെല്ലാരും [4]
അനുഭവിച്ചിടുമനുപമദിക്കിൽ!

A S'amie

കുറിപ്പുകൾ

[1] ദേഹം നശ്വരമാർക്കുമിങ്ങതൊരുവൻ
കാത്താലിരിക്കാ, സ്ഥിര-
സ്നേഹത്തെക്കരുതി സ്വയം കഴികിൽ നൃ-
റാവൃത്തി ചത്തീടുവിൻ

(ആശാൻ — പ്രരോദനം)

പ്രേമത്തിലെ ത്തുവമൃതാസ്വദിച്ച
ജീവിക്കുവാൻ വേണ്ടി മരിച്ചുകൂടേ?

(പി. കുഞ്ഞിരാമൻ നായർ — വരഭിക്ഷ)

Then love-devouring
death do
What he dare.

(Shakespeare — Romeo and Juliet)

[2] ആദമിന്റെ വാരിയെല്ലിൽനിന്നു ദൈവം ഹവ്വയെ സൃഷ്ടിച്ചുവെന്ന ബൈബിൾ കഥ.

സഖി മരണമാം മറയ്ക്കുള്ളിൽ മറഞ്ഞിരു-
ന്നനുപമതരം ഗാനമാലപിയ്ക്കുന്നു നീ...
ഇവിടെ വിലയിക്കുന്നിതെൻ സ്വപ്നമെങ്കിലും

ഇനിയൊരു നവീനമാം ജന്മമുണ്ടാകുകിൽ
ഇരുഹൃദയമൊന്നായ്ത്തുടിക്കും മനോജ്ഞമാ-
മൊരു കവിതപോലേ വിടർന്നിടും ജീവിതം.

(പെരുന്ന കെ. എൻ. നായർ — നിശാസന്ദർശനം)

[3] ഇന്നീ ഹൃദയങ്ങൾ കെട്ടിപ്പുണരട്ടെ-
യൊന്നാകുമാറിളം കൊച്ചലപോലവേ.
മൃത്യുരാജ്യത്തിലും കൈകോർത്തുലാത്തുക
ദിവ്യമായുള്ളോരുടലെടുത്തുള്ള നാം…
ഞെട്ടറ്റു വീഴട്ടെ പൂവ്, പരിമളം
മുറ്റുമുലാത്തട്ടെ യപ്സരസ്സെന്നപോൽ,
തന്ത്രികളൊക്കെയും നിശ്ചേഷ്ടമാകട്ടെ
അന്തരീക്ഷാന്തരേ നീന്തട്ടെ ഗീതികൾ.

(പി. കുഞ്ഞിരാമൻ നായർ — പ്രേമപൗർണ്ണമി)

എന്നിരികിലേക്കദ്ദേഹമിന്നു
വന്നുവെങ്കിൽ (വരാതിരിക്കില്ല,
നേരിൽ ഞാൻ ഭജിപ്പീലയോ വിണ്ണിൽ
പാരിലദേഹം പ്രാർത്ഥിപ്പതില്ലേ?)
തൻതല പരിവേഷം ചുഴന്നും
തൻതനു തനി വെൺതുകിലാർന്നും
ഉല്ലസിക്കെ ഞാൻ തൽക്കരമേന്തി
ച്ചെല്ലുമോരോരോ ജ്യോതിസ്സരസ്സിൽ
അപ്രകാശത്തിൽ ഞങ്ങൾ നീരാടും
ചിൽപുമാനുടെ സന്നിധാനത്തിൽ…
… … … … …
മൂകനാം ഭീതി മൂലമദ്ദേഹം,
ആകിൽ, ഞാൻ തദാ തൻ കവിൾത്തട്ടിൽ
എൻ കവിളണച്ചോരോന്നു ചൊല്ലും
ഞങ്ങൾ തന്നനുരാഗ വിശേഷം

(D. G. Rossetti — The Blessed Damozel (തർജ്ജമ: വൈലോപ്പിള്ളി, ധന്യകന്യക))

ഉണ്ടായിരിക്കാമിനിയും പിറപ്പ്
രണ്ടാളുമീ ഞങ്ങളടുത്തു കൂടാം.

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

ഉണ്ടൊരു കാന്തശക്തിയെന്നാലും
കണ്ടുമുട്ടുവാൻ ദേഹികൾ, ക്കെന്നാൽ
എന്നു കൂടിയിട്ടെങ്കിലും തമ്മി-
ലൊന്നു ചേർന്നവ നിർവൃതി കൊള്ളും.

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

I love thee with the breath,

Smiles, tears of all my life! - and, if God choose
I shall but love thee better after death

(Elizabeth B. Browning — From the Sonnets from the Portuguese)

...Where whenas Death shall all the World subdue,
Our love shall live, and later life renew.

(Edmund Spenser — To his Love)

[4] അനർഘ സമ്പത്ത് = ക്രൈസ്തവ വിശ്വാസമനുസരിച്ചുള്ള സായുജ്യം. ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും. കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയുമില്ല.

(ബൈബിൾ — മത്തായി 6-19-21)

ചോരനപഹരിക്കാത്ത ശാശ്വത ശാന്തിധനവും
മാരനെയ്ത്താൽ മുറിയാത്ത മനശ്ശോഭയും.

(ആശാൻ — കരുണ)

മൃതിയൊടർത്ഥിക്കും

ലൂയീസ് ലബെ (1524–1566)

LOUISE LABE

വിയോഗത്തിന്റെ വ്യഥയനുഭവിക്കുന്ന എനിക്ക് ഇനിയുള്ള കാലം നിന്റെ സ്മരണയിൽ-നിന്റെ സ്മരണയിൽ മാത്രം-മുഴുകിക്കഴിയാനുള്ളതാണ്. ഈ സ്മൃതിപൂജയിൽ ഞാൻ സംതൃപ്തികൊള്ളും. മൃതിചിന്തയെ അകറ്റിനിർത്തും. എന്നാൽ നിനക്കുവേണ്ടി ഉതിരാൻ കണ്ണുകളിൽ അശ്രുബിന്ദുക്കൾ അവശേഷിക്കുന്നില്ലെങ്കിൽ, നിന്റെ അപദാനങ്ങൾ വീണമീട്ടി പാടുന്നതിന് എന്റെ ശബ്ദത്തിനും കൈക്കും കഴിവില്ലാതാകുന്നുവെങ്കിൽ, മരണത്തോടു ഞാനഭ്യർത്ഥിക്കും. എന്റെ വാഴ്‌വിനെ കരിമഷി തേച്ച മാച്ചുകളയുവാൻ-ലൂയീസ് ലബെയുടെ ഹൃദയത്തിൽ നിന്നുയർന്ന വിരഹഗാനം.

പഴയ കാലത്തെ നീയൊത്തുമേവിയ
പഴയ കാലത്തെയോർത്തു നീർവാർക്കുവാൻ
കഴിവു കണ്ണുകൾക്കുള്ള കാലംവരെ,
നെടിയവീർപ്പിന്റെ ഗൽഗദത്തിന്റെ വൻ-
തടവെ വെല്ലുവാൻ ശബ്ദത്തിനാംവരെ,
തവ മഹിമകൾ പാടുന്നതിനു മൽ-
പ്രിയ വിപഞ്ചിതൻ തന്ത്രികൾ മീട്ടുവാൻ
കഴിവുകയ്യിനു ശേഷിച്ചിടും വരെ,
മമ മനസ്സിനു നിന്നേകചിന്തയിൽ
മുഴുകി സംതൃപ്തികൊള്ളുവാനാംവരെ
മൃതിയടയുവാൻ മോഹിക്കയില്ല ഞാൻ.
മിഴികളിലശ്രു വറ്റിയെന്നാകുകിൽ [1]
വികലമായ്ത്തീർന്നു നാദമെന്നാകുകിൽ
കഴിവുകെട്ടു കരത്തിനെന്നാകുകിൽ
പ്രണയഭാവങ്ങളറ്റെന്റെ ചേതന
ക്ഷണികവാഴ്വിതിൽ ജാഡ്യമാർന്നീടുകിൽ,
മൃതിയൊടർത്ഥിക്കും ഞാ, നെന്റെ വാഴ്വിനെ
കരിമഷിതേച്ച മാച്ചുകളയുവാൻ. [2]

Tant Que Mes Yeux Pourront Larmes Etendre

കുറിപ്പുകൾ

[1] ചൊരിയുവതിനില്ല കണ്ണുനീർ
സിരകൾ തപിച്ചു വരണ്ടു പോകയാൽ

(ആശാൻ — സ്നേഹിതന്റെ ദേഹവിയോഗം)

കരയാൻ കണ്ണീരില്ല വിലപിപ്പാനോ വാക്കി-
ല്ലെരി സന്താപത്താൽ മേ ശൂന്യചിത്തതയാൽ മേ

(വള്ളത്തോൾ — നെടുനാൾ നിലനിർത്തും)

കണ്ണീരേ വറ്റി കർമ്മപ്രവണതയുടെ ചൂ-
ടാറിയീ വാർദ്ധകത്തിൽ
മന്ദീഭൂത പ്രകാശേ മറയുമൊരു കിനാ-
വെന്ന മട്ടായി ലോകം.

(ബാലാമണിയമ്മ — മുത്തശ്ശി)

കരയാനൊരുതുള്ളിക്കണ്ണു നീരിനിയില്ല.

(ചങ്ങമ്പുഴ — കണ്ണുനീർ)

കരൾനൊന്തോർത്തേനെന്മിഴി-
നീരുറവെങ്ങിനെ വറ്റിവരണ്ടു...

(എൻ. എൻ. കക്കാട് — ദുഃഖം)

എന്തുകൊണ്ടാണെന്നറിയില്ലൊരു തുള്ളി
ക്കണ്ണുനീരന്നു പൊടിഞ്ഞതില്ല.

(മുല്ലനേഴി — ഉപ്പുക)

The heavy chill has frozen o'er the fountain of our tears
And though the eye may spark still
't is where the ice appears

(Byron — Youth and Age)

[2] നനച്ചു വളർത്തി രാവും പകലുമായ് കാത്തുവന്ന
നിനവുകൾ കിനാവിലെ കനികളായി.
അണഞ്ഞു പോയ്പ്പകലൊളി ചരമഗീതത്തിൻ രൂപ-
മണിഞ്ഞിതാവന്നു പോക്കുവെയിൽ നാളങ്ങൾ.
ഉറക്കം വരുന്നു, മിഴികുഴയുന്നു, നിശേ വന്നു
കറുപ്പുവസ്ത്രത്താലെന്നെപ്പുതപ്പിച്ചാലും.

(പി. കുഞ്ഞിരാമൻ നായർ — സാന്ധ്യനിശ്വാസം)

ലോകവ്യക്തചരിത്രകൃത്തു വിധിയീ
നാളായതാളിൽ സ്വയം
ശോകവ്യഞ്ജകമായടച്ചമഷിതേ-
ച്ചീടുന്നു കില്ലില്ലത്തിൽ.

(ആശാൻ — പ്രരോദനം)

ചൂടും വെളിച്ചവുമാശിക്കാ മേലിൽ ഞാൻ
മൂടുക നീയെന്നെക്കൂരിരുളിൽ.

(ചങ്ങമ്പുഴ — വിധിയുടെ മുമ്പിൽ)

... മരണമെന്നെയാക്കറുത്ത ശീലയാൽ
പുതപ്പിക്കുമ്പൊഴും നിലയ്ക്കുകില്ലെന്റെ-
യൊടുക്കത്തെക്കാത്തുകിടപ്പു ഹേ, പ്രഭോ

(എസ്. ലക്ഷ്മീദേവി — കാത്തിരിപ്പ്)

അന്ത്യോപചാരം

പിയേർ ദ് റോംസാർ (1524–1585)

PIERRE DE RONSARD

പനിനീർപ്പൂപോലെ സ്വന്തം പരിശോഭയാൽ ലോകത്തെയാകെ വശീകരിച്ച നില്ക്കവേ പെട്ടെന്ന മരണം തട്ടിക്കൊണ്ടുപോയ മേരിക്ക് ആത്മനാഥന്റെ അന്ത്യോപചാരം. മൃതാവസ്ഥയിലും അവൾ പനിനീർപ്പൂവായിത്തന്നെ വർത്തിക്കണം- ഇതാണ് ആ വിധുരഹൃദയത്തിന്റെ അന്ത്യാഭിലാഷം. മണ്ണായി മാറിയ അവൾ അങ്ങനെ പരിണമിക്കാൻ അവളുടെ കുഴിയിടത്തിൽ ഒട്ടസാധാരണമായ ഒരു നിവേദ്യവും.

പുതു വസന്തത്തിൽ ചെടിയിൽ പുത്തനായ്
പിറന്ന ചെമ്പനീരലരു പോലെ നീ. [1]
പുലരി ഹർഷാശ്രുകണങ്ങൾ തൻ മേലായ്
ചൊരിഞ്ഞു, നൂതന തരുണിമ തന്നിൽ
തിളങ്ങിടും വർണ്ണപ്പൊലിമ വിണ്ടല-
മതിന്നനല്പമാ മസൂയ ചേർത്തു, തൻ- [2]
ദള പുടങ്ങളിലഴകൊഴുകവേ
പ്രണയമുള്ളത്തിലൊതുക്കിക്കൊണ്ടതു
ലഹരി കൊള്ളിച്ച പരിമളത്തിനാൽ
മലർ വനികയെ മരങ്ങളെ, പ്പിന്നെ-
പ്പെരുമഴയിലോ പൊരിവെയിലിലോ
ദള മോരോന്നടർന്നതിൻ കഥ തീർന്നു.
ഇതു കണക്കു നീ നവീന താരുണ്യ-
പ്രഭയിലാറാടിക്കഴിയവേ, വാനും
അവനിയും നിന്റെ യതുല സൗഭഗ-
ത്തികവിലത്ഭുത സ്തിമിതമാകവേ
കരാളനാം വിധി കടന്നു വന്നിട്ടു
വിരാമമിട്ടു നിൻ കഥയ്ക്കു മോമലേ.
മണലടിഞ്ഞു നീ കിടന്നിടുന്നിപ്പോൾ [3]
കുഴിയിടത്തിലായ് നെടിയ നിദ്രയിൽ.
നിനക്കെന്നന്ത്യമാമുപചാരം: ഞാനി-
ങ്ങഴുതു തൂകിടും മിഴിനീരിന്നൊപ്പം
ഒരു കുടം പാലും ഒരു വട്ടിപ്പൂവും
നിനക്കായ് ഞാനിതാ സമർപ്പണം ചെയ്‌വേൻ,
മൃതനിലയിലും തവ തനു മുൻപോൽ
പനീരലരായി പ്പരിണമിക്കുവാൻ! [4]

Sur La Mort De Marie

കുറിപ്പുകൾ

[1] അരുണമാംഗണ്ഡം വികസിച്ചു നില്ക്കും
പുരുസുഷമമിപ്പൂത്തു പനീരലർ.
(ജി. — പിന്നത്തെ വസന്തം)

[2] ആരോമലാ മഴക, ശ്രുദ്ധി, മൃദുത്വമാഭ.
സാരള്യമെന്ന സുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിന്റെ നില കാണണം താൻ.
നേരേ വിടർന്നു വിലസീടിന നിന്നെ നോക്കി
ആരാകിലെന്തു മിഴിയുള്ളവർ നിന്നിരിക്കാം.
… … … … …
മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ…
(ആശാൻ — വീണപൂവ്)

[3] വിളിപ്പതെന്തിനു വൃഥാ പികങ്ങളേ
അളിഞ്ഞു മണ്ണായിക്കഴിഞ്ഞല്ലോ സഖി.
(ജി. — പിന്നത്തെ വസന്തം)

[4] കലിതകൗതുകം ലീലകളാർന്നൊരാ-
ലളിതബാല തന്നംഗമോരുന്നുമേ
പ്രകൃതിതന്നിലലിഞ്ഞു നവീനമാ-
മകൃതകാഭയിൽ മിന്നുകയായിടാം.
മധു തുളുമ്പുമിപ്പുഷ്പമാരോമലിൻ
മൃദുമനോജ്ഞ ഹൃദയവുമായിടാം.
(എം. പി. അപ്പൻ — മാലതി)

ഇരുമെയ്യിലൊരു ഹൃദയം

ഫ്രാംസ്വാ വിയ്യോൻ (1430–1480)

FRANCOIS VILLON

ഇരുമെയ്യിലൊരു ഹൃദയമായുഴറിയവേ കാമുകിയെ മരണം അപഹരിക്കുന്നു. ഈ ആഘാതമേറ്റ കാമുകൻ യഥാർത്ഥത്തിൽ താനും നിഹതനാണെന്നു മരണത്തോടു പറയുന്നു-ഇരുമെയ്യ്, ഒരു ഹൃദയം എന്ന പരികല്പനയിൽ ഊന്നിക്കൊണ്ട്. പ്രേമവിഷയകമായ ഒരു സംഘട്ടനത്തിൽ ഒരു പാതിരിയെ കൊന്ന തിനു വധശിക്ഷ വിധിക്കപ്പെടുകയും രാജാവ് ദയ കാണിച്ചതിനാൽ അതിൽ നിന്നൊഴിവാകുകയും ചെയ്ത കവിയാണ് ഫ്രഞ്ച് കവിതയുടെ ആദിപിതാക്കളിൽ അവിസ്മരണീയനായ ഫ്രാംസ്വാ വിയോൻ.

ഹാ മൃതേ, കാട്ടിയെന്നോടു നീ കൊടും-
ക്രൂരത: ഹതയാക്കിയെന്നോമലെ.
പക്ഷെ, യീഹതി ചെയ്തിട്ടും നീ പരി-
തൃപ്തനല്ല നിൻ തൃഷ്ണയശമ്യമേ.

പാരവശ്യത്തിലാണ്ടൊരെൻ ശക്തിയും
വീര്യവും വാർന്നു ഞാനസ്തചേതനൻ.
ചൊന്നിടാമോ നിനക്കെന്തപകൃതി
ചെയ്തവളിക്കൊടുമ നീ ചെയ്യുവാൻ?

രണ്ടുമെയ്യെന്നിരിക്കിലും സ്പന്ദനം
കൊണ്ടതെങ്ങളിലേക ഹൃദയമാം. [1]
നിന്നവൾക്കു ഹൃൽ സ്പന്ദമതോടെ നി-
ഷ്പന്ദമെന്നകം, ഞാനും നിഹിതനാം.

ഉൺമയായുമെൻ ജീവിതം നിർജ്ജീവം
മൂൺമയമാം പ്രതിമയെന്നോണമായ്:
സംഗമൊന്നില്ല മേലാതെ മൂകമെ-
ന്നന്തരംഗം മരുവുന്നു നിർമ്മമം.

Mort, J'appelle De Ta Rigueur

കുറിപ്പുകൾ

[1] ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ-
ക്കരളല്ലേ നീയെന്റെ ജീവനല്ലേ?
(ചങ്ങമ്പുഴ — രമണൻ)

അറിയാതടുത്തു നാ മുടൻ
ഇരു മെയ്കളിലൊരു കരൾ തുള്ളി
അതിൽ നീറി നെയ്ത്തിരി മാതിരി
ഒരു നോവൊരു ലഹരി യൊത്തുറ്റം

(എൻ. വി. കൃഷ്ണവാരിയർ — പുഴയൊലിവിൽ പോളകൾപോലെ)

Two bodies with one heart and spirit
Two tapers with one celestial flame
Two drops of the same essence joined together into one
O that is what we are Leila!

(Prof. Seshagiri Rao Naidu — Leila-Majnu)

വിധുര സ്മരണയായ് നീ വരും

ഷാർല് ദൊർലെയാം (1394–1465)

CHARLES D’ORLEANS

ജീവിതപങ്കാളിയുടെ, എന്നേക്കുമുള്ള വേർപാട് ആരും അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന ഒരു അനിവാര്യതയാണ്. ഇതിന്റെ വേദനയനുഭവിക്കുന്നത് കവിഹൃദയമാണെങ്കിൽ ‘കരുണരസം കരകവി’യുന്ന കവിതകൾ ഉ□ൗർന്നൊഴുകും. പരേതയായ തന്റെ പ്രിയ പത്നിക്കു ഷാർല് ദൊർലെയാം അന്ത്യാഞ്ജലി അർപ്പിക്കുന്നു.

മരണമേ, മമറാണി തൻ പ്രാണനെ-
യപഹരിക്കുവാനെന്തിന്നൊരുങ്ങി നീ?
അവളൊരുവളേ യെൻ വാഴ്‌വും സൗഖ്യവും
ധനവും ശ്രേയസ്സും തോഷവുമൊക്കെയും. [1]
അപഹരിച്ചു മജ്ജീവസർവസ്വമാ-
മവളെ നീ, യിനിക്കൊണ്ടു പോകെന്നെയും. [2]
നെടുരുജയിലും നോവിലുമിങ്ങിനെ
കരളു നീറിക്കഴിവതേക്കാളുമേ
നിഹിതനാകുവാൻ ഞാൻ കൊതിച്ചീടുന്നു.

സകല സൽഗുണ സമ്പന്ന മൽപ്രിയ
തനതു യൗവനം പൂവിട്ടു നിന്നിടു-
മളവിലല്ലി നിശ്ചേഷ്ടയായ്ത്തീർന്നത്!
കൃപണനാം മൃതേ, നീയഭിശപ്തനായ്
പരിണമിക്കട്ടെയെന്നു ഞാനാശിപ്പേൻ.
മുറയിൽ വാർദ്ധകം പ്രാപിച്ചുമെല്ലവേ
ഭുവനരംഗം വിടേണ്ടിയിരുന്നോളെ
കപടമായിങ്ങകാലികമായണ-
ഞ്ഞപഹതയാക്കുകല്ലി നീ ചെയ്തത്?

കുടിലമിക്കൃത്യമെന്നെത്തുണയെഴാ-
സ്ഥിതിയിലാക്കി, ദയനീയനായി ഞാൻ.
പ്രമദമെന്നുമെനിയ്ക്കേകിപ്പോന്ന മൽ-
പ്രിയതമേ, നിനക്കന്തിമമാം വിട!

നിഹിതമായ്ത്തീർന്നു നമ്മുടെ പാവന-
പ്രണയമെന്നു നിനയ്ക്കുവതില്ല ഞാൻ.
മൃത നിനക്കായി പ്രാർത്ഥനയുടെ യെൻ
ഹൃദയസേവനമർപ്പിക്കും നിത്യവും. [3]

വിരതിയില്ലാതെയെന്മനോ വീഥി-
യിലൊരു വിധുര സ്മരണയായ് നീ വരും. [4]
കദന, മുൽക്കണ്ഠ, നോവൊക്കെയറ്റ മൽ-
പ്രിയതമയുടെ യാത്മാവ് വൈകാതെ
പരപൂതമാം നിൻ തിരുസന്നിധി-
യണയുവാനഖിലേശാ കനിയണേ! [5]

Ballades

കുറിപ്പുകൾ

[1] എന്റെ യേക ധനമങ്ങു ജീവന-
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും.

(ആശാൻ — നളിനി)

Thou art my life, my love, my heart,
The very eyes of me.

(R. Herrick — To Anthea)

[2] അംബ, പ്രപഞ്ചൈക വിധാത്രി, നിന്നോ-
ടർത്ഥിച്ചിടട്ടെ ഹതഭാഗ്യനാം ഞാൻ:
ഇവണ്ണമത്യുഗ്ര വിപത്തിലാണ്ട
നരങ്കലങ്ങുന്നുയിർ നിർത്തിടൊല്ലേ.

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലം താൻ.

(ആശാൻ — വീണപൂവ്)

വിളക്കെവിടെ, ഹാ വിളക്കത്തിൻ തിരി
കൊളുത്തുക കത്തും വിരഹോൽക്കണ്ഠയാൽ.
വിളക്കിരിക്കുന്നു. ജ്വലിപ്പീലാ നാളം,
വിധിയിതാണെങ്കിലിതിൽ നല്ല മൃതി.

(ടാഗോർ — ഗീതാഞ്ജലി (ജി.))

There is no rest upon the earth,
peace is with death and thee, Barbara!

(Alexander Smith — Barbara)

[3] മൃതിയും സ്വയമിങ്ങു രാഗമേ,
ക്ഷതിയേകില്ല നിനക്കു വാഴ്ക നീ
സ്മൃതിയാം പിതൃലോക സീമയിൽ
പതിവായശ്രുനിവാപമുണ്ടുമേ.

(ആശാൻ — ചിന്താവിഷ്ടയായ സീത)

[4] മൃത്യുമാച്ചെങ്കിലും മായാതെ മിന്നുമെൻ
സത്യമേ നിന്നെ മറക്കുകയില്ല ഞാൻ.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

നിത്യവുമെന്റെ നിനവിന്റെ തീരങ്ങളിൽ
വർത്തിപ്പു നീ മൗനരാഗമായോർമ്മ തൻ
ചെപ്പിൽ വിഷാദം നിറയ്ക്കുമരൂപിയായ്.

(കരൂർ ശശി — ശ്യാമപക്ഷം)

മൃതിപ്പടർപ്പിൽ നീയൊളിഞ്ഞു നോക്കിയങ്ങു നിന്നിടും
സ്മൃതിപ്പടർപ്പിൽ നിന്നെ ഞാൻ വിടർത്തിയിങ്ങു കണ്ടിടും.

(കെ. വി. ബേബി — സ്മൃതിപ്പടർപ്പുകൾ)

[5] കത്തോലിക്കാ വിശ്വാസമനുസരിച്ച് പരേതാതമാക്കൾ പാപമോചന സ്ഥാനത്തു വെച്ചുള്ള ശുദ്ധീകരണ പ്രക്രിയയ്ക്കു ശേഷമേ ദൈവസന്നിധി പ്രാപിക്കയുള്ളൂ.

അചിന്ത്യ ദിവ്യതേജസ്സായ്
പരമാനന്ദ പൂർണ്ണയായ്
വാഴ്കാ സത്യത്തിലെൻ ദാര-
സ്വരൂപ പരചേതനേ.

(കെ. കെ. രാജ — പരേതയായ പത്നി)

തടാകം

അൽഫോംസ് ദ് ലമാർത്തീൻ (1790–1869)

ALPHONSE DE LAMARTINE

‘മാംസനിബദ്ധമല്ലാത്ത രാഗം!’ മാംസനിബദ്ധമാകാതെ മാനസിക തലത്തിൽ മാത്രമുള്ള പ്രേമവും ഏതു ചുറ്റുപാടിലും മാച്ചാലും മായാതെ നിലകൊള്ളുന്നു. ഫ്രഞ്ച് റൊമാന്റിക് കാവ്യലോകത്തിനു വിക്തോർ ഹ്യൂഗൊവിനോടൊപ്പം നേതൃത്വം നല്കിയ അൽഫോംസ് ദ് ലമാർത്തിന്റെ അനുഭവമാണിത്. ഭർത്തൃമതിയും ക്ഷയരോഗബാധിതയുമായ എൽവിറുമായി സുഖവാസകേന്ദ്രമായ ബുർഴെ (Bourget) തടാകതീരത്തുവെച്ചു ലമാർത്തീൻ പരിചയപ്പെടുന്നു. അതിഗാഢമായ ഒരു ആത്മീയബന്ധമായിതുമാറി. വരുംകൊല്ലം വീണ്ടുമവിടെവെച്ചു കാണാമെന്ന പ്രതീക്ഷയിൽ ഇരുവരും പിരിഞ്ഞു. പക്ഷേ, ഇതിനിടയിൽ എൽവീർ മരണമടഞ്ഞു. ഒരു ചിരന്തന ജീവിതസഖിയുടെ വേർപാടിലെന്ന പോലെ ലമാർത്തിന്റെ ഹൃദയം വേദനിച്ചു. പിൽക്കാലത്ത് വിവാഹിതനായി സന്തുഷ്ടമായ കുടുംബജീവിതം നയിക്കുമ്പോഴും, കരുണരസം വഴിയുന്ന കവിതകളുടെ വറ്റാത്ത ഒരുറവിടമായി, ഈ വ്യഥ അദ്ദേഹത്തെ പിന്തുടർന്നു. അദ്ദേഹത്തിന്റെ മികച്ച കവിതകളിൽ പലതും എൽവീർ സ്മരണയിൽനിന്ന് ഉയിർക്കൊണ്ടവയാണ്. പിറ്റത്തെ കൊല്ലം ബുർഴെ തടാകതീരത്തിൽ പോയപ്പോൾ എഴുതിയതാണിത്.

നവ നവ തീരങ്ങൾ തന്നിലേയ്ക്കിങ്ങിനെ
നിയതവും നാം തള്ളപ്പെട്ടിടുമ്പോൾ
തിരികെയെന്നാളും വരാവിധം നിത്യമാം
നിശയിങ്കലേയ്ക്കു നാം നീതരാകേ
കഴിയുമോ നങ്കൂര മെറിയുവാൻ കാലത്തിൻ
കടലിൽ നമുക്കൊരു നാളുപോലും? [1]

സരസി, കഷ്ടിച്ചേ കഴിഞ്ഞുള്ളു വത്സരം,
അവൾ വീണ്ടും കാണേണ്ടതായിരുന്ന
പ്രിയതരംഗങ്ങൾക്കരികിലായന്നവൾ
ഉപവിഷ്ടയായി നീ കണ്ടതാകും
വനശിലാതലമിത്തിൽ, നോക്കുക, ഞാനിതാ [2]
തനിയെ താൻ വന്നിരുന്നീടുകയാം.
ഉത്തുംഗമാകുമിപ്പാറകൾക്കടിയിൽ നീ
ഇപ്പോലെ ഗർജ്ജനം ചെയ്തിരുന്നു.
ദളിതം തൽ പാർശ്വങ്ങൾ മേലെയിപ്പോലെ നി- [3]
ന്നലകൾ സ്വയം വീണടഞ്ഞിരുന്നു.
തവനുരയിപ്പോലെ തൽസമാരാധിത [4]
പദതാരിലർപ്പിച്ചിരുന്നനിലൻ.

ഒരു സായംസന്ധ്യയിൽ-ഓർപ്പിതോ?-നീരവം [5]
ഒരു നൗകയിങ്കലൊഴുകി ഞങ്ങൾ. [6]
തുഴയുവോർ താളത്തിൽ നിൻ സുസ്വരോർമ്മികൾ
തുടരേ മുറിപ്പത്തിൻ ശബ്ദമൊന്നേ
ജല മുകളിങ്കലും വാനിന്നു കീഴിലും
അകലെയും ആരാലും കേട്ടതുള്ളൂ.

അതുപോതു പെട്ടെന്നലൗകികമായെഴും
ഒരു നാദവൈഖരി നിൻ മനോജ്ഞ-
തടഭൂവിൽ മാറ്റൊലിക്കൊണ്ടു, നിന്നോളങ്ങൾ
അവധാനപൂർവ്വം ശ്രവിച്ചിടുമ്പോൾ
പ്രിയമെനിക്കേറെയുൾച്ചേർക്കുമാ നാദനിർ-
ത്സരിയിദം വാഗ്രൂപ മാർന്നൊഴുകി:
"തടയിടു കാലമേ, നിന്റെ പറക്കലി- [7]
ന്നൊരു നിർത്തലേലുക നിങ്ങളും സു-
ന്ദര മുഹൂർത്തങ്ങളേ, ഞങ്ങൾ തൻ വാഴ്വിലെ
പരമരമ്യങ്ങളാം നാളുകൾ തൻ-
ദ്രുതനിർവൃതികൾ നുകർന്നിടാൻ ഞങ്ങളെ
ദയവാർന്നു നിങ്ങളനുവദിക്കൂ!"

ഹത ഭാഗ്യരെത്രയോ പേരിങ്ങു നിങ്ങൾ തൻ
കരുണക്കായ് കേണപേക്ഷിച്ചിടുന്നു.
കുതികൊള്ളൂ, കുതികൊള്ളൂ നിങ്ങളവർക്കായി,-
ട്ടവരുടെ നാളുകൾക്കൊപ്പമെന്നും
അവരെക്കരളുമഴൽകളും കൊണ്ടുപോ,
അഭിരതരായോരെ വിസ്മരിക്കൂ. [8]
ഇനിയും കുറച്ചു നിമേഷങ്ങൾക്കായി ഞാൻ
വിഫലമായർത്ഥിപ്പു, കാലമെന്റെ
വിളി കേട്ടിടാതെ പറക്കുന്നു. രാവോടു
പറവു ഞാനാവതും മെല്ലെ നീങ്ങാൻ,
ഫലമെന്തു പക്ഷെ? യഹർമ്മുഖ മാഗമി-
ച്ചിരവിനെ മായ്ക്കുവാൻ പോകയാണേ.

"പ്രണയിക്ക, പ്രണയിക്ക നമ്മൾ പരസ്പരം
പിടികിട്ടാക്കാലം പറന്നുപോകേ
ത്വര കൊൾക മന്നിലെജ്ജീവിതം നമ്മൾക്കാ-
യരുളും മധുരങ്ങളാസ്വദിക്കാൻ. [9]
മനുജനു തങ്ങുവാനില്ലാ തുറമുഖം
കരയെഴാതുള്ളതുമാണു കാലം.
പ്രവഹിച്ചിടുന്നിതപ്രതിഹതമായതു
പ്രഥികർ കടന്നു പോകുന്നു നമ്മൾ." [10]

പെരികേയസൂയാലുവായുള്ള കാലമേ
പറയു നീ, പ്രേമമുദാരമായി-
പ്പകരുന്ന മോദത്തിൻ മാദകവേളകൾ

കദനപ്രദങ്ങളാം നാളുകൾ തൻ-
ഗതിവേഗത്തിങ്കൽത്താൻ ഞങ്ങളിൽ നിന്നുമേ
അകലുകയെന്നതു സാദ്ധ്യമാമോ? [11]
എന്നാലിതെന്തൊന്നു കാണുവതില്ലഹോ
നിർവൃതി നാൾകൾ തൻ പാടുപോലും!
എന്തവയെന്നേയ്ക്കും പോയി മറഞ്ഞെന്നോ,
സമ്പൂർണ്ണമായും വിനഷ്ടമെന്നോ? [12]
അവ നമുക്കേകി മാച്ചീടുന്ന കാലമി-
ങ്ങവ നമുക്കെന്നും തിരികെ നല്കാ?

നിത്യതേ, ശൂന്യതേ, ഭൂതമേ, കൂരിരുൾ
തിങ്ങുമഗാധമാം ഗർത്തങ്ങളേ,
നിങ്ങൾ വിഴുങ്ങിടും ഞങ്ങൾതൻ നാളുകൾ
കൊണ്ടെന്തു ചെയ്തിടുന്നങ്ങു നിങ്ങൾ? [13]
തിരികെ നല്കീടുമോ ഞങ്ങൾ തൻപ്രാണനിൽ
പുളകങ്ങൾ പാകിയ പൊന്നുനാൾകൾ?
പൂമ്പൊയ്കേ, മൂക ശിലകളെ, ഗഹ്വര-
വൃന്ദമേ, നീല വനതലമേ [14]
കാലത്തിൻ കാഠിന്യമേല്ക്കാതെ നവ്യത
കാലത്താൽ ചാർത്തപ്പെടുന്ന നിങ്ങൾ,
ചാരുപ്രകൃതി, ഹാ സൂക്ഷിച്ചുവെച്ചാലും
ആ രാവിൻ സുസ്മൃതിയെങ്കിലുമേ.
കമ്രതടാകമേ, നിന്റെ വിശ്രാന്തിയിൽ
നിൻ കോളിൽ നിന്നണിക്കുന്നുകളിൽ
ഈ നീലദേവദാരുക്കളിൽ ഇക്കാട്ടു-
കല്ലുകളിൽ ആ സമൃതി തങ്ങിടട്ടെ.

മർമ്മരം തൂകിച്ചരിക്കുമിത്തെന്നലിൽ
നിന്റെ തടങ്ങൾ തൻ മാറ്റൊലിയിൽ
നിൻമേലെ വെള്ളിപ്പൂതയിടും പാർവണ-
ചന്ദ്രനിൽ ആ സ്മൃതി തങ്ങിടട്ടെ.
വിമ്മുന്ന കാറ്റും നെടുവീർക്കുമിമ്മുള-
ങ്കാടും നിൻ വായു പരിമളവും
കാണുന്ന, കേൾക്കുന്ന വീർപ്പിയന്നീടുന്നൊ-
രിക്കാണും സർവ്വചരാചരങ്ങൾ
ഒന്നൊഴിയാതെ കണ്ടൊന്നിച്ചു ചേർന്നു കൊ-
ണ്ടോതട്ടെ: “പ്രേമിച്ചവരിരുവർ!”

Le Lac

കുറിപ്പുകൾ

[1] കാൽവിനാഴിക കൂടി ഞാൻ പിറന്നൊരീ വീട്ടിൽ
മേവിടാൻ കഴിഞ്ഞെങ്കി, ലിത്ര വേഗമോ യാത്ര!

(ജി. — എന്റെ വേളി)

ആർക്കും തുല്യമായാർക്കുമധൃഷ്യമായ് വാഴ്വോരു
നീക്കുപോക്കില്ലാത്തോരാ നിയമം സനാതനം.

(ആശാൻ — ശ്രീബുദ്ധചരിതം)

O how feeble is man's power
That is good fortune fall,
Cannot add another hour
Nora lost hour recall.

(John Donne — Sweetest Love)

[2] ഓളങ്ങളോടിവന്നാലിംഗനം ചെയ്യു-
മോമലിരിക്കും ശിലാതളിമത്തിനെ…

(ചങ്ങമ്പുഴ — സ്പന്ദിക്കുന്ന അസ്ഥിമാടം)

സാഗരതരംഗങ്ങൾ കാലടി കഴുകുവാൻ
വേഗമോടാവേശം പൂണ്ടണയും കൂടക്കൂടേ.

(കടമ്മനിട്ട — ഒരു പഴയ പ്രേമം)

തിരകൾ കാൽവിരൽത്തുമ്പിൽ തൊടുന്ന
വലിയ പാറയിൽ ഞാനിരിക്കുമ്പോൾ

(ദേവി — വെറുമൊരു പ്രേമഗാനം)

കരഞ്ഞു നീയിരുന്ന കൽത്തറയ്ക്കു മേലെയിന്നു ഞാ-
നിരുന്നു നിന്നെ യോർമ്മയിൽത്തിരിച്ചു കൊണ്ടുവന്നിടും.

(കെ. വി. ബേബി — സ്മൃതിപ്പടർപ്പുകൾ)

തിരകൾ പലേവട്ടം വന്നു കാൽ നനച്ചെന്നോ
തിരികെപ്പോയി....

(പ്രഭാവർമ്മ — കടൽ പറഞ്ഞ കഥ)

[3] ദളിതം = വിള്ളലുകളുള്ള

[4] ഇപ്പോലേ = ഇപ്പോൾ തന്റെ കാലിന്മേൽ അർപ്പിക്കുന്നതുപോലെ

[5] നീരവം = തമ്മിൽ ഒന്നും സംസാരിക്കാതെ

ഏറ്റുന്നൊരിമ്പമതിനാൽ മൊഴിവിട്ടു ഞങ്ങൾ
കൂറാർന്നിടുന്നു തനിയേ വെറുതേയിരിപ്പിൽ
പാരിൽപ്പലേ സുഖമയൂഖഗണത്തിനൊറ്റ-
വേരായടിക്കു വിലസും രവി മൗനമത്രേ.

(ആശാൻ — ഒരു വനയാത്ര)

സുന്ദരം നിന്റെ നിശ്ശബ്ദതയുടെ
നർമ്മ സല്ലാപമാം വീണവായന.

(പി. കുഞ്ഞിരാമൻ നായർ — എന്റെ രഹസ്യക്കാരി)

ദേവ, നിൻ മൗലിയെന്നോടു ചേർത്തു ഞാൻ
മേവുമൊരക്ഷരം മിണ്ടിടാതെ

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

സംസാരിക്കണമെങ്കിൽ
നിശ്ശബ്ദം സംസാരിക്കുക,
പാറ മരങ്ങളോടും
മരങ്ങൾ പൂക്കളോടുമെന്നപോലെ.
ഏറ്റവും മധുരമായ ശബ്ദം
മൗനമാകുന്നു.

(സച്ചിദാനന്ദൻ — ഉത്തരകാണ്ഡം)

ഇരിക്കയാണവർ പ്രണയികൾ, നെഞ്ചി-
ലൊതുക്കിവെച്ചിടും ഒതുങ്ങാത്ത സ്നേഹം
മുറിക്കുള്ളിൽ മൗനസമുദ്രമാകുന്നു.

(സിന്ധു ഭാസ്കരൻ — പ്രണയികളുടെ മധ്യാഹ്നം)

[6] പകലന്തിനേരം
ജലസന്ധി മൂകം
ഒരു തോണിയിൽ നാം…

(കെ. ജി. ശങ്കരപ്പിള്ള — പ്രേമമെന്നെന്തിനെ നാം വിളിക്കുന്നു)

[7] Sweet Thames, run softly till I end my song.

(Edmund Spenser — Prothalamion)

[8] അഭിരതർ = സന്തുഷ്ടർ

[9] വിളംബരം ചെയ്വു: വിളംബമെന്യെയാ-
ഗളം സ്വജീവിത മധുനുകരുവിൻ,
സമയപീയുഷമൊലിക്കുന്നു തൃഷ്ണാ-
ശമം വരുത്തുവാൻ കഴിയില്ലാ പിന്നെ.

(ജി. — പിന്നത്തെ വസന്തം)

പാടുക സർവ്വാത്മനാ ജീവിതത്തിനെ സ്നേഹി-
ച്ചീടുവാൻ പഠിച്ചോരീ നമ്മുടെ ചിത്താമോദം.

(വൈലോപ്പിള്ളി — ഊഞ്ഞാലിൽ)

പൂക്കളെപ്പോലെ നിമിഷങ്ങളിങ്ങുതിരുന്നു;
നോക്കുക നമുക്കു തൽസ്സൗരഭ മുൾക്കൊള്ളുവാൻ.

(ബാലാമണിയമ്മ — വിശ്വാമിത്രൻ)

ഭുവന ജീവിത വാഹിനിയെപ്പൊഴും
ദ്രുതഗതിയിൽ കുതിക്കുകയല്ലയോ?
വരിക, യെന്തും ക്ഷണികമാണൊക്കെയും
മറയു മീ നമ്മളെല്ലാം പിരിഞ്ഞിടും.

അതിനു മുമ്പു പറയേണ്ടതൊക്കെയു-
മതിമധുരം പറഞ്ഞു നാം തീർക്കുക.

(ചങ്ങമ്പുഴ — ഇരുളിൽ)

ചിന്തിച്ചിരിക്കാനിടയില്ല, വണ്ടുപോൽ
പൂന്തേൻ നുകരാൻ വിടുക ചിത്തത്തിനെ.

(പി. കുഞ്ഞിരാമൻ നായർ — പരീക്ഷ)

[10] പാന്ഥർ പെരുവഴിയമ്പലം തന്നിലേ…

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

[11] വാനിന്നു പീലിപ്പൂതുമാല ചാർത്തും
കാർവില്ലുമായുന്നിതു കാൽക്ഷണത്തിൽ,
മലീമസം ദുർദ്ദിനമോ പെരുമ്പാ-
മ്പെന്നാവിധം നീണ്ടു കിടന്നുകൊള്ളും.

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

[12] ഭോഗങ്ങളൊക്കെ ക്ഷണപ്രഭാചഞ്ചലം…
വേഗേന പോയിടുമായുസ്സുമോർക്ക നീ

(എഴുത്തച്ഛൻ — അദ്ധ്യാത്മരാമായണം)

പരകോടികൾ പാവനങ്ങളാം
പരമ പ്രേമ സുഖാനുഭൂതികൾ
പരിചാരകരായ് ലസിച്ചൊരാ-
പ്പരിചേലും സുദിനങ്ങളെങ്ങുപോയ്?

(ചങ്ങമ്പുഴ — തപ്തസന്ദേശം)

The golden hours on angel wings
Flew o’er me and my dearie.

(R. Burns — Highland Mary)

[13] വാ പിളർത്തുന്നോരതിന്റെ ഗർത്തങ്ങളിൽ
വാടി വീഴുന്നു ദിനങ്ങൾ…
അന്തമറ്റോളമടിച്ചു കിടക്കുമ-
തെന്തൊരപാരതയാവോ?

(ചങ്ങമ്പുഴ — സായൂജ്യദീപ്തി)

[14] ഗഹ്വരം = ഗുഹ

വേദനയിൽ

മർക്കാബ്രൂ (1129–1150)

MARCABRU

ഇഷ്ടജന വിയോഗത്തിൽ വേവുന്ന മനസ്സ് മതവിശ്വാസത്തിന്റെ അത്താണിയിൽ ആശ്വാസം കൊള്ളാൻ പലപ്പോഴും കൂട്ടാക്കാറില്ല. കമിതാവ് നഷ്ടപ്പെട്ട നായിക ഇവിടെ ഉത്കടമായ വിരഹവേദനയിൽ സ്വന്തം വിശ്വാസത്തെത്തന്നെ പരിഹസിക്കുന്നു, ഈശ്വരനെ കുറ്റവാളിയാക്കുന്നു. സ്വന്തം കാലഘട്ടത്തിന്റെ വിമർശകനായിരുന്നു മർക്കാബ്രൂ.

അരുവിതൻ തീരത്തിരുന്നു കണ്ണീർ
ചൊരിയുവോൾക്കാശ്വാസമേകുവാൻ ഞാ-
നരുളിനേൻ: ‘ഏറെക്കരഞ്ഞു നിന്റെ
തനുവിനു കേടിയറ്റായ്ക തന്വീ,
വെടിക നൈരാശ്യം, നിനക്കു മേലിൽ
അഖിലേശനേകുമനഘസൗഖ്യം- [1]
അവൻ, ഇലയെല്ലാം കൊഴിഞ്ഞുപോയ
തരുവിനെ വീണ്ടും തളിർപ്പിക്കുന്നോൻ. [2]
‘ശരിയെത്ര താങ്കൾ പറഞ്ഞ കാര്യം
അതു വിശ്വസിക്കുമ്പോൾ തന്നെ ഞാനും.
പരലോകത്തീശ്വരനെന്റെ മേലും
കൃപചൊരിയും പാപികളന്യർക്കൊപ്പം.
ഇഹലോകത്തെന്നാലവൻ മദീയ-
സുഖസ്രോതസ്സൊക്കെത്തകർത്തിടുന്നു. [3]
മമ ജീവനായകൻ പോയ്മറഞ്ഞ
മുതലെനിക്കിങ്ങെന്തുമർത്ഥശൂന്യം.’

Quand Je L’entend Se Desoler

കുറിപ്പുകൾ

[1] കേഴുക, കേഴുക, കേഴമാൻ കണ്ണാളേ
കേഴുവോർക്കാശ്വാസമേകു മീശൻ,
(വള്ളത്തോൾ — മഗ്ദലനമറിയം)

[2] കൊഴിയും തരുപത്രമാകവേ
വഴിയെ പല്ലവമാർന്നു പൂത്തിടും.
(ആശാൻ — സീത)

[3] ക്രൂരതേ, നീ താൻ തന്നപ്പച്ച ജീവനെയെന്റെ
മാറിൽ നിന്നടർത്തയ്യോ ചീന്തിയിട്ടില്ലേ താഴെ,
പൊന്നുഷസ്സുകളുതി വിടർത്തും നേത്രങ്ങളിൽ
ചിന്നിയില്ലേ നീ തീക്ഷണതരമാം ചെന്തീയിനെ,
ഇരമ്പും ക്രൂരക്കൊടുങ്കാറ്റിനെപ്പായിച്ചില്ലേ
ഇളയോരപ്പൂംനെഞ്ചിൽ, ത്തീവെള്ളം സിരകളിൽ!
ക്രൂരതേ, നീതാനത്രേ ശാശ്വതസത്യം, നിന്റെ
നേരെ ഞാൻ കൃതജ്ഞതാപൂർവ്വകമെറിയട്ടെ
'ഹേ, ദയാമയൻ' എന്ന സംബുദ്ധി, ഇതെന്നെന്നും
സ്വീകരിച്ചാലും പൂജാപുഷ്പമായ് നിൻ പാദങ്ങൾ!

(ഇടശ്ശേരി — പൂജാപുഷ്പം)

ശിക്ഷ നല്കവിൻ നിങ്ങളെനിക്കു, മാപ്പേകട്ടെ
കൊച്ചുമക്കളെ ക്കവർന്നെടുക്കും ജഗദീശൻ.

(വൈലോപ്പിള്ളി — കുറ്റക്കാരൻ)

കഷ്ടങ്ങൾ കണ്ടിളകാത്ത കരിങ്കല്ല
പോലെ കഠിനനാണീശ്വരനെന്നതായ്.

(പി. കുഞ്ഞിരാമൻ നായർ — അന്വേഷണത്തിൽനിന്ന്)

എവിടെപ്പോയ് നീ, ഹരേ, സർവ്വവും തകർന്നിവ-
ളിരുളിൽ തപ്പിത്തടഞ്ഞിങ്ങിനെയുഴലുമ്പോൾ
ഉറക്കെ ക്കണ്ണീരോടെയഭയം നല്കാൻ കേണു
വിളിക്കും ഭവാ, നെങ്ങു പോയി നില്ക്കുന്നു ഹരേ?

(സുഗതകുമാരി — അഭയാർത്ഥിനി)

എൻ പ്രാണ നിശ്വാസമെടുത്തുവേണം
പാഴ്പ്പുൽകളിൽ കൊച്ചുഞരമ്പു തീർപ്പാൻ:
ആവട്ടെ-എന്തിന്നു തളിർത്തു നില്ക്ക-
മവറ്റയെച്ചുട്ടു കരിച്ചിടുന്നു!

(നാലപ്പാടൻ — കണ്ണുനീർത്തുള്ളി)

അവസാനത്തെ ഇല

തെയോഫീൽ ഗൊത്തിയെ (1811–1872)

THEOPHILE GAUTIER

ശിശിരത്തിന്റെ തേർവാഴ്ചയ്ക്കടിപെട്ട ബാഹ്യപ്രകൃതിയിൽ സ്വന്തം പ്രതിച്ഛായ ദർശിക്കുന്ന ഒരേകാന്ത കാമുകന്റെ-കരളിനുള്ളിൽ ഒരു സ്നേഹ സ്മരണയൊഴിച്ച മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്ത ഒരു ഹതഭാഗ്യന്റെ-അന്തിമമായ ആത്മാലാപം ചിത്രകാരൻകൂടിയായ തെയോഫീൽ ഗൊത്തിയെയുടെ ബിംബസമ്പന്നമായ ഈ കൊച്ചു കവിതയിൽ മാറ്റൊലിക്കൊള്ളുന്നു. കലാകാരന് ഒന്നിനോടും പ്രതിബദ്ധതയില്ലെന്നു സിദ്ധാന്തിച്ച സൗന്ദര്യവാദിയായ ഗൊത്തിയെ റൊമാന്റിക്ക് കാലഘട്ടത്തിന്റെ നായകരിലൊരാളാണ്. ബൊദെലേർ തന്റെ 'തിന്മയുടെ പൂക്കൾ' അദ്ദേഹത്തിനാണ് സമർപ്പിച്ചത്.

ഇലകളറ്റു തുരുമ്പുപിടിച്ചൊരു
വിപിനം, അങ്ങൊരു ശാഖിതൻ മേലെയായ്
മറവിയാലുമുള്ളവശിഷ്ടം പോലെയൊ-
രിലയും ചാരത്തൊരൊറ്റ കുരുവിയും.

ഒരു പ്രണയമേ ശേഷിപ്പതുള്ളൂ മദ്-
ഹൃദയ കുഞ്ജത്തിനുള്ളിലായ് പാടുവാൻ.
അമറിടുന്നൊരീ വൃശ്ചികക്കാറ്റെന്നെ
അനുവദിപ്പീല തൽഗാനം കേൾക്കുവാൻ.

കിളി പറന്നുപോയ്, പാഴില വീണു, മൽ
പ്രണയമോ മൃതം, കാലം ശിശിരമാം. [1]
കുരുവി, മൽക്കുടീരത്തിനു മീതെ നീ
വരിക, ശാഖി തളിർക്കവേ പാടുവാൻ.

La Derniere Feuille

കുറിപ്പുകൾ

[1] ഒടുവിലത്തെ കിളിപ്പാട്ടു മാമര-
ശിഖരമേതിലോ തേങ്ങിയൊടുങ്ങുന്നു.
തണുതണുത്തൊരു കാറ്റിന്റെ സാന്ത്വനം
ഹൃദയനൊമ്പരപ്പാട്ടിലലിയുന്നു.
ഒടുവിലത്തെ പഥികനും യാത്രയായ്
ഒടുവിലത്തെ കിളിയും പറന്നുപോയ്.

(ബി. ഉണ്ണിക്കൃഷ്ണൻ — ഒടുവിലത്തെ പാട്ട്)

പൂക്കളോ പണ്ടേ കൊഴിഞ്ഞുപോയ്, ഗാനമോ
പൂട്ടിയകൊക്കുമായെന്നോ പറന്നുപോയ്.

(ഒ. വി. ഉഷ — തകർച്ച)

നിഴൽ പെരുകി, യിലകളുടെ
പ്രണയവും കൊഴിയുന്നു;
പ്രണയവും കൊഴിയുന്നു,
ഇലകൾ കൊഴിയുന്നു.

(ഡി. വിനയചന്ദ്രൻ — ഇലകൾ കൊഴിയുന്നു)

എല്ലാം കറുത്തുകാണുന്നു തിങ്ങും മര-
ച്ചില്ലയും വല്ലിയുമോരോയിലയുമീ-
ച്ചില്ലമേൽ തത്തിയിരുന്നു പാടുന്നൊരീ-
ച്ചെല്ലക്കിളിയും കറുത്തു...

(സുഗതകുമാരി — കറുപ്പ്)

ഇലകളൊന്നൊന്നടർന്നു കൊഴിഞ്ഞീ-
പഴയപാഴ്മരം നഗ്നമായ് നില്പൂ.
ശിശിരമെത്തുന്നതിൻമുന്നമേ പൂ-
ഞ്ചിറകു നീർത്തിപ്പറന്നു വസന്തം.
തണുവു മജ്ജയിലൂറുന്നു, നെഞ്ചിൽ
കനൽകെടുന്നു, കിനാവുറയുന്നു.
ഇനിയുമെത്രനാൾ നേർത്തൊരീ മോഹ-
ച്ചരടിൽ ഞാനെൻ പിടിമുറുക്കീടും?
ഇനിയിഗ്ഗാനമുറങ്ങട്ടെ നെഞ്ചിൻ
പിരിമുറുക്കമയഞ്ഞ ഗിത്താറിൽ.
കുളിരുറങ്ങട്ടെ രാവിന്റെ മാറിൽ
കവിത മൗനത്തിൽ വീണലിയട്ടെ.

(ദേവി — വെറുമൊരു പ്രേമഗാനം)

ഒടുവിലത്തെക്കിളിയുമുഴറി വീണു, വാന-
മൊരു മഹാദുഃഖമായ്ക്കത്തി നില്ക്കേ.
ഇളനീരുതിർക്കുന്ന പാട്ടിന്റെ മാറ്റൊലിക-
ളിടറി വീണവസാന മൗനമാകേ...
നനുനനെത്തുവലാൽ മുറിവുതൊട്ടുഴിയുന്ന
കനിവിന്റെ ചിറകും കരിഞ്ഞു പോകേ
അതിരറ്റ മുക്തി തന്നുയരങ്ങൾ തിരയുന്ന
പ്രിയ സ്വപ്നമൊരുവെറും മിഥ്യയാകേ
ഒടുവിലത്തെക്കിളിയുമുഴറി വീണു, വാന-
മൊരു മഹാശൂന്യതയിലാണ്ടുപോകേ...

(പ്രമീളാദേവി — ഒടുവിലത്തെ കിളിയും)

ഒടുവിലത്തെത്താളിൽ
ഒരു ശവക്കല്ലിൽ
ഒരു കിളി
കരയുന്നു.

(എ. അയ്യപ്പൻ — ആൽബം തുറക്കുമ്പോൾ)

സംവാദം

പോൽ വെർലേൻ (1844–1896)

PAUL VERLAINE

പ്രേമബദ്ധരായിരുന്ന രണ്ടാത്മാക്കളുടെ മരണാനന്തര സമാഗമം. പൂർവ്വസ്മരണകളുണർത്തി കാമുകൻ തുടക്കം കുറിച്ച സംവാദത്തിൽ പൂവണിയാതെപോയ ആ പ്രേമത്തിന്റെ ബാക്കി പത്രമായി കാമുകിയുടെ ആത്മാവിൽ തങ്ങി നിൽക്കുന്ന നൈരാശ്യം നിസ്സംഗതയുടെ മൂടുപടമണിഞ്ഞു വെളിപ്പെടുന്നു.

മഞ്ഞുവീണ വിറങ്ങലിച്ചുള്ള
നിർജ്ജനമാം പഴയ പൂങ്കാവിൽ
പോയതിപ്പൊഴാം രണ്ടു രൂപങ്ങൾ:
ജീവ ചൈതന്യമറ്റ മിഴികൾ,
പാടേ ജാഡ്യമിയന്ന ചൊടികൾ,
പാരമായിപ്പതിഞ്ഞ സംസാരം.
മഞ്ഞു വീണ വിറങ്ങലിച്ചുള്ള
നിർജ്ജനമാം പഴയ പൂങ്കാവിൽ
ഛായാരൂപികളീയിരു പേരും
ഭൂതകാല സ്മൃതികളുണർത്തി:
ഓർപ്പതുണ്ടോ നീ നമ്മുടെ പൂർവ്വ
കാല നിർവൃതി?
    -ഞാനതെന്തിന്നായ്
ഓർത്തീടേണം?
    -എൻ നാമ സമൃതിയിൽ
കൂടാറില്ലെനിന്നുൾത്തുടി, പ്പെന്നെ
കാണാറില്ലെ കനവിൽ നീ?
    -ഇല്ല
-പൂണ്ടു നമ്മളവാച്യമാനന്ദം
ചുണ്ടു ചുണ്ടോടു ചേർത്തൊരന്നാളിൽ,
സുന്ദരമദ്ദിനങ്ങൾ! [1]
    -ആയീടാം.
-നീലവാനമതത്ര മനോജ്ഞം
സുപ്രതീക്ഷയതെത്ര മഹത്തും!
-സുപ്രതീക്ഷ പരാജിതം പാഞ്ഞു
പോയണഞ്ഞു കറുത്ത വാനത്തിൽ.
വാഗ്വിനിമയമിങ്ങിനെയാർന്നു
നീങ്ങിനാരവർ പാഴ്പ്പടർപ്പിങ്കൽ.

രാവു മാത്രമേ കേട്ടുള്ളു രണ്ടു
പേരും തമ്മിൽ നടന്ന സംവാദം. [2]

Colloque Sentimental

കുറിപ്പുകൾ

[1] അന്നുഷസ്സിലൂടലെടുത്തൊരു
മന്ദഹാസത്തിൻ മാതിരി
ഉല്ലസിപ്പിതെൻ പ്രേമ വല്ലിയിൽ
ഫുല്ല സൗഭാഗ്യമാർന്നു നീ.
ചുറ്റിലുമന്നൊരുത്സവം കതിർ-
ക്കറ്റ ചാർത്തുമാ ദർശനം
വേണുഗാനത്തിൽ മഗ്നമാക്കിയെൻ
പ്രാണനെപ്പുണർന്നോമനേ.

(ചങ്ങമ്പുഴ — ഹേമന്തചന്ദ്രിക)

സ്മരണരേഖതൻ സാഗരം തേടിയെൻ
ഹൃദയരേഖകൾ നീളുന്നു പിന്നെയും
കനക മൈലാഞ്ചി നീരിൽത്തുടുത്ത നിൻ
വിരൽ തൊടുമ്പോൾക്കിനാവു പുരണ്ടതും
നെടിയ കണ്ണിലെ കൃഷ്ണ കാന്തങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലുകൾ പൂത്തതും
മറവിയിൽ മാഞ്ഞുപോയ നിൻ കുങ്കുമ-
ത്തരിപുരണ്ട ചിദംബര സന്ധ്യകൾ…

(ബാലചന്ദ്രൻ ചുള്ളിക്കാട് — സന്ദർശനം)

[2] സമയമാകുന്നു പോകുവാൻ-രാത്രിതൻ
നിഴലുകൾ നമ്മൾ-പണ്ടേ പിരിഞ്ഞവർ.

(ബാലചന്ദ്രൻ ചുള്ളിക്കാട് — സന്ദർശനം)

പുനർജ്ജ്വലനം

ഴെറാർ ദ് നെർവാൽ (1808–1855)

GERARD DE NERVAL

ഹൃദയം പ്രേമസുരഭിലമാകുന്ന താരുണ്യത്തഴപ്പിൽ ഹതവിധി തട്ടിക്കൊണ്ടു പോകുന്ന തരുണിമാർക്ക് എന്തു പറ്റുന്നു? അവർ സ്വർഗ്ഗരാജ്യത്തിൽ മാലാഖ മാർക്കൊപ്പം കഴിയുന്നുവെന്നാണ് നെർവാലിന്റെ കണ്ടെത്തൽ. നമുക്കെല്ലാം ആശ്വാസമരുളുന്ന ഒരറിവ്! ഇതോടൊപ്പം, ഭൂമിയിൽ പൊലിഞ്ഞു പോകുന്ന ഈ പന്തങ്ങൾ ആ പൂമാനത്തിൽ പുനർജ്ജ്വലിക്കണമെന്നൊരു ആശംസയും അദ്ദേഹം അർപ്പിക്കുന്നു.

എവിടെയാം നമ്മുടെ പ്രേമിനിമാർ?
പരലോകത്തങ്ങവർ മേവിടുന്നു.
അവരേറെ ഭാഗ്യവതിക, ളേറെ-
യഴകുറ്റതാണവർ തൻ പ്രവാസം. [1]

തെളിനീല വിണ്ണിന്നകത്തളത്തിൽ
അവർ വാഴ്വൂ മാലാഖമാർക്കരികിൽ,
അവരെന്നും ദൈവജനനിയാൾ ത-
ന്നപദാന ഗാനങ്ങളാലപിപ്പൂ. [2]

നിറവെൺമ മൂടും നവവധുക്കൾ, [3]
പുതുതായിപ്പുഷ്പിച്ച പൂങ്കൊടികൾ,
വ്യഥയേലും വഞ്ചിത കാമുകിമാർ-
ഹത യുവജീവിത മെത്രയെത്ര!
അവരുടെ കൺകളിൽ നിത്യതതൻ-
മധുര മന്ദസ്മിത്രം മിന്നിനിന്നു.
ക്ഷിതിയിൽ പൊലിഞ്ഞുപോം പന്തങ്ങളേ,
പുനരുജ്ജ്വലിച്ചാലും പൂമാനത്തിൽ! [4]

Les Cydalises

കുറിപ്പുകൾ

[1] നരരാം ഞങ്ങൾക്കോരാനരുതാ സ്സർഗങ്ങളിൽ
തിരുസന്നിധികളിലെന്നപോൽ നില്പൂ നിങ്ങൾ,
നിങ്ങളെ വീശീടുന്നു വിണ്ണിലെച്ചിറകുകൾ
നിങ്ങളെ ച്ചുംബിക്കുന്നിതദൃശ്യ പുണ്യാത്മാക്കൾ.

(വൈലോപ്പിള്ളി – ലില്ലിപ്പൂക്കൾ)

ദ്യോവിലീശന്റെ കോവിലിൻ മട്ട-
പ്പാവിലാണവൾ-അത്ഭുത ശില്പം!...
അപ്രദേശത്തിലുണ്ടവൾക്കെന്നാൽ
സുപ്രകാശത്തിൻ നീരവശാന്തി.
കേട്ടിതോമലാളന്തികേ പുത്തൻ
കൂട്ടുകാരികൾ തൻ കളനാദം...
പാടിനാളവൾ താരകൾ നൈജ
പാത തോറുമേ പാടുന്ന പോലെ.

(D. G. Rossetti – The Blessed Damozel (തർജ്ജമ: വൈലോപ്പിള്ളി, ധന്യകന്യക))

ഈ പ്രപഞ്ച മുകുളത്തിൽ നിന്നു-
മുദ്ഭവിക്കും പരിമളം
സീമയറ്റപാരമാത്മീയ-
പ്രേമവാനിൽ വിലയിച്ച
ഭൗതിക ഭാരമെല്ലാമീ നെടും
പാതയിലിട്ടെറിഞ്ഞു നാം
ഈ രജനിയിലെത്തും മൃത്യുവിൻ
കൂരിരുളിനുമപ്പുറം.

(പി. കുഞ്ഞിരാമൻ നായർ – പ്രേമപൗർണ്ണമി)

നൂതന ലോകത്തിൽ മംഗളമല്ലാതെ
യാതനാശങ്കകളേതുമില്ല
യാതൊരു നേത്രവും കാണാത്ത ഭാവുകം
കാതുകൾക്കജ്ഞാത ഭവ്യപൂരം.

(സിസ്റ്റർ മേരി ബെനിഞ്ജ – ജോണിക്കുട്ടിക്ക മംഗളം)

[2] ചേരുമീ ഞങ്ങളൊത്തു ചേർന്നംബ
മേരി വാഴും മനോഹരോദ്യാനം
അഞ്ചു തോഴിമാരംബയ്ക്കു തൻപേ-
രഞ്ചു മോരോ മധുരമാം ഗാനം

(D. G. Rossetti – The Blessed Damozel (തർജ്ജമ: വൈലോപ്പിള്ളി, ധന്യകന്യക))

[3] ശുഭ്രവെള്ളക്കല്യാണ വസ്ത്രമണിഞ്ഞ നവവധുക്കൾ

[4] ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താര മാരാ-
ലുല്പ്പന്ന ശോഭ മുദയാദ്രിയിലെത്തിടുമ്പോൾ
സൽപ്പുഷ്പമേ, യിവിടെ മാഞ്ഞു സുമേരുവിന്മേൽ
കല്പദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.

(ആശാൻ – വീണപൂവ്)

വീണ പൂക്കളേ വീണ്ടുമിങ്ങെത്തുവിൻ
പ്രാണ നാടക മാടിക്കളിക്കുവാൻ.

(കെ. കെ. രാജ — വീണപൂക്കൾ)

മണ്ണു പിളർന്നു പോയ
പ്രേമമേ
മണക്കുന്ന ഒരു കരിമ്പനയാകുക.

(എ. അയ്യപ്പൻ — പ്രേമം നിശ്ശബ്ദമായതുകൊണ്ട്)

അനുബന്ധം

REMERCIEMENTS

Nous remercions Messieurs les Editeurs suivants
qui nous ont autorises a publier la traduction
des textes ou fragments de textes dont ils
conservent l'entier copyright:

GALLIMARD

5 Rue Sebastien-Bottin, 75328 Paris, cedex 07
"L' amoureuse" extrait des Oeuvres Completes
(tome I, La Pleiade) de Paul Eluard ©Editions Gallimard 1968
"Deux chaises cote a cote" extrait de I'ouvrage
Mahafaliennes de Robert Mallet ©Editions Gallimard 1961
"Je suis comme je suis" extrait de I'ouvrage Paroles
de Jacques Prevert ©Editions Gallimard 1972

LE SEUIL

27 Rue Jacob, 75261 Paris, cedex 06
"Chants pour Signare" extrait de Nocturnes
(1961) in Oeuvre Poetique de Leopold Sedar Senghor ©
Editions du Seuil 1964
"Transmutations" extrait de Sous de grands vents
obscurs, Poemes et Proses de Jean-Claude Renard
©Editions du Seuil 1990

FLAMMARION

26 Rue Racine, 75278 Paris, cedex 06

"La Corde" extrait de Ballades francaises de Paul Fort ©Editions Flammarion 1963

SEGHERS

24 Avenue Marceau, 7538 l Paris, cedex 08

"Il n'ya pas" extrait de L'Imitation sentimentale de Jacques Baron ©Editions Seghers 1956

LE CHERCHE MIDI EDITEUR

23 Rue du Cherche Midi, 75006 Paris

Homme ne en 1940" extrait de Ne nu de Daniel Biga ©Editions Cherche Midi 1984

സൂചിക

A Dedication to my Wife, 11, 15, 65
After Ronsard, 167
A Japanese Haiku, 106
A Lament, 28
Alexander Smith, 234
Alexander, W., 169
A Madrigal, 64, 159
A Mid Summer Night's Dream, 177
Anamalai Poems, 132
An Introduction, 111, 113
Anon, 208
A Reminiscence of Early Love, 76
As you came from the Holy Land, 36, 153
A Woman's Last Word, 14, 219

Barbara, 234
Ben Jonson, 219
Burns, R., 96, 149, 153, 165, 241
Byron, 208, 227

Campbell, T., 18, 201
Carew, T., 171
Carpe Diam, 103
Charles Williams, 167
Christopher Marlowe, 91, 137
Colin, 36
Counsel to Girls, 159, 167

Drayton, M., 197

Edmund Spenser, 6, 225, 240
Edwin Arnold, 164
Eliot, T. S., 11, 15, 65
Elizabeth B. Browning, 225
Epithalamium, 6
Epypsychidion, 29

Farewell to the Faithless, 208
Fletcher, J., 29
Freedom and Love, 18, 201
From the Sonnets from the Portuguese, 225

George Wither, 171, 190, 207
Golovely Rose..., 5

Herrick, R., 85, 159, 167, 234
Highland Mary, 241

I Loved a Lass, 190
It was a Lover and his Lass, 167

John Anderson, 153
John Donne, 172, 239

Kamala Das, 111, 113, 132
Keats, 15

La Belle Dame Sans Merci, 15
Leila-Majnu, 232
Light of Asia (തർജ്ജമ : നാലപ്പാടൻ), 164
Lines to an Indian Air, 54
Love's Farewell, 197
Love's Progress, 172

Mary Morison, 96
Melancholy, 29
Mortal Love, 113

Now sleeps the Crimson petal..., 67

O My Luve's Like a Red, Red Rose, 149, 165
On the bank of Rupnarayana, 116

Porphyria's lover, 50
Prof. Seshagiri Rao Naidu, 232
Prothalamion, 240

Rabbi Ben Ezra, 117
Robert Browning, 14, 50, 117, 219
Romeo and Juliet, 24, 54, 79, 149, 165, 201, 223
Rossetti, D. G., 224, 250

Samuel Daniel, 76
Shakespeare, 7, 24, 54, 55, 64, 79, 103, 119, 148, 149, 153, 159, 160, 165, 167, 177, 180, 201, 223
Shelley, 28, 29, 54, 118
She was a Phantom of Delight, 6
Song: The Kiss, 219
Sonnets, 7, 119, 148, 180
Sweetest Love, 239

Tagore, 116
Tennyson, 67
The Blessed Damozel (തർജ്ജമ: വൈലോപ്പിള്ളി, ധന്യകന്യക), 224, 250
The Manly Heart, 171, 207
The Passionate Shepherd to His Love, 91, 137
The Phoenix and the Turtle., 55
The Shepherd Tonie, 36
The True Beauty, 171
The Unchallengeable, 153
The Unfaithful Shepherdess, 208
Thomas Campion, 171
Thou art not fair, 171
Time and Love, 160
To Anthea, 85, 234
To a Skylark, 118
To Aurora, 169
To his Love, 225
To Mary Unknown, 153

Waller, E., 5
Walter Raleigh, Sir, 36, 153
When We Two Parted, 208
William Cowper, 153
Wordsworth, 6
Wyatt, Sir T., 208

Youth and Age, 227

1940-ൽ ജനിച്ച മനുഷ്യൻ, 131
അകലുംതോറും, 59, 184, 213
അക്കിത്തം, 36, 64, 136
അജ്ഞാതനാമ (12-ാം നൂറ്റാണ്ട്), 139
അജ്ഞാതനാമാ, 139, 220
അഞ്ചു സൂര്യൻ, 187, 188
അടിയറവ്, 173
അതിർത്തിയിൽ, 152
അത്യാനന്ദം, 61
അത്രമേൽ സ്നേഹിക്കയാൽ, 10, 14, 15, 63, 67, 154, 194
അദൃശ്യപുഷ്പം, 177
അദ്ധ്യാത്മരാമായണം, 140, 241
അനാർക്കലി, 201
അനുയാനം, 14

അന്തർദാഹം, 115

അന്ത്യസാക്ഷി, 122
അന്ത്യോപചാരം, 229
അന്ത്രെ ഷെനിയേ, 216
അന്നത്തെ നാടകം, 98
അന്നത്തെ രാത്രി, 108
അന്യാധീനം, 109
അന്വേഷണത്തിൽനിന്ന്, 243
അപരാധി, 117
അപരാഹ്നം, 83, 160
അപൂർണ്ണം, 36, 161
അപ്പൊലിനേർ, 192
അഭയാർത്ഥിനി, 243
അമർഷഗീതി, 172, 197
അമാദി ഴമേൻ, 162
അയ്യപ്പപ്പണിക്കർ, 102, 158, 219
അരയാലിന്റെ മുജ്ജന്മം, 81
അരുമകൾ, 23
അർത്ത്യൂർ റെംബോ, 107
അൽഫോംസ് ദ് ലമാർത്തീൻ, 236
അൽഫ്രെദ് ദ് മ്യുസ്സെ, 84, 95, 195
അൽഫ്രെദ് ദ് മ്യുസ്സെ, 68
അൽഫ്രെദ് ദ് വിഞ്ഞി, 133
അവസാനത്തെ ആഗ്രഹം, 218
അവസാനത്തെ ഇല, 244
അവിടെ, 88
അശാന്തിപർവ്വം, 159
അഹല്യാമോക്ഷം, 214
ആ കപ്പൽയാത്ര, 46
ആ കാലങ്ങൾ, 200
ആകാശത്തിൽ, 137
ആടിമഴ, 44
ആത്മഗീതം, 174, 177
ആത്മരഹസ്യം, 67
ആദ്യകാമുകിമാർ, 16
ആദ്യരാത്രി, 107
ആനന്ദധാര, 29
ആനന്ദലഹരി, 145
ആനന്ദാശ്രു, 209
ആനവാൽ, 124
ആ മരം, 180, 200
ആരാമത്തിലെ ചിന്തകൾ, 65
ആരു ഞാൻ, 67
ആരോ ഒരാൾ, 167
ആർദ്രം, 148

ആർ. രാമചന്ദ്രൻ, 159
ആലങ്കോട് ലീലാകൃഷ്ണൻ, 10, 116
ആൽഫ്രെദ് ദ് മ്യുസ്സെ, 60
ആൽബം തുറക്കുമ്പോൾ, 246
ആവലാതി, 23
ആശാൻ, 25, 27, 28, 44, 46, 48, 61, 73, 78, 106, 108, 113, 115, 117, 145, 149, 160, 168, 174, 177, 180, 219, 221, 223, 225, 227, 230, 234, 239, 242, 250
ആശ്രമ മൃഗം, 152
ആശ്വാസം, 48
ആ സന്ധ്യ, 63, 78
ആഴ്ചപ്പതിപ്പ്, 172
ആറ്റൂർ രവിവർമ്മ, 44
ഇടപ്പള്ളി, 5, 23, 32, 48, 54, 56, 117, 130, 145, 153, 167, 177, 180, 197, 201, 205
ഇടയപ്പെണ്ണ്, 30
ഇടശ്ശേരി, 43, 64, 89, 117, 188, 243
ഇണക്കിളി, 184
ഇതര പ്രേമമൊന്നെന്നിലുദിക്കുകിൽ, 162
ഇനിയും, 59, 213
ഇനിയും ചുംബിക്കു, 53
ഇരുമെയ്യിലൊരു ഹൃദയം, 231
ഇരുളിൽ, 182, 241
ഇല്ല, 28
ഇലകൾ കൊഴിയുന്നു, 245
ഇവനെക്കൂടി, 136
ഇഹത്തിൽ, പരത്തിൽ, 222
ഈണം, 39
ഈ പൂമണം എനിക്കു സ്വന്തം, 116
ഉജ്ജയിനി, 69, 96
ഉണ്ണായിവാരിയർ, 103, 149
ഉണ്ണായി വാരിയർ, 178
ഉണ്ണായി വാര്യർ, 117
ഉത്തരകാണ്ഡം, 240
ഉത്തരകാലം, 197
ഉത്സവത്തിൽ, 124
ഉപ്പുക, 227
ഉള്ളൂർ, 27, 78, 106, 117
ഉറങ്ങുന്ന ദേവത, 6, 72
ഊഞ്ഞാൽ, 154
ഊഞ്ഞാലിൽ, 152, 240
ഋതുഭേദങ്ങൾ, 76
എ. അയ്യപ്പൻ, 246, 251
എങ്കിലും, 117
എങ്ങിനെയോ അങ്ങിനെ, 110
എത്രത്തോളം, 136
എൻ. എൻ. കക്കാട്, 137, 219, 227
എന്തിനെപ്പറ്റി?, 68
എൻ. വി. കൃഷ്ണവാരിയർ, 64, 67, 87, 124, 158, 160, 177, 199, 204, 232
എന്റെ ആത്മാർത്ഥത, 64, 89
എന്റെ കവിത, 118
എന്റെ രഹസ്യക്കാരി, 215, 239
എന്റെ വേളി, 239
എന്റെ സഖി, 28, 72
എം. ആർ. നായർ (സഞ്ജയൻ), 5, 9, 28, 190, 213
എം. ഗോവിന്ദൻ, 75, 81
എം. പി. അപ്പൻ, 230
എല്ലാം പറന്നു പോയ്, 155
എസ്താഷ് ദെഷാം, 33
എസ്. രമേശൻ നായർ, 29, 48, 81, 172, 197
എസ്. രാജശേഖരൻ, 34
എസ്. ലക്ഷ്മീദേവി, 228
എഴുത്തച്ഛൻ, 102, 112, 140, 142, 241
ഏകാകി, 43
ഏകാകിയുടെ പ്രണയരാത്രി, 95
ഏകാകിയുടെ മരണം, 10, 137
ഏകാന്തകാമുകൻ, 177
ഏകാന്തസങ്കേതം, 57
ഏഴാച്ചേരി രാമചന്ദ്രൻ, 87
ഏറ്റമിനിയ ഗാനങ്ങൾ, 80
ഒ. എൻ. വി., 5, 15, 43, 69, 96, 118, 159
ഒടുവിലത്തെ കിളിയും, 245
ഒടുവിലത്തെ പാട്ട്, 244
ഒന്നുമാത്രം പറഞ്ഞുതന്നാലും, 135
ഒരു ഗാനം, 17, 39, 194
ഒരു ചിത്രം , 44
ഒരുദ്ബോധനം, 106
ഒരു നിമിഷം, 61, 91
ഒരു പഴയ ഏട്, 73
ഒരു പഴയ പ്രേമം, 239
ഒരു പൂവിന്റെ ഓർമ്മ, 189
ഒരു പ്രണയലേഖനം, 23
ഒരു പ്രീഡിഗ്രിക്കാരന്റെ പ്രണയം, 177, 199
ഒരു ബന്ധത്തിന്റെ കഥ, 197
ഒരു രാത്രി, 143
ഒരു വനയാത്ര, 239
ഒരു സതി, 221
ഒരോർമ്മയ്ക്കു സ്നേഹപൂർവ്വം, 159
ഒലിവിയെ ദ് മഞ്ഞി, 222
ഒ. വി. ഉഷ, 10, 23, 43, 75, 207, 245
ഒളപ്പമണ്ണ, 61, 67, 83
ഓർക്കുക വല്ലപ്പോഴും, 36, 69, 98, 190, 196, 197
ഓർക്കുന്നുവോ നീയതൊക്കെയും?, 17
ഓർമ്മകൾ, 72
ഓർമ്മക്കുറിപ്പുകൾ, 83
ഓർമ്മയ്ക്കു താലോലിക്കാൻ, 43
കഞ്ചാവിന്റെ ചിറകുകളിൽ, 215
കടംകഥ, 11
കടമ്മനിട്ട, 63, 64, 116, 159, 239
കടലിലെ കവിതകൾ, 180
കടലു കാണാൻ പോയവർ, 180
കടലും കരയും, 115, 156
കടൽത്തീരം, 160, 169
കടൽ പറഞ്ഞ കഥ, 239

കടവനാട് കുട്ടികൃഷ്ണൻ, 118

കണ്ണ്, 77

കണ്ണീർക്കടൽ, 179
കണ്ണുനീർ, 227
കണ്ണുനീർത്തുള്ളി, 28, 74, 87, 91, 224, 234, 241, 243
കഥനം, 137
കന്നിക്കൊയ്ത്ത്, 104
കയർ, 202
കയ്ക്കുന്ന മാധുര്യം, 183
കരതലാമലകം, 64
കരയല്ലേ, 54
കരയൊല്ലേ, 167
കരിയില, 99
കരുണ, 46, 108, 113, 115, 225
കരൂർ ശശി, 39, 48, 148, 154, 207, 235
കർക്കടകം, 152
കല്യാണം, 10
കൽവിളക്ക്, 180
കളിയച്ഛൻ, 124
കറുത്ത കാമുകി, 41
കറുത്ത ചെട്ടിച്ചികൾ, 43
കറുപ്പ്, 245
കാട്ടുമുല്ല, 53
കാണിക്ക, 49
കാത്തിരിപ്പ്, 228
കാമൻ, 46
കാമിനീഗർഹണം, 78
കാമുകനാണെന്ന് ചൊല്ലരുതേ, 85
കാമുകന്റെ സ്വപ്നങ്ങൾ, 169
കാമുകിയെത്തേടി, 139
കാരൂർ ശശി, 116
കാലം, 159
കാലുമാറ്റം, 198
കാശിത്തുമ്പകൾ, 50
കാശ്യപൻ, 125
കാളിദാസൻ, 40, 102, 103, 109, 124, 142, 159
കുഞ്ചൻ നമ്പ്യാർ, 78, 102, 149, 214
കുടിയൊഴിക്കൽ, 78, 98, 105, 177
കുണ്ടൂർ, 78
കുതിർന്ന കണ്ണുകൾ, 67
കുന്നിമണികൾ, 17
കുമാരസംഭവം (തർജ്ജമ: കുണ്ടൂർ), 102, 103, 109, 124
കുരുക്ഷേത്രത്തിൽ, 117
കുസുമദർശനം, 103
കുസൃതിപ്പൂക്കൾ, 128
കുറ്റക്കാരൻ, 243
കെ. കെ. രാജ, 27, 42, 46, 93, 108, 124, 171, 235, 251
കെ. ജി. ശങ്കരപ്പിള്ള, 79, 109, 137, 240
കെ. മാധവിയമ്മ, 46, 184
കെ. വി. ബേബി, 42, 44, 109, 203, 235, 239
കെ. വി. രാമകൃഷ്ണൻ, 24
കെസ്സ് പാട്ടുകാരൻ, 64
കൈക്കുമ്പിൾ, 174
കൈതപ്രം, 148, 215
കൊച്ചുസീത, 112, 113
കൊയ്ത്തു കഴിഞ്ഞു, 9
കൊറിയയിൽ, സിയൂളിൽ, 14
കോമപ്പൻ, 78
കോളേജിൽ വീണ്ടും, 24
ക്ലാർക്കിന്റെ വീട്ടിൽ കവർച്ച, 87
ക്ലെമാം മറൊ, 129, 182, 200
ക്ഷത്രപതിയോട്, 102
ക്ഷീരപുരിയിലെ സന്യാസിനികൾ, 87
ഗസൽ, 96
ഗാനമായിത്തീർന്ന കൃഷ്ണൻ, 42, 44
ഗായകൻ, 5
ഗിയ്യോം ദക്കിത്തേൻ, 173
ഗീതാഗോവിന്ദം (തർജ്ജമ: ചങ്ങമ്പുഴ), 109
ഗീതാഞ്ജലി (ജി.), 167
ഗീതാഞ്ജലി (ജി.), 234
ഗൃഹലക്ഷ്മി, 6
ചക്രവാളം, 137
ചങ്ങമ്പുഴ, 5, 6, 9, 14, 17, 23, 24, 27, 28, 32, 34, 36, 39, 46, 50, 52, 54, 55, 59, 61, 64–67, 72, 78, 85, 90, 93, 96, 98, 103, 106, 108, 113, 124, 125, 128, 136, 145, 149, 152, 167, 169, 171, 172, 174, 177, 178, 180, 182, 184, 186, 190, 191, 193, 196, 199–201, 203, 205, 207, 208, 211, 214, 215, 219, 224, 227, 231, 235, 239–241, 248
ചണ്ഡാലഭിക്ഷുകി, 27, 160
ചതിക്കപ്പെടുന്നതിന്റെ സുഖം, 208
ചന്ദ്രപ്രിയ, 205
ചരമശയ്യയിൽ, 219
ചിത്രകാരൻ, 118
ചിത്രയോഗം, 80
ചിന്താവിഷ്ടയായ സീത, 168, 234
ചുവപ്പിന്റെ ലോകം, 172
ചെറിയാൻ കെ. ചെറിയാൻ, 6, 55, 72, 165, 219
ചോദ്യങ്ങളുടെ ഊഞ്ഞാലിൽ ഉത്തരംതേടി, 203
ചോറൂണ്, 118
ജഡഭരതൻ, 215
ജനൽമറ, 95
ജന്മം, 116
ജന്മാന്തരങ്ങളിലൂടെ, 6, 40
ജയദേവൻ, 109
ജി., 9, 25, 27, 28, 48, 53, 55, 63, 73, 78, 91, 93, 99, 111, 115, 118, 142, 148, 149, 169, 180, 200, 221, 230, 239, 240

ജി. കുമാരപിള്ള, 25, 28, 83, 118, 172
ജീവനസംഗീതം, 93
ജീവിതം എന്റെ നിത്യകാമുകി, 54
ജീവിതവും മരണവും, 64
ജോണിക്കുട്ടിക്കു മംഗളം, 250
ഞങ്ങൾ, 145
ഞാനുണരുമ്പോൾ, 213
ഞാനെന്ന ഗാനം, 5
ടാഗോർ, 167, 234
ടി. കെ. സന്തോഷ്കുമാർ, 136
ഡി. വിനയചന്ദ്രൻ, 87, 90, 172, 180, 197, 207, 245
ഡ്രാക്കുള, 193
തകർച്ച, 245
തകിടംമറിച്ചിൽ, 165
തടാകം, 236
തനിച്ച്, 193
തപോവനം, 136
തപ്തസന്ദേശം, 171, 241
താക്കീത്, 170
തിര, 48
തിരുമുല്ക്കാഴ്ച, 34
തിരുവില്വാമല, 136
തിലോദകം, 5, 28, 190
തിളച്ച പാലല്ലോ കുടത്തിൽ, 214
തീയുതികളില്ലാത്ത ഇടവേള, 90
തുയിലുണർത്തൽ, 4, 6
തെയോഫീൽ ഗൊത്തിയെ, 244
തെയോഫീൽ ദ് വിയോ, 57
ത്യാഗോപഹാരം, 171
ദനിയേൽ ബിഗ, 131
ദാഹം, 83
ദിനസരി, 55
ദുരവസ്ഥ, 44
ദുഷ്യന്തൻ, 55
ദുഃഖം, 118, 227
ദേവത, 39
ദേവദൂതൻ, 93
ദേവി, 9, 42, 44, 64, 138, 143, 152, 155, 193, 221, 239, 245
ദേശമംഗലം രാമകൃഷ്ണൻ, 143
ധർമ്മപത്നി, 28
നക്ഷത്രങ്ങൾ കൊഴിയുംവരെ, 54
നക്ഷത്രം., 55
നഗരങ്ങൾ വിട്ട്, 133
നഗരത്തിലെ ഗ്രാമീണൻ, 136
നരയും ജരയും, 159, 160
നർത്തകി, 93
നഷ്ടഭാഗ്യസ്മൃതി, 64
നളചരിതം ആട്ടക്കഥ, 117
നളചരിത്രം ആട്ടക്കഥ, 103, 149, 178
നളിനി, 28, 61, 73, 145, 149, 234
നാണംകുണുങ്ങി, 100
നാലപ്പാടൻ, 28, 74, 87, 91, 117, 137, 224, 234, 241, 243
നാളത്തെ പ്രഭാതം, 31
നിഗൂഢദർശനം, 106
നിഗൂഢരാഗം, 130
നിത്യശിശു, 76
നിനച്ചിരിക്കാതെ, 9
നിൻ ചുംബനമൊന്നിനായി, 51
നിന്റെ നിറം, 36
നിന്റെ ഹൃദയം., 50
നിരസനം, 166
നിർവൃതി, 211
നിർവ്വാണമണ്ഡലം, 58
നിശാസന്ദർശനം, 224
നിശ്ചയം, 121
നിശ്ശബ്ദതയുടെ താഴ്വര, 155
നിഴൽ, 25
നിഴലുകൾ, 191, 207
നിഴലും വെളിച്ചവും, 144
നിറമില്ലാത്ത ദുഃഖം, 24
നീ, 55
നീലിമ, 42
നീ വരില്ല, 181
നെട്ടനാൾ നിലനിർത്തും, 227
നേരു പറയണം, 9, 142
നൈമിഷികം, 148
നോക്കുകുത്തി, 75
പരാതി, 64
പരിചയം, 207
പരിഹാരം, 120
പരീക്ഷ, 27, 48, 119, 221, 241
പരേതയായ പത്നി, 235
പർനി, 209
പഴവിള രമേശൻ, 24, 54, 213
പാത്രമില്ല, 48
പാനപാത്രം, 62
പി. ഉദയഭാനു, 115, 156
പി. കുഞ്ഞിരാമൻ നായർ, 9, 15, 27, 28, 31, 43, 48, 67, 74, 78, 94, 98, 111, 116, 119, 124, 136, 138, 142, 153, 169, 181, 201, 215, 221, 223, 224, 227, 239, 241, 243, 250
പിന്നത്തെ വസന്തം, 55, 230, 240
പിൻലഹരി, 60
പി. പി. രാമചന്ദ്രൻ, 197
പി. ഭാസ്കരൻ, 36, 69, 98, 190, 196, 197
പിംഗള, 78
പിയേർ ദ് ബ്രാഷ്, 41
പിയേർ ദ് മർബേഫ്, 179
പിയേർ ദ് റോംസാർ, 86, 92, 100, 166, 229
പുണ്യദർശനം, 116
പുതിയ നോട്ടത്തിൽ, 171
പുതുപ്പിറവി, 34
പുതുവത്സരാശംസ, 33

പുതുശ്ശേരി രാചന്ദ്രൻ, 63
പുതുശ്ശേരി രാമചന്ദ്രൻ, 23, 24, 54, 59, 159, 160, 184, 191, 213
പുനർജ്ജ്വലനം, 249
പുനലൂർ ബാലൻ, 79
പുനസ്സമാഗമത്തിൽ ഒരോർമ്മ, 79
പുരുഷസൂക്തം, 159
പുല്ലുകൾ, 136, 137
പുളകം, 94
പുളകം., 55

പുഴക്കരയിൽ, 47

പുഴയൊലിവിൽ പോളകൾപോലെ, 232
പുഴയൊലിവിൽപോളകൾ പോലെ, 67
പൂക്കാലം, 74, 76, 174
പൂക്കൈത, 76
പൂജാപുഷ്പം, 243
പൂമ്പാറ്റകൾ, 106
പൂവും കായും, 72
പെരുന്ന കെ. എൻ. നായർ, 148, 153, 224
പേർ പറയില്ല, 84
പൊട്ടിക്കരഞ്ഞില്ല, പോതിചിരിച്ചില്ല, 43
പോംവഴി, 182
പോൽ എല്യുയാർ, 66
പോൽ ഫോർ, 202
പോൽ വെർലേൻ, 16, 35, 49, 122, 247
പോൽ-ഴാൻ തുലെ, 144
പോവുക പ്രിയംവദേ, 87, 180, 207
പ്രണയബുദ്ധൻ, 54, 55
പ്രണയമിങ്ങനെ, 10
പ്രണയമൊന്നില്ല മോദസമ്പൂർണ്ണമായ്, 114
പ്രണയസങ്കീർത്തനം, 26
പ്രണയികളുടെ മധ്യാഹ്നം, 96, 240
പ്രണയിനി, 66
പ്രതികാരം, 149
പ്രതീക്ഷ, 148, 177
പ്രബോധനം, 117
പ്രഭാതഗീതം, 138
പ്രഭാവർമ്മ, 117, 154, 239
പ്രമീളാദേവി, 10, 55, 245
പ്രരോദനം, 46, 117, 223, 227
പ്രാർത്ഥന, 135
പ്രേമകാരണം, 82
പ്രേമഗാഥ, 29, 48
പ്രേമഗീതി, 153
പ്രേമപൗർണ്ണമി, 15, 67, 94, 142, 224, 250
പ്രേമഭിക്ഷ, 111
പ്രേമമെന്നെന്തിനെ നാം വിളിക്കുന്നു, 79, 240
പ്രേമമൊരു പരിവേദന, 200
പ്രേമം നിശ്ശബ്ദമായതുകൊണ്ട്, 251
പ്രേമലേഖങ്ങൾ, 19
പ്രേമസംഗീതം, 27
പ്രേഷ്ഠസഖി, 129
ഫിലിപ്പ് ദെപ്പോർത്ത്, 168, 206
ഫ്രാംസ്വാ ദ് മലേർബ്, 170
ഫ്രാംസ്വാ മെയ്നാർ, 150
ഫ്രാംസ്വാ വിയ്യോൻ, 231

ഫ്ലൊറിയാൻ , 198

ബാല്യകാലസഖി, 17
ബാല്യകാല സഖി, 75
ബാല്യസഖി, 70
ബാലചന്ദ്രൻ ചുള്ളിക്കാട്, 29, 76, 96, 167, 193, 248
ബാലാമണിയമ്മ, 91, 118, 227, 240
ബി. ഉണ്ണിക്കൃഷ്ണൻ, 244
ബീച്ചിൽ, 106
ബെർനാർ ദ് വംതാദൂർ, 175
ബൈബിൾ, 225
ബോധവതി, 42
ഭദ്രേ ഭയങ്കരി, 158
ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി, 46
ഭാര്യയുടെ മറുപടി, 219
ഭൃംഗഗീതി, 91
മകന്റെ വാശി, 117
മഗ്ദലനമറിയം, 140, 242
മഗ്ദലനമോഹിനി, 52
മഞ്ഞിലെ രശ്മി, 160
മഞ്ഞുമലയിൽനിന്നുദ്ഭവിക്കുന്ന അരുവി, 113, 203
മണിനാദം, 56
മത്തായി 6-19-21, 225
മദിരോത്സവം, 27, 167
മനസ്വിനി, 32
മയങ്ങിയ കിരണങ്ങൾ, 215
മരുഭൂമിയുടെ കിനാവുകൾ, 25
മർക്കാബ്രു, 242
മല കയറുമ്പോൾ, 10
മലേഷ്യാ കെ. രാമകൃഷ്ണപിള്ള, 138
മഹാഭാരതം (തർജ്ജമ : കുഞ്ഞിക്കുട്ടൻ തമ്പുരാൻ), 43
മഹാഭാരതം (തർജ്ജമ : കുഞ്ഞിക്കുട്ടൻതമ്പു രാൻ), 164
മറഞ്ഞ മഴവില്ല്, 74, 116, 136
മറവിയാറ്, 212
മറി ദ് ഫ്രാംസ്, 141
മറുക്, 119
മാഞ്ചുവട്ടിൽ, 67
മാതൃവന്ദനം, 142
മാനത്ത് മറ്റൊരു മിഥുനം, 92
മാപ്പ്, 147, 148
മാപ്പ് നല്കേണമേ, 17
മാലതി, 230
മുഖാമുഖം, 75
മുത്തശ്ശി, 227

മുല്ലനേഴി, 14, 227
മുലപ്പാൽ, 117
മുൾപ്പൂവ്, 119
മൂടൽമഞ്ഞിൽ, 138
മൂടുപടം, 138
മൂതി, 48
മൂതിയൊടർത്ഥിക്കും, 226
മൂത്യുവിൻ പൊരുൾ, 143
മേഘം, 145
മേഘരൂപൻ, 44
മേരിജോൺ കൂത്താട്ടുകുളം, 29
മേരി നീയെഴുന്നേല്ക്ക, 86
മേലത്ത് ചന്ദ്രശേഖരൻ, 48, 54, 116, 160, 169
മൊറീസ് സേവ് , 77
യാത്ര, 158, 204
യുഗപരിവർത്തനം, 14, 205
യുവഭിക്ഷ, 152
യൂസഫലി കേച്ചേരി, 29, 43, 103, 118, 177, 205, 208
രഘുവംശം, 159
രണ്ടു കണ്ണീർക്കണങ്ങൾ, 29
രണ്ടു കസേര, 204
രണ്ടു ചിത്രങ്ങൾ, 63
രണ്ടു സൂര്യന്മാർ, 187
രതിനിർവേദം, 24, 54
രമണൻ, 85, 113, 172, 190, 201, 203, 205, 208, 231
രംഗരംഗം, 46
രാഗപരാഗം, 184
രാഗഭിക്ഷു, 24
രാഗരശ്മി, 29
രാഗലഹരി, 96, 103
രാഗാഞ്ജലി, 5
രാഗിണി, 153, 180
രാജാവിന്റെ ചിരി, 42
രാത്രിത്രൻ ലയം, 211
രാധ തോഴിയോട്, 9
രാധയും സുധാകരനും, 64
രാധയെവിടെ, 67
രാമാനുചരിത്രം, 102
രാമായണം (തർജ്ജമ : വള്ളത്തോൾ), 28
രാവുണ്ണി, 95
രൂപാന്തരം, 8
ല ഫൊംത്തേൻ, 26
ലയം, 136, 154
ലഹരി, 177
ലില്ലിപ്പൂക്കൾ, 250
ലീല, 174, 177, 180
ലൂയി അറാഗോൻ, 12, 114
ലൂയിസ് ലബെ, 53
ലൂയീസ് ലബെ, 226
ലൂയീസ് ലബേ, 218
ലെയൊപ്പോൽദ് സെദാർ സംഗോർ, 97
ലെയോൻ-പോൽ ഫാർഗ്, 187
വടക്കൻ പാട്ട്, 139
വണ്ടിന്റെ പാട്ട്, 191
വണ്ടിന്റെ പാട്ട്, 63
വത്സല, 59, 78
വനഗായകൻ, 118
വന്നില്ല നീയെങ്കിൽ, 12
വയലാർ, 58, 118
വയലാർ ഗാനങ്ങൾ, 58
വയ്യ, 214
വരഭിക്ഷ, 111, 223
വല്ലി, വൃക്ഷം, 141
വലാസലതിക, 22
വസന്തം കഴിഞ്ഞു, 201
വള്ളത്തോൾ, 9, 22, 44, 46, 58, 73, 80, 105, 112, 113, 138, 140, 142, 152, 174, 190, 217, 227, 242
വഴിപിരിയൽ, 206
വഴിയമ്പലത്തിലെ പാട്ട്, 5
വാർദ്ധക്യം, 160
വാല്മീകി, 28
വിക്ടോർ ഹ്യൂഗൊ, 80
വിക്ടോർ ഹ്യൂഗൊ, 4, 19, 51, 62, 70
വിജയരഹസ്യം, 188
വിജയലക്ഷ്മി, 67, 83, 135, 152, 154, 160
വിദൂരപ്രേമം, 146
വിധിയുടെ മുമ്പിൽ, 227
വിധുര സ്മരണയായ് നീ വരും, 233
വിപ്ലവം, വിപ്ലവം, 205
വിയോഗഭൂവിൽ, 196
വിരഹി, 193
വിരഹിണി, വിധുമുഖി, 81
വിലങ്ങനിൽ, 48
വിലാസലതിക, 9, 73, 105, 190, 217
വിശ്രമാലയം, 154
വിശ്വദർശനം, 148
വിശ്വാമിത്രൻ, 91, 240
വിഷ്ണുനാരായണൻ നമ്പൂതിരി, 9, 17, 23, 24, 29, 55, 63, 67, 75, 76, 94, 106, 119, 121, 125, 128, 137, 145, 147, 148, 152, 159, 160
വിസ്തൃതമാകണം, 32
വീണപൂക്കൾ, 251
വീണപൂവ്, 25, 230, 234, 250
വീണ്ടുമൊരിക്കൽ, 153
വൃദ്ധകാമുകി, 150
വൃന്ദാവനത്തിലെ രാധ, 14
വെടിയുകെന്നെ നീ, 185
വെട്ടുത്തുവിദ്യ, 109
വെട്ടും കിളയും ചെന്ന മണ്ണ്, 118
വെംസാം വാത്യൂർ, 183
വെളിച്ചത്തിന്റെ മുന്നിൽ, 169
വെറുമൊരു പ്രേമഗാനം, 152, 221, 239, 245
വെറും പുരുഷനല്ലി നീ?, 102
വേതാളകേളി, 178, 199, 207, 208

വേദനയിൽ, 242
വേനലെത്തുംമുമ്പ്, 90
വേർപാട്, 148
വൈലോപ്പിള്ളി, 6, 9, 14, 17, 39, 50, 61, 72, 74, 76, 78, 98, 105, 116, 132, 136, 137, 152, 171, 177, 180, 194, 205, 240, 243, 250
വൊൽത്തേർ, 157
വ്യതിയാനം, 180
വ്യാകുലൻ, 192
വ്യാസൻ, 43, 164
വ്രണിതഹൃദയം, 197
ശക്തി, 29
ശാകുന്തളം (തർജ്ജമ: കേരളവർമ്മ വലിയ കോയിത്തമ്പുരാൻ), 142
ശാകുന്തളം (തർജ്ജമ: വള്ളത്തോൾ), 40
ശാന്ത, 63
ശാരദാപൂജ, 169
ശാർങ്ഗകപ്പക്ഷികൾ, 15
ശുദ്ധരിൽ ശുദ്ധൻ, 46
ശ്യാമപക്ഷം, 235
ശ്രീധരനുണ്ണി, 11, 14, 136
ശ്രീബുദ്ധചരിതം, 239
ശ്രീബുദ്ധചരിത്രം, 219
ശ്രീമഹാഭാരതം, 102, 142
ശ്രീമഹാഭാരതം (പാഞ്ചാലിയുടെ പൂർവ്വ കഥ), 112
ശ്ലഥചിത്രശേഖരത്തിൽനിന്ന്, 136
ഷാർല് ക്രോ, 104
ഷാർല് ദൊർലെയാം, 120, 233
ഷാർല് ബൊദെലേർ, 88, 212
സഖികൾ, 23
സങ്കല്പ കാമുകൻ, 23
സച്ചിദാനന്ദൻ, 10, 36, 42, 48, 54, 55, 59, 136, 137, 161, 187, 188, 213, 240
സതി, 14, 220
സന്ദർശനം, 248
സന്ദേശം, 23
സന്ദേഹം, 168
സന്ധ്യ, 157
സഫലമീയാത്ര, 137, 219
സംവാദം, 247
സംശയം, 125
സർവ്വസ്വസമർപ്പണം, 126
സഹയാത്രികൻ, 116
സാക്ഷാത്കാരം, 169
സാന്ധ്യനിശ്വാസം, 138, 227
സായൂജ്യദീപ്തി, 241
സാവിത്രി, 132
സിഞ്ഞാറിനുള്ള പാട്ട്, 97
സിന്ധു ഭാസ്കരൻ, 96, 240
സിസ്റ്റർ മേരി ബെനിഞ്ജ, 250
സീത, 48, 221, 242
സുഖം, 23
സുഗതകുമാരി, 5, 6, 10, 14, 15, 40, 63, 67, 91, 117, 135, 154, 180, 194, 211, 214, 243, 245
സുന്ദരി, 45
സുന്ദോപസുന്ദോപാഖ്യാനം, 78
സുഭദ്ര, 43
സൂര്യകാന്തി, 27, 48
സൗന്ദര്യദേവത, 9, 78
സ്നേഹം, 27
സ്നേഹശൂന്യയോടു സ്നേഹം, 175
സ്നേഹിതന്റെ ദേഹവിയോഗം, 227
സ്പന്ദിക്കുന്ന അസ്ഥിമാടം, 6, 72, 124, 149, 224, 239
സ്മരണ, 216
സ്മൃതിപ്പടർപ്പുകൾ, 235, 239
സ്മൃതിസുന്ദരി, 38
സ്യമന്തകം, 149
സ്യൂല്ലി പ്ര്യുദോമ്മ്, 47
സ്വപ്നനായിക, 35
സ്വപ്നം, 24
സ്വപ്നസ്മൃതി, 52
ഹാസ്യാഞ്ജലി, 213
ഹിമവാഹിനി, 138, 143
ഹൃദയം, 28
ഹൃദയം പാടുന്നു നിനക്കുവേണ്ടി, 29
ഹേമന്തചന്ദ്രിക, 24, 36, 46, 54, 61, 66, 90, 98, 103, 108, 125, 128, 178, 186, 219, 235, 240, 248
ഹേമന്ത ചന്ദ്രിക, 50
ഴാക്ക് പ്രെവേർ, 110
ഴാക്ക് ബറോൻ, 82
ഴാൻ ക്ലോദ് റെനാർ, 8
ഴാൻ ദ് ബ്രിയേന്ന്, 30
ഴാൻ റസീൻ, 126
ഴെറാർ ദ് നെർവാൽ, 38, 155, 185, 249
ഴൊഫ്രെ റ്യുദേൽ, 146
ഴോർഴ് സാന്തിനോട്, 195
റൊബേർ ദെനോ, 45
റൊബേർ മല്ലെ, 204
റോസ് മേരി, 17, 90, 102, 113, 118, 119, 136, 203

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA